# സ്ത്രീ നേതൃത്വം ഇസ്‌ലാമിൽ

ഹനീഫ് പുല്ലിപ്പറമ്പ്

**© Haneef Bin Abdurrahman Al Rayyaan, 2014**
*King Fahd National Library Cataloging-in-Publication Data*

Al Rayyaan Haneef Bin Abdurrahman,
Sthree Nethruthwam Islamil/ Haneef Bin Abdurrahman
Al Rayyaan, Riyadh 2014

191 pages, 21x14cm

ISBN: 978-603-01-6021-1

1. Islamic Creeds, 2. History

I. Title

**L.D. No. 1435/7738; ISBN:978-603-01-6021-1**

حقوق الطبع محفوظة إلا لمن اراد طبعه وتوزيعه مجاناً،
بدون حذف أو إضافة أو تغيير، فله ذلك وجزاه الله خيراً

بسم الله الرحمن الرحیم

*Language*
Malayalam (Indian)

*Author*
**Haneef Pullipparamb**

*Title*
**Sthree Nethruthwam Islamil**

*Printing*
Geethanjali Printers

*Cover Designed*
Musthafa Kizheppat, Pakara

*First Edition*
2014 (1435H)

*10,000 copies*
Price: ₹150

*Address*
Haneef Pullipparamb
Chelembra - 673634
Kerala, India
email: abufurqaan@hotmail.com

*Distributors*
India: EDUMART
Mavoor Road, Calicut-4
Tel. +91 495 272 4395

© All rights reserved by the author

No part of this publication may be reproduced or transmitted in any form or by any means, without prior written permission of the author.

# വിഷയസൂചി

ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ 7
ഹനീഫ് പുല്ലിപ്പറമ്പ്: സഞ്ചരിച്ച നാടുകളും നഗരങ്ങളും 8
സന്ദേശം: ഡോ. ഹംസ അബ്ദുല്ലാഹ് അൽമലൈബാരി 10
സന്ദേശം - ഭാഷാന്തരം 11
സൂചകങ്ങൾ 14
പ്രപദനം 15
തിരഞ്ഞെടുപ്പും സ്ത്രീ പ്രാതിനിധ്യവും: ഒരാമുഖം 35
പൊതുജീവിതത്തിൽ 39
സ്ത്രീ, പള്ളിയിൽ 41
സ്ത്രീകൾക്ക് പള്ളി വേണമോ? 48
സ്ത്രീ ആദരിക്കപ്പെടുന്നു 52
    സ്പർശനം
അവൾ പള്ളിയിൽ വന്നാൽ 60
ജമാഅത്ത്: ഏറ്റവും ചെറിയ ഏകകം 65
സ്ത്രീ: മറ്റു മേഖലകളിൽ 69
    ജുമുഅയും ഖുതുബയും
സ്ത്രീയുടെ ജുമുഅ: ചില നിർദ്ദേശങ്ങൾ 72
തക്ബീറും തൽബിയ്യത്തും 75
ഖാദിയും ഉത്തരാധികാരിയും 79
സാക്ഷിത്വവും അനന്തരാവകാശവും 80
    ദിയ്യത്ത്
    അടിമ മോചനം
    അഖീഖഃ

ജിഹാദ്

ജിഹാദും മാതാപിതാക്കളും 89

ജിഹാദും സ്ത്രീകളും 92

രക്തസാക്ഷികൾ 94

ആത്മഹത്യയും മനുഷ്യ ബോംബും 96

മനുഷ്യ ബോംബുകൾ

അൽബർറാഅ് ബ്നു മാലിക്: رضي الله عنه 101

നല്ല ഇടയന്മാർ 104

ഭർത്താവിന്റെ വീട് 123

സ്ത്രീയുടെ ജോലി 127

തിരഞ്ഞെടുപ്പ് 134

50% സംവരണം പാഴാക്കാമോ? 137

സ്ത്രീകളെ നേതാവാക്കുന്ന സമൂഹം 144

ചരിത്രത്തിൽ നിന്നൊരൽപം 145

റസൂൽ ﷺ യുടെ ദൂത് 147

കിസ്റക്കു ശേഷം 151

ആ സമൂഹം വിജയിക്കുകയില്ല 155

റസിയ സുൽത്താനഃ 157

സുൽത്താനഃ ഷജറത്തുദുർറ് 160

ബേനസീർ ഭൂട്ടോ 164

അവളുടെ പ്രശ്നങ്ങൾ 170

ചില പ്രതിവാദ ചിന്തകളും നിർദ്ധാരണവും 175

വനിതയുടെ ചക്രവാളം: ഒരെത്തിനോട്ടം 187

# ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ

| | |
|---|---|
| 1. കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം | |
| 2. ഖുർആനിലെ ചെടികൾ | |
| 3. സുന്നത്തും ഉമ്മത്തും | |
| 4. റമദാനിന്റെ തീരങ്ങളിൽ | |
| 5. നിഖാബ് | |
| 6. സ്ത്രീ നേതൃത്വം ഇസ്‌ലാമിൽ | |
| 7. ബർസയിലെ ബർസ | നിർദ്ധാരം |
| 8. മുസ്‌ലിയാരുടെ തൗഹീദ് പഠനം | നിർദ്ധാരം |
| 9. രണ്ട് സാക്ഷ്യങ്ങൾ | മൊഴിമാറ്റം |
| 10. സുരക്ഷ | മൊഴിമാറ്റം |
| 11. ഖബർ സന്ദർശനവും സഹായാർഥനയും | മൊഴിമാറ്റം |
| 12. നബിദിനാഘോഷം | മൊഴിമാറ്റം |
| 13. സത്യം പരിഹസിക്കപ്പെടുന്നു | മൊഴിമാറ്റം |
| 14. അനാചാരാദനം | സ്വതന്ത്ര മൊഴിമാറ്റം |
| 15. ഞാൻ കണ്ട ഈജിപ്ത് | ഡോക്യുമെന്ററി |

# ഹനീഫ് പുല്ലിപ്പറമ്പ് :
## സഞ്ചരിച്ച നാടുകളും നഗരങ്ങളും

| | |
|---|---|
| 1. **സൗദി അറേബ്യ** | മക്ക, മദീന, റിയാദ് മേഖല, ദമ്മാം, ജിദ്ദ, തബൂക്, മദാഇൻ സ്വാലിഹ്, യൻബു, തുറൈഫ്, അബഹ, അൽ ഈസ്, നജ്റാൻ, ഹാഇൽ, ഖമീസ് മുഷൈത്ത്, ഖസീം മേഖല തുടങ്ങി മിക്ക നഗരങ്ങളും. |
| 2. **യു.എ.ഇ** | അബൂദാബി, ദുബൈ, ഷാർജ, റാസൽ ഖൈമ, അജ്മാൻ, അൽഐൻ, ഫുജൈറ, ഖുർഫുഖാൻ, ദിബ്ബ, കൽബാ, മസാഫി, ദൽമ ദ്വീപ്. |
| 3. **കുവൈത്ത്** | കുവൈത്ത് സിറ്റി, വഫ്ര, ഫഹാഹീൽ, അൽ ജഹ്റ, അഹ്മദി |
| 4. **ബഹ്റൈൻ** | മനാമ, റഫ |
| 5. **ഖത്തർ** | ദോഹ, സൽവ |
| 6. **ഒമാൻ** | മസ്ക്കത്ത്, സുഹാർ |
| 7. **ലെബനാൻ** | ബൈറൂത്ത് |
| 8. **ജോർദാൻ** | അമ്മാൻ, മുഅത്ത:, സർഖ, മഫ്റഖ്, ഇർബിദ്, കറക്, പെട്ര, ജെറസ്, ചാവുകടൽ |
| 9. **ഈജിപ്ത്** | അലക്സാണ്ട്രിയ, കൈറോ, ജിസ, ലെക്സർ, അസ്യൂഥ്, ഥൻഥ, ഥഹ്ഥ, കഫറു ഷൈഖ്, ദസൂഖ്, കുമുന്നൂർ, മിയത് ഗംർ |
| 10. **ശ്രീലങ്ക** | കൊളംബൊ, കാൻഡി, ദർഗ്ഗ ടൗൺ, നവർഎലിയ, ഗാലെ, ബിബ്ലിയ |
| 11. **മാലദ്വീപ്** | മാലെ, ഹിത്താദൂ, ബിയാദൂ |
| 12. **ആസ്ത്രേലിയ** | ബ്രിസ്ബൺ, സൺഷൈൻ കോസ്റ്റ്, സിഡ്നി, മെൽബൺ, അഡലൈഡ്, പെർത്ത്. |
| 13. **ന്യൂസിലാന്റ്** | ഓക്ലാന്റ്, ഹാമിൽടൺ, റോട്രുവ, വെല്ലിംഗ്ടൺ |
| 14. **ഫിജി ദ്വീപ്** | നാൻഡി (നന്ദി), സുവ |

| | |
|---|---|
| 15. **മൗറീഷ്യസ്** | പോർട്ട് ലൂയിസ്, ക്വാട്രേബോൺസ്, ക്വിപെപ്, തയാഖ്, വാക്വ, മഹൈബർഗ്, മോക്ക, ബബാസിൻ, ഫിനിക്സ്, റൊസ്ബെൽ, ചിമൻഗരിയ, സുറിനാം, സോഡ്നാക്. |
| 16. **സീഷെൽസ്** | മാഹെ, വിക്റ്റോറിയ |
| 17. **നൈജീരിയ** | കാനൂ, അബുജ, ബൗച്ചി, കദുന, ജോസ്, സാരിയ, ലഗോസ്, മൈദുഗ്രി |
| 18. **ബെനിൻ** | കോടൊനോവ്, പൊർടോനോവൊ |
| 19. **സിങ്കപ്പൂർ** | സിങ്കപ്പൂർ സിറ്റി |
| 20. **മലേഷ്യ** | കോലാലംപൂർ, ഗൊംബാക്ക് |
| 21. **ബ്രൂണായ്** | ബന്ദർ സെറി ബഗ്വാൻ (ശ്രീ ഭഗവാൻ പോർട്ട്), പുലാ റൻകു |
| 22. **തായ്ലന്റ്** | ബാൻഗോക്ക് |
| 23. **ഹോങ്കോംഗ്** | ഹോങ്കോംഗ് സിറ്റി, കൊവ്ലോൺ |
| 24. **സൗത്താഫ്രിക്ക** | ജോഹന്നസ്ബർഗ്, ഡർബൻ, പീറ്റേഴ്സ്ബർഗ്, കേപ്ടൗൺ, ലയ്ഡൻബർഗ്, പോർട്ട് എലിസബത്ത് |
| 25. **കെനിയ** | നൈറോബി, മൊംബാസ |
| 26. **മലാവി** | ബ്ലൻടയർ, സോംബ |
| 27. **ടാൻസാനിയ** | ദാറുസ്സലാം |
| 28. **ഉഗാണ്ട** | കംപാല, എന്റബെ, ജിൻജ |
| 29. **ബോട്സ്വാന** | ഗാബൊറോൺ |
| 30. **സീറാലിയോൺ** | ഫ്രീ ടൗൺ, ലുൻഗി |
| 31. **ഗാംബിയ** | ബാൻജൂൾ, സീർകുണ്ട |
| 32. **സെനിഗാൾ** | ഡക്കാർ, ഗോറി ദ്വീപ് |
| 33. **യു കെ** | ലണ്ടൻ, ഗ്രീനിച്ച് |
| 34. **ഇന്ത്യ** | ഡൽഹി, ബോംബെ, ബാംഗ്ലൂർ, ചെന്നൈ, പാറ്റ്ന, വിജയവാഡ, മംഗലഗിരി, മംഗലാപുരം |

**The General Secretariat**
for the Symposium on Al-Hadith Al-Sharif
College of Islamic & Arabic Studies - Dubai

بسم الله الرحمن الرحيم

**الأمانـــة العامـــة**
**نــدوة الحــديث الشــريف**
**كلية الدراسات الإسلامية والعربية - دبي**


Date :

التاريخ: ٢ / ٥ /١٤٣٥هـ
٣ / ٢ / ٢٠١٤م

الحمد لله رب العالمين والصلاة والسلام على رسوله الأمين وعلى آله وصحبه ومن تبعهم بإحســان إلى يوم الدين ، أما بعد:

فقد سُعِدتُ بتعرّفي على الشيخ محمد حنيف عبد الرحمن الريان، حين زارني في كلية الدراسات الإسلامية والعربية بدبي، أثناء معرض الشارقة الدولي للكتاب، عام 2012م، وفي هذا اللقاء والحديث معه لمستُ فيه غَيْرَتَه على الدين، وحِرْصَه على معرفة الحقِّ والدفاعِ عنه، بقلبٍ مُتفتِّح، بعيدا عن مظاهر التشدُّدِ والتَّعصُّبِ والانفعالِ، إلى جانب ما يَتمتَّع به من مَوْهِبَة في كتابة المقالات وتأليف الكتب وترجمة الكتب العربية إلى اللغة المليبارية. وفي هذه الزيارة أبدى رغبته في أن أكتب له تَقْدِمَة لكتابه الجديد الموسوم بـ (رئاسة المرأة في الإسلام)، وقلتُ له: هذه مهمَّة صَعْبَة، وليس لديَّ وقتٌ لقراءته، لا سيّما أن الكتاب باللغة المليبارية.فأبى إلاّ أن أُحقِّقَ له الرغبةَ في ذلك. ثم أرسل إليَّ نسخةً مُسوّدةً للكتاب، وظلّت عندي هذه النسخةُ فترة طويلة، دون أن أتمكّن من قراءتها، ثم حاولتُ معه عسى أن يُعْفِيني من هذه المهمَّة، لأنّ الكلماتِ مسؤولة وشهادة، وأنا لم أستطع قراءته إلا جزءا يسيرا منه، فقال: أُحِبُّ أن يَصْدُر هذا الكتابُ، ومعه كلماتكم، وإن لم تكن تَقْدِمَةً له... فهكذا جاءت هذه الكلمات.

وأَوَدُّ أن أستغلَّ هذه المناسبةَ لأن أُذَكِّر القارئَ بأهمِّيَّةِ الموضوع الذي تناوله الشـيخ حنيـــف في هــذا الكتاب، وأنَّ المرأةَ مسؤولة في بيتها ومجتمعها، وعليها أن تمارس مَهامَّها في التربية والتعليم والإصلاح، لكن فقط في إطارها الشرعي. كما أُذكِّرُ المؤلِّفَ بضرورة تناول مثل هذا الموضوع الاجتماعيِّ الحسَّاس بشمولية النظر، وفي ضوء النصوص الصحيحة، والتطبيقات العملية في عصر الصحابة، والنتائج المترتبة عليها عَبْر التاريخ، وبإنصــافٍ ومنهجٍ علميٍّ صحيح، ثم إذا أخطأ فله أجر، وإذا أصاب فله أجران، وأرجو أن يكون كذلك في هذا الكتاب.

ومن الجدير بالذكر أنه لَفَت انتباهي في الجزء الذي قرأتُه من الكتاب: أنه استدلَّ ببعض النصوص الشاذّة لم تصحّ عن النبي صلى الله عليه وسلم، مثل حديث: (لولا ما في البيوت من النساء والذرِّيَّة لحرقتــها علــيهم)، وهي شاذة، وكان المؤلِّفُ في غنى عنها، لأنه ذكر من الأدلة والنصوص الصحيحة ما فيه كفاية.

ولا يسعني في هذه المناسبة إلا أن أدعو له بمزيد من التوفيق لاســتثمار موهبتــه في الكتابــة والتــأليف وتوظيفها في خدمة الإسلام والمجتمع بإنصاف وصدق وإخلاص. والله تعالى الموفّق.

أ . د . حمزة عبد الله المليباري
٢٠١٤/٢/٣م


هاتف: ٣٩٦٥٧٧٤ ٤ ٩٧١+، هاتف الكلية: ٣٩٦١٧٧٧ ٤ ٩٧١+، فاكس : ٣٩٦٥٧٧٤/٣٩٦١٣١٤ ٤ ٩٧١+، ص.ب: ٥٠١٠٦، دبي، إ.ع.م.، البريد الإلكتروني: hadithsh@emirates.net.ae
Tel.: +971 4 3965774, College Tel.: +971 4 3961777, Ext. 69, 73 Fax: +971 4 3965774/3961314, P.O. Box: 50106, Dubai - U.A.E., E-mail: hadithsh@emirates.net.ae

# സന്ദേശത്തിന്റെ തർജ്ജമ

സർവ്വലോക നാഥനായ അല്ലാഹുവിനു സർവ്വ സ്തുതി. വിശ്വസ്തനായ അവന്റെ ദൂതരിൽ അനുഗ്രഹവും സമാധാനവും വർഷിക്കുമാറാവട്ടെ. അവിടുത്തെ അനുചരന്മാരിലും കുടുംബാദികളിലും അന്ത്യനാൾ വരെ നന്മയിൽ അവരെ പിൻപറ്റി ജീവിക്കുന്നവരിലും അതുണ്ടാവട്ടെ.

2012-ലെ ഷാർജ അന്താരാഷ്ട്ര പുസ്തകമേളയുടെ വേള. ദുബൈയിലെ ഇസ്‌ലാമിക് സ്റ്റഡീസ് ആന്റ് അറബിക് കോളേജിൽ വന്നു എന്നെ സന്ദർശിച്ച ഷൈഖ് മുഹമ്മദ് ഹനീഫ് അബ്ദുർറഹ്മാൻ അർറയ്യാനെ അടുത്തറിയാൻ കഴിഞ്ഞതിൽ ഞാനേറെ സന്തുഷ്ടി കൊണ്ടു. ഈ കൂടിക്കാഴ്ചയിലും അദ്ദേഹവുമായി സംസാരിച്ചപ്പോഴും, തീവ്രവാദത്തിലും പക്ഷപാതിത്വത്തിലും വൈകാരികതയിലും നിന്നൊക്കെ അകലെ, തുറന്ന മനസ്സോടെ, മതത്തോടുള്ള അദ്ദേഹത്തിന്റെ സംരക്ഷണബോധവും സത്യത്തെ തിരിച്ചറിയുന്നതിലും പരിപാലിക്കുന്നതിലും അദ്ദേഹത്തിനുള്ള ഉൽക്കർഷേച്ഛയും മാത്രമല്ല, ലേഖനമെഴുതാനും പുസ്തകം രചിക്കാനും അറബി ഗ്രന്ഥങ്ങളിൽ നിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്യുവാനുമുള്ള അദ്ദേഹത്തിന്റെ കഴിവുകളും എന്നെ നന്നായി സ്പർശിച്ചു.

“സ്ത്രീ നേതൃത്വം ഇസ്‌ലാമിൽ” എന്ന അദ്ദേഹത്തിന്റെ പുതിയ പുസ്തകത്തിന് ഒരു ആമുഖം എഴുതിത്തരണമെന്ന ആഗ്രഹം ഈ സന്ദർശനവേളയിൽ അദ്ദേഹം പ്രകടിപ്പിച്ചു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഇത് വളരെ ശ്രമകരമായ ദൗത്യമാണ്. എനിക്കാണെങ്കിലോ അതു വായിക്കാനുള്ള മതിയായ സമയവുമില്ല. മലയാളത്തിലുള്ള പുസ്തകമായതിനാൽ വിശേഷിച്ചും. അദ്ദേഹത്തിന്റെ ആ കാര്യത്തിലുള്ള നിശ്ചയ ദാർഢ്യത്തിനു മുന്നിൽ എന്റെ വിസമ്മതം ഫലം കണ്ടില്ല.

പിന്നീട് പുസ്തക പ്രൂഫിന്റെ ഒരു പ്രതി അദ്ദേഹം എനിക്ക്

അയച്ചു തന്നു. ഈ പ്രതി വായിച്ചു നോക്കാനാവാതെ നീണ്ട കാലം എന്റെ പക്കൽ കിടന്നു.

ഈ ദൗത്യത്തിൽ നിന്നും എനിക്കൊരു വിടുതൽ കിട്ടുമോ എന്ന് ഞാനൊന്ന് അദ്ദേഹവുമായി ശ്രമിച്ചു നോക്കി. എന്തെന്നാൽ വാക്കുകൾ ഉത്തരവാദിത്തവും സാക്ഷ്യവുമാണല്ലോ. എന്നാൽ അതിൽ നിന്നും അൽപം ഭാഗമല്ലാതെ എനിക്ക് വായിക്കാനും കഴിഞ്ഞിട്ടില്ല. അപ്പോഴദ്ദേഹം പറഞ്ഞു. നിങ്ങളുടെ വാക്കുകൾ ഉൾപ്പെടുത്തി ഈ ഗ്രന്ഥം പുറത്തിറക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതൊരു ആമുഖമായിട്ടല്ലെങ്കിൽ കൂടി. അങ്ങിനെയാണ് ഈ വരികൾ കുറിക്കേണ്ടി വന്നത്.

ഷൈഖ് ഹനീഫ് ഈ ഗ്രന്ഥത്തിലൂടെ സമർപ്പിച്ച വിഷയത്തിന്റെ ഗൗരവം സംബന്ധിച്ച് വായനക്കാരെ ഉണർത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. സ്ത്രീക്ക് തീർച്ചയായും അവളുടെ വീട്ടിലും സമൂഹത്തിലും ഉത്തരവാദിത്വമുണ്ട്. വിദ്യാഭ്യാസ -പരിപാലന-നവോത്ഥാന പരിഷ്ക്കരണ പ്രവർത്തനങ്ങളിൽ അവളുടെ കടമകൾ അവൾ നിറവേറ്റേണ്ടതുമുണ്ട്. പക്ഷേ അതൊക്കെയും ഷരീഅത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുമാത്രം.

അതുപോലെത്തന്നെ സംവേദനാത്മകമായ-സെൻസിറ്റീവായ- ഇത്തരം സാമൂഹിക വിഷയങ്ങൾ ഒരു വിശാല വീക്ഷണത്തോടെ, ശരിയായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ, സ്വഹാബി കാലഘട്ടത്തിലെ കർമ്മങ്ങളുമായി യോജിപ്പിച്ചും ചരിത്രപഥങ്ങളിൽ അവ ചെലുത്തിയ ഫലങ്ങളെ നീതിയുക്തമായും ശരിയായ വൈജ്ഞാനിക മാനദണ്ഡങ്ങളോടെയും സമർപ്പിക്കൽ നിർബന്ധമാണ് എന്നാണ് ഗ്രന്ഥകാരനോടും എനിക്കുണർത്താനുള്ളത്. എന്നിട്ടും തെറ്റ് സംഭവിച്ചാൽ അദ്ദേഹത്തിന് ഒരു പ്രതിഫലമുണ്ട്. ശരിയായി വന്നാലോ അദ്ദേഹത്തിനു രണ്ടു പ്രതിഫലവും. ഈ ഗ്രന്ഥത്തിൽ അപ്രകാരമായിരിക്കട്ടെ എന്ന് ഞാൻ അഭിലഷിക്കുന്നു.

ഗ്രന്ഥത്തിൽ ഞാൻ വായിക്കാനിടയായ ഭാഗത്ത് നിന്നും അനിവാര്യമായും അറിയിച്ചു കൊടുക്കേണ്ട ഒരു കാര്യം എന്റെ ശ്രദ്ധയിൽ പെട്ടു. എന്തെന്നാൽ ദുർബലമായ, ഉദ്ധാരയുക്തമല്ലാത്ത ("ഷാദ്ദ്" ആയ) ചില പ്രമാണങ്ങൾ നബി ﷺ യുടെ വചനമെന്നോണം തെളിവാക്കിയിട്ടുണ്ട്. ഉദാഹരണമായി ഒരു ഹദീഥ്, "പ്രസ്തുത വീടുകളിൽ സ്ത്രീകളും കുട്ടികളും ഉണ്ടാകുമായിരുന്നില്ലെങ്കിൽ ഞാനവരെ അതിലിട്ടു കത്തിക്കുക തന്നെ ചെയ്യുമായിരുന്നു." ഇത് "ഷാദ്ദ്" (ആയ ഹദീഥ്)

ആണ്. തെളിവുകളും ശരിയായ പ്രമാണങ്ങളും വേണ്ടത്ര ഇതിൽ (ഈ ഗ്രന്ഥത്തിൽ) കൊടുത്തിട്ടുണ്ടെന്നിരിക്കെ ഗ്രന്ഥകാരന് ഇതിനെ (ഈ ഹദീഥിനെ) ആശ്രയിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

ലേഖനത്തിലൂടെയും ഗ്രന്ഥ രചനയിലൂടെയുമുള്ള അദ്ദേഹത്തിന്റെ കഴിവുകൾ കൂടുതൽ മികവോടെ സമർഥിച്ച് സൗഭാഗ്യമുണ്ടാകുവാനും നീതിയോടും സത്യസന്ധതയോടും ആത്മാർഥതയോടും കൂടി ഇസ്‌ലാമിക - സാമൂഹിക സേവനത്തിൽ അത് ഉപയോഗപ്പെടുത്തുവാനും ഈ സന്ദർഭത്തിൽ ഞാൻ പ്രാർഥിക്കുന്നു. അല്ലാഹുവല്ലോ ഏറ്റവും നന്നായി ഔദാര്യം ചെയ്യുന്നവൻ.

പ്രഫ. ഡോ. ഹംസ അബ്ദുല്ലാഹ് അൽ മലൈബാരി
03-03-2014 (ഒപ്പ്)

# സൂചകങ്ങൾ

| | |
|---|---|
| جل جلاله | മഹോന്നതൻ |
| جل وعلا | മഹോന്നതൻ |
| تبارك وتعالى | അത്യുന്നതനും പരിശുദ്ധനും |
| صلى الله عليه وسلم | അദ്ദേഹത്തിനു മേൽ അല്ലാഹുവിന്റെ അനുഗ്രഹാശിസ്സുകൾ വർഷിക്കുമാറാവട്ടെ |
| عليه الصلاة والسلام | അദ്ദേഹത്തിനു മേൽ അല്ലാഹുവിന്റെ അനുഗ്രഹാശിസ്സുകൾ വർഷിക്കുമാറാവട്ടെ |
| عليهم السلام | അവരിൽ (അല്ലാഹുവിന്റെ) സമാധാനം വർഷിക്കുമാറാവട്ടെ |
| عليها السلام | (അല്ലാഹുവിന്റെ) സമാധാനം ആ (മഹതിയിൽ) വർഷിക്കുമാറാവട്ടെ |
| عليهما السلام | (അല്ലാഹുവിന്റെ) സമാധാനം അവർ രണ്ടുപേരിലും വർഷിക്കുമാറാവട്ടെ |
| رضي الله عنه | അദ്ദേഹത്തിൽ അല്ലാഹു സംതൃപ്തനായി |
| رضي الله عنهما | അവർ രണ്ടുപേരിലും അല്ലാഹു സംതൃപ്തനായി |
| رضي الله عنهم | അവരിൽ അല്ലാഹു സംതൃപ്തനായി |
| رضي الله عنها | ആ മഹതിയിൽ അല്ലാഹു സംതൃപ്തനായി |
| رضي الله عنهن | ആ മഹതികളിൽ അല്ലാഹു സംതൃപ്തനായി |
| رحمه الله | അദ്ദേഹത്തിൽ അല്ലാഹു കരുണ ചൊരിയട്ടെ |
| رحمهما الله | അവർ രണ്ടുപേരിലും അല്ലാഹു കരുണ ചൊരിയട്ടെ |
| رحمهم الله | അവരിൽ അല്ലാഹു കരുണ ചൊരിയട്ടെ |
| رحمها الله | ആ മഹതിയിൽ അല്ലാഹു കരുണ ചൊരിയട്ടെ |
| رحمهن الله | ആ മഹതികളിൽ അല്ലാഹു കരുണ ചൊരിയട്ടെ |

# പ്രപദനം

മനുഷ്യവർഗ്ഗത്തെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവർ രണ്ടുപേരിൽ നിന്നുമായി അനേകം സ്ത്രീ പുരുഷന്മാരെ വ്യാപിപ്പിക്കുകയും ചെയ്തവൻ; സ്ത്രീകളുടെ മേൽ പുരുഷന്മാരെ അധികാരസ്ഥന്മാരാക്കിയവൻ; മനുഷ്യരിൽ ചിലരെ ചിലരെക്കാൾ ഔന്നത്യപ്പെടുത്തിയവൻ; ആ അനുഗ്രഹങ്ങളുടെ മേൽ മോഹം വെച്ചു പുലർത്തരുതെന്ന് പഠിപ്പിച്ചവൻ; ചരാചരപാലകനായ ആ അല്ലാഹുവിന്നത്രെ സർവ്വസ്തുതിയും.

സ്ത്രീകളോട് ഉത്തമമായി വർത്തിക്കണമെന്ന് നമ്മെ ഉപദേശിച്ച ലോകാനുഗ്രഹിയായ മുഹമ്മദ് ﷺ. നിങ്ങളിൽ സ്ത്രീകളോട് ഉത്തമനായി നിലകൊള്ളുന്നവനാരോ അവനാണ് നിങ്ങളിൽ ഉത്തമൻ എന്ന മൊഴിയിലൂടെ സ്ത്രീ സമൂഹത്തെ - സ്ഫടിക സമാനമായ ആ മൃദുല സാന്നിദ്ധ്യത്തെ - ഒന്നടങ്കം ആദരിച്ചവർ, ജീവജാലങ്ങളോടാകെ കാരുണ്യം പഠിപ്പിച്ചവർ, ആ പ്രവാചക തേജസ്സിൽ അല്ലാഹു അനുഗ്രഹാശിസ്സുകൾ ചൊരിയട്ടെ. അവരുടെ ബന്ധുമിത്രാദികളിലും അവരെ നെഞ്ചേറ്റി അനുഗമിച്ച അന്ത്യനാൾ വരെയുള്ള എല്ലാവരിലും ആ സൗഭാഗ്യം സാധിതമാവട്ടെ.

സ്ത്രീ സമൂഹം ഇസ്ലാമിക ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനവും സ്ത്രീകളിൽ ഇസ്ലാമിനെ ഒരു ജീവിതമാക്കി പരിവർത്തിപ്പിക്കേണ്ട മാർഗ്ഗങ്ങളും പരാമർശിക്കുന്ന ഒട്ടേറെ ഗ്രന്ഥങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. വിവിധ മതവിഭാഗങ്ങൾ ജീവിച്ചുപോരുന്ന ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ മതത്തെ വായിക്കപ്പെടുന്നത് മുസ്ലിംകൾ എങ്ങിനെ ജീവിക്കുന്നു എന്ന് നോക്കിയാണല്ലോ. അതാണ് സാമാന്യ ജനതയുടെ പൊതുവായ രീതി. മുസ്ലിംകളിൽ മതവിദ്യാഭ്യാസം സാധിച്ച ഒട്ടനവധി ആളുകൾ ഇക്കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് വിസ്മരിച്ചു കൂടാ... എന്നിട്ടും ഇതര സമുദായങ്ങളെപ്പോലും

കൗതുകപ്പെടുത്തും വിധം ആ വിദ്യാഭ്യാസരീതി കഴമ്പുള്ള സമർപ്പ ണമായി സമൂഹത്തിൽ സ്വാധീനിക്കപ്പെടുന്നില്ല. അശാസ്ത്രീയമായ പഠനരീതികളും പഠിതാക്കളുടെ ഹൃദയങ്ങളെ തരിമ്പും സ്പർശി ക്കാത്ത പാഠ്യപദ്ധതികളും പാഠങ്ങളിൽ നിന്ന് ശീലങ്ങൾ സ്വയം പകർത്താത്ത ഗുരുതമന്മാരും ചേർന്ന ഒരുതരം വിദ്യാഭ്യാസം! ഒരു വിഷയത്തിലും ആഴത്തിൽ പരിജ്ഞാനമില്ലാത്ത കുറെ ആൾക്കൂട്ട ങ്ങൾ. അവർ സംഘടനകൾ ഉണ്ടാക്കുന്നു. കവലപ്രഭാഷണങ്ങളും പോർവിളികളും നടത്തുന്നു. തങ്ങൾ നേടിയ “സാമ്പാർ ഡിഗ്രിയിൽ” മതം പൂർണ്ണമായി എന്ന് വ്യഥാ സംതൃപ്തി കൊള്ളുന്നു. ഓരോ സംഘടനയും ഓരോ വിഭാഗം മതക്കാർ എന്ന പോലെ പെരുമാറുന്നു. ഓരോ ‘മത’ക്കാരും സംസ്ഥാന-ജില്ലാ-പഞ്ചായത്തു തലങ്ങളിൽ വർഷം തോറും ദിവസങ്ങൾ നീണ്ടുനിൽക്കുന്ന, കോടികൾ ചെല വഴിച്ച സമ്മേളനങ്ങളൊരുക്കുന്നു. എതിരാളികളെ ഈ വേദികളിൽ നാവുകൊണ്ടും ചിലപ്പോൾ വാളുകൊണ്ടും നേരിടുന്ന ഘട്ടങ്ങളുണ്ടാ വുന്നു. വെറുപ്പും വിദ്വേഷവും പകയും അതുണ്ടാക്കുന്നു, അപകട ങ്ങളും മരണങ്ങളും വരെ.

ഒരു ശരീരത്തിലെ അവയവങ്ങൾ പോലെ ഒരുമയോടെ നിൽക്കണമെന്ന് പഠിപ്പിച്ച മതത്തിന്റെ അണിചേരലാണോ ഇത്? പ്രബോധനം ഏകദേശമൊക്കെ എത്തിച്ചേർന്ന ഒരു വിഭാഗത്തെ കോടികൾ മുടക്കി ഏതെങ്കിലും പാടത്തോ മൈതാനിയിലോ ഒന്നിച്ചു ചേർത്ത് ഇനിയും പറഞ്ഞു കൊടുക്കേണ്ടതുണ്ടോ? മതത്തിൽ മാതൃ കയില്ലാത്ത ഈ ശീലത്തെ, ഈ ദുർവ്യയത്തെ മതശാസനകൾ കണിശമായും പാലിക്കുന്നവർ എന്ന് ഘോഷണം നടത്തുന്നവർക്ക് ഭൂഷണമാവുമോ? ആഴത്തിലുള്ള മതബോധമില്ലായ്മ, “സാമ്പാർ വിദ്യാഭ്യാസം” എന്നിവയൊക്കെത്തന്നെയാണ് ഇതിന്നു കാരണം. കോടികൾ ശേഖരിക്കാൻ കഴിവുള്ളവരാണ് ഈ സംഘാടകർ; പ്രബോധനമാണ് ലക്ഷ്യവും. എന്നാൽ അത് ഏറ്റവും ഫലപ്രദമായ വഴിയിൽ ഉപയോഗിക്കാൻ അവർക്കു കഴിയാത്തതെന്തേ! പണം ദുർവിനിയോഗം ചെയ്തവർ എന്ന പാപത്തിൽ നിന്നും രക്ഷപ്പെടണ മെന്നില്ലേ! സംഘടനയോടുള്ള മഹബ്ബത്ത് എന്നതിന്ന് പകരം അത് ഇസ്‌ലാമിനോടായിത്തീരേണ്ടതില്ലേ? പരലോകത്ത് അതായിരിക്കില്ലെ ഏറ്റവും ശോഭിച്ചു നിൽക്കുക? ഈ ലോകത്താവട്ടെ അതുണ്ടാക്കിയ അലയൊലികൾ കാലങ്ങളോളം ഫലം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുമല്ലോ. സംസ്ഥാന-ജില്ലാ-പഞ്ചായത്ത് തല സമ്മേളനങ്ങൾ

പതിവാക്കിയ സംഘടനകളിലെ ചില അടുത്ത സുഹൃത്തുക്കളോടൊക്കെ പലപ്പോഴും ഈ ഗ്രന്ഥകാരൻ അതുണർത്തിയിട്ടുണ്ട്; എന്റെ ചില ഗ്രന്ഥങ്ങളിലും അത് സൂചിപ്പിച്ചിട്ടുണ്ട്. എന്തെന്നാൽ പ്രബോധനത്തിന് ആണ്ടു തോറുമുള്ള "സമ്മേളനം" എന്നതിന്നു പകരം പ്രബോധനം ശരിക്കും എത്തിച്ചേർന്നിട്ടില്ലാത്ത സ്ഥലങ്ങളിലേക്കു യോഗ്യരായ പ്രബോധകരെ അയക്കുന്ന പദ്ധതിയുണ്ടാക്കുക. സമ്മേളനത്തിനെന്നു പറഞ്ഞു ശേഖരിക്കുന്ന ഇത്തരം 'കോടികൾ'ക്കു പകരം ഈ പുതിയ പദ്ധതിക്കായി 'കോടികൾ' ഉണ്ടാക്കുക. അഥവാ ഈ പദ്ധതിക്കെന്ന പേരിൽ തന്നെ പണമുണ്ടാക്കുക. ഗൾഫു രാജ്യങ്ങളിൽ നിന്നു പോലും നല്ല പ്രോത്സാഹനം കിട്ടുന്ന പദ്ധതി. ഇതിൽ നിന്നാവണം അവർക്ക് ശമ്പളം കൊടുക്കേണ്ടത്. ഒരു പത്ത് വർഷത്തേക്കു വേണ്ടി പത്തോ ഇരുപതോ ആളുകളെ തിരഞ്ഞെടുക്കണം. അവർക്കു 'സാമ്പാർ ഡിഗ്രി'ക്കു പുറമെ ഉന്നത ഇസ്‌ലാമിക സർവ്വകലാശാലകളിൽ നിന്ന് ദഅ്‌വാ, ഷരീഅഃ, ഖുർആൻ, ഹദീഥ് പോലുള്ളവ ഗഹനമായി പഠിപ്പിക്കുന്ന കോളേജുകളിലൊന്നിൽ നിന്ന് ബിരുദം കരസ്ഥമാക്കാൻ സഹായിക്കുക. ഇത്തരം ആളുകൾക്കു മാത്രമെ പറയുന്നതിൽ വേരുകളും വേരുകൾക്ക് ബലവും ഉണ്ടാക്കാനാവൂ.

ജിന്ന് വിഷയം സമൂഹമദ്ധ്യേ അലങ്കോലമായത് നാമോർക്കുമല്ലോ. സാമ്പാർ കഴിച്ചവനും സാമ്പാറ് പോലും തൊട്ടു നോക്കിയിട്ടില്ലാത്തവനും മദ്രസയിലെ പ്രാഥമിക പാഠങ്ങൾ പൂർത്തിയാക്കാത്തവർ വരെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രഭാഷകരായി. എഞ്ചിനീയറും ഡോക്ടറും അധ്യാപകനും വക്കീലുമൊക്കെ വലിയ വായിൽ സമർഥിക്കാൻ തുടങ്ങി. അതവസാനം ജിന്ന് എന്ന, മനുഷ്യരേക്കാൾ അംഗബലമുള്ള ഒരു വലിയ സമുദായത്തെ അവജ്ഞാപൂർവ്വം സ്മരിക്കുന്ന ഒരവസ്ഥയിലേക്കവർ എത്തിച്ചു. അവരാരും അത് ശരിയായി പഠിച്ചവരായിരുന്നില്ല. അവർ പഠിച്ചുവന്ന മത സ്ഥാപനങ്ങളിലൊന്നും അാ വിഷയം പഠിപ്പിച്ചിട്ടുമില്ല. അവരുടെ പാഠ്യപദ്ധതിയിൽ അങ്ങിനെയൊന്നു ഉണ്ടായിരുന്നതേ ഇല്ല. ഒരു സമുദായത്തെ കുറിച്ചുള്ള പാഠമാണ് പ്രഭാഷകരുടെ വിവരമില്ലായ്മ കൊണ്ട് വികൃതമായിപ്പോയത്. ഈ ലേഖകനോർത്തു പോവുകയാണ്; സൗദിയിലെ ഉന്നത പണ്ഡിത സഭയിലെ ഒരാൾ, ലോകോത്തര പണ്ഡിതൻ, ഫാതിഹയുടെ വ്യാഖ്യാനം പഠിപ്പിക്കാൻ തുടങ്ങവെ "ശപിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു" എന്ന ഭാഗം പരിശോധിക്കപ്പെടുന്ന സന്ദർഭം. 'ശപിക്കപ്പെട്ട പിശാച്' എന്നത് മാത്രം

വിശദീകരിച്ചു തീർത്തത് ആറുമാസം കൊണ്ടാണ്!

പ്രബോധന പദ്ധതിക്കു വേണ്ടി തിരഞ്ഞെടുക്കുന്നവർക്ക് നല്ല അവഗാഹം ഉണ്ടാവണമെന്ന് പറയുന്നത് അത് കൊണ്ടാണ്. അവരോരോരുത്തരും വ്യത്യസ്ത ജില്ലകളിലേക്കോ സംസ്ഥാനങ്ങളിലേക്കോ പോവട്ടെ. വിശേഷിച്ചും ബീഹാർ, ആസ്സാം സംസ്ഥാനങ്ങൾ. പ്രബോധനവും ജീവകാരുണ്യ പ്രവർത്തനങ്ങളും ആണ് അവിടെയുള്ളവർക്ക് വേണ്ടത്. അവരൊക്കെയും ഈ സമുദായ ശരീരത്തിലെ അവയവങ്ങളാണ്. ആ വേദന ഈ സമുദായത്തിന്റേതും കൂടിയാണല്ലോ... ഇവിടെ ഈ സമ്മേളന നഗരിയിൽ മൂന്ന് ദിവസത്തേക്ക് വേണ്ടി ഒരു യൂറോപ്യൻ ക്ലോസറ്റ് വെക്കുന്ന പണം മാത്രം മതി അവിടെ ബീഹാറിൽ ഒരു കുടുംബത്തിനൊന്നടങ്കം അവരുടെ ജീവിതകാലം മുഴുവൻ ഉപയോഗിക്കാവുന്ന കക്കൂസ് പണിയാൻ. നമ്മുടെ കരളുകൾ നനയിക്കുന്ന അവസ്ഥയാണ് അവിടെയുള്ളത്. പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാൻ രാവു വന്നുചേരുന്നത് വരെ കാത്തിരിക്കുന്ന കുടുംബങ്ങളെ നമുക്കവിടെ കാണാം. നമുക്ക് ഊഹിക്കാൻ പോലും കഴിയാത്തതാണത്. ഈ കോടികൾ അവിടെ ഉപയോഗപ്പെടുത്തിയാൽ ധ്രുതവേഗതയിലൊരു മാറ്റം നമുക്ക് കാണാനാവും. ശൂന്യവും വരണ്ടതുമായ പ്രതലത്തിൽ വീണ മഴത്തുള്ളികൾ പോലെ അത് സത്യസന്ദേശത്തെ ആഗിരണം ചെയ്യും. നീണ്ട നൂറോളം വർഷങ്ങൾ കേരളത്തിലെ മുസ്‌ലിംകൾക്കിടയിൽ തൗഹീദിലേക്കും സുന്നത്തിലേക്കും ക്ഷണിച്ചുകൊണ്ട് ഖണ്ഡനങ്ങളും സമ്മേളനങ്ങളും വിദ്വേഷങ്ങളും ശത്രുതയും ചേർത്ത് കൈവരിച്ച പുരോഗതിയുടെ വ്യാപ്തി എത്രയാണോ അതിനേക്കാൾ മെച്ചത്തിൽ, അതിനേക്കാൾ സ്വീകാര്യതയോടെ യാതൊരു ഖണ്ഡനങ്ങളും വിദ്വേഷങ്ങളും ശത്രുതയുമില്ലാതെ അവിടെ നമുക്ക് അത് സാധിച്ചെടുക്കാൻ കഴിയും; അതും നാലോ അഞ്ചോ വർഷങ്ങൾ കൊണ്ട്!

പ്രബോധനത്തിനെന്നു പറഞ്ഞ്, സുന്നത്തിൽ മാതൃകയില്ലാത്തതും നാം പാഴാക്കിക്കളയുന്നതുമായ കോടികളെ, ഇതിനേക്കാൾ വേഗത്തിൽ ഫലപ്രാപ്തിയിലെത്തിക്കേണമോ! ഇന്ത്യക്കു പുറത്തേക്ക് ആഫ്രിക്കൻ രാജ്യങ്ങളിലേക്കും കടന്നു നോക്കാം. വിശേഷിച്ചും പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ. ദിനേന ആയിരത്തോളം പേർ ഇസ്‌ലാമിനെ പുൽകുന്ന രാജ്യങ്ങൾ അവിടെ ഉണ്ട്. ബെനിൻ അതിന്നൊരുദാഹരണം മാത്രം. കോട്ടൊനോവ് പട്ടണത്തിലെ,

ഭംഗി കൊണ്ടും ആകാരം കൊണ്ടും അതിഗംഭീരമായ ഗ്രാന്റ് മസ്ജിദിന്റെ ഒരു ഭാഗത്ത് സ്ഥാപിച്ച റേഡിയോ നിലയത്തിലിരിക്കുകയായിരുന്നു ഞങ്ങൾ. അവരുടെ ഗ്രാന്റ് മുഫ്തി ഈ പരിവർത്തന പ്രവാഹത്തെക്കുറിച്ച് പറഞ്ഞപ്പോൾ എന്റെ കണ്ണുകൾ വീണ്ടും വിസ്മയം കൊണ്ടു വിടർന്നു. 2005ലെ ജൂൺ മാസത്തിലായിരുന്നു ഞാനവിടെ ഉണ്ടായിരുന്നത്. അതിശയോക്തി പോലെ അദ്ദേഹം ഇങ്ങിനെ പറഞ്ഞു: സഹോദരൻ ഹനീഫ്! ബെനിന്റെ ഇപ്പോഴുള്ള മുസ്ലിം ജനസംഖ്യ വെറും 10% മാത്രമാണ്. താങ്കളൊരു പത്ത് വർഷം കഴിഞ്ഞു വരിക; ബെനിൻ ഒരു മുസ്ലിം ഭൂരിപക്ഷ രാജ്യമായി താങ്കൾക്ക് കാണാൻ കഴിഞ്ഞേക്കാം. ദിവസവും ആയിരത്തോളം പേരാണ് ഇസ്ലാമിലേക്ക് വന്നു കൊണ്ടിരിക്കുന്നത്. മൂന്നും നാലും ഗ്രാമങ്ങളിലെ ജനങ്ങൾ വരെ ഒറ്റയടിക്ക് ഇസ്ലാമിനെ പുൽകിയ സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്.

ഞാൻ പ്രതിനിധാനം ചെയ്യുന്ന സ്ഥാപനത്തിനു കീഴിൽ ഒരു പ്രബോധന കേന്ദ്രം അവിടെ, സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതിനെ കേന്ദ്രമാക്കി ആ രാജ്യത്തിന്റെ വിവിധ മേഖലകളിലായി എട്ട് ശാഖകളും പ്രവർത്തിക്കുന്നു. ഈ ഒമ്പത് പ്രബോധകരും ഇന്നാട്ടുകാർ തന്നെ. ഇവരെ ഇവിടെ നിന്നും കണ്ടെത്തി സൗദി അറേബ്യയിലെ വിവിധ ഇസ്ലാമിക സർവ്വകലാശാലകളിൽ പ്രവേശിപ്പിച്ച് ഇസ്ലാമിക ഷരീഅത്തിലും പ്രബോധനത്തിലും മറ്റും ഉന്നതരായ പണ്ഡിതരാക്കി പാകപ്പെടുത്തുകയായിരുന്നു നമ്മുടെ സ്ഥാപനം ആദ്യം ചെയ്തത്. പിന്നെ അവരെ സ്വദേശത്തേക്ക് തിരിച്ചയച്ച് അവിടുത്തെ പ്രബോധന കേന്ദ്രത്തിനു കീഴിൽ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ അവരുടെ ഭാഷകളിൽ തന്നെ സംസാരിക്കാൻ ശേഷിയുള്ള പ്രബോധകരായി പറഞ്ഞയച്ചു; അവർക്കൊക്കെയും മാസശമ്പളം നൽകിക്കൊണ്ട്. കേന്ദ്ര ഓഫീസിലെ പ്രബോധകനെ കൂടാതെ എട്ടു ശാഖാ ഓഫീസുകൾ. ഓരോന്നിലും ഓരോ പ്രബോധകൻ. അതിൽ ഒരാളെ ഞാൻ ഫോണിൽ വിളിച്ചു. എനിക്കത്രമാത്രം വിസ്മയവും ജിജ്ഞാസയുമുണ്ടായിരുന്നു. ഞാനദ്ദേഹത്തോട് ചോദിച്ചു: താങ്കളുടെ മേഖലയിലെ ദഅ്വാ പ്രവർത്തനങ്ങൾ എങ്ങിനെ? അദ്ദേഹം പറഞ്ഞു: “ദിനേന എഴുപതും എൺപതും പേർ ഇസ്ലാമിലേക്കു വരുന്നു. അധികവും കൂട്ടമായിത്തന്നെ!” ഈ പ്രബോധകന്റെ മേഖല വടക്കു വശത്താണെങ്കിൽ തെക്കേ അറ്റത്ത് പ്രവർത്തിക്കുന്ന മറ്റൊരു പ്രബോധകനെ ഞാൻ വിളിച്ചു. അദ്ദേഹത്തോടും അതേ ചോദ്യം

ആവർത്തിച്ചു. അദ്ദേഹം പറഞ്ഞു: "ശരാശരി നൂറ് പേർ ദിവസവും ഇസ്‌ലാമിലേക്കു വരുന്നു! പിന്നീട് അദ്ദേഹം പറഞ്ഞത് എന്നെ കൂടുതൽ കൗതുകപ്പെടുത്തി. "സഹോദരാ, ഇവിടെ അടുത്ത പട്ടണമായ പോർട്ടോനോവെയിലെ നാലു ഗ്രാമങ്ങൾ ഒന്നടങ്കം ഇസ്‌ലാമിലേക്കു വന്നത് ആറു മാസം മുമ്പാണ്!"

ആ സ്ഥലം കാണാൻ അതിയായ ആഗ്രഹമുദിച്ചു. പിറ്റേദിവസം ആ ഗ്രാമങ്ങളിലൂടെ കാറിൽ സഞ്ചരിച്ചു കണ്ണോടിച്ചു കടന്നുപോയി. ഒരൊറ്റ ദിവസം കൊണ്ട് ഇസ്‌ലാമിലേക്കു വന്ന നാലുഗ്രാമങ്ങൾ. അത്ര വലിയ ഗ്രാമങ്ങളല്ല അവയോരോന്നുമെങ്കിലും അതിലെ ഗ്രാമ മുഖ്യൻമാരെയും അതിലെ കുടുംബത്തലവന്മാരെയും ഒന്നിച്ചിരുത്താൻ ചില പ്രഥമ പരിശ്രമങ്ങളൊക്കെ പ്രബോധകനും അവിടങ്ങളിലെ മുസ്‌ലിം നേതാക്കളും ചെയ്തു വെച്ചിട്ടുണ്ടാവാം. ദരിദ്രരായ ആ ഗ്രാമീണർക്ക് പക്ഷേ ഇസ്‌ലാം ഒരു പുത്തൻ അറിവും ഉണർവും തന്നെയായിരുന്നു. വലുതായി പണിത ഹാളുപോലുള്ള കെട്ടിടങ്ങൾ പലയിടങ്ങളിലായി എനിക്കു കാണാനായി. അവയെ സന്ദർഭം പോലെ ചൂണ്ടിക്കൊണ്ട് എന്റെ സഹായി ഇങ്ങിനെ പറഞ്ഞുകൊണ്ടിരുന്നു. "നോക്കൂ... ഇത് അവരുടെ ചർച്ചായിരുന്നു. അത് മുസ്‌ലിം പള്ളിയാണിപ്പോൾ. മുമ്പുണ്ടായിരുന്ന അതിന്റെ അവകാശികളെല്ലാം ഇന്ന് മുസ്‌ലിംകളാണ്."

ആ മേഖലയിലെ പ്രബോധകൻ ശൈഖ് സകരിയ്യായെ എനിക്കു കാണാൻ അവസരം കിട്ടിയിരുന്നില്ല. വിദൂരമായ ഒരു ഗ്രാമത്തിൽ ദഅ്‌വയുമായി തിരക്കിലായിരുന്നു അദ്ദേഹം. പക്ഷേ അദ്ദേഹത്തിന്റെ പ്രബോധന പ്രവർത്തനങ്ങളും അതിന്റെ രീതികളും ഫലങ്ങളുമൊക്കെ കൗതുകത്തോടെയാണ് ഈ വിനീതൻ കേട്ടു മനസ്സിലാക്കിയത്. വിലകുറഞ്ഞതും തുരുമ്പു പിടിച്ചതുമായ തന്റെ സൈക്കിളിൽ ഒറ്റക്ക് സഞ്ചരിച്ചുകൊള്ളുള്ള ഈ ദഅ്‌വാ പ്രവർത്തകനിൽ നിന്നും തൗഹീദിൽ നമ്മുടെ നാട്ടിലെ നൂറു കൊല്ലത്തിന്റെ മേനി പറയുന്ന ഹൈടെക് പ്രബോധകർക്ക് പലതും പാഠമാക്കാനുണ്ട്. ഇവിടെ അതൊന്നും വിവരിക്കുന്നില്ല. ഇത് "സ്ത്രീ നേതൃത്വം" പുസ്തകത്തിന്റെ ആമുഖമാണല്ലോ. നാം നൂറോളം വർഷം പ്രവർത്തിച്ച് കോടികൾ ചിലവഴിച്ച് കിട്ടിയ ഹിദായത്തും, ഹിദായത്ത് ഏകദേശം കിട്ടിയവർക്കായി വീണ്ടും ചിലവഴിച്ചു കൊണ്ടിരിക്കുന്ന കോടികളും, ഹിദായത്തിനും കോടികൾക്കുമപ്പുറം നാട്ടിലെ

പ്രബോധകന്മാർ നല്ലതെന്ന് ധരിച്ച് തിരഞ്ഞെടുക്കുന്ന, ഇസ്‌ലാമിക മൂല്യങ്ങളുടെ പിൻബലമില്ലാത്ത സമ്മേളന രീതികളുമായി താരതമ്യം ചെയ്തപ്പോൾ ഇത്രയൊക്കെ പറഞ്ഞുപോയതാണ്.

ബെനിൻപോലെ പല ആഫ്രിക്കൻ രാജ്യങ്ങളും വളരെ ആർത്തിയോടെ ഇസ്‌ലാമിക പ്രബോധകരെ തേടുകയാണ്. അങ്ങകലെ കടലിനക്കരേക്ക് പോയില്ലെങ്കിലും മതപഠനങ്ങൾക്കുള്ള സ്ഥാപനങ്ങളോ പള്ളികളോ പാഠ്യോപകരണങ്ങളോ മാറ്റിയുടുക്കാൻ വസ്ത്രങ്ങളോ വയറിന്റെ വിളിയകറ്റാൻ ആഹാരമോ സാധിക്കാത്ത പരമദരിദ്രരും അതിലേറെ നിഷ്കളങ്കരുമായ ഒരു സമൂഹമാണല്ലോ നമ്മുടെ രാജ്യത്തും ഉള്ളത്; പ്രത്യേകിച്ചും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ. നമ്മുടെ ദീനിന്റെ വാഹകർ! ടോഗോ, സീറാലിയോൺ, ഗാംബിയ, ഘാന, ഗിനിയ, ഐവറികോസ്റ്റ് തുടങ്ങിയ പ്രദേശത്തെ ജനതയെ പോലുള്ള ദുരിത ജീവിതങ്ങൾ. ഒന്നാം വാർഷിക – പഞ്ചവാർഷിക രാജകീയ സമ്മേളനങ്ങളൊക്കെ മുറതെറ്റാതെ നടത്തിപ്പോരുന്ന ഒരു വിഭാഗത്തെ കണ്ട് ഇന്ത്യക്കാരന്റെ പ്രബോധനം ഇത്തരത്തിൽ ആയിപ്പോയല്ലോ എന്നോർത്ത് വേദനയോടെ പറഞ്ഞുപോയതാണ്. ഉദ്ധ ചനങ്ങൾക്ക് മാർദ്ദവമില്ലെങ്കിലും ഉദ്ദേശശുദ്ധിയാൽ മാപ്പ് തന്നാലും!

മതപഠനം ആവശ്യത്തിനു കിട്ടിയെന്നു ധരിച്ചുവശായ ദിശാബോധമില്ലാത്ത ചെറിയ വിഭാഗം പ്രബോധകരുടെ ചെറുമാതൃകയാണ് നാം ഇവിടെ കണ്ടത്. എന്നാൽ മറ്റൊരു വിഭാഗമുണ്ട്. അവർ മതവിഷയങ്ങളിൽ നഴ്സറി വിദ്യാർത്ഥികളാണ്. നാട്ടിൻപുറങ്ങളിലെ മദ്രസകളിൽ നാലോ അഞ്ചോ വർഷം മാത്രം പഠിച്ചു മതിയാക്കുന്നവർ. എന്നാൽ മതേതര വിഷയങ്ങളിൽ അത്യുന്നതമായ മേഖലകളിൽ എത്തിച്ചേർന്നവർ. ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, അധ്യാപകർ, തുടങ്ങി ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ വരെ. ഇവരിൽ ഒരു വിഭാഗം പ്രഭാഷണകലയിൽ നല്ല പ്രാവീണ്യം നേടിയവരായിരിക്കും. വർഷങ്ങളോളം പഠിച്ച് പാകമായവർ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളെ സന്ദർഭാനുസാരം ചില പേജുകൾ മാത്രം മറിച്ചു നോക്കി ഗരിമ നടിച്ച് മതഭാഷണ വേദികളിൽ അവർ പ്രത്യക്ഷപ്പെടും. അടിസ്ഥാന മദ്രസാ വിദ്യാഭ്യാസം നാലാം തരം. അല്ലെങ്കിൽ അഞ്ചാം തരം മാത്രം. മത വിഷയങ്ങളിൽ ചില പ്രബോധകരുമായി അവർ വാഗ്വാദത്തിലുണ്ടാവും. ഒരിടത്ത് ഉത്തരം മുട്ടുമ്പോൾ അതിന്റെ മറുപടിക്കായി ചില പേജുകളൊക്കെ മറിച്ച് ഒരുങ്ങി അടുത്ത വേദി

യിൽ പ്രത്യക്ഷപ്പെടും. ഇസ്‌ലാമിക ഐക്യത്തെ ഛിന്നഭിന്നമാക്കി പരസ്പരം ശത്രുക്കളാക്കി മാറ്റിയ വിഭാഗമാണിവരിലധികവും. ഒരാൾ തന്റെ ആശയത്തോടൊപ്പമല്ലയോ അയാൾ തന്റെ ശത്രു; അയാളെത്ര ഭക്തനായാലും ശരി. തന്റെ നിലപാടിനൊപ്പമാണോ അയാൾ എങ്കിൽ ഏത് അടകോടനായാലും അയാളെനിക്ക് വേണ്ടപ്പെട്ടവൻ. ഇബ്റാഹീം ﷺ ന്റെ മില്ലത്തിന്റെ - മുഹമ്മദ് ﷺ യുടെ ഉമ്മത്തിന്റെ സംഘബലത്തെ കഷ്ണങ്ങളാക്കുന്നതിന്ന് കത്തിവെച്ചവരാണ് ഈ അല്പജ്ഞാനികൾ. ആ ദുരന്തം നാം പേറിക്കൊണ്ടിരിക്കുന്നു. അവരിൽ ചിലർ പ്രബോധകന്മാർ എന്നറിയപ്പെടുന്നു. ചിലരെ പണ്ഡിതർ എന്ന് ബഹുമാനിക്കുന്നു. അവരാവട്ടെ അവ രണ്ടിന്റെയും പ്രത്യക്ഷ ഗുണത്തിലേക്കെത്തിയവരല്ല. അവർ മൂലം വെട്ടും കുത്തു മേറ്റും, കുഴിയിൽ വീണും മരിച്ചവരുണ്ട്. അവർ മൂലം പരസ്പരം പൊരുതി ഭിന്നിച്ചവരും വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞവരുമുണ്ട്. സമൂഹത്തെ അധമാവസ്ഥയിലാക്കി നമ്മെ അല്ലാഹു പരീക്ഷിക്കുകയാണ്. അല്ലാഹു കാക്കട്ടെ.

മത വിദ്യാഭ്യാസം കാര്യമായി കിട്ടിയിട്ടില്ലാത്ത ഈ വിഭാഗത്തിൽ നിന്നും കുറച്ചു പേർ രാഷ്ട്രീയത്തിലേക്കും വരുന്നു. ഇവരാണ് മൂന്നാമത്തെ വിഭാഗം. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ അവർ നേതാക്കളായി. ചിലർ സർക്കാറിൽ മന്ത്രിമാരായി. ഇവരിൽ ചിലരാണ് ഇസ്‌ലാമിനെ സമൂഹമദ്ധ്യേ ചീത്തയാക്കുന്ന ആ വിഭാഗം. മതേതരത്വത്തിന്റെ പേരിൽ ഒരു മുഴം നീട്ടിയെറിയുന്നവർ. ഇസ്‌ലാമിന്റെ പ്രതിനിധിയെന്നോണം അയാളവിടെ പെരുമാറും. പാവം പാമര സമുദായമാവട്ടെ അയാളുടെ നിലപാട് ദീനിൽ വിരോധമില്ലാത്ത കാര്യമാണെന്ന് ധരിച്ച് നിശ്ശബ്ദരാവുകയും ചെയ്യും. ഈ നിശ്ശബ്ദതയാണ് സമൂഹത്തിൽ തന്റെ ദീനിനെ മതേതരത്വത്തിന്റെ ചായമടിക്കാൻ വെച്ചുകൊടുക്കുന്നത്. വിളക്കു കൊളുത്തിയുള്ള ഉദ്ഘാടനങ്ങൾ അതിൽ ഒന്നാണ്. അഗ്നി തെളിയിക്കുക എന്നത് ഹൈന്ദവാചാരമാണെന്നത് ആളുകൾ മറന്നേ പോയിരിക്കുന്നു. പണ്ടൊക്കെ ഒന്നോ ഒന്നരയോ അടി മാത്രം വലിപ്പമുള്ള വിളക്കായിരുന്നു ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നത് മനുഷ്യനേക്കാൾ ഉയർന്ന ഭീമാകാരമായ നിലവിളക്കുകളായി വളർന്നിരിക്കുന്നു. അവയിൽ ആദരപൂർവ്വം പൂമാലകളും ചാർത്തിത്തുടങ്ങി. ഉദ്ഘാടനങ്ങൾക്ക് എല്ലാവർക്കും തൃപ്തികരമായ എത്രയെത്ര മാർഗ്ഗങ്ങളുണ്ടെന്നിരിക്കെ ഈ ഹൈന്ദവാചാരത്തെ സർക്കാറിന്റെ ഉദ്ഘാടന മാധ്യമമാക്കുന്ന

തിൽ മതവിധിയെന്തെന്നറിയാത്ത മതേതര മുസ്‌ലിമിന് യാതൊരു സങ്കോചവുമുണ്ടാവുന്നില്ല. അത് കൊണ്ടാണല്ലോ സർക്കാർ പരിപാടികളിൽ ഈ ആചാരം നിരന്തരം തുടർന്നു പോരുന്നത്! അത് കൊണ്ടാണല്ലോ ആ നിലവിളക്കിൽ തീ പകരുന്നിടത്ത് പോലും ഭവ്യതയോടെ നിന്നുപോവുന്നത്. അവർക്കതിൽ യാതൊരു സങ്കോചവും തോന്നാതെ പോവുന്നത്! മുസ്‌ലിം സമൂഹത്തിൽ നിന്ന്, ഇസ്‌ലാമിന്റെ നിലപാട് തെളിച്ചമാക്കിക്കാട്ടും വിധം ഒരു പ്രതിഷേധവും ഉയരാതെ പോവുന്നതും അതുകൊണ്ട് തന്നെ!

മതവിധി അറിയാത്തതിന്റെ പേരിൽ മുസ്‌ലിം കേരളം ലജ്ജിച്ചു പോയ ഒന്നു രണ്ടു സംഭവങ്ങൾ ഈയിടെ ഉണ്ടായതു കൂടി വേദനയോടെ ഇവിടെ ഓർത്തു പോവുന്നു.

കോഴിക്കോട് ഹൈന്ദവ സന്യാസിമാർ നടത്തിയ സോമയാഗമാണ് വേദി. ഒരു മതസംഘടനയുടെ ജില്ലാ പ്രസിഡണ്ട് അതിലേക്ക് ക്ഷണിക്കപ്പെട്ടു. യാഗവേദിയിൽ പോലും ഇസ്‌ലാമിനെ സംബന്ധിച്ച് സംസാരിക്കാനല്ല അയാൾ പോയത്. അമ്പലങ്ങളിലും ചർച്ചുകളിലും ചെന്ന് ഇസ്‌ലാമിന്റെ ആധികാരികതയെ ഉയർത്തിപ്പറയുന്ന പ്രബോധകന്മാർ മുമ്പുണ്ടായിട്ടുണ്ട്. ഇന്നും വേണ്ടത്രയുണ്ട്. ഇയാൾ ചെയ്തത് അതല്ല. യാഗത്തെ ആദരിച്ച് സംസാരിക്കാൻ, മഴ കിട്ടാതെ ബുദ്ധിമുട്ടുന്ന ഒരു നാട്ടിൽ യാഗം പോലുള്ള കർമ്മങ്ങൾ ഏറെ ഫലം ചെയ്യുമെന്ന് സ്ഥാപിക്കാൻ. ഇസ്‌ലാമിനെ ശത്രുവായി കാണുന്ന തീവ്രവാദ നിലപാടുകാരനെന്ന് പരക്കെ അറിയപ്പെടുന്ന ഒരു യോഗ ഗുരുവിനെ ഇരുകരങ്ങൾ കൊണ്ടും ഗാഢമായി ആലിംഗനം ചെയ്യാൻ!

ഇത്തരം അനിസ്‌ലാമിക കാര്യങ്ങളൊന്നും അയാൾ ചെയ്യരുതായിരുന്നു. സമുദായമാവട്ടെ അയാൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ നേതൃസ്ഥാനത്തു നിന്നും അയാളെ മാറ്റിനിർത്തേണ്ടിയിരുന്നു. മുസ്‌ലിംകളുടെ പൊതുപരിപാടികളിൽ അയാളെ അടുപ്പിക്കുകയേ ചെയ്യരുതായിരുന്നു. പക്ഷെ അതൊന്നുമുണ്ടായില്ല. നംറൂദിന്റെ കാലം തൊട്ടേ ഇസ്‌ലാം യാഗത്തിന്നെതിരെ സംസാരിച്ചുവരുന്നു. ഇന്ന് നമുക്കിടയിൽ നിന്നൊരാൾ അതിനെ വാഴ്ത്തിപ്പറഞ്ഞപ്പോൾ അതിനെതിരെ ശബ്ദിക്കാൻ ഇബ്റാഹീം عليه السلام ന്റെ മില്ലത്തിന് ശബ്ദമില്ലാതെ പോയി!

മറ്റൊന്ന് ആൾദേവതയായി ഭൂലോകം ചുറ്റുന്ന ഒരു ചുംബന സന്യാ

സിനിയുടെ പരിശ്രമത്തെ വാഴ്ത്തിപ്പറഞ്ഞ മന്ത്രിയാണ്. ചേതന മോ അചേതനമോ ആയി നിലകൊള്ളുന്ന ദേവീദേവന്മാരെ ആരാധ്യരാക്കുന്നതിനെ അകറ്റിനിർത്തുന്ന ഒരു മതത്തിന്റെ പ്രതിനിധി ചേതനയുള്ള ഒന്നിനെ ദേവിയായി കൊണ്ടുനടക്കുന്നതിനെ ആദരിക്കുന്നതെങ്ങിനെ? തന്റെ മതത്തിന്റെ ശാസനകളെന്തെന്നും വിധികളെന്തെന്നും പഠിച്ചിട്ടില്ലാത്ത ഒരാൾക്കു മാത്രമേ ഇത്തരം ഹീനകൃത്യം ചെയ്യാനാവൂ. സമുദായമാവട്ടെ ഈ അജ്ഞതയുടെ നേർസാക്ഷ്യം പോലെ നിശ്ശബ്ദരാവുകയും ചെയ്തു! ഇങ്ങിനെയാണ് കാര്യങ്ങൾ കടന്നുപോവുന്നതെങ്കിൽ ഇസ്‌ലാമിന്റെ ദാർശനികശോഭ ഏത് മുസ്‌ലിം ജീവിതത്തിലാണ് തെളിമയോടെ നമുക്ക് ദർശിക്കാനാവുക! മുഹമ്മദ് ﷺ യുടെ ഉമ്മത്തിൽ ഏത് കോണിൽ നിന്നാണ് ഇസ്‌ലാമിന്റെ പ്രഭാവം നമുക്കിനി അഭിമാനപൂർവ്വം ആസ്വദിക്കാനാവുക!

മതവിദ്യാഭ്യാസമില്ലാത്ത, മതിയായ മതവിജ്ഞാനം കൈവന്നിട്ടില്ലാത്ത ആളുകൾ സമുദായത്തിനു നൽകുന്ന പരിക്കുകളുടെ രണ്ടു മാതൃകകളാണ് ഇവിടെ നാം പറഞ്ഞുവന്നത്.

ഇനിയൊന്നുള്ളത് ഭാവനാതീരങ്ങളിൽ കണ്ണടച്ചുമേയുന്നവർ ഛർദ്ദിച്ചുവിടുന്ന പ്രയോഗവൈകൃതങ്ങളാണ്. അവരാണ് നാലാമത്തെ വിഭാഗം. “സ്ത്രീ നേതൃത്വം ഇസ്‌ലാമിൽ” എന്ന ഈ ഗ്രന്ഥ രചനയുടെ നിമിത്തം അത്തരം കൃതികളിൽ ഒന്നാണ്. ബർസ! ഒരു സ്ത്രീരോഗ വിദഗ്ധയാണ് അതു പടച്ചുവിട്ടത്. താൻ പഠിച്ച വിഷയത്തിൽ പഠനങ്ങളും പിന്നെ നോവലുകളുമൊക്കെ അവരെഴുതിയിട്ടുണ്ട്. അതിൽ കാര്യമായ അംഗീകാരമൊന്നും കിട്ടാതിരുന്നതാവാം താൻ പഠിച്ചിട്ടില്ലാത്ത മതവിഷയത്തിൽ ഒരു നോവലെഴുതാൻ അവരെ തോന്നിപ്പിച്ചത്. മതവിഷയങ്ങളോടും ആചാരങ്ങളോടുമുള്ള ഒരു പോരാട്ടം തന്നെയാണ് അതിലുടനീളം. താൻ പറഞ്ഞതിന് പ്രമാണങ്ങളിൽ വല്ല പിന്തുണയുമുണ്ടോ! അതൊട്ടില്ല താനും. മതപ്രമാണങ്ങളെ സംബന്ധിച്ച് ഗ്രന്ഥകാരൻ അറിവുള്ളവനായിരിക്കുമ്പോഴാണല്ലോ താൻ എഴുതിയതിന്റെ പിന്തുണ പരിശോധിക്കാൻ കഴിയുക. ഏതായാലും പ്രസ്തുത നോവൽ മാർക്കറ്റിൽ ലക്കങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. കേരള സാഹിത്യ അക്കാദമി അതിന് അവാർഡും നൽകി. ഇബ്രാഹീം عليه السلام, മുഹമ്മദ് ﷺ, ഹാജറാ ബീവി عليها السلام, ആയിഷാ ബീവി عليها السلام എന്നിവരെക്കുറിച്ചെല്ലാം അതിൽ അപവാദങ്ങൾ പറയുന്നുണ്ട്. സ്ത്രീ സ്വാതന്ത്ര്യത്തെയും മുസ്‌ലിം വേഷവിധാനത്തെ

യുമൊക്കെ പരിഹസിക്കുന്നുണ്ട്. ഒരു മുസ്‌ലിം തന്നെ മുസ്‌ലിം സമുദായത്തിനു നേരെ ഇങ്ങിനെ ചെയ്തിട്ടും ഇത്തരം ക്ഷുദ്ര കൃതികൾ ഗ്രന്ഥശാലകളിൽ നിന്നും പിൻവലിക്കാൻ ഒരു മുസ്‌ലിം കൂട്ടായ്മയും മുന്നോട്ട് വന്നില്ല! മൂക്കില്ലാ രാജ്യത്ത് മുറിമൂക്കന്മാർ രാജാവായേക്കാം. എന്നാൽ മുറിമൂക്കന്മാരുടെ നാട്ടിൽ മൂക്കില്ലാത്തവർ അധികാരത്തിൽ വരുമോ! കേരളത്തിൽ അതാണോ സംഭവിച്ചുകൊണ്ടിരിക്കുന്നത്!

സമുദായത്തിന്റെ ആ നിശ്ശബ്ദത ഇത്തരം എഴുത്തുകാർക്ക് പ്രോത്സാഹനമായി. അതാ മറ്റൊരു കൃതിയും പുറത്തുവരുന്നു. ആദ്യം പറഞ്ഞത് ഒരു ഗൈനക്കോളജിസ്റ്റിന്റെ കൃതിയാണെങ്കിൽ ഇയാളൊരു മനഃശാസ്ത്രജ്ഞൻ. വിഷയം ഇസ്‌ലാമിനെ പരിഹസിക്കൽ. ഇസ്‌ലാമികാചാരങ്ങളെ നിന്ദിക്കൽ. ഗ്രന്ഥത്തിന്റെ പേര് മുഹമ്മദ് എന്ന മനുഷ്യൻ. മനഃശാസ്ത്ര പരാമർശമുള്ള രണ്ടുമൂന്ന് ഗ്രന്ഥങ്ങൾ ഇയാൾ വേറെ എഴുതിയിട്ടുണ്ട്. അതൊന്നും ക്ലിക്കായിട്ടുണ്ടാവില്ല. അതുകൊണ്ടാവണം ഇസ്‌ലാമിനെയും പ്രവാചകനെയും ഒന്നു തട്ടിനോക്കട്ടെ എന്ന് വെച്ചത്. ഇസ്‌ലാം വിജ്ഞാനീയങ്ങളിൽ കാര്യമായ ധാരണയില്ലാത്ത ഇത്തരം ഡോക്ടർമാരും മനോരോഗ ചികിത്സകരുമൊക്കെ മതവിഷയങ്ങൾ ചർച്ച ചെയ്യാനൊരുങ്ങുകയും അല്ലാഹു വാഴ്ത്തിപ്പറഞ്ഞ ഒരു സമുദായം അതിനെതിരെ മിണ്ടാതിരിക്കുകയും ചെയ്താൽ മതം പിന്നെ ആരിലൂടെയാണ് പരിപാലിക്കപ്പെടുക?! പ്രവാചകത്വത്തെ തള്ളിപ്പറയുകയും ദിവ്യ വെളിപാടുകളെ ഇകഴ്ത്തുകയും ഇസ്‌ലാമിക വിശ്വാസത്തെ മായയും മിഥ്യാസങ്കൽപവുമായി പരിഹസിക്കുകയും ചെയ്യുന്ന ഈ ഗ്രന്ഥവും നിഷ്പ്രയാസം വിറ്റഴിക്കപ്പെടുന്നു. മനഃശാസ്ത്രത്തിന്റെ വീക്ഷണകോണിലൂടെയാണ് അയാൾ മതം പഠിക്കാൻ ശ്രമിച്ചത്. ഓറിയന്റലിസ്റ്റുകളായ, അമുസ്‌ലിംകളായ എഴുത്തുകാരിൽ നിന്നാണ് ഈ ഗ്രന്ഥത്തിന് വിഷയങ്ങൾ ശേഖരിച്ചത്. ഇയാളുപയോഗിച്ച ഗ്രന്ഥങ്ങളുടെ ലിസ്റ്റ് നോക്കിയാൽ തന്നെ വായന ചെയ്യാതെ ഗുണം ഊഹിക്കാനാവും. കൂട്ടത്തിൽ എല്ലാ മുസ്‌ലിം പ്രസ്ഥാനങ്ങളും അവഗണിച്ച ഒരു മലയാളിയുടെ ഖുർആൻ പരിഭാഷയുമുണ്ട്.

അറിയപ്പെടുന്ന അമുസ്‌ലിം തത്വചിന്തകരും ശാസ്ത്രജ്ഞന്മാരുമൊക്കെ മതം പഠിക്കാനൊരുങ്ങിയപ്പോൾ ഇസ്‌ലാം മതത്തിന്റെ ജ്ഞാന സമൃദ്ധിക്കു മുമ്പിൽ അതിശയിച്ചു നിന്നിട്ടുണ്ട്. അവർ കൈവ

രിച്ച വിജ്ഞാനങ്ങളൊക്കെ ഒന്നുമല്ലാതായിത്തീരുന്ന വിസ്മയം. അവരങ്ങിനെയാണ് ഇസ്‌ലാമിനെ പുൽകിയത്. അവരിൽ പലരും അറബി ഭാഷ പഠിച്ച് അതിന്റെ സൗരഭ്യം ആസ്വദിച്ചവരുമാണ്. ഇസ്‌ലാമിനെ കണ്ടെത്താൻ അറബിഭാഷ അറിഞ്ഞിരിക്കൽ നിർബന്ധമാണെന്നതിനാൽ അത് സ്വായത്തമാക്കിയാണ് അവർ ഖുർആനിലൂടെ സഞ്ചരിച്ചത്. പിന്നീട് നാം കാണുന്നത് മുസ്‌ലിംകൾ അതുവരെ കണ്ടിട്ടില്ലാത്ത ഇസ്‌ലാമിക സാഗരത്തിലെ അമൂല്യങ്ങളായ ജ്ഞാനശേഖരങ്ങളാണ്. പ്രഫ. മോറിസ് ബുക്കായ്, മർമഡ്യൂക് പിക്താൾ പോലെ ചിലർ ഉദാഹരണങ്ങൾ മാത്രം. ഖുർആനിന്റെ ജ്ഞാനദളങ്ങളിൽ മുത്തമണിയിച്ച മഹാപ്രതിഭകൾ!

അർഥം, ആശയം, സമർഥനം, സമർപ്പണം, ഈണം, താളം, സൗന്ദര്യം എന്നിവയുടെയെല്ലാം അത്ഭുതാവഹമായ സംയോജനമാണ് ഖുർആനിന്റെ ഭാഷ! ഏതെങ്കിലും പരിഭാഷ വാങ്ങി വായിച്ചാൽ ഇവയൊന്നും പൂർണ്ണാർഥത്തിൽ അതിൽ പ്രതിഫലിപ്പിക്കാനാവില്ല. ആ തിരിച്ചറിവ് നേടിയ ഖുർആൻ പഠിതാക്കളും വളരെ കുറവാണ്. അതുകൊണ്ടാണ് ഇസ്‌ലാമിക ഗ്രന്ഥങ്ങൾക്ക് ഖുർആൻ ആധാരമാക്കപ്പെടുമ്പോൾ അറബിഭാഷ ശരിക്കും അറിഞ്ഞിരിക്കണമെന്ന് പറയുന്നത്. അല്ലെങ്കിൽ അറബിയിൽ തന്നെ വിശദീകരിക്കപ്പെട്ട ആധികാരികങ്ങളായ പല തഫ്സീർ ഗ്രന്ഥങ്ങളുമായി ഒത്തുനോക്കി മാത്രമേ അത് പകർത്താവൂ എന്ന് അഭിപ്രായപ്പെടുന്നത്. എന്നാൽ "മുഹമ്മദ് എന്ന മനുഷ്യൻ"ന്റെ രചയിതാവ് അതല്ല ചെയ്തത്. തന്റെ മനഃശാസ്ത്ര വിജ്ഞാനത്തെ പശ്ചാത്തലമാക്കി ഒരു തീരുമാനമെടുത്തു. ആ തീരുമാനത്തെ വികസിപ്പിക്കാനായി ഖുർആനിൽ നിന്നും ഇസ്‌ലാമിക ചരിത്രത്തിൽ നിന്നും സന്ദർഭം പോലെ വിഭവങ്ങൾ ശേഖരിച്ചു. ഖുർആനിൽ അവഗാഹമുള്ള ഒരാളിൽ അറപ്പുളവാക്കുന്ന സമർഥന രീതിയിലൂടെ പ്രസ്തുത ഗ്രന്ഥത്തെ അയാൾ വികസിപ്പിച്ചെടുത്തു. അറബിയല്ലാത്തതും അപ്രശസ്തവുമായ ഒന്ന് രണ്ട് ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളെ അയാൾ അവലംബമാക്കി. ഫലമോ! ഇസ്‌ലാമിനോ മനഃശാസ്ത്ര ശാഖക്കോ ഒരു സംഭാവനയും നൽകാനാവാത്ത അർഥശൂന്യമായ ഒരു വ്യായാമമായി അത് മാറുകയും ചെയ്തു.

പ്രമാണങ്ങളിൽ നിന്നുദ്ധരിച്ചു പറയുമ്പോഴാണല്ലോ ഒരു ഗ്രന്ഥം മൂല്യവത്താകുക. പ്രത്യേകിച്ചും മതഗ്രന്ഥങ്ങൾ. തന്റെ ശാസ്ത്ര

നൈപുണ്യത്തെ മതത്തിന്റെ ഉരക്കല്ലിലിട്ടു മുന്നോട്ട് കൊണ്ടു പോയിരുന്നുവെങ്കിൽ ദീർഘായുസ്സുള്ള ഒരു ഗ്രന്ഥമായി അത് മാറു മായിരുന്നു. എന്നാൽ "മുഹമ്മദ് എന്ന മനുഷ്യൻ" ആവട്ടെ മതമ റിയാത്ത ഒരാൾക്കു രസം പകരുന്ന ഒരു കൃതിയായി തരംതാണു. മതത്തിന്റെ ശത്രുക്കൾക്കിടയിൽ ഒരു പക്ഷേ അത് അംഗീകാരം നേടിയെന്നു വരും. ചിലപ്പോൾ അവാർഡുകൾ കിട്ടിയെന്നു വരും. മതത്തിന്റെ, വിശേഷിച്ചും ഇസ്‌ലാം മതത്തിന്റെ, മൂർദ്ധാവിനിട്ടു കൊട്ടുമ്പോൾ അംഗീകാരങ്ങൾ താനെ വന്നുചേരുമെന്ന് ലോകം ഇത്തരക്കാരെ പഠിപ്പിച്ചു വെച്ചിട്ടുണ്ട്. റുഷ്ദിയുടെ "പൈശാചിക പദ്യങ്ങൾ", തസ്‌ലീമയുടെ "ലജ്ജ" തുടങ്ങി ഇവിടെ താഴേ തലക്കൽ ഖദീജയുടെ "ബർസ" വരെ പ്രതിരോധിക്കേണ്ടിടത്തും പ്രതിഷേധി ക്കേണ്ടിടത്തും ഈ ഉമ്മത്ത് മൗനം ശീലമാക്കുന്നത് തുടരുമ്പോൾ ഇത്തരം ജീർണ്ണത ബാധിച്ച ഗ്രന്ഥങ്ങൾ അവർക്കിടയിൽ ഇനിയും വന്നുകൊണ്ടേയിരിക്കും.

മതവിഷയങ്ങളിലെ അജ്ഞതയോ ചെറിയ ജ്ഞാനമോ വെച്ച് പ്ര ബോധനം ചെയ്യുന്നവരും ഗ്രന്ഥങ്ങളെഴുതുന്നവരും ഇസ്‌ലാമിക സമൂ ഹത്തെ ഇത്തരത്തിലൊക്കെ വല്ലാതെ ഉപദ്രവിക്കുന്നുണ്ട്. സാമുദാ യിക ഐക്യത്തെ ശിഥിലമാക്കുവാനും മുസ്‌ലിംകൾക്കിടയിൽ തന്നെ പരസ്പരം ശത്രുത വളർത്താനും അത് കാരണമായി. ഐക്യത്തിനു വേണ്ടിയല്ല; താൻ എന്ന വ്യക്തിക്കോ താനടങ്ങുന്ന ഗ്രൂപ്പിനോ താനെ ടുത്ത നിലപാടിനോ വേണ്ടിയാണ് പിന്നെ അയാൾ പ്രവർത്തിക്കുക. ആ വൃത്തത്തിനു പുറത്തുള്ളവർ ദീനിന്റെ ശത്രു എന്ന മട്ടിൽ പരിഗണി ച്ചു. യഥാർഥത്തിൽ മതം അവരോട് കൽപിച്ചതിന്നു വിരുദ്ധമായ നിലപാടുകളാണിതൊക്കെ. അന്ധമായ സ്വജന പക്ഷപാതം പക്ഷേ അയാളെ അത്തരത്തിൽ ഒരാളാക്കി മാറ്റിയിരിക്കുന്നു.

അബ്ദുല്ലാഹ് ബിൻ ഉമർ رضي الله عنه ന് ഒരാൾ ഇങ്ങിനെ എഴുതി. വിജ്ഞാനങ്ങളിൽ പെട്ടതെല്ലാം എനിക്കെഴുതിത്തരിക. ഇബ്നു ഉമർ رضي الله عنه അയാൾക്ക് ഇങ്ങിനെ മറുപടി നൽകി. "തീർച്ചയായും വിജ്ഞാനം ധാരാളമുണ്ട്. എന്നാൽ ജനങ്ങളുടെ രക്തത്തിൽ (രക്തം ചിന്തുന്നതിൽ) നിന്നും മുതുകിനെ ഭാരരഹിതമാക്കുക, അവരുടെ സമ്പത്തിൽ (സമ്പത്ത് ഭക്ഷിക്കുന്നതിൽ) നിന്നും വയ റിനെ ശൂന്യമാക്കുക, അവരുടെ അഭിമാനത്തിൽ (അഭിമാനത്തെ മുറിപ്പെടുത്തുന്നതിൽ) നിന്നും നാവിനെ മാറ്റിവെക്കുക, അവരുടെ

സംഘത്തിന്റെ (സംഘശക്തിയുടെ) കാര്യത്തിൽ ബദ്ധശ്രദ്ധനാവുക; ഈയവസ്ഥയിൽ നിനക്ക് (നാളെ) അല്ലാഹുവിനെ കണ്ടുമുട്ടാനായാൽ നീ അപ്രകാരം ചെയ്തുകൊള്ളുക." ( سير اعلام البنلاء വാള്യം: 4, പേജ് 359).

പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പെ അല്ലാഹു തന്റെ പ്രവാചകൻ ﷺ യിലൂടെ ഭൂമുഖത്തു സ്ഥാപിച്ച അണഞ്ഞുപോവാത്ത ആ ദീപസ്തംഭമുണ്ടല്ലോ... ഖുർആനും സുന്നത്തും. തന്റെ മനസ്സിനെ അതിന്മേൽ അഴിയാകുരുക്കാക്കി കെട്ടിവെക്കുക. ഒരിക്കലും പിടിത്തം വിട്ടുപോവാത്ത കുരുക്ക്. അപ്പോൾ അബ്ദുല്ലാഹ് ബിൻ ഉമർ رضي الله عنه പറഞ്ഞ ആ ജ്ഞാനം നമുക്ക് കരഗതമായി. താൻ കാണുന്ന മുസ്‌ലിമിനെ തന്റെ മാതാവ് പ്രസവിച്ച സഹോദരനെ പോലെ കാണാനുള്ള ഹൃദയ വിശാലതയും അയാൾക്കുണ്ടായി.

ബർസ വളരെ ആഴത്തിൽ തന്നെ ഈ രചനാകാരൻ നിർദ്ധാരണം ചെയ്തു. ആ നോവലിനെ മാത്രം അപഗ്രഥനം ചെയ്താൽ പോരെന്ന് അതിന്റെ വായനക്കിടയിൽ തന്നെ തോന്നിയിരുന്നു. പലയിടത്തായി സ്ഖലിതമായ വിവിധ വിഷയങ്ങളിലെ കഥാകാരിയുടെ അറിവില്ലായ്മയാണ് അതിന്നു കാരണം. സ്ത്രീയുടെ വേഷവിതാനങ്ങളിൽ സമുദായം അവർക്ക് സ്വാതന്ത്ര്യം നൽകുന്നില്ല എന്നതായിരുന്നു ഒരു വലിയ പരാതി. അപ്പോൾ അത് വിശദീകരിക്കാനായി മാത്രം ഒരു ഗ്രന്ഥം വേറെ എഴുതേണ്ടിവന്നു. അതാണ് "നിഖാബ്." മറ്റൊരു വിമർശനമാവട്ടെ, സ്ത്രീകളെ മുസ്‌ലിം സമൂഹം അടിച്ചമർത്തി വെച്ചിരിക്കുകയാണെന്നും പുരുഷനെ പോലെ വിശാലമായ ജീവിതാവസ്ഥ അവർക്കു നൽകുന്നില്ലെന്നും അവർ അടുക്കളയിൽ തളച്ചിടപ്പെട്ട ദാസിമാരാണെന്നും പരിഹസിക്കപ്പെട്ടു. വളരെ വിശദമായി മുസ്‌ലിം സമൂഹം ഈ വിഷയം പഠിച്ചിരിക്കണം എന്ന് മനസ്സ് പറഞ്ഞുകൊണ്ടിരുന്നു. ആ തോന്നലിൽ നിന്നാണ് "സ്ത്രീ നേതൃത്വം ഇസ്‌ലാമിൽ" എന്ന ഈ ഗ്രന്ഥം രചിക്കപ്പെടുന്നത്. അഞ്ചു വർഷത്തോളമെടുത്തു ഈ മൂന്ന് ഗ്രന്ഥങ്ങളും കൂടി പുറത്തിറങ്ങാൻ. സ്ത്രീ സംബന്ധമായ മൂന്ന് ഗ്രന്ഥങ്ങൾ ഒന്നിച്ച് ഒരു വേദിയിൽ പ്രകാശനം ചെയ്യാനായിരുന്നു ഈ വിനീതൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ മൂന്നും പ്രിയങ്കരരായ മൂന്ന് ഇസ്‌ലാമിക വ്യക്തിത്വങ്ങളുടെ കൈകളിലേൽപ്പിച്ചു; അവ പരിശോധിക്കാനും അതിലേക്ക് ഒരു സന്ദേശം തരാനുമായി. "ബർസയിലെ ബർസ" വായിച്ച്

മൂന്ന് ദിവസം കൊണ്ടുതന്നെ ലളിതസുന്ദരമായ ഒരാമുഖത്തോടെ എനിക്ക് തിരിച്ചുതന്ന പ്രഫ. മുഹമ്മദ് കുട്ടശ്ശേരി മൗലവിയാണ് ഇതിലെ ഏറ്റവും വേഗതയോടെ പ്രതികരിച്ച വ്യക്തിത്വം. പിന്നെയും ഒരു വർഷം പിന്നിട്ട് 'നിഖാബി'ന്റെ വായന പൂർത്തിയാക്കി ഡോ. മുഹമ്മദ് അഷ്റഫ് മൗലവിയും തന്റെ ആമുഖത്തോടെ ആ ദൗത്യം പൂർത്തീകരിച്ചു തന്നു. ഓദ്യോഗിക ജീവിതത്തിലെ തിരക്കായിരുന്നു ഈ കാലതാമസത്തിനു കാരണം. പിന്നെയും ചില മാസങ്ങൾ പിന്നിട്ടു. പ്രഫ. ഹംസ മലബാരി അതു മുഴുവൻ വായിച്ചു തീർത്ത് ഞാനുദ്ദേശിച്ച പോലെ ഒരു സന്ദേശം തരാൻ വളരെ പാടുപെട്ടു. ഔദ്യോഗിക ജീവിതത്തിൽ അദ്ദേഹത്തെ പോലെ തിരക്കു പിടിച്ച മറ്റൊരാളുണ്ടോ എന്ന് സംശയിച്ചു പോവും. ആ വ്യക്തിത്വം പോലെ തന്നെ വിനയാന്വിതമായിരുന്നു അദ്ദേഹം ഈ ഗ്രന്ഥത്തിനു തന്ന സന്ദേശവും.

സ്ത്രീയെ ഇസ്ലാം എപ്രകാരമാണ് ആദരിച്ചത് എന്ന് പറഞ്ഞു തരികയാണ് 'സ്ത്രീ നേതൃത്വം ഇസ്ലാമിൽ' എന്ന ഈ ഗ്രന്ഥം. വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും തുടങ്ങി ആരാധനാ വിഷയങ്ങളിൽ വരെ സ്ത്രീ വന്നു ചേരാനിടയുള്ള ജീവൽബദ്ധമായ സർവ്വ മേഖലകളെയും അത് സ്പർശിക്കുന്നു. മതത്തിന്റെ പ്രാന്ത തല ങ്ങളിലൂടെ, ചരിത്രത്തിന്റെ സുദീർഘമായ താളുകളിലൂടെ, ഇസ്ലാ മിന്റെ അടിസ്ഥാന പ്രമാണങ്ങളുടെ തെളിമയാർന്ന പ്രകാശത്തിലൂടെ അത് അവളെ വഴി നടത്തുന്നു. സ്ത്രീകളോ, മുസ്ലിം സമൂഹം പൊതുവിലോ, കേൾക്കുകയോ ശ്രദ്ധിക്കുകയോ ചെയ്തിട്ടില്ലാത്ത പല വിഷയങ്ങളും ഗുണകാംക്ഷയോടെ അവർക്കു പഠിപ്പിച്ചു കൊടു ക്കുന്നു. വായനക്കാരുടെ ധരിച്ചുവെച്ച പല പാഠങ്ങളും ചെയ്തു പോരുന്ന പല ശീലങ്ങളും നിർബന്ധപൂർവ്വമോ സ്വമേധയാലോ മാറ്റേണ്ടിവരുന്ന കനപ്പെട്ടതും കലർപ്പില്ലാത്തതുമായ തെളിവുകൾ കൊണ്ട് ഇതിലെ വിഷയങ്ങളെ നിബിഢമാക്കി നിർത്തുന്നു.

ഈ ആമുഖം എഴുതിക്കൊണ്ടിരിക്കെയാണ് സൗദി അറേ ബ്യയിൽ മുൻസിപ്പൽ തിരഞ്ഞെടുപ്പിൽ വനിതകൾക്ക് മത്സരി ക്കാനും വോട്ട് ചെയ്യാനും രാജാവ് അനുവാദം നൽകിയത്. തിര ഞ്ഞെടുപ്പും സ്ത്രീകളും സംബന്ധിച്ച ഒരു വലിയ ചർച്ച ഈ പുസ്തകത്തിൽ ഉള്ളതിനാൽ പ്രസ്തുത വാർത്ത വായനക്കാർക്ക് ആശയക്കുഴപ്പമുണ്ടാക്കാനിടയുണ്ട്. ഇവിടെ ഇതെടുത്തെഴുതാൻ

കാരണവും അതാണ്.

സൗദിയിലെ തിരഞ്ഞെടുപ്പു സംവിധാനം ഇന്ത്യൻ സാഹചര്യവുമായോ മറ്റേതെങ്കിലും രാജ്യത്തെ രീതികളുമായോ ഒരു നിലക്കും താരതമ്യം ചെയ്യാൻ പറ്റാത്തതാണ്. സൗദിയിലെ ഷൂറാ കൗൺസിലിന്റെ നേതൃത്വത്തിലാണ് ഈ ആശയം രൂപം കൊണ്ടത്. ഇതിനു വേണ്ടി ഇവർ ഒരു സമിതിയുണ്ടാക്കി. അതിൽ മുനിസിപ്പൽ ഗ്രാമ മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം, സാംസ്കാരിക മന്ത്രാലയം, മത കാര്യ വകുപ്പ് എന്നിവയിലെ പ്രതിനിധികൾ അംഗങ്ങളാണ്. ഇസ്‌ലാമിക ശരീഅത്ത് കർശനമായും പാലിക്കണം. സ്ത്രീ പുരുഷന്മാരുടെ കൂടിച്ചേരൽ അനുവാദമില്ല. സ്ഥാനാർഥിയുടെ കുടുംബപശ്ചാത്തലം, ഉത്തരവാദിത്വങ്ങൾ, മാതൃ-ശിശു പരിപാലനം പോലുള്ളവ പരിശോധിക്കപ്പെടും. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പോളിംഗ് ബൂത്തുകൾ. അവിടുത്തെ ഉദ്യോഗസ്ഥരും അപ്രകാരം തന്നെ. ഇങ്ങനെ മാർഗ്ഗങ്ങളും ലക്ഷ്യങ്ങളും തീർത്തും സൂക്ഷ്മമായി പരിശോധിക്കുകയും പരിപാലിക്കുകയും ചെയ്തുള്ള സംവിധാനമാണിത്. നമ്മുടെ നാടുകളിലൊന്നും ഇത് പ്രായോഗികമല്ല തന്നെ. അതിനാൽ സൗദി അറേബ്യയിൽ അതുണ്ടല്ലോ എന്ന ആശ്വാസത്തിനു ഒരു വകയും ഇല്ല എന്നല്ല, ഏത് നാടോ നാട്ടുകാരനോ എന്ന് നോക്കാതെ ഖുർആനും സുന്നത്തും കണിശമായി പിന്തുടരാനാണല്ലോ നാം കൽപ്പിക്കപ്പെട്ടതും.

ഈ അധ്യായത്തിലേക്ക് വരികൾ ചേർത്തുകൊണ്ടിരിക്കെത്തന്നെയാണ് 2014-ലെ ലോക്സഭാ ഇലക്ഷൻ പ്രഖ്യാപിക്കുന്നത്. ഈ രചയിതാവിനെ സംബന്ധിച്ചിടത്തോളം അത് തീർത്തും അപ്രതീക്ഷിതമായിരുന്നു. ഇലക്ഷൻ പ്രഖ്യാപനത്തിനു മുമ്പ് തന്നെ ഇത് വായനക്കാരുടെ കൈകളിലെത്തണമെന്ന് നന്നായാഗ്രഹിച്ചു. കാരണം ഇലക്ഷനിൽ അവളുടെ പങ്കെന്തെന്ന് അത് ചർച്ച ചെയ്യുന്നുണ്ട്. നേരത്തെ സൂചിപ്പിച്ച പോലെ ഗ്രന്ഥപരിശോധന നടത്തിയവരുടെ തിരക്ക് കാരണം അത് കൈപ്പറ്റാൻ വൈകി.

ഡോ. ഹംസ അബ്ദുല്ലാഹ് അൽ മലൈബാരി അറബ് രചയിതാക്കൾക്കിടയിൽ ഏറെ സുപരിചിതനായ ഹദീഥ് ഗവേഷകനാണ്. നമ്മുടെ ആളുകൾക്കിടയിൽ തീരെ അറിയപ്പെടാത്ത മലയാളിയുമാണ്. ദുബൈയിലെ ഇസ്‌ലാമിക് - അറബിക് കോളേജിലെ ഹദീഥ് പ്രഫസറും ഡിപ്പാർട്ട്മെന്റിന്റെ തലവനുമാണ് വിനയാമ്പി

തനായ ഈ മിതഭാഷി. പഠനത്തിനും ഗവേഷണത്തിനുമായി പല രാജ്യങ്ങളിലും അദ്ദേഹം ജീവിതം കഴിച്ചുകൂട്ടിയിട്ടുണ്ട്. ശൈഖ് നാസിറുദ്ദീൻ അൽബാനി സ്ഥിരപ്പെടുത്തിയാൽ ഹദീഥുകൾ ശരി വെക്കുകയും അദ്ദേഹം ദുർബലപ്പെടുത്തിയാൽ ദുർബലപ്പെട്ടതെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ആളുകളെ അദ്ദേഹം താക്കീതു ചെയ്യുന്നു. അങ്ങിനെ അരുതെന്നും അൽബാനിയുടെ പരിശ്രമം പോലും സമ്പൂർണ്ണമോ സമഗ്രമോ അല്ലെന്നും ഹദീഥ് തരം തിരിക്കുന്നതിൽ ശൈഖ് അൽബാനിക്കും പിശകു പറ്റിയിട്ടുണ്ടെന്നും ഹദീഥ് പഠന കേന്ദ്രത്തിന്റെ തലവൻ കൂടിയായ ഇദ്ദേഹം സമർഥിക്കുന്നു. ഇദ്ദേഹത്തിന്റെ സമർഥനശേഷിക്കു മുമ്പിൽ ശൈഖ് റബീഅ് ഹാദി അൽ മദ്ഖലിയെ പോലുള്ള തീവ്ര ചിന്താഗതിക്കാർ പോലും ഉത്തരം മുട്ടിയിട്ടുണ്ട്. ما هكذا تورد يا سعد الإبل എന്ന ഗ്രന്ഥം അതാണ് പറഞ്ഞുതരുന്നത്. പുസ്തകത്തിനു അദ്ദേഹം നൽകിയ ഈ പേര് അറബ് ലോകത്ത് പ്രസിദ്ധമായ ഒരു ചൊല്ലാണ്. കാര്യങ്ങൾ ശരിയാംവണ്ണം ചെയ്യാത്തവരെയും, നേർക്കുനേരെ ചെയ്യേണ്ടതും പറയേണ്ടതുമായകാര്യങ്ങൾ വക്രിച്ചു കൈകാര്യം ചെയ്യുന്നവരെയും ഫലിപ്പിക്കാനാണ് ഈ ചൊല്ല് അറബികൾക്കിടയിൽ പറഞ്ഞുവരുന്നത്. “എന്താ സഅദേ! ഒട്ടകത്തെ വെള്ളം കുടിപ്പിക്കാൻ കൊണ്ടുവരുന്നത് ഇപ്രകാരമാണോ” എന്നാണതിന്റെ പൊരുൾ. ഏതായാലും അദ്ദേഹത്തിന്റെ ഈ ഗ്രന്ഥം ശൈഖ് റബീഅ് അൽ മദ്ഖലിയെ നിശ്ശബ്ദനാക്കി. എന്നല്ല, ചില ആളുകൾക്കിടയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പൊലിമ കുറയ്ക്കാൻ മനഃപൂർവ്വമല്ലെങ്കിലും അത് ഇടയാക്കുകയും ചെയ്തു.

ഒട്ടനവധി വൈജ്ഞാനിക പരിശ്രമങ്ങൾ ഹദീഥു പഠിതാക്കൾക്ക് അദ്ദേഹത്തിന്റെതായി ലഭിച്ചിട്ടുണ്ട്. അതിൽ غاية المقصد في زوائد مسند الإمام احمد – تحقيق والدراسة എന്ന ഗ്രന്ഥവും പെടും. ഇതാണ് അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭ്യമാക്കിയ പ്രബന്ധം. അറബ് ലോകത്ത് അറിയപ്പെടുന്ന മലയാളിയായ ഈ ഹദീഥ് പണ്ഡിതനെ കേരളക്കാർ അറിയാതെ പോയി. ഈ പ്രസ്താവം ഇത്രത്തോളമെങ്കിലും വികസിപ്പിക്കേണ്ടി വന്നത് അതുകൊണ്ടാണ്. ഈ വിനീതന്റെ സുഹൃദ്ശ്രേണിയിൽ ഇതുപോലുള്ള മഹദ് വ്യക്തിത്വങ്ങളെ കണ്ണിയാക്കാനും അതിനെ അരുമയോടെ സൂക്ഷിക്കാനും കനിവേകിയ കാരുണ്യവാനായ അല്ലാഹുവിൽ സ്തുതി ചൊരിയുന്നു. الحمد لله

ഏകദേശം ഒന്നരവർഷം മുമ്പാണ് എന്റെ ഈ ഗ്രന്ഥം അദ്ദേഹത്തിനു നൽകി പരിശോധിക്കാനും ഒരു സന്ദേശം ഇതിലേക്ക് തയ്യാറാക്കിത്തരാനുമായി ഏൽപ്പിച്ചത്. ഒട്ടനവധി വിദ്യാർത്ഥികൾ സമർപ്പിച്ച പ്രബന്ധങ്ങളുടെ മഹാകൂമ്പാരത്തിനിടയിൽ വീർപ്പുമുട്ടുന്ന ഒരാളാണെന്നറിഞ്ഞിട്ടും തീരെ സമയം കിട്ടുന്നില്ലെന്ന് എന്നെ ഇടക്കിടെ അറിയിച്ചിട്ടും അതൊക്കെ എന്റെ ഇഷ്ടത്തിന്റെയും പരിക്കുപറ്റാത്ത ഭാഷണത്തിന്റെയും മാധുര്യത്തിൽ എതിർക്കപ്പെടാതെ പോയി. എന്റെ തിരക്കുകളെ അമർത്തിവെച്ചുകൊണ്ട് ആവുന്നത്രയും സാവകാശം അദ്ദേഹത്തിനു നൽകിക്കൊണ്ടിരുന്നു.

പ്രസിദ്ധീകരണത്തിനു മുമ്പ് എന്റെ രചനകളിലെ തെറ്റുകൾ കണ്ടെത്തി പറഞ്ഞുതരാൻ പ്രാപ്തിയുള്ള ഒരാളെ ഏൽപ്പിച്ച് തിരുത്തൽ വരുത്തുക എന്നത് ഈ വിനീതൻ കാലങ്ങളായി അവലംബിച്ചു പോരുന്ന പൊതുരീതിയാണ്. അറിവുകൾക്കു മീതെ മറഞ്ഞു നിൽക്കുന്ന, നമുക്കറിയാൻ പറ്റാതെപോയ ആ അറിവുണ്ടല്ലോ... അതിനോടുള്ള അളവറ്റ ആദരവിന്റെ ഭാഗമാണത്.

ഹദീഥുകൾ പൂർണ്ണമായും സൂക്ഷ്മമായും അതിന്റെ ആധികാരിക വിശുദ്ധിക്ക് വിധേയമാക്കിയാണ് ഈ ഗ്രന്ഥത്തിൽ ചേർത്തത്. എന്നിട്ടും എന്റെ ദൃഷ്ടിമേഖലക്കപ്പുറത്തേക്ക് കുതറിക്കിടന്ന ഒരു ഹദീഥ്, മൗലവി തന്റെ സന്ദേശത്തിൽ സൂചിപ്പിച്ചത് വായനക്കാർ ശ്രദ്ധിച്ചിരിക്കുമല്ലോ. "സ്ത്രീ പള്ളിയിൽ" എന്ന അധ്യായത്തിലായിരുന്നു അത് വന്നത്. പള്ളിയിൽ ജമാഅത്തിനു എത്തിച്ചേരാത്തവരെ അവരുടെ വീടടക്കം കത്തിച്ചുകളയാൻ ഞാൻ ആലോചിച്ചു പോയി എന്ന് മുസ്‌ലിം റിപ്പോർട്ട് ചെയ്ത പ്രബലമായ ഹദീഥ്. എന്നിട്ട് അത് അങ്ങിനെ ചെയ്യാതെ വിട്ടതിനു കാരണമായി നൽകുന്ന ഒരു അനുബന്ധ ഹദീഥ് ഇമാം അഹ്മദ് ബിൻ ഹമ്പൽ ﵀ തന്റെ 'അൽമുസ്നദ്' എന്ന വിശ്രുതഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയത് ഈ ലേഖകൻ എടുത്തുദ്ധരിച്ചു. അതിങ്ങിനെ: "പ്രസ്തുത വീടുകളിൽ സ്ത്രീകളും കുട്ടികളും ഉണ്ടാകുമായിരുന്നില്ലെങ്കിൽ ഞാനവരെ അതിലിട്ടു കത്തിക്കുക തന്നെ ചെയ്യുമായിരുന്നു." ഇതാണ് شاذّ (ഷാദ്ദ്) ആയ ഹദീഥെന്ന് മൗലവി തിരുത്തിയത്. 'അൽ മുസ്നദ്' നെ മാത്രം അവലംബമാക്കി അതിന്റെ പ്രബലത പരിശോധിക്കാതെ ഈ ഹദീഥ് പകർത്തിയതു കൊണ്ടാവാം ഇങ്ങിനെ സംഭവിച്ചത്. ഇത്തരം ദുർബല ഹദീഥുകളാവട്ടെ 'മുസ്നദിൽ' ധാരാളം ഉണ്ട് താനും.

പിന്നീട് ഹദീഥിന്റെ ആധികാരികത പരിശോധിക്കുന്ന വഴിയിലൂടെ ഈ ഹദീഥ് ശ്രദ്ധിച്ചപ്പോൾ മൗലവി പറഞ്ഞത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. അൽഹംദുലില്ലാഹ്!

യോഗ്യനായ ഒരാൾ നിവേദനം ചെയ്തതേതോ, അത് കൂടുതൽ യോഗ്യരായ കുറെ ആളുകൾ നിവേദനം ചെയ്തതിന്നു വിരുദ്ധമായി വരുമ്പോഴാണ് അത് ഷാദ്ദ് ആയിത്തീരുക. ഇത്തരത്തിൽ ഒറ്റപ്പെട്ടു വരുന്ന റിപ്പോർട്ടുകൾ പ്രമാണയോഗ്യമല്ലാത്തതിനാൽ തള്ളപ്പെടുകയാണ് ചെയ്യുക. അതിനാൽ ഈ ഗ്രന്ഥത്തിൽ നിന്നും പ്രസ്തുത ഭാഗം സൂക്ഷ്മതയുടെ പേരിൽ ഞാൻ എടുത്തുമാറ്റി.

തന്റെ കാലത്ത് നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയായിരിക്കുമല്ലോ ഒരാൾ എഴുതുക. ഹദീഥുകളുടെ പ്രബലത പരിശോധിക്കുവാൻ കൂടുതൽ സൗകര്യമുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതും. എന്നാലും അബദ്ധങ്ങൾ സംഭവിക്കാവുന്നതാണല്ലോ.

നമ്മുടെ മതഗ്രന്ഥങ്ങളും അതിൽ നാം ചേർക്കുന്ന പ്രമാണങ്ങളും മറ്റൊരാൾ വായിക്കപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നത് അതു കൊണ്ടാണ്. നമ്മുടെ അറിവുകൾക്കപ്പുറമുള്ള അറിവ് തേടലാണത്. കൂടുതൽ മെച്ചപ്പെട്ട അറിവിലേക്കുള്ള മടക്കം. പ്രഫ. ഹംസ മലബാരിക്ക് അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. ഈ ഗ്രന്ഥം സസൂക്ഷ്മം വായിച്ചു എന്റെ ശ്രദ്ധക്കപ്പുറം തെറ്റുകൾ വല്ലതും കടന്നുവന്നത് കണ്ടെത്തി എന്നെ അറിയിച്ചു തരുന്ന സഹൃദയരിലും അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. ഏറ്റവും ശരിയായതിലേക്ക് മടങ്ങുവാനുള്ള ഹൃദയ വിശാലത നമുക്കെല്ലാവർക്കും അല്ലാഹു നൽകുമാറാവട്ടെ.

ഈ ഗ്രന്ഥത്തിന്റെ രചനാഘട്ടങ്ങളിലുടനീളം എന്നെ സഹായിച്ച പലരുമുണ്ട്. അറബികളായ ആളുകളും അതിലുണ്ട്. ഈ ഗ്രന്ഥത്തിന്റെ ആശയത്തെ പുറംചട്ടയിൽ ഫലിപ്പിച്ചു തന്ന കലാകാരൻ മുസ്തഫ കീഴേപ്പാട്ട്, പകർത്തെഴുതിത്തന്ന ഉമ്മു ഫുർഖാൻ, ടൈപ്പിംഗ് ജോലിയിൽ സഹായം ചെയ്ത എന്റെ മകൻ ഫുർഖാൻ, സാമ്പത്തിക സഹായം ചെയ്തു തന്ന വിവിധ ഭാഷക്കാരും ദേശക്കാരുമായവർ, വിതരണം ഏറ്റെടുത്ത എജ്യുമാർട്ട്, പെർഫ്യൂം വേൾഡ് എന്നിവർ, പ്രത്യക്ഷമോ പരോക്ഷമോ ആയി വിവിധ സഹായങ്ങൾ ചെയ്തു തന്ന മറ്റു സഹോദരങ്ങൾ, എല്ലാവരെയും അല്ലാഹു അവന്റെ മഹനീയ

സഭയിൽ ആദരിക്കുമാറാവട്ടെ.

വായനക്കാർ ഈ ഗ്രന്ഥകാരനെ വെറുക്കുകയില്ലെന്നാണ് പ്രതീക്ഷ. എന്തെന്നാൽ ഇതിലെ വിഷയങ്ങളേറെയും പലരുടെയും അഭിരുചികളോട് താദാത്മ്യം പുലർത്തിക്കൊണ്ടുള്ളതല്ല. അടിസ്ഥാന പ്രമാണങ്ങളിൽ ഊന്നിനിന്ന് മതവിഷയങ്ങൾ തുറന്ന് പറയുമ്പോൾ വായനക്കാരുടെ ശീലങ്ങൾക്ക് പരിക്കേൽക്കുകയില്ലേ എന്ന് വേവലാതിപ്പെടുന്നത് ശരിയല്ലല്ലോ... മതമൂല്യങ്ങളോട് പ്രതിബദ്ധത പുലർത്തേണ്ട ഒരു പ്രബോധകൻ തന്റെ ബാധ്യതയെക്കുറിച്ചായിരിക്കുമല്ലോ വ്യാകുലപ്പെടുക! അല്ലാഹുവിന്റെ അനുഗ്രഹം അനുസ്യൂതം വന്നുചേരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ആളുകൾ, പ്രത്യേകിച്ചും മതപ്രബോധകർ, ഇതിലെ പാഠങ്ങൾ ഉൾക്കൊള്ളുകയും അവരുടെ നാട്ടിലെ ജനങ്ങൾക്ക് അത് പറഞ്ഞുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്. തത്സംബന്ധമായി മുമ്പ് നമുക്കുണ്ടായിരുന്ന അജ്ഞതയുടെ പേരിലല്ല; മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാലത്തിനു ശേഷം നമ്മുടെ ബാധ്യത നിറവേറ്റിയോ എന്നതായിരിക്കും അല്ലാഹുവിങ്കൽ ചോദ്യം ചെയ്യപ്പെടുക. പ്രബോധകനെന്ന നിലയിൽ ഒരു ദൗത്യം ഈ വിനീതൻ ഇവിടെ പൂർത്തിയാക്കി. അല്ലാഹുവാണിതിന്ന് സാക്ഷി. ഇനി കാരുണ്യവാനായ ആ രക്ഷിതാവിന്റെ കനിവിന്നും പൊരുത്തത്തിന്നും ഉന്നതാർഥത്തിലുള്ള പ്രതിഫലത്തിന്നുമായി ഈ പരിശ്രമം സമർപ്പിച്ചുകൊണ്ട്... പ്രതീക്ഷാഭരിതമായ ഈ പരിസമാപ്തിയിലും അല്ലാഹുവിന്ന് സ്തുതി.

ഹനീഫ് പുല്ലിപ്പറമ്പ്

റിയാദ്
6/6/2014

# തിരഞ്ഞെടുപ്പും സ്ത്രീ പ്രാതിനിധ്യവും: ഒരാമുഖം

**ആ**ധുനിക ഇന്ത്യൻ സാഹചര്യത്തിൽ സ്ത്രീകളെ അണിയറയിൽ നിന്ന് അരങ്ങിലേക്ക് കൊണ്ടുവരാൻ കുറെയേറെ സംവിധാനങ്ങളായിട്ടുണ്ട്. പഞ്ചായത്ത് ഇലക്ഷനിലെ സ്ത്രീകളുടെ അമ്പത് ശതമാനം പ്രാതിനിധ്യം അതിലൊന്നാണ്. കേന്ദ്രത്തിൽ അത് 33%ത്തിൽ എത്തിക്കാനുള്ള പരിശ്രമം ഉടൻ തന്നെ വിജയം കണ്ടേക്കാം. ഇന്ത്യയിലും വിശേഷിച്ച് കേരളത്തിലുമുള്ള ദീനീ പ്രബോധകന്മാർ ഈ വിഷയത്തെ എങ്ങിനെയാണ് സമീപിക്കുന്നത് എന്നുറ്റു നോക്കുകയാണ്. ഇസ്‌ലാമിന്റെ മുഖ്യ സ്രോതസ്സുകളിൽ നല്ല അവഗാഹമുള്ള നേതാക്കൾക്ക് ഇതിന്നൊരുത്തരം കാണാൻ ഒട്ടും പ്രയാസമുണ്ടാവുമെന്ന് തോന്നുന്നില്ല. കാരണം ഈ വിഷയത്തിന്റെ വിജ്ഞാനഭൂമിക അത്രമാത്രം വിശാലമാണ്. ചെരിപ്പോ അതോ കാലോ ഏതാണ് പാകമാക്കി മുറിക്കേണ്ടത് എന്നതിൽ ഉത്തരം പറയാൻ അതിന്റെ പരിണതി നന്നായറിയുന്നവർ സംശയിക്കുകയില്ല. കാലാണ് മുറിക്കേണ്ടത് എന്ന് പറയുന്നത് ഭൂരിപക്ഷമായാൽ പോലും അതാണ് ജനാധിപത്യ രീതി എന്നായാൽ പോലും അത് നീതിയുക്തമാവുകയില്ലല്ലോ.

ഇസ്‌ലാമിൽ സ്ത്രീക്കും പുരുഷനുമുള്ള ഉത്തരവാദിത്വങ്ങൾ വെവ്വേറെയാണ്. ഓരോരുത്തരും അവരവരുടെ മേഖലകളിൽ തങ്ങളെ മതം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ അവർ പൂർത്തിയാക്കണം. തിരഞ്ഞെടുപ്പെന്നത് ഒരു നാടിന്റെ ഭരണത്തെ സ്പർശിക്കാനും സ്വാധീനിക്കാനും സംരക്ഷിക്കാനുമുള്ള പ്രഥമ വേദിയാണല്ലോ. പുരുഷന്മാർ ധാരാളം വ്യാപരിക്കുന്ന മേഖലയുമാണ്. സ്ത്രീകളും പുരുഷന്മാരും ഉൾക്കൊണ്ട പൊതുസമൂഹത്തിന്റെ മുൻനിരയിലേക്ക് സ്ത്രീകൾക്കും വന്നെത്താനുള്ള അവസരവുമാണ്. ഇവിടെ മുസ്‌ലിം സ്ത്രീയുടെ റോളെന്താണ്? അവൾക്ക് ഇസ്‌ലാം അതനുവദിച്ചിട്ടുണ്ടോ? അവളോട് ഇസ്‌ലാം അത് കൽപിച്ചിട്ടുണ്ടോ?

വല്ല സന്ദർഭത്തിലും അവളെ അത് ഏൽപിച്ചിട്ടുണ്ടോ? ഇത് നിർദ്ധാരണം ചെയ്യുമ്പോൾ സാമൂഹിക നിർമ്മിതിയിൽ അവളുടെ ഉത്തരവാദിത്വമെന്തെന്ന് നാമാദ്യം പരിശോധിക്കപ്പെടണം; അവളുടെ സ്ഥാനവും.

അല്ലാഹു ﷻ പറയുന്നു.

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعۡضَهُمۡ عَلَىٰ بَعۡضٖ ..... ﴿٣٤﴾

(പുരുഷന്മാർ സ്ത്രീകളുടെ മേൽ അധികാരസ്ഥന്മാരാകുന്നു. അവരിൽ (മനുഷ്യരിൽ) ചിലരെ അല്ലാഹു ചിലരേക്കാൾ മെച്ചപ്പെടുത്തിയിരിക്കുന്നതിനാലും... നിസാഅ്: 34)

قَوَّٰمُونَ (അധികാരസ്ഥന്മാർ) എന്നത് قَوَامة എന്നതിലേക്കാണ് ചേർന്നുവരുന്നത്.

കാര്യനിർവ്വഹണത്തിന്റെ ഉന്നതമായ സ്ഥാനമാണത്. സമൂഹത്തിന്റെ ഉന്നതാധികാരസ്ഥാനം (രക്ഷാകർതൃത്വം) ഇതിൽ നിന്നു മാറ്റി നിർത്താനാവില്ല. കുടുംബത്തിന്റെ ആധിപത്യം പോലെത്തന്നെയാണത്. ഒട്ടനവധി വിവിധങ്ങളായ കുടുംബങ്ങൾ ചേരുമ്പോഴാണല്ലോ ഒരു സമൂഹം രൂപം കൊള്ളുന്നത്. കുടുംബത്തിന്റെ വൃത്തമാവട്ടെ വളരെ ചെറുതും. അതിനാൽ തന്നെ ഉത്തരവാദിത്വങ്ങൾ വളരെ ചെറുതുമാണല്ലോ. എന്നിട്ടും അതിന്റെ നേതൃത്വം പുരുഷനെയാണ് അല്ലാഹു ഏൽപ്പിച്ചത്. അതോടു ചേർത്തു പറഞ്ഞ കാരണം നാം ശ്രദ്ധിക്കുക. സൃഷ്ടിപ്പിൽ തന്നെ അവനിൽ ചില മേന്മകൾ അവളേക്കാൾ കൂടുതൽ നൽകി എന്നത് കൊണ്ടാണത്. സമൂഹത്തിന്റെ വളരെ ചെറിയ ഘടകമായ കുടുംബത്തിന്റെ സ്ഥിതി ഇപ്രകാരമാണെങ്കിൽ ഉത്തരവാദിത്വങ്ങൾ വളരെയേറെയുള്ള ഒരു സമൂഹത്തിന്റെ നേതൃത്വം അവളെ എങ്ങനെയാണ് ഏൽപിക്കാനാവുക? അവൾക്കത് മോഹിക്കാൻ കൂടി പാടില്ലാത്തതായിരിക്കില്ലെ! അല്ലാഹു ﷻ പറയുന്നു:

وَلَا تَتَمَنَّوۡاْ مَا فَضَّلَ ٱللَّهُ بِهِۦ بَعۡضَكُمۡ عَلَىٰ بَعۡضٖۚ لّلرجال نَصِيبٞ مِّمَّا
ٱكۡتَسَبُواْۖ وَلِلنّساء نَصِيبٞ مِّمَّا ٱكۡتَسَبۡنَۚ ..... ﴿٣٢﴾

(നിങ്ങളിൽ ചിലരേക്കാൾ അല്ലാഹു ചിലർക്ക് നൽകിയ അനുഗ്രഹങ്ങളോട് നിങ്ങൾ മോഹം വെച്ചു പുലർത്തരുത്. പുരുഷന്മാർക്ക് അവർ സമ്പാദിച്ചുണ്ടാക്കിയതിന്റെ ഓഹരിയുണ്ട്. സ്ത്രീകൾക്കാവട്ടെ

അവർ സമ്പാദിച്ചുണ്ടാക്കിയതിന്റെ വിഹിതവും... നിസാഅ്: 32)

സ്ത്രീ-പുരുഷ സമത്വം എന്ന ആധുനിക വാദമാണ് ഇവിടെ ഖുർആൻ തകർക്കുന്നത്. പുരുഷൻ തന്റെ ഉത്തരവാദിത്വങ്ങളിലൂടെയും അവകാശങ്ങളിലൂടെയും കൈവരിക്കുന്ന നേട്ടങ്ങളിൽ ആപേക്ഷികമായി സ്ത്രീകളുടെ വിഹിതത്തിൽ വ്യത്യാസങ്ങളുണ്ടെന്നു സാരം. ഈ വൈവിധ്യത്തിന്റെ പവിത്രത കൊണ്ടാണ് പുരുഷന്നു പ്രത്യേകമാക്കി മാറ്റിവെച്ചതിനെ സ്ത്രീകൾ മോഹിക്കരുതെന്ന് അല്ലാഹു തടഞ്ഞത്. ഉപര്യുക്ത ഖുർആൻ വചനത്തിന്റെ അവതരണ പശ്ചാത്തലം കൂടി ഇതോടൊപ്പം ചേർത്ത് പരിശോധിക്കുന്നത് നന്നായിരിക്കും. ഉമ്മു സലമ ﵂ പറഞ്ഞു:

يغزو الرَجالُ ولا تَغزوا النِّساءُ وإنَّما لنا نِصفُ الميراثِ .... (الألباني - صحيح الترمذي 3022)

(അല്ലാഹുവിന്റെ ദൂതരെ!) പുരുഷന്മാർ യുദ്ധം ചെയ്യുന്നു. നാം സ്ത്രീകൾ യുദ്ധം ചെയ്യുന്നില്ല. ഞങ്ങൾക്കാവട്ടെ അനന്തരാവകാശ സ്വത്തിന്റെ പകുതിയേയുള്ളൂ (തിർമിദി).

ഇതിനു സമാനമായ സംഭവങ്ങൾ വേറെയും വിശുദ്ധ വാക്യത്തിന്റെ അവതരണ പശ്ചാത്തലമായി വന്നിട്ടുണ്ട്. യുദ്ധം ചെയ്യാനോ അതിൽ രക്തസാക്ഷിത്വം വഹിക്കാനോ സ്ത്രീകളെ അനുവദിക്കുന്നില്ല. അനന്തരാവകാശ സ്വത്തിൽ അവർക്ക് പുരുഷന്റെ പകുതി മാത്രം. സാക്ഷി നിൽക്കേണ്ടിടത്ത് ഒരു പുരുഷന്നു പകരം രണ്ടു സ്ത്രീകൾ വേണം. ഇങ്ങിനെ പുണ്യത്തിൽ ഞങ്ങൾക്ക് പുരുഷന്മാരുടെ പദവിക്കു പകുതിയോ അതിനു താഴെയോ ഒക്കെയല്ലേ എത്താൻ കഴിയൂ എന്ന് ഖേദിച്ച സ്ത്രീകളെ ഉപര്യുക്ത വാക്യം കൊണ്ട് തടഞ്ഞ അല്ലാഹു അവരെ ഇങ്ങിനെ ആശ്വസിപ്പിച്ചു. അപ്രകാരം ചില പുരുഷന്മാർക്ക് ചില പുരുഷന്മാരേക്കാൾ ധനത്തിലോ പദവിയിലോ അറിവിലോ ഒക്കെ മെച്ചമുണ്ടെന്ന് തോന്നിയേക്കാവുന്ന പുരുഷന്മാരെയും....

... وَسۡـَٔلُواْ ٱللَّهَ مِن فَضۡلِهِۦٓ .....﴿٣٢﴾

അല്ലാഹുവോട് അവന്റെ ഔദാര്യത്തിൽ നിന്ന് നിങ്ങൾ ചോദിക്കുകയും ചെയ്യുവിൻ. (നിസാഅ്: 32)

മറ്റുള്ളവർക്ക് അല്ലാഹു നിങ്ങളെക്കാൾ ചില കാര്യങ്ങൾ കൂടുതൽ നൽകിയതോർത്ത് പരിതപിക്കാതെ അല്ലാഹുവിന്റെ വിശാ

ലമായ ഔദാര്യത്തിന്റെയും കാരുണ്യത്തിന്റെയും സമ്പന്നതയിൽ നിന്ന് നിങ്ങൾ ആവശ്യമുള്ളതത്രയും ചോദിച്ചു കൊള്ളുക എന്ന് അവൻ സമാധാനപ്പെടുത്തുന്നു.

പുരുഷന്മാർക്ക് മാത്രമായി അല്ലാഹു നിജപ്പെടുത്തിയ, ശക്തമായ ഇടപെടലുകൾ വേണ്ട ജിഹാദ്, നമസ്കാരത്തിലെ ഇമാം എന്ന പോലെ സമൂഹത്തിന്റെ ചെറിയ നേതൃത്വം തുടങ്ങി ഭരണാധികാരം പോലുള്ള വലിയ നേതൃസ്ഥാനം വരേയുള്ള വിഷയങ്ങളിൽ സ്ത്രീകൾക്ക് യാതൊരു പ്രവേശനവും ഇസ്‌ലാം നിശ്ചയിച്ചിട്ടില്ല എന്ന് നാം അറിയുക. സ്ത്രീകളും പുരുഷന്മാരും ഉൾപ്പെട്ട ഒരു ചെറിയ സംഘത്തെ നയിക്കാനായാൽ പോലും അവർക്കായി അവൾ നമസ്ക്കാരത്തിൽ ഇമാം നിന്നു കൂടാ; അതിൽ സ്ത്രീകൾ മാത്രമേ ഉള്ളൂ എങ്കിലല്ലാതെ. ഇമാം ഷാഫിഈ ﵀ പറഞ്ഞു.

" وَإِذَا صَلَّتْ الْمَرْأَةُ بِرِجَالٍ وَنِسَاءٍ وَصِبْيَانٍ ذُكُورٍ فَصَلَاةُ النِّسَاءِ مُجْزِئَةٌ وَصَلَاةُ الرِّجَالِ وَالصِّبْيَانِ الذُّكُورِ غَيْرُ مُجْزِئَةٍ ؛ لأَنَّ اللهَ عَزَّ وَجَلَّ جَعَلَ الرِّجَالَ قَوَّامِينَ عَلَى النِّسَاءِ وَقَصَرَهُنَّ عَنْ أَنْ يَكُنَّ أَوْلِيَاءَ ، وَلا يَجُوزُ أَنْ تَكُونَ امْرَأَةٌ إِمَامَ رَجُلٍ فِي صَلَاةٍ بِحَالٍ أَبَدًا "
- الشافعي (الأم 191/1)

പുരുഷന്മാർക്കും സ്ത്രീകൾക്കും ആൺകുട്ടികൾക്കും നേതൃത്വം നൽകിക്കൊണ്ട് ഒരു സ്ത്രീ നമസ്ക്കരിച്ചാൽ സ്ത്രീകളുടെ നമസ്ക്കാരം സാധുവാകുന്നതാണ്. എന്നാൽ (അവളുടെ നേതൃത്വത്തിനു പിന്നിൽ നമസ്ക്കരിച്ച) പുരുഷന്മാരുടെയും ആൺകുട്ടികളുടെയും നമസ്ക്കാരം ശരിയാവുന്നതല്ല. എന്ത് കൊണ്ടെന്നാൽ അല്ലാഹു ﷻ സ്ത്രീകളുടെ നിയന്ത്രണാധികാരം പുരുഷനെയാണ് ഏൽപിച്ചിരിക്കുന്നത്. അവർ (സ്ത്രീകൾ) കൈകാര്യ കർത്താക്കളാവുന്നതിൽ നിന്നും മറ്റും അവരെ മാറ്റിനിർത്തുകയും ചെയ്തു. നമസ്ക്കാരത്തിൽ പുരുഷനു നേതൃത്വം കൊടുക്കാൻ ഏതൊരവസ്ഥയിൽ പോലും സ്ത്രീ വരുന്നത് അനുവദനീയമല്ല. (അൽ ഉമ്മ് 1/191)

# പൊതുജീവിതത്തിൽ

**പൊ**തുജനങ്ങളുമായി ഇടപെടുന്ന സാമൂഹിക ജീവിതത്തിൽ സ്ത്രീയെ ഉയർത്തിക്കൊണ്ടുവരുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഈ ഇടപാട് ചെറിയതാവട്ടെ വലിയ ഉത്തരവാദിത്വത്തോടു കൂടി യതാവട്ടെ അവളെ പിന്നിലേക്ക് മാറ്റി നിർത്തുകയാണ് ചെയ്തത്. ഇത് സ്ത്രീയോടുള്ള അവഗണനയോ വെറുപ്പോ കൊണ്ടല്ല; പ്രത്യുത അവളുടെ സുരക്ഷിതത്വത്തിന്റെയും അവളോടുള്ള ആദരവിന്റെയും പേരിലാണെന്ന് മാത്രം. സ്നേഹപൂർവ്വം സംരക്ഷിക്കപ്പെടുന്ന ആദ രണീയ വർഗ്ഗമാണ് ഇസ്‌ലാമിലെ സ്ത്രീ. അവൾ മാതാവോ മകളോ സഹോദരിയോ ഭാര്യയോ ഏത് പദവി വഹിക്കുന്നവളായാലും ശരി.

പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നിടത്ത് അവൾക്കു സാങ്കേതികമായും ശാരീരികമായും തടസ്സങ്ങൾ വന്നു കൊണ്ടിരിക്കും. പുരുഷനെ അപേക്ഷിച്ചു സ്ത്രീയുടെ സൃഷ്ടിപ്പിൽ അത് ലീനമാണ്. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ പുരു ഷന്റെ ശ്രദ്ധ മാറ്റിയേക്കാവുന്ന ചില ചലന വൈവിധ്യങ്ങളും ശാ രീരിക ഘടനയും അവൾക്കുണ്ട്. അവനോ അവളോ മനഃപൂർവ്വം അതാശിച്ചിട്ടില്ലെങ്കിൽ കൂടി.

കൂട്ടായ ഇബാദത്തിന്റെ ചെറിയ യൂണിറ്റായ വീടുകളിൽ വെച്ചുള്ള ജമാഅത്ത് നമസ്ക്കാരമായാൽ പോലും അവ സ്ത്രീ-പുരുഷ സാന്നി ധ്യത്തോടു കൂടിയതാണെങ്കിൽ അവളുടെ സ്ഥാനം സ്വഫ്ഫിന്റെ അവസാനത്തിലാവാൻ ഇത്തരം നൈസർഗ്ഗിക തടസ്സങ്ങളും കാരണമാണെന്നു പറയാം. അബൂ ഹുറൈറ رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

"خيرُ صفوفِ الرجالِ أولُها وشرُّها آخرُها وخيرُ صفوفِ النساءِ آخرُها وشرُّها أولُها....."

( صحيح مسلم- 440)

“പുരുഷന്മാർക്ക് ഏറ്റവും ശ്രേഷ്ഠമായ സ്വഫുകൾ അതിന്റെ ആദ്യത്തിലുള്ളതാണ്. ഗുണകരമല്ലാത്തതാവട്ടെ അതിന്റെ -

സ്വഫിന്റെ - അവസാനത്തിലുള്ളതും. സ്ത്രീകൾക്ക് ഏറ്റവും ശ്രേഷ്ഠമായ സ്വഫുകൾ അതിന്റെ അവസാനത്തിലുള്ളതാണ്. ദോഷകരമായതാവട്ടെ അതിന്റെ സ്വഫിന്റെ ആദ്യത്തിലുള്ളതും." (മുസ്‌ലിം)

# സ്ത്രീ, പള്ളിയിൽ

**ച**രാചരങ്ങളുടെ സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു ﷻ വിന്ന് മുമ്പിൽ വിനയാന്വിതനും ഭക്തി നിറഞ്ഞവനുമായി നമസ്ക്കാരത്തിൽ പ്രവേശിക്കലാണ് ഭൂമുഖത്തെ ഏറ്റവും പവിത്രമായ കർമ്മം. അത് കൊണ്ട് തന്നെ അതവൻ അതിന്നു നിശ്ചയിക്കപ്പെട്ട സ്ഥലത്ത്, സമയത്ത് സംഘമായി നമസ്ക്കരിക്കൽ വളരെ പുണ്യകരമായി അല്ലാഹു ﷻ നിശ്ചയിച്ചിരിക്കുന്നു. ഇനി അതിന്നു നിശ്ചയിക്കപ്പെട്ട പള്ളികളിൽ നിശ്ചയിക്കപ്പെട്ട സമയത്ത് അവർക്ക് നമസ്കരിക്കാനാവാത്ത വിധം യാത്രയിലോ യുദ്ധഭൂമിയിലോ വിദൂരമായ താൽക്കാലിക വാസസ്ഥലത്തോ പ്രദേശത്തോ ആണെങ്കിലോ? ഒരു വിട്ടുവീഴ്ചയുമില്ല; ഈ ഭൂമി മുഴുവൻ തന്നെ പള്ളിയായി അല്ലാഹു ﷻ നിശ്ചയിച്ചിരിക്കയാൽ ആ സമയത്തിനകത്ത് അതവൻ നിർവ്വഹിക്കൽ നിർബന്ധമാണ്. അവിടെയും അവന്ന് സംഘടിതമായി നമസ്കരിക്കാനായാൽ അതാണ് അല്ലാഹു ﷻ വിങ്കൽ ഏറെ ശ്രേഷ്ഠകരമായിട്ടുള്ളത്. സ്ത്രീകൾക്കും അപ്രകാരം ആകാവുന്നതാണ്. എന്നാൽ പുരുഷന്മാരെ പോലെ അവർക്കത് ഗൗരവമുള്ള കാര്യമല്ല. പള്ളിയിലേക്ക് ജുമുഅക്കോ ജമാഅത്തിനോ പുരുഷന്മാർക്കു പിന്നിൽ നമസ്കരിക്കാനായാൽ പോലും അതൊരു പുണ്യകരമായ കാര്യമായി ഇസ്‌ലാം നിർദ്ദേശിക്കപ്പെടുന്നുമില്ല.

റസൂൽ ﷺ പറഞ്ഞതായി അബൂഹുറൈറഃ رضي الله عنه റിപ്പോർട്ട് ചെയ്യുന്നു.

"ولقد هممتُ أن آمرَ بالصلاة فتقامُ ثم آمرَ رجلًا فيُصلِّي بالناسِ ثم أنطلقُ معي برجالٍ معهم حِزَمٌ من حطبٍ إلى قومٍ لا يشهدون الصلاةَ فأُحَرِّقُ عليهم بيوتَهم بالنارِ"

(صحيح مسلم 651)

"- നിങ്ങളോട് - നമസ്ക്കരിക്കാൻ കൽപിക്കുകയും അങ്ങിനെ ഇഖാമത്ത് കൊടുക്കുകയും ജനങ്ങൾക്കായി ഒരു പുരുഷനോട് (ആളോട് ഇമാമായി) നമസ്കരിക്കാൻ കൽപിക്കുകയും തുടർന്ന്

ഞാനും കുറച്ചാളുകളും (അവിടെ നിന്ന്) പുറപ്പെട്ടു അവർ കുറെ വിറകുകൾ ശേഖരിച്ച് (ജമാഅത്ത്) നമസ്കാരത്തിന് സന്നിഹിതരാവാത്ത സമൂഹത്തിലേക്ക് വന്ന് അവരെ അവരുടെ വീടടക്കം തീയിട്ട് കത്തിക്കാൻ ഞാൻ ആലോചിച്ചു പോയി." (മുസ്ലിം)

ഇവിടെ സുപ്രധാനമായ രണ്ട് സന്ദേശങ്ങളുണ്ട്.

**ഒന്ന്:** രോഗമോ യാത്രയോ പോലുള്ള മതിയായ കാരണങ്ങളൊന്നുമില്ലാതെ പള്ളിയിൽ ജമാഅത്തിന് പങ്കെടുക്കാത്ത ആളുകൾ അവരുടെ വീടടക്കം ചുട്ടുകൊല്ലാൻ അല്ലാഹുവിന്റെ റസൂൽ ﷺ ആലോചിച്ചു പോയ വിഭാഗക്കാരാണ്.

**രണ്ട്:** അല്ലാഹു ﷻ വിന്റെ റസൂൽ ജമാഅത്ത് നമസ്കരിക്കാൻ കൽപിച്ചതും അവർക്ക് ഇമാമാവാൻ കൽപിച്ചതും ആ ജമാഅത്തിൽ പങ്കെടുക്കാത്തവരെ കത്തിച്ചുകൊല്ലാൻ ആലോചിച്ചതും പുരുഷന്മാരെയാണ്. എന്നിട്ട് എന്തേ അങ്ങിനെ ചെയ്യാതിരുന്നത്? പ്രസ്തുത വീടുകളിൽ സ്ത്രീകളും കുട്ടികളും ഉണ്ടാകുമെന്ന ഭയമായിരുന്നോ! اللهُ أَعْلَم

ഇസ്ലാമിലെ വളരെ നിർബന്ധപൂർണ്ണമായ ഒരു ഇബാദത്ത് എന്ന നിലക്ക് മാത്രമല്ല, ആ പള്ളിയുമായി ബന്ധപ്പെട്ട് ആ പ്രദേശത്തെ അണപൊട്ടാത്ത സാമൂഹിക കൂട്ടായ്മയുമാണ് ജമാഅത്ത്. മുസ്ലിം സമുദായത്തിലെ നന്മ നിറഞ്ഞ പരിശ്രമഭൂമിയിലെ മുന്നണിപ്പോരാളികൾ! തിന്മക്കെതിരെയുള്ള പടയണികൾ!! പുരുഷന്മാരെയാണ് ആ ദൗത്യം ഏൽപിച്ചത്. അതിൽ കലവറയില്ലാത്ത പുണ്യം അല്ലാഹു ﷻ നിശ്ചയിച്ചിരിക്കുന്നു.

അബൂ സഈദിനിൽ ഖുദ്‌രിയ്യ് رضي الله عنه പറയുന്നു. റസൂൽ ﷺ (ഇങ്ങിനെ) പറയുന്നതായി ഞാൻ കേട്ടു.

"صلاةُ الجماعةِ تفضلُ صلاةَ الفذِّ بخمسٍ وعشرين درجةً" ، - أبو سعيد الخدري

( صحيح البخاري – 646)

ജമാഅത്തായുള്ള നമസ്കാരം ഒറ്റയ്ക്കുള്ള നമസ്കാരത്തെക്കാൾ ഇരുപത്തഞ്ചിരട്ടി പദവിയാണുള്ളത്. (ബുഖാരി)

അബ്ദുല്ലാഹ് ബിൻ ഉമർ رضي الله عنهما ഒന്നു കൂടി അതിനെ വ്യാപ്തമാക്കുന്നു. അദ്ദേഹം പറഞ്ഞു: റസൂൽ ﷺ പറയുന്നു.

"صلاةُ الجماعةِ تَفضُلُ صلاةَ الفَذِّ بسبعٍ وعشرين دَرَجَةً"- عبدالله بن عمر

( صحيح البخاري – 645)

ജമാഅത്തായുള്ള നമസ്ക്കാരം ഒറ്റയ്ക്കുള്ള നമസ്കാരത്തേക്കാൾ ഇരുപത്തേഴിരട്ടി പദവിയാണുള്ളത്. (ബുഖാരി)

ഈ രണ്ടു ഹദീഥുകളും പണ്ഡിതന്മാർ വളരെ കൃത്യതയോടെ നിർദ്ധാരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഭൗതികലോകത്ത് അവയോരോന്നും സാധിച്ചെടുക്കാവുന്ന മേഖലകളും വിവരിക്കപ്പെട്ടിട്ടുണ്ട്. അവയോരോന്നും പ്രത്യേകം എടുത്തുദ്ധരിക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എങ്കിലും അവ ഇരുപത്തഞ്ചും സാധിക്കുന്നത് സിർറിയ്യായ (നമസ്കാരത്തിൽ ഇമാം പതുക്കെ ഖുർആൻ ഓതുന്ന ദുഹർ, അസർ) നമസ്കാരങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ജഹ്രിയ്യായ (ഇമാം ഖുർആൻ ശബ്ദമുയർത്തി ഓതുന്ന ഫജറ്, മഗ്രിബ്, ഇഷാഅ് പോലുള്ള) നമസ്കാരങ്ങളുമായി ബന്ധപ്പെട്ടാണ് ഇരുപത്താറാമത്തെയും ഇരുപത്തേഴാമത്തെയും പദവികൾ കൂടുതലായും വന്നുചേരുന്നത്. അതിൽ ഒന്ന് ഇമാമിനെ പിന്തുടർന്നവർക്ക് അദ്ദേഹത്തിന്റെ ഖുർആൻ പാരായണ വേളയിൽ നിശ്ശബ്ദത കൈക്കൊള്ളാനും അത് ശ്രദ്ധിച്ചു കേൾക്കാനും കഴിയും എന്നതാണ്. അത് വളരെ പുണ്യകരമായ കാര്യമാണല്ലോ. മറ്റൊന്ന്, ഇമാം ഫാതിഹയുടെ അവസാനത്തിൽ ആമീൻ പറയുന്ന വേളയാണ്, റസൂൽ ﷺ പറഞ്ഞു:

"إذا قال الإمامُ "**غير المغضوب عليهم ولا الضالين**" فقولوا آمين فإنه من وافقَ قولُه قولَ الملائكةِ غُفِرَ له ما تقدَّمَ من ذنبِه". - أبو هريرة ( صحيح البخاري - 782)

(ഇമാം **غير المغضوب عليهم ولا الضالين** എന്ന് പറഞ്ഞാൽ അപ്പോൾ നിങ്ങൾ آمين എന്ന് പറയുവിൻ. എന്തെന്നാൽ ഏതൊരാളുടെ (ആ) പദവും മലക്കുകളുടെ പദവും അദ്ദേഹത്തിന്റെ (ഇമാമിന്റെ) പദവുമായി യോജിച്ചുവോ അവന്റെ പൂർവ്വപാപങ്ങൾ പൊറുക്കപ്പെട്ടു. (ബുഖാരി) ഈയൊരു പുണ്യവും അത് വഴി സാധിക്കപ്പെടുന്നു.

ഇവയേതൊക്കെയെന്നത് സംബന്ധിച്ച് കൂടുതൽ പഠിക്കണമെന്നാഗ്രഹിക്കുന്നവർ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി رحمه الله യുടെ ഫത്ഹുൽ ബാരി പരിശോധിക്കുക. ബുഖാരി റിപ്പോർട്ട് ചെയ്ത ഹദീഥുകളുടെ വ്യാഖ്യാന ഗ്രന്ഥമാണത്.

പള്ളിയിൽ പോയി ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുത്തു തിരിച്ചു വരുന്ന ഒരാൾക്കു കിട്ടുന്ന മഹത്തായ പുണ്യങ്ങളെ കുറിച്ചാണ് നാമിവിടെ സംസാരിച്ചുവെച്ചത്. ഈ പുണ്യങ്ങളത്രയും

സ്ത്രീയ്ക്കും ലഭ്യമാവുമോ? പള്ളിയിൽ ജമാഅത്തിന് പങ്കെടുക്കാത്ത ആണുങ്ങളെ തീയിട്ടു കത്തിച്ചു കളയാൻ റസൂൽ ﷺ ആഗ്രഹിച്ചു പോയിരുന്നല്ലോ. അവിടെ തിരുമേനി ﷺ സ്ത്രീകളെയും കുട്ടികളെയും ഒഴിവാക്കിയിട്ടുണ്ട്. അഥവാ പള്ളിയിൽ വെച്ചുള്ള ജുമുഅക്കും നിർബന്ധിതമായ ജമാഅത്ത് നമസ്കാരങ്ങൾക്കും അവരെ നിർബന്ധിക്കേണ്ടതില്ലാ എന്നർഥം. അവരെ സംബന്ധിച്ചിടത്തോളം അതിൽ അത്തരത്തിലുള്ള പുണ്യങ്ങളൊന്നുമില്ല. എന്നാൽ അതല്ലാത്ത പുണ്യങ്ങൾ വല്ലതും ഉദ്ദേശിച്ചു അവൾ പള്ളിയിൽ വന്നാലോ? വെള്ളിയാഴ്ചകളിലെ ഖുതുബ ശ്രവിക്കാനോ ജമാഅത്ത് നമസ്കാരാനന്തരം ഉള്ള മതപഠന ക്ലാസുകളിൽ പങ്കെടുക്കാനോ അല്ലെങ്കിൽ ക്ലാസുകൾക്കിടയിൽ വന്നു ചേരുന്ന ജമാഅത്തുകളിൽ പങ്കെടുക്കാനോ, അതുമല്ലെങ്കിൽ അങ്ങാടിയിൽ എത്തിപ്പെടുമ്പോൾ അവിടെ നിർബന്ധ നമസ്കാരത്തിന്റെ നിശ്ചിത സമയം കടന്നുപോവുമെന്ന ഭയത്താൽ അത് നിർവ്വഹിക്കാനോ ഉദ്ദേശിച്ച് അവൾ പള്ളിയിലേക്ക് പോവണമെന്ന് പറഞ്ഞാൽ അവൾക്ക് അതിനു വേണ്ട സൗകര്യം ചെയ്തു കൊടുക്കുക എന്നത് പുരുഷന്റെ ബാധ്യതയാണ്.

സ്ത്രീയെ സംബന്ധിച്ചിടത്തോളം പള്ളിയിലേക്ക് പോവുക എന്നത് അവളുടെ വിവേചനാധികാരത്തിൽ പെട്ടതാണ്. അവളങ്ങിനെ ഉദ്ദേശിച്ചാൽ അതിന്ന് സൗകര്യം ചെയ്തുകൊടുക്കുക എന്നതാണ് പുരുഷന്റെ ചുമതല. പുരുഷനെ ആകർഷിക്കുന്ന വിധം അത്യാകർഷകമായ വേഷവിധാനങ്ങളണിഞ്ഞിട്ടുണ്ടോ, കടുപ്പമുള്ള സുഗന്ധമണിഞ്ഞിട്ടുണ്ടോ, ഇസ്‌ലാമിലെ സ്ത്രീയുടെ നഗ്നതാപരിധി അവൾ പാലിച്ചിട്ടുണ്ടോ, ചവിട്ടുമ്പോൾ ശബ്ദം ഉണ്ടാവുന്ന തരം ചെരിപ്പുകളോ, പാദസരങ്ങളോ ധരിച്ചിട്ടുണ്ടോ, കൈകളിൽ ശബ്ദമുണ്ടാക്കുന്ന തരിവളകളണിഞ്ഞിട്ടുണ്ടോഎന്നൊക്കെ പരിശോധിക്കുക എന്നതും ഉത്തരവാദപ്പെട്ട അവളുടെ പുരുഷന്റെ ചുമതലയാണ്. റസൂൽ ﷺ പറഞ്ഞതായി ഇബ്നു മസ്ഊദ് رضي الله عنه യുടെ പത്നി സൈനബ് رضي الله عنها ഉദ്ധരിക്കുന്നു

إذا شهِدتْ إحداكن المسجدَ فلا تمس طِيباً .. (صحيح مسلم 443)

നിങ്ങളിൽ (സ്ത്രീകളിൽ) ഒരാൾ പള്ളിയിൽ സന്നിഹിതയായാൽ അവൾ സുഗന്ധം സ്പർശിക്കരുത്' -മുസ്‌ലിം

അഥവാ സുഗന്ധം സ്പർശിച്ച അവസ്ഥയിൽ അവൾ

പള്ളിയിൽ ഉണ്ടാവരുതെന്നർഥം.

ഇങ്ങിനെയൊക്കെ ശ്രദ്ധിച്ചു പള്ളിയിലേക്ക് പുറപ്പെടാനൊരുങ്ങിയ സ്ത്രീയോടുള്ള സമീപനമെന്താണ്?

ഇബ്നു ഉമർ ﵁ പറയുന്നു: റസൂൽ ﷺ പറഞ്ഞു:

"لا تَمْنَعُوا نسائَكُمُ المساجِدَ ، وبُيوتَهُنَّ خيرٌ لهنَّ" - عبدالله بن عمر (الألباني في صحيح الجامع– 7458)

"നിങ്ങളുടെ സ്ത്രീകൾക്ക് നിങ്ങൾ പള്ളികൾ തടയരുത്. അവരുടെ വീടുകളാണ് അവർക്ക് ഏറ്റവും ഉത്തമം."

ഈ പ്രവാചകമൊഴിക്ക് രണ്ട് ദിശകളുണ്ട്. ഒന്ന് പുരുഷനിലേക്കും മറ്റൊന്ന് സ്ത്രീയിലേക്കും. നിങ്ങളുടെ സ്ത്രീകൾ പള്ളിയിൽ വരുന്നത് തടയരുതെന്നാണ് പുരുഷനോടുള്ള കല്പന. സ്ത്രീ സമൂഹമേ, പള്ളികളേക്കാൾ നിങ്ങളുടെ വീടുകളാണ് നിങ്ങൾക്കുത്തമമെന്ന് സ്ത്രീകളോടുള്ള നിർദ്ദേശവും.

ബുഖാരി ഉദ്ധരിച്ച മറ്റൊരു ഹദീഥിന്റെ ശൈലി ഇപ്രകാരമാണ്.

"لا تَمْنَعُوا إِماءَ اللهِ مساجِدَ الله" ( صحيح البخاري– 900)

"അല്ലാഹുവിന്റെ പള്ളികളെ അല്ലാഹുവിന്റെ ദാസിമാർക്ക് നിങ്ങൾ തടയരുത്."

രാത്രിയിലെ നമസ്കാരത്തിനു വേണ്ടി അനുവാദം ചോദിച്ചാൽ പോലും അവളെ തടയരുതെന്നാണ് നബി ﷺ യുടെ കൽപന. റസൂൽ ﷺ പറഞ്ഞതായി ഇബ്നു ഉമർ ﵁ റിപ്പോർട്ട് ചെയ്യുന്നു;

إذا استأْذَنَكم نساؤُكم بالليلِ إلى المسجدِ فأذَنوا لهن ... (صحيح البخاري 865)

"രാത്രിയിൽ പള്ളിയിലേക്ക് പോവാൻ നിങ്ങളുടെ സ്ത്രീകൾ നിങ്ങളോട് അനുവാദം ചോദിച്ചാൽ നിങ്ങൾ അവർക്ക് അനുവാദം കൊടുക്കണം" - ബുഖാരി.

ഈ ആവശ്യം മഗ്രിബ്, ഇഷാ പോലുള്ള നിർബന്ധ നമസ്കാരങ്ങൾക്കു വേണ്ടിയാവാം. ഖിയാമുല്ലൈൽ, തഹജ്ജുദ് പോലുള്ള ഐച്ഛിക നമസ്കാരങ്ങൾക്കാവാം. പള്ളികളിൽ താമസിച്ച് ആരാധനകളിൽ കഴിഞ്ഞുകൂടാൻ (ഇഅ്തികാഫിരിക്കാൻ) വേണ്ടിയുമാവാം. അവളുടെ ആവശ്യം അത്തരത്തിൽ പെട്ട എന്തുമാവട്ടെ പുരുഷന് ആ വിഷയത്തിൽ യാതൊരു നിയന്ത്രണാധികാരവുമില്ല തന്നെ.

അല്ലാഹുവിന്റെ അടിമ നിങ്ങളുടെ അടിമയല്ല. അല്ലാഹുവിന്റെ വീടാവട്ടെ നിങ്ങളുടെ വീടുമല്ല. അതിനാൽ അല്ലാഹുവിന്റെ അടിമസ്ത്രീകളെ അല്ലാഹുവിന്റെ ഭവനത്തിലേക്ക് വരുന്നത് തടയാൻ നിങ്ങൾക്കെന്തവകാശം? അതവരുടെ സ്വേച്ഛാധികാരത്തിൽ പെട്ടതല്ലെ! നിങ്ങൾ പുരുഷന്മാരോടവൾ സമ്മതം ചോദിച്ചാലും ഇല്ലെങ്കിലും ശരി. സമ്മതം ചോദിച്ചാലോ... അതവളുടെ മാന്യതയാണ്. നിങ്ങൾ സമ്മതം കൊടുക്കുക തന്നെ വേണം.

റസൂൽ ﷺ യിൽ നിന്ന് കേട്ട കാര്യം അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه ഇങ്ങിനെ പറയുന്നു:

"لا تمنعوا نسائَكم المساجدَ إذا استأذَنَّكم إليها" ( صحيح مسلم -442)

"നിങ്ങളുടെ സ്ത്രീകളെ, അവർ പള്ളികളിലേക്ക് പോവാൻ നിങ്ങളോട് അനുവാദം ചോദിച്ചാൽ നിങ്ങൾ തടയരുത്."

നോക്കൂ... അത്രയും ഗൗരവപ്പെട്ടതാണ് ആ കാര്യം. ഈ വിഷയം പഠിപ്പിക്കുന്ന അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه ന്റെ സദസ്സിൽ ഇത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ ബിലാൽ رضي الله عنه പറഞ്ഞു:

فقال بلالُ بنُ عبدِالله : "والله ! لَنمنعهنَّ"

"അല്ലാഹുവാണെ, ഞങ്ങൾ അവരെ തടയുക തന്നെ ചെയ്യും." ഇത് കേട്ടതും കോപാകുലനായി അദ്ദേഹം തന്റെ മകന്റെ അടുത്തേക്ക് ചെന്നു. അദ്ദേഹത്തിൽ നിന്നും അതേവരെ കേൾക്കാത്തത്ര രൂക്ഷമായി അദ്ദേഹം മകനെ ആക്ഷേപിച്ചു. അതേ കോപത്തോടെ തന്നെ അദ്ദേഹം മകനോട് പറഞ്ഞു:

" أُخبِرُك عن رسولِ اللهِ صلَّى اللهُ عليهِ وسلَّمَ وتقول واللهِ ! لَتمنعْهنَّ! " ( صحيح مسلم 442)

റസൂൽ ﷺ (പറഞ്ഞ ഒരു ഹദീഥിനെ) കുറിച്ച് ഞാൻ നിന്നോട് പറഞ്ഞപ്പോൾ നീ പറയുന്നു: അല്ലാഹുവാണെ ഞങ്ങൾ അവരെ തടയുക തന്നെ ചെയ്യും എന്ന്. "

റസൂൽ ﷺ യുടെ നിർദ്ദേശത്തിന്നെതിരെ സ്വന്തം താത്പര്യം കൊണ്ടുവന്ന തന്റെ സ്വന്തം പുത്രനോട് അദ്ദേഹത്തിനുണ്ടായ ക്രോധത്തിന്റെ ചിത്രമായിരുന്നു ഇത്. ഒരു റിപ്പോർട്ടിൽ അദ്ദേഹം നേരെ ചെന്ന് മകന്റെ നെഞ്ചിൽ ഒരടി വെച്ചുകൊണ്ടാണ് ഇത് പറഞ്ഞത് എന്നാണുള്ളത്.

റസൂൽ ﷺ യുടെ ഹദീഥുകളെ പരിക്കൊന്നും കൂടാതെ

നെഞ്ചിലേറ്റാൻ ബാധ്യതപ്പെട്ടവർ അതിനെ അവഗണിക്കുകയോ! ഈ സംഭവം അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. അതിനുശേഷം അദ്ദേഹം മകനുമായി സംസാരിച്ചിട്ടില്ല. മക്കൾ, അവർ വലുതായാൽ പോലും ഗുണദോഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു പിതാവിനെയാണ് നാമിവിടെ കാണുന്നത്.

# സ്ത്രീകൾക്ക് പള്ളി വേണമോ?

**സ്**ത്രീകളും പള്ളികളും സംബന്ധിച്ച് പുരുഷനുണ്ടാവേണ്ട സമീപനമെന്താണെന്നാണ് നാമിവിടെ ചർച്ച ചെയ്തത്. അവളെ പള്ളിയിലേക്കു വരുന്നത് തടയാൻ ഒരു പുരുഷനും പാടില്ല. ആ "വരവി"ൽ അവളോട് മതം കൽപിച്ച മര്യാദകൾ പാലിച്ചുവോ എന്നേ അയാൾ ശ്രദ്ധിക്കേണ്ടതുള്ളൂ. അതിൽ വല്ല ന്യൂനതയുമുണ്ടെങ്കിൽ അതാണയാൾ അവളിൽ നന്നാക്കിയെടുക്കേണ്ടത്.

സ്ത്രീകൾക്ക് പള്ളികൾ തടയരുതെന്ന അല്ലാഹുവിന്റെ ദൂതന്റെ കല്പന പാലിക്കാൻ പള്ളി നിർമ്മിക്കുന്നവർ ശ്രദ്ധിക്കണമെന്ന് വളരെ ഗൗരവപൂർവ്വം ഉണർത്തട്ടെ. ഇസ്‌ലാമിക മര്യാദകൾ പാലിച്ചു കൊണ്ട് പുറപ്പെട്ട ഒരു സ്ത്രീക്ക് പള്ളിയിൽ അതിന്നുള്ള സൗകര്യമില്ലെങ്കിൽ അവളെ പള്ളിയിലേക്കു വരുന്നത് തടഞ്ഞത് അവളുടെ പുരുഷനല്ല; പള്ളിക്കമ്മിറ്റിക്കാരാണ്. അവരോരുത്തരുടെയും നെഞ്ചിൽ അടി കൊടുത്ത് പള്ളിക്കമ്മിറ്റിക്കാരെ മര്യാദ പഠിപ്പിക്കുന്ന ഒരു അബ്ദുല്ലാഹിബ്നു ഉമറൊന്നും ഇനി ഉണ്ടാവാനിടയില്ല. അതിനാൽ പള്ളി മഹല്ലുകാരും കമ്മിറ്റിക്കാരുമൊക്കെത്തന്നെയാണ് പ്രവാചക കല്പനയെ സാർഥകമാക്കേണ്ടവർ.

സഹോദരിമാരും അവരുടെ പുത്രിമാരുമടക്കം കുറെ സ്ത്രീകളടങ്ങുന്ന ഒരു സംഘത്തെ നയിച്ചുകൊണ്ട് കേരളത്തിനകത്ത് ദീർഘ സഞ്ചാരം നടത്തേണ്ടി വന്നപ്പോൾ ഒരിക്കൽ ഈ വിനീതനും അതനുഭവിച്ചിട്ടുണ്ട്. നമസ്കാര സമയമായപ്പോൾ പ്രധാന പാതയിൽ കൺമുമ്പിൽ വന്നു പെട്ട ഓരോ പള്ളിയിലും കയറിയിറങ്ങി. എല്ലായിടത്തുനിന്നും ഒരേ മറുപടി. ഇവിടെ സ്ത്രീകൾക്ക് നമസ്കരിക്കാൻ ഒരു സൗകര്യവുമില്ല എന്ന്. ഈ അന്വേഷണയാത്ര ഒരു മണിക്കൂറിലേറെ നീണ്ടു. തുടർന്ന് എത്തിച്ചേർന്ന ഒരു പള്ളിയിൽ കണ്ട മുഅദ്ദിനുമായി കാര്യം സംസാരിച്ചു. അദ്ദേഹം പള്ളിക്കകത്ത് അപ്പോഴുണ്ടായിരുന്ന രണ്ടു മൂന്ന് പേരെ തൽക്കാലം പുറത്തേക്ക്

മാറ്റിനിർത്തി ഞങ്ങളുടെ സ്ത്രീകൾക്ക് നമസ്ക്കാരത്തിന് സൗകര്യം ചെയ്തുതന്നു. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്ന് ഇവിടെ പ്രാർഥിച്ചു പോവുകയാണ്.

ഇവിടെ സ്ത്രീകൾക്ക് പള്ളി തടഞ്ഞത് അവരുടെ പുരുഷന്മാരല്ല. ആ നാട്ടിലെ പള്ളിക്കമ്മിറ്റിക്കാരാണ്. "ജമാഅത്തായ തടയൽ!!" അവരിൽ പലരും ധരിച്ചു വശായിരിക്കുന്നത് എന്തിനാണിയാൾ ഈ സ്ത്രീകളെയും കൊണ്ട് പെടാപാടുപെടുന്നത്! അവർക്ക് വീട്ടിലെത്തിയിട്ട് സൗകര്യം പോലെ നമസ്ക്കരിച്ചാൽ മതിയല്ലോ. ദുഹ്റും അസറും മഗ്രിബും ഇഷാഉം ഒന്നിച്ച് കിടക്കാൻ നേരത്ത് "ജംഅ്" ആക്കുന്ന ഒരു രീതിയായിരിക്കാം അവരുടെ മനസ്സിൽ. അങ്ങിനെ ശീലിച്ച ചിലരുടെ നാടാണല്ലോ നമ്മുടേത്.

.....إِنَّ ٱلصَّلَوٰةَ كَانَتۡ عَلَى ٱلۡمُؤۡمِنِينَ كتاباً مَّوۡقُوتًا ﴿١٠٣﴾

"തീർച്ചയായും നമസ്ക്കാരം സത്യവിശ്വാസികൾക്ക് നിർബന്ധവും സമയബദ്ധിതവുമാക്കിയിരിക്കുന്നു" - അന്നിസാഅ് 103.

സമയം നിർണ്ണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാണത്. രോഗാവസ്ഥയിലോ യാത്രയിലോ യുദ്ധം പോലുള്ള ഭയാനകാവസ്ഥയിലോ ഉള്ള വിഭാഗത്തിന് മറ്റൊരു രൂപത്തിലാണ് അവരുടെ സമയം നിർണ്ണയിച്ചു കൊടുത്തത്. ഏതായാലും അവയ്ക്ക് ചില നിർണ്ണിത സമയങ്ങളുണ്ട്. എല്ലാ മുഖ്യ ഇബാദത്തുകൾക്കും അതുണ്ട്. അഞ്ചു നേരത്തെ നമസ്ക്കാരവും അത് നിർദ്ദേശിക്കപ്പെട്ട സമയത്തിൽ അതിനെ സ്ഥാപിക്കണം. അതിൽ ചില നമസ്ക്കാരങ്ങൾ ചേർത്ത് നമസ്ക്കരിക്കാൻ അനുവദിക്കപ്പെട്ടവരുണ്ട്. അവർക്കത് ആ സന്ദർഭം വരുമ്പോൾ ഉപയോഗപ്പെടുത്താവുന്നതാണ്. അത് സാധാരണക്കാരനെ ബാധിക്കുന്ന വിഷയമല്ല. അതൊരിക്കലും രാവുപകലുകളിലെ നമസ്ക്കാരമൊന്നടങ്കം കിടക്കാൻ നേരത്ത് അല്ലാഹുവിന് എക്കൗണ്ട് ക്ലോസ് ചെയ്തു കൊടുക്കുന്ന രൂപത്തിലുമല്ല. ഇത്തരക്കാരെ അഥവാ അല്ലാഹു ﷻ നിർണ്ണയിച്ചു കൊടുത്ത നമസ്ക്കാരസമയങ്ങളെ മാറ്റിമറിക്കുന്നവരെ കരുതിയിരിക്കുക. റമദാൻ നോമ്പ് രാത്രിയിൽ നോറ്റാൽ മതിയോ? ക്ലേശവും യാത്രാബുദ്ധിമുട്ടും പരിഗണിച്ച് അറഫയിൽ നിൽക്കുന്നതിന് പകരം കോട്ടക്കുന്നിൽ പോയി നിന്നാൽ സാധുവാകുമോ? കഅ്ബ ത്വവാഫ് ചെയ്യുന്നിടത്ത്

എന്തൊരു തിരക്കാണ്. കാലു കുത്താനിടമില്ലാത്ത തിരക്ക്. അതിനാൽ ഞാൻ നാട്ടിൽച്ചെന്ന് കോഴിക്കോട്ടെ മാനാഞ്ചിറ ത്വവാഫ് ചെയ്യാം എന്ന് വെക്കാൻ പറ്റുമോ? ആരാധനകൾക്കെല്ലാം ഓരോ സ്ഥാനവും രൂപവും സമയവും അളവും നിർണ്ണയിച്ചു കൊടുത്തിട്ടുണ്ടല്ലോ. അവയെ നമുക്ക് തോന്നുന്ന രൂപത്തിൽ കൂട്ടിച്ചേർക്കാനോ വേർപ്പെടുത്താനോ മാറ്റി സ്ഥാപിക്കാനോ അനുവാദമില്ല. പ്രബോധകന്മാർ ഗൗരവപൂർവ്വം സമുദായത്തെ അതുണർത്തണം. വിശേഷിച്ചും നമസ്ക്കാരം. അത് മുസ്‌ലിമിന്റെ തിരിച്ചറിയൽ രേഖ യാണ്. അതവന്റെ സ്വഭാവത്തിന്റെ സംസ്കരണ ശാലയാണ്. ഈമാ നിന്റെ ജീവനൗഷധമാണ്. അവന്റെ പാപങ്ങളെ പ്രതിരോധി ക്കുന്ന പരിചയാണ്. നിമിഷം തോറും അതിന് തേയ്മാനം വന്നു കൊണ്ടിരിക്കും. ഇടയ്ക്കിടെ വന്നു ചേരുന്ന നമസ്കാരം അതിന്ന് പോഷണം നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. തന്റെ വീട്ടുപരിസ രത്തു കൂടി ഒഴുകുന്ന നദിയിൽ നിന്നും അഞ്ചു നേരവും കുളിക്കുന്നത് ശീലമാക്കിയവന്റെ ശരീരത്തിൽ അഴുക്കിന് സാധ്യതയില്ലാത്തത് പോലെ. അല്ലെങ്കിൽ ഒരു ഭിഷഗ്വരൻ അഞ്ചു നേരം കഴിക്കാൻ കൊ ടുത്ത മരുന്ന് ഒന്നിച്ച് ഒരു നേരം കഴിച്ചാലുള്ള ദുരന്തത്തേക്കാൾ കഠിനമായിരിക്കും നമസ്കാരത്തിന്റെ കാര്യത്തിൽ സംഭവിക്കുക. അല്ലാഹു ﷻ വിന്റെ താക്കീത് കാണുക!

فَوَيۡلٞ لِّلۡمُصَلِّينَ ٤ ٱلَّذِينَ هُمۡ عَن صَلَاتِهِمۡ سَاهُونَ ٥

“എന്നാൽ നമസ്ക്കാരക്കാർക്ക് നാശം! അവർ അവരുടെ നമസ്ക്കാരത്തെക്കുറിച്ച് ശ്രദ്ധയില്ലാത്തവരാകുന്നു” - മാഊൻ 4-5.

ഈ അശ്രദ്ധ വ്യക്തി മാത്രമല്ല സമൂഹവും കാണിച്ചെന്നു വരും. അവരെ സമയത്തിനു നമസ്ക്കരിക്കാനനുവദിക്കാതെ അതിനുള്ള സൗകര്യം ചെയ്തുകൊടുക്കാതെ മുദ്രാവാക്യം വിളിപ്പിച്ചും മഹാ സമ്മേളനങ്ങൾ നടത്തിയും അവരുടെ പരലോകം നരകാഗ്നിക്കുള്ള വിറകുകളാക്കുന്ന നേതാക്കന്മാരുണ്ട്. അത്തരക്കാരെ അവഗണിച്ചു തള്ളാനുള്ള മനക്കരുത്ത് ഓരോ സത്യവിശ്വാസിയും ആർജിക്കേണ്ട തുണ്ട്.

പള്ളിയിലേക്കു പുറപ്പെട്ട സ്ത്രീയെ, പള്ളിയിലേക്കു പോവാൻ അനുവാദം ചോദിച്ച സ്ത്രീയെ എപ്രകാരമാണ് പരിഗണിക്കേണ്ടത് എന്ന് നാം വ്യക്തമായി ഇവിടെ മനസ്സിലാക്കി. അവൾക്ക് അതിനു

വേണ്ട സൗകര്യം ചെയ്തു കൊടുക്കുക. പള്ളിയിലേക്ക് പോവാൻ അവന്റെ ഭാഗത്ത് നിന്ന് പ്രേരണയോ, നിർബന്ധമോ പ്രോത്സാഹന മോ പാടില്ല. ഉദ്ദേശവും താത്പര്യവും ഉദ്യമവും അവളുടെ ഭാഗത്തു നിന്നാണുണ്ടാവേണ്ടത്. പുരുഷന്റെ നിരുത്സാഹപ്പെടുത്തലും നിഷേധിക്കലുമൊക്കെ പള്ളിയിൽ പോവുന്നത് സംബന്ധിച്ചാവരുത്. മുസ്‌ലിം സ്ത്രീ - ആവശ്യം എന്തുമാവട്ടെ - അവൾ പുറത്തുപോവു മ്പോൾ പാലിക്കാൻ ഇസ്‌ലാം അവളോട് പറഞ്ഞ പൊതുവായ മര്യാ ദകൾ എന്തൊക്കെയാണോ അതൊക്കെ പള്ളിയുടെ കാര്യത്തിലും പാലിച്ചിട്ടുണ്ടോ എന്നു മാത്രമേ പുരുഷൻ ശ്രദ്ധിക്കേണ്ടതുള്ളൂ.

# സ്ത്രീ ആദരിക്കപ്പെടുന്നു

**ഇ**വിടെ നേരത്തെ നാം പറഞ്ഞ ഹദീഥ് ഒന്നുകൂടി ഉദ്ധരിക്കട്ടെ. ഇതിന്റെ ആദ്യ പകുതി പുരുഷനോടുള്ള കല്പനയാണ്. അതാണല്ലോ നാമിതുവരെ ചര്‍ച്ച ചെയ്തത്. അതിന്റെ അവസാന പകുതി സ്ത്രീകള്‍ക്കുള്ളതാണ്. റസൂല്‍ ﷺ പറയുന്നു.

"لا تَمْنَعُوا نسائَكُمُ المساجِدَ ، وبُيوتَهُنَّ خيرٌ لهنَّ" - (الألباني في صحيح الجامع– 7458)

“നിങ്ങളുടെ സ്ത്രീകള്‍ക്ക് നിങ്ങള്‍ പള്ളികള്‍ തടയരുത്. അവരുടെ വീടുകളാണ് അവര്‍ക്കേറ്റവും ഉത്തമം.”

പുരുഷനെ അപേക്ഷിച്ച് സ്ത്രീക്ക് ഏറ്റവും ഉത്തമമായതേതോ അത് പഠിപ്പിക്കുകയാണ് തിരുമേനി ﷺ ഇവിടെ ചെയ്തത്. മതത്തിലെ ഉത്തമകാര്യങ്ങളുടെ മേഖലകള്‍ പലതും സ്ത്രീക്ക് വ്യത്യസ്തമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പുരുഷന് പള്ളിയില്‍ വെച്ച് ജമാഅത്തായി നമസ്ക്കരിച്ചാല്‍ ഇരുപത്തഞ്ചിരട്ടിയും ഇരുപത്തേഴിരട്ടിയും പദവികള്‍ അധികം ലഭിക്കുമെന്ന് നേരത്തെ നാം മനസ്സിലാക്കിയല്ലോ. അതിനേക്കാള്‍ ഉത്തമം അവള്‍ക്ക് വീടാണ് എന്ന് ഇത് വ്യക്തമാക്കുന്നു. പിന്നെ അവളെന്തിനു പള്ളിയില്‍ പോവണം, അവള്‍ക്ക് ഉത്തമമായത് അല്ലാഹു അവളുടെ വീട്ടില്‍ തന്നെ ഒരുക്കിയിട്ടുണ്ടെങ്കില്‍! അത് മദീനയിലെ റസൂല്‍ ﷺ യുടെ പള്ളിയിലെ നമസ്ക്കാരത്തിനേക്കാളും ഉത്തമമാണെങ്കിലോ! പുണ്യം ഉദ്ദേശിച്ച് യാത്ര ചെയ്തെത്താന്‍ (തീര്‍ഥയാത്ര നടത്താന്‍) അല്ലാഹുവിന്റെ റസൂല്‍ ﷺ അനുവദിച്ച മൂന്ന് പള്ളികളില്‍ ഒന്നാണത്. അതിലെ ഒരു നമസ്ക്കാരം മക്കയിലെ മസ്ജിദുല്‍ ഹറം ഒഴിച്ച് ഭൂമുഖത്തെ മറ്റേത് പള്ളികളില്‍ വെച്ച് നമസ്ക്കരിച്ച ആയിരം നമസ്ക്കാരങ്ങള്‍ക്ക് തുല്യമാണ്. അതിനാല്‍ ആളുകള്‍ അവിടെ വരാന്‍ ആശിക്കുന്നു. വിശുദ്ധ മദീനയിലായിരിക്കുമ്പോള്‍ തന്റെ നമസ്ക്കാരങ്ങളത്രയും അവിടെ വെച്ചാവാന്‍ അവര്‍ ജാഗ്രത കൊള്ളുന്നു; ആ പുണ്യങ്ങളെല്ലാം നേടിയെടുത്തു സായൂജ്യമടയാന്‍.

എന്നാല്‍ ഈ പുണ്യങ്ങളുടെ വൃത്തത്തിലേക്ക് ഒരു സ്ത്രീക്ക്

കടന്നു വരാനാവുമോ? അതറിയാൻ ശ്രമിച്ചാൽ പിന്നെ ആ പദവി യൊന്നും തീരെയില്ലാത്ത മറ്റു പള്ളികളുടെ കാര്യം തീരെ ചർച്ച ചെയ്യേണ്ടി വരില്ലല്ലോ. ഈ സംഭവമൊന്ന് ശ്രദ്ധിക്കൂ...

من أم حميد امرأة أبي حميد الساعدي : أنها جاءت النبيّ صلّى اللهُ عليهِ وسلَّم، فقالت يا رسول الله إني أحبّ الصلاةَ معك. فقال قد علمتُ أنكِ تُحِبِّينَ الصلاةَ معي، وصلاتُكِ في بيتِكِ خيرٌ من صلاتكِ في حجرتِكِ، وصلاتُكِ في حجرتِكِ خيرٌ من صلاتكِ في دارِكِ، وصلاتُكِ في دارِكِ خيرٌ من صلاتكِ في مسجدِ قومِكِ، وصلاتُكِ في مسجد قومِكِ خيرٌ من صلاتكِ في مسجدي. فَأَمَرَتْ، فَبُنِيَ لها مسجدٌ في أقصى شيء من بيتِها وأظلمِه، فكانت تصلي فيه حتى لَقِيَتِ اللهَ عز وجل (صحيح ابن خزيمة 1689)

അബൂ ഹുമൈദിനിസ്സാഇദിയ്യി ﵁ യുടെ പത്നി ഉമ്മു ഹുമൈദ് ﵂ നബി ﷺ യുടെ അടുക്കൽ വന്നു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, തീർച്ചയായും അങ്ങയോടൊപ്പം നമസ്ക്കരിക്കാൻ ഞാനാശിക്കുന്നു. തിരുമേനി ﷺ പറഞ്ഞു: “എന്നോടൊപ്പം നമസ്ക്കരിക്കാനുള്ള നിന്റെ ആഗ്രഹം തീർച്ചയായും ഞാൻ മനസ്സിലാക്കുന്നു. നിന്റെ കിട പ്പറയിൽ വെച്ചുള്ള നിന്റെ നമസ്ക്കാരമാണ് നിന്റെ ഹുജ്റഃ (അറ) യിൽ വെച്ചുള്ള നിന്റെ നമസ്ക്കാരത്തേക്കാൾ നിനക്കു നല്ലത്. നിന്റെ ഹുജ്റഃയിൽ വെച്ചുള്ള നിന്റെ നമസ്ക്കാരമാണ് നിന്റെ ദാറിൽ വെച്ചുള്ള നിന്റെ നമസ്ക്കാരത്തേക്കാൾ നിനക്കു നല്ലത്. നിന്റെ ദാറിൽ വെച്ചുള്ള നിന്റെ നമസ്ക്കാരമാണ് നിന്റെ നാട്ടുകാരുടെ (സമീപത്തെ മഹല്ലിലെ) പള്ളിയിൽ വെച്ചുള്ള നിന്റെ നമസ്ക്കാരത്തേ ക്കാൾ നിനക്ക് നല്ലത്. നിന്റെ നാട്ടുകാരുടെ പള്ളിയിൽ വെച്ചുള്ള നിന്റെ നമസ്ക്കാരമാണ് എന്റെ പള്ളിയിൽ (മസ്ജിദുന്നബവിയിൽ) വെച്ചുള്ള നിന്റെ നമസ്ക്കാരത്തേക്കാൾ നിനക്കു നല്ലത്.” “അപ്രകാരം അവർ (ഹുമൈദിന്റെ മാതാവ്) കൽപിച്ചതനുസരിച്ച് അവരുടെ വീടി ന്നകത്ത് അങ്ങേയറ്റത്ത് ഇരുളിൽ ഒരു പള്ളി പണിതു. (മറ്റൊരു റിപ്പോർട്ടിൽ വളരേ ചെറിയതും വെളിച്ചം പ്രവേശിക്കാത്തതുമായ ഒരു അറ പണിതു എന്നാണ്) അവർ മരിക്കുന്നത് വരെ പിന്നെ അവിടെ വെച്ചായിരുന്നു നമസ്ക്കരിച്ചിരുന്നത്.” (അഹ്മദ് 26550, ഇബ്നു ഖുസൈമ 3/95, ഇബ്നു ഹിബ്ബാൻ 5/595, അൽബാനി സ്വഹീഹാ ക്കിയത് الترغيب والترهيب 1/135)

അടുത്ത പേജിലെ ചിത്രത്തിൽ നിന്നും റസൂൽ ﷺ ഉപയോഗിച്ച പദങ്ങളുടെ സ്ഥാനങ്ങൾ വ്യക്തമാവും, ഇൻഷാ അല്ലാഹ്. പൊതുവേ ഒന്നിൽ കൂടുതൽ ഭാര്യമാരുള്ള അറബികളുടെ ദാറിന്നകത്ത് ഇത്തരം കുഞ്ഞു അറകൾ (ഹുജുറകൾ) ഓരോ ഭാര്യമാർക്കും ഉണ്ടായിരിക്കും.

## ഹദീഥിൽ റസൂൽ ﷺ സൂചിപ്പിച്ച വീടിന്റെ ഏകദേശ രൂപം:


1. مصلی നമസ്കാരത്തിന് പ്രത്യേകം പണിത മുറി
2. بيت ഉറങ്ങുന്ന മുറി
3. വരാന്ത
4. അടുക്കള
5. حجرة അറ (കൊച്ചു വരാന്ത, ഉറങ്ങുന്ന മുറി, അടുക്കള എന്നിവ ചേർന്നത്)
6. دار അറ സമുച്ചയം (മുറ്റത്തോട് കൂടിയത്. ഒരു ഭാര്യക്ക് ഒരു അറ എന്ന കണക്കിൽ 4 അറകൾ)
7. പുരുഷന്മാരുടെ പ്രവേശന കവാടം
8. സ്ത്രീകൾക്കുള്ള കവാടം
9. സ്ഥലത്തെ (മഹല്ലിലെ) പള്ളി
10. മസ്ജിദുന്നബവി



10



9



ഉമ്മു ഹുമൈദിനിസ്സാഇദിയ്യ ﷺ യുടെ ഈ സംഭവം പോലെ ഇതിലേക്ക് സദൃശ്യപ്പെടുത്താവുന്ന വേറെയും ഹദീഥുകൾ സ്വഹാബീ വനിതകളാൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഉമ്മു സലമ ബിൻത് അബൂ ഉമയ്യ ﷺ യിൽ നിന്നും വന്ന ഒരു ഹദീഥ് ഇങ്ങനെ:

خيرُ صلاةِ النساء في قعرِ بُيوتِهنَّ ... (صحيح الجامع الألباني)

"സ്ത്രീകളുടെ ഏറെ ശ്രേഷ്ഠമായ നമസ്കാരം അവരുടെ വീടുകളുടെ ഏറ്റവും അകത്തു വെച്ചുള്ളതാണ്." അവർ പറഞ്ഞതായി മറ്റൊരു റിപ്പോർട്ടിലുള്ളത് خَيرُ مساجِدِ النِّساءِ قَعرُ بُيُوتِهنَّ... (الألباني - صحيح الجامع 3327) എന്നാണ്.

"സ്ത്രീകളുടെ ഏറ്റവും ശ്രേഷ്ഠമായ പള്ളികൾ അവരുടെ വീടുകളിലെ ഏറ്റവും അകത്തുള്ളതാണ്."

ഇതുകൊണ്ടൊക്കെത്തന്നെയാവണം ശ്രേഷ്ഠ സ്വഹാബി അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ഇങ്ങിനെ പ്രതികരിച്ചത്.

ما تقربت امرأة الى الله بأعظم من قعودها في بيتها

"തന്റെ വീട്ടിലെ അവളുടെ ഇരുത്തത്തേക്കാൾ പവിത്രമായ മറ്റൊന്നുകൊണ്ടും ഒരു സ്ത്രീ അല്ലാഹുവിലേക്കടുത്തിട്ടില്ല."

വായനക്കാരിലെ പ്രബോധക പ്രവർത്തകർ ഇതൊക്കെയും പരിശോധിക്കണം. ഇതുമായി ബന്ധപ്പെട്ട ഹദീഥുകൾ അനുബന്ധമായി പലതും വേറെ വന്നിട്ടുണ്ട്. ദൈർഘ്യഭയം മാത്രമാണ് ഇവിടെ അതുദ്ധരിക്കാതെ വിട്ടതിന് കാരണം.

സ്ത്രീ ഇവിടെ ആദരിക്കപ്പെടുന്നുവെന്ന് വായനക്കാർക്ക് തോന്നുന്നില്ലേ? പുരുഷൻ, ജമാഅത്തിന് നിർബന്ധിക്കപ്പെട്ട വിഭാഗമാണല്ലോ... അവരത് കൊടും വേനലിലും കഠിനതണുപ്പിലും മഴയിലും മഞ്ഞിലും ഏത് വ്യത്യസ്ത കാലാവസ്ഥയിലും നിർവ്വഹിക്കാതെ തരമില്ല. ഈ നിർബന്ധ നിർവ്വഹണത്തിന് ഇരുപത്തഞ്ചും ഇരുപത്തേഴും ഇരട്ടി പ്രതിഫലവും വാഗ്ദാനം ചെയ്യപ്പെടുന്നു. ഈ പ്രതിഫലമത്രയും അതിനേക്കാൾ മെച്ചത്തിൽ അല്ലാഹു അവളുടെ കിടപ്പറക്കുള്ളിൽ ലഭ്യമാക്കുന്നു! പുരുഷനുള്ളത് പോലുള്ള ഒരു ത്യാഗവും സഹിക്കാതെ! അതിനുവേണ്ടി സഞ്ചരിക്കാതെ! വളരെ സുരക്ഷിതമായ അവസ്ഥയിൽ! കൂടുതൽ അദ്ധ്വാനിക്കാതെ പ്രവചനാതീതമായ പ്രതിഫലത്തിന്നവൾ അർഹയാവുന്നു! പ്രവാചകന്റെ പള്ളിയിലേക്കായാൽ പോലും അവിടേക്ക് പോയാൽ കിട്ടുന്നതിനേക്കാൾ ഏറെ പ്രതിഫലം അവളുടെ വീട്ടിന്നകത്ത് വെച്ച് തന്നെ

ആരാധനകൾ നിർവ്വഹിച്ച് കരസ്ഥമാക്കാനാവുന്നു!

ഈ പറഞ്ഞതൊക്കെ ഉണ്ടെങ്കിൽ തന്നെയും അവൾ പള്ളിയിൽ വരാൻ ഉദ്ദേശിച്ചാൽ അത് തടയാനുള്ള അവകാശം പുരുഷന്ന് നൽകുന്നില്ല. അത് അവളുടെ തീരുമാനത്തിന്മേലാണ് നിലകൊള്ളുന്നത്. സ്ത്രീ ഇവിടെയും ബഹുമാനിതയാവുന്നു!

ഏറ്റവും കൂടുതൽ പ്രതിഫലം ഏറ്റവും എളുപ്പത്തിൽ ലഭ്യമാവുന്ന മാർഗ്ഗം അറിഞ്ഞാൽ അത് നേടിയെടുക്കാനാവുമല്ലോ ബുദ്ധിപൂർവ്വം നിലപാടെടുക്കുന്നവർ ചെയ്യുക. അവിടെ സ്ത്രീ പള്ളിയിൽ പോവുന്നവളായിരിക്കില്ല എന്ന് വ്യക്തമാവുമല്ലോ.. പുരുഷനാവട്ടെ സ്ത്രീകൾക്ക് പള്ളി തടയുന്നവനുമാവരുത്. ഓരോ പള്ളിയിലും സ്ത്രീകൾക്ക് അംഗശുദ്ധി വരുത്തുവാനും നമസ്ക്കരിക്കുവാനും പ്രത്യേകം സ്ഥലം ഒരുക്കുക തന്നെ വേണം. مدخل النساء എന്നും باب النساء എന്നും പ്രവേശന കവാടമൊരുക്കിയ പള്ളികൾ സൗദി അറേബ്യക്കകത്തെന്ന പോലെ മറ്റു പല രാജ്യങ്ങളിലും ഈ ലേഖകനു കാണാനായിട്ടുണ്ട്. അതിനാൽ റസൂൽ ﷺ യുടെ കല്പന ധിക്കരിക്കുന്ന വിഭാഗമായി പുരുഷൻ മാറരുത്. അങ്ങാടികളിലും വഴിയോരങ്ങളിലും സ്ഥാപിക്കുന്ന പള്ളികളെ സംബന്ധിച്ച് പുരുഷന്മാർ തീർത്തും ജാഗരൂകരാവണം.

മക്കയിലേക്കും മദീനയിലേക്കും സഞ്ചരിക്കുന്ന ചിലരോടൊപ്പം വരുന്ന അവരുടെ സ്ത്രീകൾ അവിടുത്തെ വിശുദ്ധ ഹറമുകളിൽ പ്രവേശിക്കാതെ മാറി നിൽക്കുന്നതായി കേൾക്കേണ്ടി വന്നിട്ടുണ്ട്. അവരുടെ പുരുഷന്മാർ അവരെ തടഞ്ഞതിനാലാണോ അതോ സ്ത്രീകൾ സ്വയം പോവാൻ വിമുഖത കാട്ടിയതിനാലാണോ അങ്ങിനെ സംഭവിക്കുന്നത് എന്ന് ചിന്തിക്കേണ്ടതുണ്ട്. അവർ തടയപ്പെട്ടവരാണെങ്കിൽ ആ പുരുഷന്മാർ വലിയ ധിക്കാരികൾ തന്നെ. റസൂൽ ﷺ യെ ധിക്കരിച്ചവർ. അവർ - സ്ത്രീകൾ - സ്വയം അത് വേണ്ടെന്ന് വെച്ചവരാണെങ്കിൽ അതിൽ പുരുഷന്മാർക്കു കാര്യമായ പങ്കൊന്നുമില്ല. എന്നാൽ അവർ യാത്രക്കാരികളാണെന്നതിനാലും, തീർഥയാത്രക്കനുവദിക്കപ്പെട്ട സുപ്രധാനമായ മൂന്നു പള്ളികളിൽ പെട്ട രണ്ടു പള്ളികളാണവയെന്നതിനാലും സ്വദേശവാസികളായ സ്ത്രീകളെപ്പോലെ അവർ മാറിനിൽക്കേണ്ടതില്ല. ഇസ്ലാമിന്റെ നെടുംതൂണുകളായ രണ്ട് ചരിത്ര സ്മാരകങ്ങളും അതിവിശുദ്ധ പുണ്യഗേഹങ്ങളുമെന്ന നിലക്ക് ഒന്ന് സന്ദർശിച്ചുവെന്നു കരുതി കുഴപ്പമില്ല താനും.

സ്ത്രീകൾക്ക് പള്ളികൾ തടയപ്പെട്ടിട്ടില്ല എന്ന ആനുകൂല്യം തന്നെയെങ്കിലും അതിന്നുണ്ടാവുമല്ലോ.

സ്ത്രീകൾ പള്ളിയിലേക്കു വരുന്നത് നിരുത്സാഹപ്പെടുത്തിയ പ്രവാചകൻ ﷺ ഈദുഗാഹിലേക്കു വരുന്നതിനെ വളരെയേറെ പ്രോത്സാഹിപ്പിക്കുന്നതും നമുക്ക് കാണാം.

عن أم عطيةَ (أم عطية نسيبة الأنصارية ) قالت "أمرنا رسولُ اللهِ صلَّى اللهُ عليهِ وسلَّمَ أن نُخرجهُنَّ في الفطرِ والأضحى العواتقُ والحُيَّضُ وذواتُ الخدورِ فأمّا الحُيَّضُ فيعتزِلْنَ الصلاةَ ويشهدْنَ الخيرَ ودعوةَ المسلمين" قلتُ يا رسولَ اللهِ! إحدانا لا يكونُ لها جلباب قال "لتُلْبِسَها أختُها من جلبابِها" . (صحيح مسلم 883)

ഉമ്മു അത്വിയഃ رضي الله عنها പറയുന്നു: ഫിത്വ്റിനും അദ്ഹാക്കും (ചെറിയ പെരുന്നാളിനും ബലിപെരുന്നാളിനും) കൗമാരക്കാരികളും ആർത്തവകാരികളും (പകരമിരിക്കുന്ന) യുവതികളുമൊക്കെ (ഈദ് ഗാഹിലേക്ക്) പുറപ്പെടണമെന്ന് റസൂൽ ﷺ ഞങ്ങളോട് കൽപിച്ചു. ആർത്തവകാരികൾ നമസ്ക്കാരത്തിൽ നിന്ന് വിട്ടുനിൽക്കട്ടെ - നന്മയിലും മുസ്‌ലിംകളുടെ ഉദ്ബോധനത്തിലും അവർ സാക്ഷികളാവുകയും ചെയ്യട്ടെ. ഞാൻ (ഉമ്മു അത്വിയ്യഃ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലെ ഞങ്ങളിലൊരാൾക്ക് ജിൽബാബ് (പർദ്ദ) ഇല്ലെങ്കിലോ? തിരുമേനി ﷺ പറഞ്ഞു: അവളുടെ സഹോദരിയുടെ ജിൽബാബിൽ നിന്നും അവളെ ധരിപ്പിക്കട്ടെ - മുസ്‌ലിം.

ഈ സംഭവം ഇവിടെ ഉദ്ധരിച്ചത് എന്തിനെന്ന് ശ്രദ്ധിക്കുക. വർഷത്തിൽ രണ്ടു തവണ മാത്രം വന്നു ചേരുന്ന പെരുന്നാൾ നമസ്ക്കാരങ്ങളിൽ ആർത്തവകാരികളായാലും, കൂട്ടുകാരിയുടെ പർദ്ദ വാങ്ങിയിട്ടാണെങ്കിൽ പോലും പങ്കെടുക്കുവിൻ എന്ന് പ്രവാചകൻ ﷺ കല്പിച്ചു. എന്നാൽ ആഴ്ചയിലൊരിക്കൽ മാത്രം വന്നുചേരുന്ന ജുമുഅയിലോ ദൈനംദിന ജമാഅത്തിലോ പള്ളിയിലേക്ക് പോവുന്ന സ്ത്രീകളോട് നിങ്ങൾക്ക് നിങ്ങളുടെ വീടുകൾക്കുള്ളിൽ വെച്ചുള്ള നമസ്ക്കാരങ്ങളിലാണ് കൂടുതൽ പുണ്യം നിക്ഷിപ്തമായതെന്നറിയിക്കുകയും ചെയ്തു.

**സ്പർശനം:** സ്ത്രീയോടുള്ള ആദരവിന്റെ മഹോന്നതമായ മാതൃകയായി ഇസ്‌ലാം പരിഗണിക്കുന്ന ഒന്നാണ് അന്യപുരുഷന്മാർ അവരെ സ്പർശിക്കാതിരിക്കുക എന്നത്. ഉന്നത മൂല്യമുള്ള അചേതന വസ്തുക്കൾ പോലും മറ്റൊരാൾ സ്പർശിക്കുന്നത് അതിന്റെ ഉടമയ്ക്ക്

അരോചകമായി തോന്നാറുണ്ടല്ലോ. സ്ത്രീയെ തന്റെ ഭർത്താവോ മഹ്റമായ (പിതാവ്, പുത്രൻ, സഹോദരൻ പോലെ വൈവാഹിക ബന്ധം നിഷിദ്ധമായ) പുരുഷനോ അല്ലാതെ സ്പർശിച്ചു കൂടാ.. സലാം പറയുമ്പോൾ പുരുഷന്മാർ തമ്മിലും സ്ത്രീകൾ തമ്മിലും കൈകൊടുത്ത് അഭിവാദ്യം ചെയ്യാറുണ്ടല്ലോ. അതുപോലെ പുരുഷനും സ്ത്രീയും തമ്മിൽ ആയിക്കൂടാ... കൈപിടിച്ചു ഉടമ്പടി ചെയ്യുന്ന വേളയിൽ പോലും റസൂൽ ﷺ അത് പഠിപ്പിച്ചു തന്നിട്ടുണ്ട്. പുരുഷന്മാരുടെ കൈ പിടിച്ച് അത് നിർവ്വഹിച്ചപ്പോൾ സ്ത്രീകളോട് അവരവരുടെ കൈയിൽ തന്നെ അവരുടെ മറ്റേ കൈവെച്ച് അങ്ങിനെ ചെയ്യാൻ റസൂൽ ﷺ പഠിപ്പിച്ചു. റസൂൽ ﷺ തന്റെ ഒരു കൈയ്യിൽ മറ്റേ കൈവെച്ചാണ് സ്ത്രീകളുമായി ഉടമ്പടികൾ ചെയ്തത്. സ്ത്രീയുടെ ശാരീരിക സുരക്ഷയിൽ ഇസ്‌ലാം നൽകുന്ന ഉന്നത സ്ഥാനമാണിത്. അവളുടെ ചർമ്മത്തിൽ തൊട്ടായാൽ പോലും ഒരാസ്വാദനത്തിന്റെയും മുതലെടുപ്പുകൾ വന്നുപോവരുത് എന്നതുകൊണ്ടാണത്. ഒന്നു തൊട്ടുപോവുമ്പോഴേക്കും കാമം തുളുമ്പുന്നവരാണോ നമ്മുടെ പുരുഷന്മാർ എന്ന് പരിഹസിക്കുന്നവരോട്, അല്ലാ; അത്തരം ഒരാളെങ്കിലും ഉണ്ടായേക്കാവുന്ന സമൂഹത്തിൽ സ്ത്രീക്കു സമ്പൂർണ്ണ സുരക്ഷ നൽകുക എന്നതാണ് ഇതിലെ യുക്തി എന്നാണ് നാം പറയുന്നത്. നാമാരും ആരെയും സുരക്ഷാ പരിശോധനക്കു വിധേയമാക്കിയിട്ടല്ലല്ലോ ഹസ്തദാനം ചെയ്യുക. നഷ്ടപ്പെട്ടേക്കുമെന്ന് ഭയന്ന് പെട്ടികളിൽ സൂക്ഷിക്കപ്പെടുന്ന ആഭരണങ്ങളോ രത്നങ്ങളോ അല്ല സ്ത്രീകൾ എന്ന് പാടിയ കവികൾ ഉണ്ടായിട്ടുണ്ട്. പക്ഷേ മുസ്‌ലിം സ്ത്രീ അതിനേക്കാൾ ഉന്നതമായ സ്ഥാനത്താണ് നിലകൊള്ളുന്നത്. പലപ്പോഴും ആഭരണങ്ങൾ പലരാൽ ആസ്വദിക്കപ്പെടാം, കൈമാറി ഉപയോഗിക്കപ്പെടാം, വിൽക്കപ്പെടാം, നഷ്ടപ്പെട്ടുപോയെന്നും വരാം. ഇസ്‌ലാമിലെ സ്ത്രീ, എന്നാൽ അത്തരം സാധ്യതകളൊന്നും വന്നുചേരാത്ത വിധം കണിശമായ സംരക്ഷണ വലയത്തിനകത്താണുള്ളത്. വിദൂരവും നിഗൂഢവുമായ അരക്ഷിതാവസ്ഥകളുടെ എല്ലാതരം സാധ്യതകളിൽ നിന്നും അവളെ സംരക്ഷിക്കുക എന്നതാണ് നേർക്കുനേരെയുള്ള സ്പർശനങ്ങളെ തടഞ്ഞുകൊണ്ട് ഇസ്‌ലാം ഇവിടെ സ്വീകരിച്ചിരിക്കുന്നത്. അവളോടുള്ള ആദരവിന്റെ മനോഹരമായ ഒരു ചിത്രം ഇവിടെ തെളിഞ്ഞുവരുന്നതും നമുക്ക് കാണാം.

ദീർഘമായ ഹദീഥിൽ ഒരിടത്ത് റസൂൽ ﷺ പറഞ്ഞു:

...قال رسولُ اللهِ صلى الله عليه وسلم إني لا أصافحُ النساءَ !... (الألباني - النسائي 4192 )

("നിശ്ചയം ഞാൻ സ്ത്രീകളെ ഹസ്തദാനം ചെയ്യുകയില്ല." - നസാഇൗ).

ഒരു ഡസനോളം പേജ് വരുന്ന പ്രബന്ധങ്ങൾ തന്നെ ഇത് സംബന്ധമായി വന്നിട്ടുണ്ട്. വളരെ വിശദമായി പണ്ഡിതർ മുമ്പ് ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് ഇതെന്ന് സാരം. ഈ ഗ്രന്ഥത്തിലേക്ക് എന്നാൽ ഈയൊരു ഹദീഥ് കൊണ്ട് ഈ വിനീതൻ ഇവിടെ മതിയാക്കുന്നു. ഇസ്‌ലാമിന്റെ ദീർഘദൃഷ്ടിയിലേക്ക് പ്രകാശം പരത്തുന്നതാണ് ഈ വിഷയം. നഗ്നഹസ്തരായല്ലാതെ, കയ്യുറ ധരിച്ചവരും വൈകാരിക താൽപര്യങ്ങൾ ഉണർന്നിട്ടില്ലാത്ത കുഞ്ഞുങ്ങളും വൈകാരികാവസ്ഥ അസ്തമിച്ച വൃദ്ധരുമൊക്കെ ഈ സ്പർശന വിരോധത്തിൽ നിന്നും ഒഴിവാണ് എന്ന് അഭിപ്രായപ്പെട്ട പണ്ഡിതരും കാലഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. സ്വന്തം മാതാവിനെയും മകളെയുമൊന്നും തിരിച്ചറിയാനാവാത്ത ആളുകളെക്കുറിച്ച് നിരന്തരം കേട്ടുകൊണ്ടിരിക്കുന്നവരുടെ നാട്ടിൽ ജീവിക്കുന്ന നമ്മെപ്പോലുള്ളവർക്ക് ഇത്തരം ആനുകൂല്യങ്ങൾ പോലും ഇവിടെ വേണ്ടെന്ന് പറയാൻ തോന്നിപ്പോവും. അല്ലാഹു സഹായിക്കട്ടെ.

# അവൾ പള്ളിയിൽ വന്നാൽ...!

സ്ത്രീകളോട് പള്ളിയിൽ വരരുതെന്ന് നേർക്കുനേരെ റസൂൽ ﷺ പറഞ്ഞിട്ടില്ല. അവൾക്ക് ഏറ്റവും ശ്രേഷ്ഠമായ സ്ഥാനം എവിടെയെന്ന് പഠിപ്പിക്കുകയാണ് ചെയ്തത്. റസൂൽ ﷺ യിൽ നിന്ന് നേരിട്ട് കേൾക്കാനും പ്രവാചകൻ ﷺ യോടൊപ്പം ജമാഅത്തിൽ പങ്കെടുത്ത് നിർവൃതി കൊള്ളാനുമവർ ആശിച്ചു. അതുകൊണ്ടു തന്നെ റസൂൽ ﷺ യുടെ ജീവിതകാലത്തും പിന്നീട് സ്വഹാബികളുടെയും ത്വാബിഉകളുടെയും കാലത്തുമൊക്കെ പള്ളികളിൽ വരുന്ന സ്ത്രീകൾ ധാരാളമായി ഉണ്ടായിരുന്നു. നമസ്ക്കാരത്തിലും ദൈവസ്മരണയിലും പ്രാർഥനയിലും ഇഅ്തികാഫിലും ഉൽബോധനങ്ങൾ ശ്രവിക്കുന്നതിലുമൊക്കെയായി അവർ സമയം ചിലവഴിച്ചിരുന്നു. ഇതറിയാവുന്ന സമൂഹങ്ങളിലൊക്കെ ഈ സൗകര്യം സ്ത്രീകൾ അഭംഗുരം ഉപയോഗിച്ചുപോരുകയും ചെയ്തു.

സ്ത്രീകളെ തടയുന്നത് അവൾ പള്ളിയിൽ പോവുന്നതിന്റെ പേരിലാവരുത് എന്ന് നാം പറഞ്ഞല്ലോ... അവളുടെ പുറപ്പാടിൽ ഇസ്‌ലാം നിഷ്ക്കർഷിച്ച മാന്യതകളും നിബന്ധനകളും അവൾ പാലിച്ചില്ലാ എന്നതായിരിക്കണം അവരുടെ പുരുഷന്മാർക്ക് അവരെ തടയാനുള്ള മാനദണ്ഡം. എന്നാൽ സ്ത്രീകളാവട്ടെ വളരെ വേഗം അശ്രദ്ധരായി പോവുന്ന ഘടകവുമത്രെ അത്. എത്ര വേഗത്തിലെന്നോ! ആയിഷ (റ) ക്ക് തന്നെ അന്ന്ഇങ്ങിനെ പറയേണ്ടി വന്നു.

لو أنَّ رسولَ اللهِ صلَّى اللهُ عليهِ وسلَّمَ رأى ما أحدثَ النساءُ لمنعهُنَّ المسجد كما مُنعت نساءُ بني إسرائيلَ ...." (صحيح مسلم 445)

“സ്ത്രീകൾക്ക് - ഇന്ന് - സംഭവിച്ചുകൊണ്ടിരിക്കുന്നതെന്തെന്ന് റസൂൽ ﷺ കണ്ടിരുന്നുവെങ്കിൽ ബനീ ഇസ്രാഈലിലെ സ്ത്രീകളെ (അവരുടെ പ്രവാചകൻ) തടഞ്ഞത് പോലെ തിരുമേനി ﷺ തീർച്ചയായും അവർക്ക് പള്ളികൾ തടയുമായിരുന്നു” - മുസ്‌ലിം

സ്ത്രീകളെ സൂക്ഷിക്കണമെന്നും ഇസ്റാഈലീ സമുദായത്തിൽ

ഉടലെടുത്ത ആദ്യത്തെ കുഴപ്പം സ്ത്രീകളിൽ നിന്നായിരുന്നു എന്നും പറയപ്പെട്ട ഹദീഥുകളൊക്കെ ഇതിനിടെ വായനക്കാർ ശ്രദ്ധിച്ചി ട്ടുണ്ടാവും. അവരിലെ നീളം കുറഞ്ഞ ഒരാൾ നീളം കൂടിയ രണ്ടു പേർക്കൊപ്പം സഞ്ചരിക്കവെ ഉയരമൊപ്പിക്കാനായി ഉയരം കൂടിയ ചെരിപ്പു ധരിച്ചു എന്നതായിരുന്നു ആ സംഭവം. ഇതുപോലൊരു തന്ത്രം തന്നെയായിരുന്നു അവരുടെ പള്ളികളിൽ ആ സ്ത്രീകളിൽ ചിലർ വന്നപ്പോഴും ഉപയോഗിച്ചത്. പള്ളിയിൽ മുൻനിരയിലുള്ള പുരുഷന്മാരെ തടസ്സം കൂടാതെ നോക്കിക്കാണാനായി ആ സ്ത്രീകൾ മരത്തിന്റെ കാലുകൾ ഉണ്ടാക്കി ധരിച്ചുവത്രെ. അല്ലാഹു അവർക്ക് അങ്ങിനെ പള്ളികൾ നിഷിദ്ധമാക്കി. ആ സംഭവമാണ് ആയിഷ ﵂ യെ ഇവിടെ സ്മരിപ്പിച്ചത്. റസൂൽ ﷺ മരിച്ച് അരനൂറ്റാണ്ട് തികയു ന്നതിന് മുമ്പാണ് ഈ മാറ്റത്തെക്കുറിച്ച് ആയിഷ ﵂ വ്യാകുലപ്പെട്ടത് എന്ന് നാമോർക്കണം. പുറത്തിറങ്ങുന്ന സ്ത്രീകളിൽ ഇസ്‌ലാമിന്റെ മാന്യത പാലിച്ച് വിജയം വരിക്കുന്നവർ വളരെ കുറവായിരിക്കുമെ ന്നാണ് ഇത് നൽകുന്ന പാഠം.

ശരി, അവൾ അത്തരം അതിർത്തികളൊക്കെ പാലിച്ച് പള്ളിയിൽ വന്നുവെന്ന് തന്നെ വെക്കുക. അവിടെ അവൾക്ക് ഒട്ടേറെ ഇസ്‌ലാമിക വിധികൾ പരിരക്ഷി ക്കാനുണ്ട്. അവൾക്ക് ഇമാം നിൽക്കാൻ പാടില്ല. അത് സ്വഫ്ഫു കളുടെ ഏറ്റവും മുമ്പിലുള്ളതും, പിമ്പിലുള്ളവരെയൊക്കെ നയിക്കേണ്ട ആളുടെ നേതൃസ്ഥാനവുമാണ്. അത് പുരുഷന്മാർക്ക് മാത്രമെ അനുവദിക്കപ്പെട്ടിട്ടുള്ളൂ.

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ .... ﴿٣٤﴾

പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാ കുന്നു - നിസാഅ്: 34.”

ഇത് നാം നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. പുരുഷന്മാരോട് ഏറ്റവും അടുത്തുവരാത്ത വിധമാണ് അവരുടെ സ്വഫ്ഫുകൾ ക്രമീകരിച്ചി രിക്കുന്നത്. അവരുടെ വീടുകളിൽ വെച്ചുള്ള നമസ്ക്കാരമാണ് ഉത്ത മമെന്ന് പറഞ്ഞതിന്റെ യുക്തിയും അത് തന്നെയാണല്ലോ. റസൂൽ ﷺ പറയുന്നു.

"خيرُ صفوفِ الرجالِ أولُها وشرّها آخرَها وخيرُ صفوفِ النساءِ آخرُها وشرَّها أولُها....."
( صحيح مسلم- 440)

"പുരുഷന്മാരുടെ ഏറ്റവും ശ്രേഷ്ഠമായ സ്വഫ്ഫുകൾ അതിന്റെ മുമ്പിലുള്ളവയാണ്, ഏറ്റവും മോശപ്പെട്ടതാവട്ടെ അതിന്റെ പിമ്പിലുള്ളതും. സ്ത്രീകളുടെ ഏറ്റവും ശ്രേഷ്ഠമായ സ്വഫ്ഫുകൾ അതിന്റെ അവസാനത്തിലുള്ളതാണ്. ഏറ്റവും മോശപ്പെട്ടതാവട്ടെ അതിന്റെ മുമ്പിലുള്ളതും" - മുസ്ലിം.

ആദ്യമാദ്യം വരുന്ന സ്വഫ്ഫുകൾ പുരുഷന്മാർക്ക് പിന്നെ കുട്ടികൾക്കും പിന്നെ സ്ത്രീകൾക്കും എന്നിങ്ങനെയാണ് അതിന്റെ ക്രമം. ആണുങ്ങളോടൊപ്പം ആൺകുട്ടികൾ സ്വഫ്ഫിൽ അണിനിരന്നാൽ പോലും സ്ത്രീ ആ സ്വഫ്ഫിൽ വന്നുകൂടാ. അനസ് ബിൻ മാലിക് ﵁ പറയുന്നു: "ഞാനും ഒരു അനാഥബാലനും എന്റെ വല്ല്യുമ്മയും ചേർന്ന് റസൂൽ ﷺ യുടെ പിന്നിൽ നമസ്ക്കരിച്ചു. തിരുമേനി ﷺ യുടെ പിന്നിൽ ഞാനും അനാഥബാലനും ഞങ്ങൾക്കു പിന്നിൽ പ്രസ്തുത വൃദ്ധയും എന്നിങ്ങനെയാണ് സ്വഫ്ഫുകൾ ക്രമീകരിച്ചത്" - മുസ്ലിം.

ജമാഅത്തായി നമസ്ക്കരിക്കുമ്പോൾ ഒരാൾ മാത്രമായി ഒരു സ്വഫ്ഫിൽ നമസ്കരിക്കുന്നത് റസൂൽ ﷺ തടഞ്ഞിട്ടുണ്ട്. ഒന്നുകിൽ അയാൾ തൊട്ടുമുമ്പിലെ സ്വഫ്ഫിൽ ഇടം ശരിപ്പെടുത്തുകയോ അല്ലെങ്കിൽ മുമ്പിലെ സ്വഫ്ഫിൽ നിന്ന് ഒരാളെ പിന്നിലേക്ക് കൊണ്ടുവരികയോ അതുമല്ലെങ്കിൽ ഒരു രണ്ടാമൻ അയാൾക്കൊപ്പം വരുന്നത് വരെ അയാൾ കാത്തിരിക്കുകയോ വേണം. ഒരു സംഭവം ഇങ്ങിനെ റിപ്പോർട്ട് ചെയ്യുന്നു.

أنَّ رَسـولَ اللهِ صلَّى اللهُ عليهِ وسلَّمَ رأى رجلًا يصـلِّي خلفَ الصَّفِّ وحدَهُ فأمرَهُ أن يُعيدَ الصَّلاةَ

(الألباني- صحيح أبي داود 682)

"സ്വഫ്ഫിനു പിന്നിൽ തനിച്ചു നമസ്കരിക്കുന്നതായി ഒരാളെ റസൂൽ ﷺ കണ്ടു. അദ്ദേഹത്തോട് പ്രസ്തുത നമസ്ക്കാരം മടക്കാൻ റസൂൽ ﷺ കൽപിച്ചു."

അതായത്, സ്വഫിനു പിന്നിൽ ഒരാൾ മാത്രമായി ഒരു സ്വഫ്ഫിൽ നമസ്ക്കരിച്ച ആളോട് പ്രസ്തുത നമസ്ക്കാരം ഒരിക്കൽ കൂടി (മടക്കി) നമസ്ക്കരിക്കാൻ റസൂൽ ﷺ കൽപിച്ചുവെന്നു സാരം.

ജമാഅത്ത് നമസ്ക്കരിക്കുന്നവരിൽ പിൻനിരയിൽ ഒറ്റയാൾ സ്വഫ്ഫുണ്ടാവുന്നത് വിലക്കിയ പ്രവാചകൻ ﷺ തന്നെയാണ് ഒരു ചെറിയ ജമാഅത്തായിട്ടുപോലും ഒരാളായിട്ടുപോലും പ്രസ്തുത വൃദ്ധയെ തനിച്ച് ഒരു സ്വഫ്ഫിലേക്കു മാറ്റിയത്. സ്ത്രീക്ക് മുന്നോട്ട്

വന്നു ജമാഅത്തിൽ പുരുഷനോടൊപ്പം ചേർന്നു നിൽക്കാൻ സാധ്യത ഉണ്ടായിരുന്നെങ്കിൽ സ്വന്തം വല്ല്യുമ്മയെ അനസ് رضي الله عنه യോടൊപ്പം നിർത്തുമായിരുന്നല്ലോ. ഒന്നിച്ചു നിൽക്കാനാവില്ലെങ്കിൽ പിന്നെങ്ങിനെയാണ് മുന്നിൽ വന്നു നിൽക്കുക. പതിനാലു നൂറ്റാണ്ടുകളായി മുസ്‌ലിംകളുടെ പാത ഇതായിരുന്നു. അവരാരും മനഃപൂർവ്വം സ്ത്രീകളുൾപ്പെട്ട ഒരു സംഘത്തിന്ന് സ്ത്രീകളെ ഇമാമാക്കുകയോ സ്ത്രീകളും പുരുഷന്മാരും ചേർന്ന് ഇടകലർന്ന് സ്വഫ്ഫ് കെട്ടി നമസ്ക്കരിക്കുകയോ ചെയ്തിട്ടില്ല. ആ രീതി മാറ്റിത്തിരുത്താൻ ഒരു വിശ്വാസിയും ശ്രമിക്കുകയുമില്ല. അല്ലാഹു ﷻ പറയുന്നു:

وَمَن يُشَاقِقِ ٱلرَّسُولَ مِنۢ بَعۡدِ مَا تَبَيَّنَ لَهُ ٱلۡهُدَىٰ وَيَتَّبِعۡ غَيۡرَ سَبِيلِ ٱلۡمُؤۡمِنِينَ نُوَلِّهِۦ مَا تَوَلَّىٰ

وَنُصۡلِهِۦ جَهَنَّمَۖ وَسَآءَتۡ مَصِيرًا ﴿١١٥﴾

"വല്ലവനും സന്മാർഗ്ഗം വ്യക്തമായതിനുശേഷവും റസൂൽ ﷺ യോടു വിഭിന്നത പുലർത്തുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗ്ഗം പിന്തുടരുകയും ചെയ്തുവോ അവൻ പോയ പാട്ടിനു തന്നെ അവനെ നാം തിരിച്ചു വിടുന്നതാണ്. നരകത്തിൽ എരിച്ചു കളയാനായി അവനെ എത്തിക്കുകയും ചെയ്യും. അതെത്ര മോശമായ പര്യവസാനം!" – നിസാഅ് 115

എന്നാൽ സ്ത്രീകൾ മാത്രമുള്ളിടത്ത് അവരെല്ലാം ചേർന്ന് സംഘമായി നമസ്ക്കരിക്കുകയും അവരിലൊരാൾ അവർക്ക് ഇമാമത്ത് നിൽക്കുകയും ചെയ്യുന്നതിൽ വിരോധമൊന്നുമില്ല. ആയിശ رضي الله عنها യും ഉമ്മുസലമ رضي الله عنها യും അപ്രകാരം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം വേളകളിൽ ഇമാമത്ത് നിൽക്കുന്ന സ്ത്രീ ഒന്നാമത്തെ സ്വഫ്ഫിന്റെ മധ്യത്തിലാണ് നിൽക്കേണ്ടത്. പുരുഷന്മാരെപ്പോലെ മുന്നോട്ട് കയറി നിൽക്കേണ്ടതില്ല. ജമാഅത്തിന് നിൽക്കുമ്പോൾ അവർ ബാങ്കോ ഇഖാമത്തോ കൊടുക്കേണ്ടതുമില്ല. എന്നാൽ ബാങ്ക് കൊടുക്കാനായി ഒരു പുരുഷനെ ഏർപ്പെടുത്തുന്നതിൽ വിരോധവുമില്ല. ഉറക്കെ ഖുർആൻ പാരായണം ചെയ്യപ്പെടുന്ന ഫജ്റ്, മഗ്‌രിബ്, ഇഷാഅ് പോലുള്ള നമസ്ക്കാരങ്ങളിൽ പുരുഷന്മാരെപ്പോലെ അവരുടെ ഇമാം ഖുർആൻ ഉറക്കെ പാരായണം ചെയ്യാവതുമല്ല. ഭൂരിപക്ഷം ഫിഖ്ഹി പണ്ഡിതരുടെയും അഭിപ്രായം അതാണ്. എന്നാൽ സ്ത്രീകൾ മാത്രമേ ഉള്ളൂവെങ്കിൽ അതിന്നു വിരോധമില്ലെന്ന അഭിപ്രായക്കാരുമുണ്ടെന്ന് മാത്രം. ഇതൊക്കെയാണ് സ്ത്രീകൾ മാത്രമുള്ള ജമാഅത്തുകളിൽ സ്ത്രീകൾ പാലിക്കേണ്ട മര്യാദകൾ.

എന്നാൽ പുരുഷന്മാരുള്ള ജമാഅത്തുകളിൽ സ്ത്രീകൾ സംബന്ധിക്കുമ്പോൾ ഇനിയും ചിലത് ശ്രദ്ധിക്കാനുണ്ട്. അവർ സ്വഫ്ഫ് നിൽക്കുമ്പോൾ ഏറ്റവും പിന്നിലേക്ക് മാറിയാണ് അത് ചെയ്യേണ്ടത്.

"خيرُ صفوفِ الرجالِ أولُها وشرّها آخرَها وخيرُ صفوفِ النساءِ آخرُها وشرُّها أولُها....."

( صحيح مسلم- 440)

"പുരുഷന്റെ ഏറ്റവും ഉത്തമമായ അണി അതിന്റെ മുമ്പിലുള്ളവയാണ്. ഏറ്റവും മോശപ്പെട്ടതാവട്ടെ അതിന്റെ പിന്നിലേക്കുള്ളതും. സ്ത്രീകളുടെ ഏറ്റവും ശ്രേഷ്ഠമായ അണി അതിന്റെ പിന്നിലേക്കുള്ളതാണ്. മോശപ്പെട്ടതാവട്ടെ അതിന്റെ മുന്നിലേക്കുള്ളതും" എന്ന ഹദീഥ് നേരത്തെ ഉദ്ധരിച്ചത് ഓർക്കുക. ഇടയ്ക്ക് പുരുഷന്മാർ കയറിവന്ന് അണിചേരാൻ സാധ്യതയുള്ള സ്ഥലമാണെങ്കിൽ അതുകൂടി പരിഗണിച്ചായിരിക്കണം അവർ പിന്നിലേക്ക് മാറി അണിനിരക്കേണ്ടത്. പലപ്പോഴും സ്ത്രീകളുടെയും പുരുഷന്മാരുടെയും ഭാഗം വേർതിരിക്കാൻ മറയോ ചുമരോ ഇല്ലാത്തവിധം ഹാളുകളായെന്നു വന്നേക്കും. പ്രവാചക കാലഘട്ടത്തിലെ പള്ളികൾ അപ്രകാരമായിരുന്നു. സ്ത്രീകളും പുരുഷന്മാരും പ്രവേശിച്ചിരുന്നത് പൊതുവായുള്ള വാതിലുകളിലൂടെയായിരുന്നു. ഉമർ ﵁ ന്റെ കാലത്താണ് സ്ത്രീകളുടെ വാതിൽ എന്ന നിലക്ക് അവർക്ക് വന്നുപോവാനായി ഒന്നു സ്ഥാപിച്ചു കിട്ടിയത്.

പ്രത്യേകം വേർതിരിക്കാത്ത ഹാളുകളിൽ വളരെ പിന്നിൽ അപ്രകാരം അണിനിരന്ന സ്ത്രീകൾ മുമ്പിലെ പുരുഷന്മാർ സുജൂദിൽ നിന്നെഴുന്നേറ്റശേഷമേ തല ഉയർത്താവൂ...

ഇമാമിന്ന് എന്തെങ്കിലും മറന്നുപോയാൽ പുരുഷന്മാർ "സുബ്ഹാനല്ലാഹ്" എന്നു പറഞ്ഞാണ് ഇമാമിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതെങ്കിൽ സ്ത്രീകൾ കയ്യടിക്കുകയാണ് ചെയ്യേണ്ടത്. ഇമാം സലാം വീട്ടിക്കഴിഞ്ഞാൽ അദ്ദേഹം ഉടനെത്തന്നെ തിരിഞ്ഞ് മഅ്മൂമുകൾക്കു നേരെ ഇരിക്കാനോ സലാം വീട്ടിയ ഉടൻ തന്നെ പുരുഷന്മാർ പുറപ്പെടാനായി എഴുന്നേൽക്കാനോ അനുവാദമില്ല. സ്ത്രീകൾ ഉടൻ സ്ഥലം വിടാനുള്ള സാവകാശം നൽകാൻ വേണ്ടിയാണിത്. എന്നാൽ അവർക്ക് പ്രത്യേകമായി സ്ഥലം നിർണ്ണയിക്കുകയും മറക്കുകയോ ചുമർവെച്ച് ക്രമീകരിക്കുകയോ അതിന്നു പ്രത്യേകം വാതിൽ വെച്ച് കൊടുക്കുകയോ ചെയ്ത പള്ളികളാണെങ്കിൽ അവർ (സ്ത്രീകൾ) ധൃതിപിടിച്ചു പുറത്തുപോവേണ്ട ആവശ്യമില്ല താനും.

# ജമാഅത്ത്, ഏറ്റവും ചെറിയ ഏകകം

നമ്മുടെ നാടുകളിൽ, ഗ്രാമങ്ങളിൽ, നമ്മുടെ മഹല്ലുകളിൽ സ്ഥാപിക്കപ്പെട്ട ഓരോ പള്ളിയും ആ പ്രദേശത്ത് കഴിഞ്ഞു കൂടുന്ന ഒരു കൊച്ചു സമൂഹത്തിന്റെ ഐക്യത്തിന്റെ പ്രതീകമാണ്. അതൊരു പക്ഷെ മൂന്നോ നാലോ ആളുകൾ മാത്രമുള്ള ഒരു ചെറുസംഘത്തിന്റെ ആശാകേന്ദ്രമാവാം. അല്ലെങ്കിൽ നൂറുകണക്കിനു ആളുകളുൾക്കൊണ്ട ഒരു വലിയ സമൂഹത്തിന്റെ ആശ്വാസഭവനവുമാവാം. അഞ്ചു നേരത്തെ ജമാഅത്ത് നമസ്ക്കാരം മാത്രമല്ല അവിടെ നടക്കുക. സമൂഹത്തിന്റെ ഗതിവിഗതികൾ ആലോചിക്കാനും സ്ഥാപിക്കാനും നിയന്ത്രിക്കാനും സമൂഹത്തെ പ്രബുദ്ധമാക്കാനുമുള്ള കൂടിയാലോചനകൾ അവിടെ നടന്നുവെന്ന് വരാം. ആ മഹല്ല് ആ നാട്ടുകാരുടെ സാമ്രാജ്യവും ആ പള്ളി അതിന്റെ തലസ്ഥാനവുമായി നിലകൊള്ളും. ഇത്തരം കൊച്ചു സാമ്രാജ്യങ്ങൾ ചേർന്ന് വാർഡുകളായി, പഞ്ചായത്തുകളായി, ജില്ലകളായി, സംസ്ഥാനങ്ങളായി അങ്ങിനെയങ്ങിനെ ഒരു വലിയ ഉമ്മത്തിന്റെ മഹാരാഷ്ട്രമായി അത് വികസിക്കുന്നു. മഹല്ലിന്റെ, സമൂഹത്തിന്റെ ചെറിയ യൂണിറ്റായ പള്ളിയിൽ ജമാഅത്തിന് നേതൃത്വം കൊടുക്കാൻ അവൾക്ക് അനുവാദമില്ല. അത് നേതൃത്വമാണ്, ഇമാമത്താണ്. താൻ പ്രതിനിധീകരിക്കുന്ന ജനങ്ങളുടെ നായകസ്ഥാനമാണത്. അവരുമായി പല കാര്യങ്ങളിലും അയാൾക്ക് നിരന്തരം ഇടപെടേണ്ടതുണ്ട്. ഈ കൊച്ചുസമൂഹത്തിന്റെ കാര്യങ്ങൾ നോക്കാൻ പോലും മതം അവളെ അനുവദിക്കുന്നില്ല എന്നാണ് പറഞ്ഞുവരുന്നത്. കാരണം പുരുഷനെയാണ് ആ കാര്യം അല്ലാഹു ഏൽപ്പിച്ചത്. ഇതെഴുതുമ്പോൾ നാലു പ്രമുഖ ഇമാമുകളുടെയും കർമ്മശാസ്ത്ര പണ്ഡിതന്മാരുടെയും ഉദ്ധരണികൾ ഈ വിനീതന്റെ മേശപ്പുറത്ത് നിറഞ്ഞു കിടപ്പുണ്ട്. ദൈർഘ്യഭയം കൊണ്ട് മാത്രമാണ് അവയെ സ്പർശിക്കാതെ വിട്ടേക്കുന്നത്.

ഒരിക്കൽ ജമാഅത്തിന് നേതൃത്വം കൊടുക്കാൻ ഒരു മഹതിക്ക്

റസൂൽ ﷺ അനുവാദം നൽകി.

عن عبدِ الرحمنِ بنِ خلادِ عن أمِّ ورقة (أم ورقة بنت عبدالله بن الحارث).... قال أنَّ رسولَ الله صلى الله عليه وسلم كانَ يزُورُها في بيتِها وجعلَ لها مؤذنًا كانَ يؤذنُ لها وأمرَها أنْ تَؤُمَّ أهلَ دارِهَا قال عبدُ الرحمنِ فأنا رأيتُ مؤذنَها شيخًا كبيرًا

(ابن القيم - أعلام الموقعين -274/2)

ഉമ്മു വറഖഃ رضي الله عنها യെക്കുറിച്ച് അബ്ദുർ റഹ്മാൻ ഖല്ലാദ് ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു: റസൂൽ ﷺ അവരുടെ വീട് സന്ദർശിക്കാറുണ്ടായിരുന്നു. അവർക്ക് (നമസ്ക്കാരത്തിന്) ബാങ്ക് വിളിക്കാനായി ഒരു മുഅദ്ദിനെ തിരുമേനി ﷺ നിയോഗിച്ചു. അവരുടെ വീട്ടുകാർക്ക് (നമസ്കാരത്തിന്) ഇമാമാവാനും ആ മഹതിയോട് കൽപിച്ചു. അബ്ദുർറഹ്മാൻ رضي الله عنه പറയുന്നു. ഞാനവരുടെ ബാങ്കു വിളിക്കാരനെ കണ്ടു; വളരെ പ്രായം ചെന്ന ഒരു വൃദ്ധൻ.

സ്ത്രീകൾക്ക് ഇമാം നിൽക്കാം – അതു പുരുഷന്മാർക്കായാലും – എന്നുള്ളതിനു പരിഷ്കൃത സമൂഹത്തിലെ ചില ആളുകൾ എടുത്തുയർത്തുന്ന ഒരേയൊരു രേഖയാണ് മുകളിൽ കൊടുത്ത ഹദീഥ്. അത്കൊണ്ട് തന്നെ ഇതിനെ അപഗ്രഥനവിധേയമാക്കുന്നത് വായനക്കാർക്ക് ഗുണം ചെയ്തേക്കും. ഇൻഷാ അല്ലാഹ്.

ഉമ്മു വറഖ: സ്വഹാബീ വനിതകളിലെ ഏറ്റവും ശ്രുതിപ്പെട്ടവരിൽ ഒരാളാണ്. ഖുർആൻ ക്രോഡീകരിച്ചവർ, നന്നായി ഖുർആൻ പാരായണം ചെയ്യുന്നവർ, രാവുകളിലും പകലുകളിലും ധാരാളമായി നമസ്കരിക്കുന്നവർ, ദീർഘമായ ഖുർആൻ പാരായണം കൊണ്ടും നമസ്ക്കാരം കൊണ്ടും രാവുകളെ സജീവമാക്കുന്നവർ. ഖുർആനിന്റെ അർഥങ്ങളെയും ആശയങ്ങളെയും ഗഹനമായ ചിന്തകൾക്ക് വിധേയമാക്കുന്നവർ.

ജീവിച്ചിരിക്കെ തന്നെ അവരെ റസൂൽ ﷺ "രക്തസാക്ഷി" എന്നു വിളിച്ചു. തിരുമേനി ﷺ യുടെ മുഅ്ജിസത്തുപോലെ അത് പുലർന്നു. ഉമർ رضي الله عنه ന്റെ കാലത്ത് അവർ അവരുടെ കിടപ്പുമുറിയിൽ വധിക്കപ്പെട്ട നിലയിൽ കണ്ടെത്തി. യുദ്ധമുഖത്തേക്ക് പോവാനും യുദ്ധത്തിൽ രക്തസാക്ഷിയാവാനും അവർ അങ്ങേയറ്റം ആശിച്ചിരുന്നു. ഒരിക്കൽ റസൂൽ ﷺ ബദർ യുദ്ധത്തിനുള്ള ഒരുക്കങ്ങളിലായിരിക്കെ അവർ വന്നു ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരെ! അങ്ങയോടൊപ്പം യുദ്ധം ചെയ്യാനും അവിടു

ത്തെ രോഗികളെ പരിചരിക്കാനും എനിക്കനുവാദം തരിക. ഒരു പക്ഷേ അല്ലാഹു എനിക്ക് രക്തസാക്ഷിത്വവും നൽകിയേക്കാം." തിരുമേനി ﷺ പറഞ്ഞു: "നീ നിന്റെ മുറിയിൽ ഒതുങ്ങിക്കഴിയുക. തീർച്ചയായും അല്ലാഹു നിനക്ക് രക്തസാക്ഷിത്വം നൽകുന്നതാണ്."

അവരങ്ങിനെ ജീവിച്ചിരിക്കെ തന്നെ രക്തസാക്ഷിയെന്ന പേരിന്നുടമയായി. പത്ത് പന്ത്രണ്ടു വർഷങ്ങൾക്ക് ശേഷം ആ പ്രയോഗം സാർഥകമാവുകയും ചെയ്തു.

ഇമാമത്ത് പോലെ തന്നെ ബാങ്കും ഇഖാമത്തും അവർക്ക് ബാധകമല്ല എന്നതിന് തെളിവാണ് അവർക്ക് ഒരു ബാങ്ക് വിളിക്കാരനെ നിയമിച്ചതിലൂടെ നാം മനസ്സിലാക്കേണ്ടത്. അവർക്ക് ജമാഅത്തായി നമസ്കരിക്കാനുള്ള ഉൽക്കടമായ ആഗ്രഹം സഫലീകരിക്കാൻ വേണ്ടിയും അവർക്ക് അനുവദിക്കാൻ പാടില്ലാത്ത ഭാഗമേതാണോ അതിന് പരിഹാരം നൽകുകയുമാണ് ഇവിടെ ചെയ്തത്. അവരുടെ വീട്ടുകാർക്ക് ഇമാമായി നമസ്ക്കരിക്കാനാണ് റസൂൽ ﷺ അവർക്ക് അനുവാദം കൊടുത്തത്. ഇത്തരം സംഭവം ഇതല്ലാതെ വേറെ ഉണ്ടായിട്ടുമില്ല. മറ്റു സ്വഹാബീ വനിതകളൊക്കെ ജമാഅത്തായി അവരുടെ വീടുകളിൽ നമസ്ക്കരിച്ചതായി ചില റിപ്പോർട്ടുകൾ വന്നിട്ടുണ്ടെങ്കിലും അവിടെയൊക്കെ അടിമകളോ സ്വതന്ത്രരോ ആയ ആൺകുട്ടികൾ അവർക്ക് ഇമാം നിന്നതായിട്ടാണ് കാണുക. അംറുബിൻ സലമത്ത് رضي الله عنه അത്തരത്തിൽ പെട്ട ഒരാളായിരുന്നു. അദ്ദേഹം പള്ളിയിൽ ജമാഅത്തിൽ പങ്കെടുത്തതിന് ശേഷം അദ്ദേഹത്തിന്റെ ഗ്രാമത്തിൽ പോയി അവിടെ ജമാഅത്തിന് നേതൃത്വം കൊടുക്കാറ് പതിവുണ്ടായിരുന്നു. അന്ന് അദ്ദേഹത്തിന് ആറു വയസ്സായിരുന്നു പ്രായം.

ഉമ്മു വറഖഃ رضي الله عنها ക്ക് ബാങ്കു കൊടുത്ത വൃദ്ധനായ സ്വഹാബി അവർക്കൊപ്പം നമസ്ക്കരിച്ചുവെന്ന് നാം വിചാരിക്കരുത്. അദ്ദേഹം അദ്ദേഹത്തെ ഏൽപിച്ച ജോലി പൂർത്തിയാക്കി പള്ളിയിലേക്ക് പോയിട്ടുണ്ടാവും. അദ്ദേഹമോ ആ വീട്ടിലെ മറ്റു പുരുഷന്മാരൊ അവിടെ ഉമ്മു വറഖഃ رضي الله عنها ക്കു പിന്നിൽ നമസ്ക്കരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അതുണ്ടാവുകയുമില്ല. കാരണം, മതിയായ കാരണം കൂടാതെ (രോഗി, യാത്രക്കാരൻ) പള്ളിയിൽ ജമാഅത്തിന് വരാത്ത ആളുകളെ അവരുടെ വീടുകളിലിട്ട് വീടടക്കം കത്തിച്ചു കളയാൻ

ഞാൻ ഉദ്ദേശിച്ചുപോയി എന്ന് പ്രവാചകൻ ﷺ പറഞ്ഞിട്ടുണ്ട്.

മദീനാ പള്ളിയിൽ നിന്നും കുറെ ദൂരെ താമസിക്കുന്ന അന്ധനും വൃദ്ധനും സഹായിക്കാനാരുമില്ലാത്തവനുമായ ഒരു സ്വഹാബി, താൻ വരുന്ന വഴി ദുർഘടം പിടിച്ചതാണെന്നും ക്ഷുദ്ര ജീവികളുള്ളതാണെന്നും മറ്റും തന്റെ ദയനീയാവസ്ഥ റസൂൽ ﷺ യോട് വന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിനു പോലും ജമാഅത്തിൽ നിന്നു വിട്ടുനിൽക്കാൻ തിരുമേനി ﷺ അനുവാദം കൊടുത്തില്ല. അവിടുന്ന് ചോദിച്ചു. “ഹയ്യ അലസ്വലാത്ത്, ഹയ്യ അലൽ ഫലാഹ്” (നമസ്കാരത്തിലേക്കു വരുവിൻ, വിജയ ത്തിലേക്കു വരുവിൻ) എന്ന് വിളിക്കുന്നത് നീ കേൾക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ! റസൂൽ ﷺ പറഞ്ഞു: “എന്നാൽ അതിന്നു മറുപടി കൊടുക്കുക തന്നെ വേണം” എന്നാണ്. മറ്റൊരു റിപ്പോർട്ടിൽ “നിനക്ക് ഒരാനുകൂല്യവും ഞാൻ കാണു ന്നില്ല” എന്നാണ്. ഇതൊക്കെ അറിവുള്ള ഒരു സമുദായം എങ്ങിനെയാണ് അവിടെ ആണുങ്ങൾ ഉമ്മു വറഖഃ رضي الله عنها യെ ഇമാമാക്കി അവരുടെ വീട്ടിൽ നമസ്ക്കരിച്ചു എന്നു വിശ്വസിച്ചു പോവുക! അവരോട് റസൂൽ ﷺ കൽപിച്ചത് അവരുടെ വീട്ടിലുള്ള വർക്ക് ഇമാമായി നമസ്ക്കരിക്കാനാണ്. അതായത് അവരോടൊപ്പം വീട്ടിലുള്ള സ്ത്രീകൾക്ക്. വീട്ടിൽ ജമാഅത്തായി നമസ്ക്കരിക്കുന്ന സ്ത്രീകൾക്ക് ബാങ്കോ ഇഖാമത്തോ ഇല്ല. പുരുഷന്മാരെ പോലെ മുന്നോട്ടു കയറി നിന്ന് ഇമാം നിൽക്കലുമില്ല. പകരം അവർ ആദ്യ സ്വഫ്ഫിന്റെ മധ്യത്തിലാണ് നിൽക്കേണ്ടത്.

ഉമ്മു വറഖഃ رضي الله عنها യുടേത് പോലുള്ള ഒരു സംഭവം വേറെ ഉണ്ടായിട്ടില്ല. അതൊരു ഒറ്റപ്പെട്ട അനുഭവമാണ്. ചില ഹദീഥ് പണ്ഡിതന്മാർ ഈ ഹദീഥിന്റെ നിവേദകപരമ്പരയിലെ അബ്ദുർ റഹ് മാൻ ഖല്ലാദ് (عبد الرحمن خلاد) എന്ന ആളെ ‘പിടികൂടു’ന്നുണ്ട്. അദ്ദേഹം അറിയപ്പെടാത്ത ( جهالة ) ആളാണെന്നും അതിനാൽ ഈ ഹദീഥ് പ്രമാണയോഗ്യമല്ലെന്നും പറഞ്ഞാണത്. രണ്ടായാലും ഹദീഥിന്റെ അകക്കാമ്പ് സ്ത്രീകളെ ഉദ്ദേശിച്ചാണെന്ന് മാത്രം ഇവിടെ മനസ്സിലാക്കുക.

സമൂഹവുമായി സംവദിക്കുന്ന ചെറിയ മേഖലയായിരുന്നിട്ടു പോലും നമസ്ക്കാരത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം എത്ര ത്തോളമാണെന്ന് വായനക്കാരെ ധരിപ്പിക്കാനാണ് ഇതുവരെ ഈ അധ്യായം വികസിപ്പിച്ചത്.

# സ്ത്രീ, മറ്റു മേഖലകളിൽ

**പ്രവാചകന്മാർ:** സമൂഹത്തെ സംസ്ക്കരിക്കാനും സമുദ്ധരിക്കാനും നന്മയിലേക്ക് ദിശാബോധനം നടത്താനും മനുഷ്യ ചരിത്രത്തിൽ ലക്ഷക്കണക്കായ നബിമാർ വന്നുപോയി. അവരിൽ അല്ലാഹു جل وعلا ഗ്രന്ഥം നൽകിയവരും അല്ലാത്തവരുമുണ്ട്. ഭരണാധികാരികളും സാധാരണ ജീവിതം നയിച്ചവരുമുണ്ട്. ഭൂഖണ്ഡങ്ങൾ താണ്ടിയവരും ഒരു ദേശത്തു മാത്രം കഴിച്ചുകൂട്ടിയവരുമുണ്ട്. ഒരു നാട്ടിൽ തന്നെ ഒരു പ്രവാചകനും ഒന്നിൽ കൂടുതൽ പ്രവാചകന്മാരായി ഒന്നിച്ചു പ്രവർത്തിച്ചവരുമുണ്ട്. ജനങ്ങളുമായി നേർക്കുനേർ ഇടപെടേണ്ടവർ എന്ന നിലക്ക് സമൂഹത്തിന്റെ പാതി സ്ത്രീകളായിരുന്നിട്ടുപോലും ഒരു നബിയെയോ റസൂലിനെയോ സ്ത്രീകളിൽ നിന്നും അല്ലാഹു جل وعلا നിയോഗിച്ചില്ല. അല്ലാഹു جل وعلا പറയുന്നു:

وَمَآ أَرۡسَلۡنَا مِن قَبۡلِكَ إِلَّا رِجَالٗا نُّوحِيٓ إِلَيۡهِم مِّنۡ أَهۡلِ ٱلۡقُرَىٰٓۗ ﴿١٠٩﴾

"അവർക്ക് ദിവ്യസന്ദേശം നൽകാനായി (ആ) നാട്ടുകാരിൽ നിന്നു (തന്നെയുള്ള) ചില പുരുഷന്മാരെയല്ലാതെ (മറ്റാരെയും റസൂലായി) നിനക്കു മുമ്പ് നാം അയച്ചിട്ടില്ല" - യൂസുഫ് 109. എല്ലാ കാലഘട്ടത്തിലും വന്ന പ്രവാചകന്മാർ പുരുഷന്മാർ!

പ്രവാചകന്മാർ പ്രബോധകരാണല്ലോ. അവരുടെ കാലഘട്ടത്തിലും അവരിൽ നിന്നും വിജ്ഞാനം ഉൾക്കൊണ്ട് അവരുടെ കാലശേഷം നന്മയുടെ സന്ദേശം സമൂഹത്തിലേക്ക് എത്തിക്കാനായി പ്രവർത്തിച്ച പിന്നീടു വന്ന പ്രബോധകന്മാരും അപ്രകാരം തന്നെ പുരുഷന്മാരായിരുന്നു. അവസാന പ്രവാചകനായ മുഹമ്മദ് ﷺ യുടെ കാലഘട്ടത്തിലും പിന്നീട് ഖലീഫമാരും താബിഉകളും തൊട്ടടുത്ത തലമുറയിൽ പെട്ടവരും, അങ്ങിനെ റസൂൽ ﷺ മഹത്വവൽക്കരിച്ച മൂന്നു നൂറ്റാണ്ടിലും പല പ്രദേശങ്ങളിലേക്കായി സഞ്ചരിച്ച പ്രബോധകന്മാരുണ്ടായിട്ടുണ്ട്. അവരിലാരും

സ്ത്രീകളുണ്ടായിട്ടില്ല. സമൂഹ മധ്യത്തിൽ ഇറങ്ങി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വം അവരെ ഏൽപിച്ചിട്ടില്ല എന്നത് കൊണ്ടാണത്. റസൂൽ ﷺ യുടെ ഭാര്യമാരായ നമ്മുടെ വിശുദ്ധ മാതാക്കളും സ്വഹാബീവനിതകളിൽ പലരും ധാരാളം മത വിജ്ഞാനങ്ങൾ ലോകത്തിന് കൈമാറിയിട്ടുണ്ട് എന്ന കാര്യം വിസ്മരിച്ചു കൂടാ. അവരൊക്കെത്തന്നെ അവയത്രയും ചെയ്തത് സമൂഹമധ്യത്തിലേക്കിറങ്ങിയിട്ടായിരുന്നില്ല എന്നു കൂടി ഇതോടൊപ്പം ചേർത്ത് ചിന്തിക്കേണ്ടതാണ്. സൃഷ്ടിപ്പിന്റെ പ്രകൃതം പുരുഷൻ തന്നെ സ്ത്രീക്കും നേതൃത്വം നൽകുക എന്ന നിലക്കാണ്.

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ .... ﴿٣٤﴾

“പുരുഷന്മാർ സ്ത്രീകളുടെ മേൽ രക്ഷാധികാരികളാകുന്നു” - (നിസാഅ് 34) എന്ന് അല്ലാഹു ﷻ വ്യക്തമാക്കുകയും ചെയ്തു.

**ജുമുഅയും ഖുതുബയും:** ആഴ്ചയിലൊരിക്കൽ തന്റെ നാട്ടുകാർ ഒന്നിച്ചുചേർന്ന് ഇബാദത്തിൽ മുഴുകുന്ന ഒരു ചെറിയ സമയമാണത്. അവിടെ അവർക്കുള്ള ഉത്ബോധനവും രണ്ട് റക്അത്ത് നമസ്ക്കാരവും നിർവ്വഹിക്കപ്പെടുന്നു. ഇസ്‌ലാം അതിന്റെ പാഠങ്ങളിലെവിടെയും ഇതിന്റെ നേതൃത്വം സ്ത്രീയെ ഏൽപിച്ചിട്ടില്ല. അങ്ങിനെ ഒന്നുണ്ടെങ്കിൽ അതിന് ആദ്യം സാധ്യത വരുമായിരുന്നത് പ്രവാചകർ ﷺ ന്റെ പ്രിയ പത്നിമാർക്കായിരുന്നു. സത്യവിശ്വാസികളുടെ മാതാക്കളാണല്ലോ അവർ. അവരിൽ റസൂൽ ﷺ യുടെ മരണശേഷം നാല്പത്തേഴു കൊല്ലം ജീവിച്ച ആയിഷ رضي الله عنها യുണ്ട്. രണ്ടായിരത്തി ഇരുനൂറിൽ പരം ഹദീസുകൾ അവർ വഴി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്! മറ്റൊരു സ്വഹാബി വനിതയ്ക്കും അവകാശപ്പെടാൻ കഴിയാത്ത മഹത്തായ കഴിവിന്റെ ഉടമ. നാലു ഖലീഫമാരുടെ കാലത്തും അവർ ജീവിച്ചു, പതിനെട്ടു വർഷം മുആവിയ رضي الله عنه ന്റെ ഖിലാഫത്ത് കാലത്തും. ഈ അരനൂറ്റാണ്ടു കാലത്തിന്നിടയിലെപ്പോഴെങ്കിലും ഒരു ഖുതുബക്ക് നേതൃത്വം കൊടുത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സ്ത്രീയുടെ ഇമാമത്തിന്റെ കാര്യം നാം നേരത്തെ ചർച്ച ചെയ്തതാണല്ലോ. ഖുതുബയാവട്ടെ ജനങ്ങളോടുള്ള സംസാരമാണ്. ഇവ രണ്ടിലും അങ്ങിനെ സംഭവിച്ചിട്ടില്ല.

ഈയടുത്ത കാലത്ത് അമേരിക്കയിൽ ന്യൂയോർക്കിലെ ഒരു

പള്ളിയിൽ ആമിന വദൂദ് എന്ന സ്ത്രീ ജുമുഅ ഖുതുബ നിർവ്വഹിച്ചതായ വാർത്ത നാം ശ്രവിച്ചിട്ടുണ്ടാവും. റഹീൽ റസ എന്ന കനേഡിയൻ സ്ത്രീയും കഴിഞ്ഞ വർഷം ഓക്സ്ഫോർഡിലെ പ്രാർത്ഥനാമുറിയിൽ ഇപ്രകാരം ജുമുഅയും ഖുതുബയും നിർവ്വഹിക്കപ്പെട്ടു. രണ്ടിടത്തും ഇടകലർന്ന് സ്ത്രീകളും പുരുഷന്മാരുമുണ്ടായിരുന്നു. ഖുതുബയുടെയും ജമാഅത്തിന്റെയും സ്വഫ്ഫുകളുടെയും നമസ്ക്കാര സ്ഥലത്തിന്റെയും എല്ലാ നിബന്ധനകളും അവഗണിച്ചാണ് അവരിത് നടത്തിയത്. മുസ്ലിം ലോകം ഒന്നടങ്കം ഇതിനെ എതിർത്തതും അതുകൊണ്ട് തന്നെ. ആ വാർത്തകളൊക്കെയും നാം ഓർക്കുന്നുണ്ടാവും.

# സ്ത്രീയുടെ ജുമുഅ: ചില നിർദ്ദേശങ്ങൾ

ശ്രദ്ധിക്കേണ്ടതും പാലിക്കേണ്ടതുമായ സുപ്രധാനമായ ചില ഘടകങ്ങൾ സ്ത്രീയുടെ ജുമുഅയിലും ജമാഅത്തിലുമുണ്ട്.

1. മുസ്‌ലിം സ്ത്രീകൾക്ക് മാത്രമായി ഒരു ജുമുഅയോ ഖുതുബയോ ഇല്ല. ഇത്തരം ഘട്ടങ്ങളിൽ അവർ ദുഹ്ർ ആണ് നമസ്കരിക്കേണ്ടത്. അവരുടെ ഇമാം ഒന്നാമത്തെ സ്വഫ്ഫിന്റെ മധ്യത്തിലാണ് നിൽക്കേണ്ടത്. ഇമാം മാത്രമായി മുന്നോട്ട് കയറി നിൽക്കാവതല്ല.

2. അവർ ജുമുഅ നമസ്കരിച്ചു പോയെങ്കിൽ അവർ അത് മടക്കി പകരം ദുഹ്ർ നമസ്കരിച്ചാലെ ആ നമസ്കാരം സാധുവാകൂ...

3. ജുമുഅക്ക് നേതൃത്വം കൊടുത്തത് സ്ത്രീയാണെങ്കിൽ അവൾക്ക് പിന്നിൽ നിന്നും നമസ്കരിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും ജുമുഅ നമസ്കാരം അസാധുവായി. അവരെല്ലാവരും പകരം ദുഹ്ർ നമസ്കരിക്കണം.

4. പുരുഷനെ സംബന്ധിച്ചിടത്തോളം, സ്ത്രീയെ ഇമാമാക്കി നമസ്കരിച്ച ജുമുഅ മാത്രമല്ല, അപ്രകാരം നമസ്കരിച്ച മറ്റേത് നിർബന്ധ നമസ്കാരങ്ങളും അയാൾ മടക്കി നമസ്കരിക്കണം.

5. പ്രസ്തുത നമസ്കാരത്തിൽ പുരുഷന്മാരുണ്ടെങ്കിൽ അവരിലൊരാളാണ് അവർക്ക് ഇമാം നിന്നതെങ്കിൽ ആ പുരുഷന്മാർക്ക് ജുമുഅ നമസ്ക്കാരം സാധുവാകും.

6. പുരുഷനാണ് ഇമാമായി നിന്നതെങ്കിൽ അതിൽ പങ്കെടുത്ത സ്ത്രീക്ക് ജുമുഅ ലഭ്യമാവും.

7. സ്വന്തം മഹല്ലു നിവാസികൾ ദിനേന അഞ്ചു നേരവും ജമാഅത്ത് നിർവ്വഹിച്ചു വരുന്ന പള്ളികളാണ് ജുമുഅ നമസ്കാരത്തിനായി തിരഞ്ഞെടുക്കുക.

8. ജുമുഅ നമസ്കരിക്കാൻ തിരഞ്ഞെടുത്ത സ്ഥലം സാധാരണ ജുമുഅ നമസ്കരിക്കുന്ന പള്ളിയോട് ചേർന്നതും അതിൽ നിന്നും കവിഞ്ഞുവന്ന അനുബന്ധ സ്വഫ്ഫുകളുടെ സ്ഥാനവുമായിരിക്കണം. അഥവാ ഇമാമും അദ്ദേഹത്തോടടുത്ത സ്വഫ്ഫുകളും പള്ളിക്കകത്തും ബാക്കി, സ്ഥല പരിമിതി മൂലം പുറത്തേക്ക് സ്വഫ്ഫുകൾ നീണ്ടവയുമായിരിക്കണം.

9. പള്ളിയുടെ പുനരുദ്ധാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട അസൗകര്യം മൂലം മഹല്ല് വാസികൾ പകരം തിരഞ്ഞെടുത്ത താൽക്കാലിക സ്ഥലവും അംഗീകരിക്കപ്പെടും.

10. ഇതൊന്നും ഇല്ലാതെ ഏതെങ്കിലും മൈതാനമോ, മത പഠന ക്യാമ്പോ, സമ്മേളന സ്ഥലം പോലെ വല്ല പരിപാടികളും നടന്നു വരവെ അവയ്ക്കിടെ ആ ഹാളിൽ വെച്ചോ ഉല്ലാസ യാത്രക്കിടെ ചില ദിവസങ്ങളിൽ തങ്ങിയ വിജനപ്രദേശങ്ങളിലോ കപ്പലിലോ തീവണ്ടിയിലോ വിമാനത്തിലോ വെച്ചൊന്നും ജുമുഅ നിർവ്വഹിച്ചു കൂടാ.

11. ഒന്നുകിൽ ജുമുഅ നമസ്കരിക്കപ്പെടുന്ന പള്ളിയിൽ അവരെത്തിച്ചേരണം. അതിനു സാധിക്കാത്ത അവസ്ഥയാണെങ്കിൽ അവർ ദുഹ്ർ നമസ്കരിക്കണം.

ചില മതസംഘടനകൾ നാട്ടിലോ വിദേശത്തോ വെച്ച് വെള്ളിയാഴ്ച നടത്തുന്ന മതപഠന ക്ലാസുകൾക്കിടയിൽ നമസ്കാര സമയമായാൽ അവിടെ വെച്ച് ജുമുഅ നടത്തുന്ന ശീലം പലയിടത്തും കണ്ടുവരുന്നു. മതപരമായ പിൻബലമില്ലാത്ത ഒരു രീതിയാണിതെന്ന് ഗൗരവപൂർവ്വവും സാന്ദർഭികമായും ഇവിടെ സൂചിപ്പിക്കട്ടെ.

പ്രായപൂർത്തിയും വിവേചനശക്തിയും (ബുദ്ധിമാന്ദ്യം ഇല്ലാത്തവൻ) പ്രദേശവാസിയും (ആ നാട്ടുകാരനായ സ്ഥിരതാമസക്കാരൻ) സ്വതന്ത്രനും (അടിമ സമ്പ്രദായത്തിലല്ലാത്ത ആൾ) ആയ എല്ലാ പുരുഷന്മാർക്കുമാണ് ജുമുഅ നിർബന്ധമാവുക. ഇത്തരക്കാർ ഉണ്ട് എന്നതിനാൽ അവർക്കിടയിൽ കഴിഞ്ഞുവരുന്ന വിദേശികൾക്കും അവരോടൊപ്പം ജുമുഅ നമസ്കരിക്കൽ നിർബന്ധമാണ്. ആ നാട്ടുകാരായ സ്ഥിരതാമസക്കാർ ഇല്ലെങ്കിൽ മാത്രമേ ജുമുഅ നമസ്കരിക്കേണ്ട ആവശ്യം അവർക്കില്ലാതാവുകയുള്ളൂ. അടുത്ത ഗ്രാമത്തിൽ നിന്ന് ജുമുഅയുടെ ബാങ്ക് കേൾക്കത്തക്കവിധം തൊട്ടടുത്ത

പ്രദേശത്താണ് അവർ കഴിയുന്നതെങ്കിൽ ആ ജുമുഅയിലേക്കവർ എത്തിച്ചേരേണ്ടതുണ്ട് എന്നും കൂട്ടത്തിൽ ഓർമ്മിപ്പിക്കട്ടെ.

മരുഭൂമിയിലും വിദൂരതോട്ടങ്ങളിലും നീണ്ടകാലം ജോലി ചെയ്യുന്ന തൊഴിലാളികൾ, പെട്രോളിയം ഖനനവുമായി കടലിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, ഉപരിപഠനാർഥം വിദേശ യൂണിവേഴ്സിറ്റികളിൽ കഴിയുന്ന വിദ്യാർഥികൾ, സ്കൂൾ ഒഴിവു വേളകളിൽ കുറെ നാളുകൾ ദൂരെ മരുഭൂമിയിലോ കുന്നിൻ ചെരുവുകളിലോ തമ്പടിച്ചു ഒന്നിച്ചുകൂടുന്ന കുറെ വീട്ടുകാർ തുടങ്ങി വിവിധ മേഖലകളിൽ പെട്ട ആളുകൾ തങ്ങളുടെ താമസസ്ഥലത്ത് ജുമുഅ നമസ്കരിക്കുന്നതിനെ കുറിച്ച് അതാതാളുകളുടെ സംശയങ്ങൾ പണ്ഡിതന്മാർക്കെഴുതുകയുണ്ടായി. ഷൈഖ് ഇബ്നു ബാസിനെ പോലെ വിശോത്തര വ്യക്തിത്വങ്ങൾ നേതൃത്വം നൽകുന്ന പണ്ഡിതസഭ അവർക്കൊക്കെ നൽകിയ ഫത്വകൾ ഒന്നു തന്നെ! "തദ്ദേശവാസികൾ ജുമുഅ നമസ്ക്കരിച്ചു വരുന്ന പള്ളികൾ സമീപത്തുണ്ടെങ്കിൽ നിങ്ങൾ അവിടെ എത്തിച്ചേരുക. അതിന് സാധ്യമാവാത്ത അകലെയാണെങ്കിൽ നിങ്ങൾ ദുഹ്റ് നമസ്ക്കരിക്കുക."

തദ്ദേശവാസികൾ ജുമുഅ നിർവ്വഹിച്ചു വരുന്ന സ്ഥലത്തു മാത്രമെ ഏത് സംഘടനകളും പരിപാടി ഏതായാലും ജുമുഅ നിർവ്വഹിക്കാവൂ എന്നതാണ് ഇത് നൽകുന്ന പാഠം.

# തക്ബീറും തൽബിയ്യത്തും

നമസ്ക്കാരത്തിൽ ഇമാമിന്നു തെറ്റുപറ്റിയാൽ പുരുഷന്മാർ "സുബ്ഹാനല്ലാഹ്" എന്ന് പറഞ്ഞാണ് ഇമാമിന്റെ ശ്രദ്ധയിൽ അത് കൊണ്ടുവരേണ്ടത്. എന്നാൽ സ്ത്രീകളാവട്ടെ രണ്ടു കൈകളും പരസ്പരം അടിച്ചാണ് അക്കാര്യം നിർവ്വഹിക്കുന്നത്. നാമിത് നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. അവരുടെ ശബ്ദം അവിടെ ഒതുക്കപ്പെടുന്നു.

തക്ബീറുകളിലും തൽബിയ്യത്തുകളിലും ഇത് തന്നെയാണ വസ്ഥ. തക്ബീറുകൾ രണ്ടു പെരുന്നാളുകളെ വിളംബരം ചെയ്യുന്നു. ഈദുൽ ഫിത്ർ അഥവാ ചെറിയ പെരുന്നാൾ തക്ബീറുകൾ മാസപ്പിറ കണ്ടതു മുതൽ പെരുന്നാൾ ദിവസത്തിലെ അസർ വരെ അത് തുടരും. പള്ളികളിലും വീടുകളിലും വഴികളിലും അങ്ങാടികളിലും ഒക്കെ അത് ശബ്ദമുയർത്തി സംഘടിതമല്ലാത്ത രൂപത്തിൽ ചൊല്ലപ്പെടുന്നു.

ഈദുൽ അദ്ഹാ അഥവാ ബലിപെരുന്നാളിൽ തക്ബീറിനു രണ്ടു ഘട്ടങ്ങളുണ്ട്.

1. التكبير المطلق അഥവാ പ്രത്യേക പരിധി വെക്കാത്ത തക്ബീർ. ദുൽഹജ്ജ് മാസത്തിന്റെ പിറ കണ്ടതു മുതൽ അയ്യാമുത്തശ്രീഖിന്റെ (തശ്രീഖിന്റെ ദിനങ്ങൾ അഥവാ ദുൽഹജ്ജ് 11,12,13 ദിവസങ്ങൾ) അസർ നമസ്ക്കാരം വരെ പതിനാലു ദിവസങ്ങളിൽ ഏത് സന്ദർഭത്തിലും എപ്പോഴും ചൊല്ലാവുന്നത്. രാവും പകലും വീടും അങ്ങാടികളും വഴികളും വാഹനങ്ങളും എവിടെയും എപ്പോഴും ഇതുപയോഗപ്പെടുത്താം.

2. التكبير المقيد അഥവാ നിയന്ത്രണ വിധേയമാക്കപ്പെട്ട തക്ബീർ. ഈ തക്ബീറിന്റെ സ്ഥാനം നിർബന്ധ നമസ്ക്കാരത്തിന്റെ ജമാഅത്തിന്റെ ശേഷമാണ്. ഒറ്റക്ക് നമസ്ക്കരിക്കുന്ന

വർക്ക് ഇത് ബാധകമല്ല. ദുൽഹജ്ജ് ഒമ്പതിന്റെ ഫജ്റ് നമസ്ക്കാരം മുതൽ അതാരംഭിക്കുകയും തശ്രീഖിന്റെ അവസാന ദിനം അഥവാ ദുൽഹജ്ജ് 13 അസറ് നമസ്കാരത്തോടെ അവസാനിക്കുകയും ചെയ്യുന്നു. നമസ്ക്കാരത്തിൽ നിന്ന് ഇമാം സലാം വീട്ടി اللَّهمَّ أنتَ السَّلامُ ومنْكَ السَّلامُ تبارَكتَ يا ذا الجلالِ والإكرامِ എന്ന ഭാഗം ചൊല്ലിയ ശേഷമാണ് അതാരംഭിക്കുക. മൂന്ന് നിബന്ധനകളാണ് ഇതിന്നുള്ളത്.

1. നിർബന്ധ നമസ്കാരത്തോടോ ജുമുഅ നമസ്കാരത്തോടോ അനുബന്ധിച്ചാവുക.

2. അത് തന്നെ ജമാഅത്ത് നമസ്കാരശേഷമായിരിക്കുക.

3. അതിന് നിശ്ചയിക്കപ്പെട്ട ആദ്യ ജമാഅത്തായിരിക്കുക.

ജമാഅത്ത് നഷ്ടപ്പെട്ടവർ, ഒറ്റക്ക് നമസ്ക്കരിക്കുന്നവൻ, സമയം തെറ്റി ജമാഅത്ത് നമസ്കരിക്കുന്നവർ, സുന്നത്ത് നമസ്ക്കരിക്കുന്നവൻ ഇവർക്കൊന്നും "മുഖയ്യിദ്" ആയ തക്ബീർ ബാധകമല്ല. പണ്ഡിതരിലെ ചില അഭിപ്രായ വ്യത്യാസം പോലെ ഇനി ഒരാൾ അങ്ങിനെ ചെയ്തുവെന്ന് വെച്ച് വിരോധവുമില്ല. മുഖയ്യിദായാലും മുത്ലഖായാലും വായ തുറക്കാത്ത ഒരു വിഭാഗമുണ്ട്. അവരെക്കുറിച്ച് നമുക്കൊന്നും പറയാനില്ല!

"മുഖയ്യിദായ" തക്ബീർ സാധാരണക്കാരിൽ ദുൽഹജ്ജ് ഒമ്പതിന്റെ ഫജ്റ് മുതൽ തുടങ്ങുമെന്ന് പറഞ്ഞല്ലോ. ഇത് ഹാജിമാർക്ക് ദുൽഹജ്ജ് പത്തിലെ ദുഹ്റ് മുതൽക്കാണ് ആരംഭിക്കുക. കാരണം അവർ ഹജ്ജിന്റെ തൽബിയ്യത്തുമായി വ്യാപൃതരായിരിക്കുകയാണല്ലോ.

"മുഖയ്യിദാ"യ തക്ബീർ എന്നത് വളരെ അപൂർവ്വമായ ഒരു ചെറിയ സമയത്തിന്റെ വിനിയോഗമാണ്. ഏതൊരാൾക്ക് അത് നഷ്ടപ്പെട്ടുവോ അത് പിന്നെ അയാൾക്ക് മടക്കിയെടുക്കാൻ കഴിയില്ല. അത് നമുക്ക് താഴെ പറഞ്ഞ പ്രകാരം നിർവ്വചിക്കാം.

1. പെരുന്നാൾ നമസ്ക്കരിച്ച ശേഷം

ഇത് നിർബന്ധ നമസ്ക്കാരമല്ലാത്തതിനാലും, നമസ്ക്കാരശേഷമുള്ള ഖുതുബ ശ്രവിക്കേണ്ടതിനാലും മുഖയ്യിദായ തക്ബീറിനു ഇവിടെ സ്ഥാനമില്ല.

2. നമസ്കാരത്തിൽ നിന്ന് പിൻവാങ്ങിയ ശേഷം സംസാരിച്ചു പോയവർ.

3. പള്ളിയിൽ നിന്ന് പുറത്തിറങ്ങിപ്പോയവർ

4. നമസ്കാരശേഷം നീണ്ട സമയത്തെ വിടവ് വരുത്തിയവർ.

ഈ പറഞ്ഞവർക്കൊക്കെയും അത് ചൊല്ലാനുള്ള സമയം നഷ്ടപ്പെട്ടു. ഒരു പുണ്യം ചെയ്യാനുള്ള വേദി നഷ്ടപ്പെട്ടുവെന്നല്ലാതെ അയാൾക്കതൊരു ദോഷവും വരുത്തുന്നതുമല്ല. ഒരുപാട് സുന്നത്തുകൾ പാഴാക്കി കളയുന്ന നമ്മിൽ പലർക്കും പല പ്രബോധകന്മാർക്കും പള്ളി ഇമാമുകൾക്കു പോലും അപരിചിതമായ ഒരു സുന്നത്തിനെ കുറിച്ച് സാന്ദർഭികമായി ഇവിടെ വിവരിച്ചുവെന്നു മാത്രം. വല്ലവർക്കും ഇത്തരം സുന്നത്തുകൾക്ക് പുനരുജ്ജീവനം നൽകണമെന്നു തോന്നിയാൽ അതിന്റെ ശരിയായ വശം ഉൾക്കൊള്ളാൻ ഈ വിവരണം മതിയാവും.

തക്ബീറുകൾ ഒരേ താളത്തിൽ ഒന്നിച്ചു ചൊല്ലുന്നതോ അല്ലെങ്കിൽ ഒരാൾ ചൊല്ലിക്കൊടുത്ത് മറ്റുള്ളവരെല്ലാം ഏറ്റുചൊല്ലുന്നതോ സുന്നത്തിൽ സ്ഥിരപ്പെടാത്ത കാര്യമായതിനാൽ അതുപേക്ഷിക്കേണ്ടതാണ്.

നമ്മുടെ വിഷയം ഇവിടെ സ്ത്രീകളുടെ പങ്കെന്താണ് എന്നതാണ്. പുരുഷന്മാരെ പോലെത്തന്നെ അവർക്കും തക്ബീർ ചൊല്ലാം. പക്ഷെ അവർ, പുരുഷന്മാരെപ്പോലെ ശബ്ദമുയർത്തി ചൊല്ലാൻ പാടില്ല എന്നു മാത്രം.

**തൽബിയ്യത്ത്:** പെരുന്നാൾ തക്ബീറുകൾ പോലെത്തന്നെ ഹജ്ജിലോ ഉംറയിലോ പ്രവേശിച്ചവർക്ക് ചൊല്ലാൻ നിർദ്ദേശിക്കപ്പെട്ടതും എന്നാൽ പുരുഷന്മാരെപ്പോലെ ഉറക്കെ ചൊല്ലാൻ അനുവദിക്കാത്തതുമായ ഒരു കർമ്മമാണിത്. തൽബിയ്യത്ത് ആരംഭിക്കുന്ന സന്ദർഭം ഹജ്ജിലും ഉംറയിലും ഒന്നാണെങ്കിൽ അതവസാനിക്കുന്നതിൽ വ്യത്യാസമുണ്ട്. മീഖാതിൽ വെച്ച് ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ അയാൾ തൽബിയ്യത്ത് ചൊല്ലിത്തുടങ്ങുന്നു. എന്നാൽ ഉംറ നിർവ്വഹിക്കുന്നവൻ ത്വവാഫ് ആരംഭിച്ചാൽ അവന്റെ തൽബിയത്ത് അവസാനിച്ചു. ഹജറുൽ അസ്‌വദ് തൊട്ടുകൊണ്ടോ അവിടെനിന്ന് കൊണ്ടോ ആണല്ലോ അതാരംഭിക്കുക. എന്നാൽ ഹജ്ജ് ചെയ്യുന്നവൻ ദുൽഹജ്ജ് പത്തിൽ ജംറത്തുൽ

അഖബയിൽ എറിയുന്നത് വരെ അവന്റെ തൽബിയ്യത്ത് തുടരും. റസൂൽ ﷺ യുടെ തൽബിയത്തിന്റെ രൂപം ഇബ്നു ഉമർ رضي الله عنه ൽ നിന്ന് ഇമാം ബുഖാരി ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

لبّيكَ اللّهمّ لبّيكَ لبّيكَ لا شريكَ لَكَ لبّيكَ إنَّ الحمدَ والنّعمةَ لَكَ والملْكَ لا شريكَ لَكَ

നിന്റെ വിളിക്ക് ഇതാ ഞാനുത്തരം നൽകിയിരിക്കുന്നു... അല്ലാഹുവേ... നിന്റെ വിളിക്ക് ഇതാ ഞാനുത്തരം നൽകിയിരിക്കുന്നു... നിന്റെ വിളിക്ക് ഇതാ ഞാനുത്തരം നൽകിയിരിക്കുന്നു... നിനക്ക് യാതൊരു പങ്കുകാരനുമില്ല... നിന്റെ വിളിക്ക് ഇതാ ഞാനുത്തരം നൽകിയിരിക്കുന്നു... നിശ്ചയം സ്തുതിയും അനുഗ്രഹവും നിനക്കു തന്നെ... രാജാധികാരവും നിനക്കു തന്നെ... നിനക്കു പങ്കാളിയായി ആരും തന്നെയില്ല..

# ഖാദിയും ഉത്തരാധികാരിയും

**സ**മൂഹവുമായി നേരിട്ടിടപെടുന്ന സുപ്രധാനമായ മേഖലകളാണ് ഇവ രണ്ടും. ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുകയും വിധി നടത്തുകയും പരിഹരിക്കുകയും ചെയ്യുന്ന ഉത്തരവാദിത്തമാണ് ഖാദിക്കുള്ളത്. കോടതികളിൽ ഗൗരവമായ ചർച്ചകൾക്കും ചിന്തകൾക്കും പരിശോധനകൾക്കും വിധേയമാക്കപ്പെടുന്ന പ്രശ്നങ്ങൾക്ക് ഇസ്‌ലാമിന്റെ ന്യായാധിപൻ ഷരീഅത്തിന്റെ വീക്ഷണമനുസരിച്ച് വിധി നടത്തുന്നു.

ഉത്തരാധികാരിയുടെ സ്ഥിതിയും അപ്രകാരം തന്നെ. ഒരു കാര്യത്തിന്റെ, സ്ഥലത്തിന്റെ, നാട്ടിന്റെ കൈകാര്യകർത്തൃത്വം ഏറ്റെടുക്കലോ എൽപിക്കലോ ആണത്. ഒരു കാരണവരെപ്പോലെ എന്ന് സാമാന്യമായി പറഞ്ഞാൽ വായനക്കാർക്ക് അത് വേഗം ഉൾക്കൊള്ളാനാവും, ഇസ്‌ലാമിന്റെ പ്രോജ്ജ്വലമായ ചരിത്രത്തിലൊന്നും ഈ രംഗങ്ങളിൽ ഖാദിയോ ഉത്തരാധികാരിയോ ആയി ഒരു സ്ത്രീ കടന്നുവന്നതായി രേഖപ്പെടുത്തിയിട്ടില്ല. ഭരണാധികാരവുമായി ബന്ധപ്പെട്ട ഒരധ്യായം തുടർന്നുള്ള വായനക്കിടെ ചർച്ച ചെയ്യാനുള്ളതിനാൽ കൂടുതൽ വിശദീകരണം അവിടെ നമുക്ക് കാണാവുന്നതാണ്. ഇൻഷാ അല്ലാഹ്.

# സാക്ഷിത്വവും അനന്തരാവകാശവും

**പു**രുഷന്റെ പകുതി പരിഗണന നൽകപ്പെട്ട രണ്ട് വേദികളാണ് ഇവ രണ്ടും. അല്ലാഹു ﷻ പറയുന്നു.

.......وَٱسْتَشْهِدُوا۟ شَهِيدَيْنِ مِن رِّجَالِكُمْ ۖ فَإِن لَّمْ يَكُونَا رَجُلَيْنِ فَرَجُلٌ وَٱمْرَأَتَانِ مِمَّن

تَرْضَوْنَ مِنَ ٱلشُّهَدَآءِ أَن تَضِلَّ إِحْدَىٰهُمَا فَتُذَكِّرَ إِحْدَىٰهُمَا ٱلْأُخْرَىٰ ۚ ...... ﴿٢٨٢﴾

“നിങ്ങളിലെ പുരുഷന്മാരിൽ പെട്ട രണ്ടു സാക്ഷികളോട് നിങ്ങൾ സാക്ഷി നിൽക്കാൻ ആവശ്യപ്പെടുക. ഇനി അവർ രണ്ടുപേർ പുരുഷന്മാരായിട്ടില്ലെങ്കിൽ നിങ്ങളിഷ്ടപ്പെടുന്ന സാക്ഷികളിൽ നിന്ന് ഒരു പുരുഷനും രണ്ടു സ്ത്രീകളും ആവാം. അവർ രണ്ടിലൊരുവൾക്ക് തെറ്റ് പറ്റിയാൽ മറ്റവൾ അവളെ ഓർമ്മിപ്പിക്കാൻ വേണ്ടി” – ബഖറ – 282.

രണ്ടു സന്ദേശങ്ങളാണ് ഈ വാക്യത്തിൽ അല്ലാഹു ﷻ ഉൾക്കൊള്ളിച്ചത്. ഒന്ന്. പുരുഷന്നു പകരം സ്ത്രീകളെയാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ അവർ രണ്ടു പേരായിരിക്കണം. രണ്ട്: അത് എന്തിന് വേണ്ടി എന്നതാണ്. ഒരുവൾ മറന്നാൽ മറ്റവൾ ഓർമ്മിപ്പിക്കാൻ വേണ്ടി. അഥവാ ഓർത്തെടുക്കുന്നതിൽ അവൾ പുരുഷനെ അപേക്ഷിച്ചു പിറകിലാണെന്നർഥം.

ബുഖാരി ഉദ്ധരിച്ച ഒരു ഹദീഥുകൂടി ഇതോടൊപ്പം ചേർത്തു വായിക്കാം. അബീ സഈദിനിൽ ഖുദ്‌രിയ്യ് رضي الله عنه പറയുന്നു: റസൂൽ ﷺ ഒരു പെരുന്നാൾ നമസ്ക്കാരത്തിന് ഈദ്ഗാഹിലേക്കു പുറപ്പെട്ടു. സ്ത്രീകളും അപ്പോഴവരെ അനുഗമിച്ചു. തിരുമേനി ﷺ പറഞ്ഞു: “സ്ത്രീ സമൂഹമേ, നിങ്ങൾ ദാനം ചെയ്യുവിൻ. നിശ്ചയം, നരകക്കാരിൽ ഏറ്റവും കൂടുതൽ ഞാൻ കണ്ടത് നിങ്ങളുടെ വിഭാഗത്തെയാണ്.” അപ്പോഴവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ, എന്തുകൊണ്ടാണത്? തിരുമേനി ﷺ പറഞ്ഞു: “അവർ കൂടുതൽ ശപിക്കുന്നവരും

(ശാപവാക്കുകൾ ഉപയോഗിക്കുന്നവർ) അവരുടെ ഭർത്താക്കന്മാരെ (അവർക്കു ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ) നിഷേധിക്കുന്നവരുമാണ്. ബുദ്ധിയും മതവും കുറഞ്ഞവരായിട്ട് കൂടി മനക്കരുത്തുള്ള ഒരാളുടെ ബുദ്ധിയെപ്പോലും പരാജയപ്പെടുത്തുന്നവരായിട്ടല്ലാതെ നിങ്ങളിലൊരാളെയും ഞാൻ കണ്ടിട്ടില്ല." അവർ (സ്ത്രീകൾ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളുടെ മതവും ബുദ്ധിയും ഞങ്ങൾക്ക് കുറഞ്ഞുപോയത് എന്ത്കൊണ്ടാണ്? തിരുമേനി ﷺ പറഞ്ഞു: "(സാക്ഷി നിൽക്കുമ്പോൾ) സ്ത്രീ സാക്ഷിത്വം പുരുഷസാക്ഷിത്വത്തിന്റെ പകുതിയല്ലേ?" അവർ പറഞ്ഞു: "അതെ." തിരുമേനി ﷺ പറഞ്ഞു: "അവർക്ക് ബുദ്ധി കുറവാണ് എന്നതിൽ പെട്ടതാണ് അത്. ആർത്തവകാരികളായാൽ അവൾ നമസ്ക്കരിക്കുന്നില്ലല്ലോ. നോമ്പനുഷ്ഠിക്കുന്നുമില്ല." അവർ പറഞ്ഞു: "അതെ." തിരുമേനി ﷺ പറഞ്ഞു: "അവൾക്ക് മതം കുറവാണ് എന്നതിൽപെട്ടതാണ് അത്."

ബുദ്ധിയുടെ കുറവ് എന്നത് വളരെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. മനുഷ്യപ്രകൃതിയിൽ അല്ലാഹു നിക്ഷേപിച്ച പൊതുവായ ബുദ്ധികൂർമ്മതയുടെ പോരായ്മയായി അത് പരിഗണിക്കപ്പെടുമോ! നിർബന്ധമായും അറിഞ്ഞിരിക്കേണ്ട വിജ്ഞാന സമ്പാദനത്തിൽ അവൾ പുറകിലാണെന്നാണോ! അതോ ബുദ്ധിയും വിജ്ഞാനവും പ്രയോഗിക്കുന്നിടത്തും ഓർത്തെടുക്കുന്നിടത്തുമുള്ള പോരായ്മയാണോ അതിന്നു കാരണം! അല്ലാഹു ﷻ വും അവന്റെ ദൂതരും അടയാളപ്പെടുത്തിയിടത്ത് അതിന്റെ യുക്തി തേടി നാം കൂടുതൽ ചിക്കിച്ചികയാതിരിക്കുകയായിരിക്കും സൂക്ഷ്മതക്ക് നന്നാവുക.

സാക്ഷിത്വം പോലെ പുരുഷന്റെ പകുതി എന്നു പരിഗണിച്ച പല മേഖലകൾ ഇത് മാത്രമല്ലെന്നു കൂടി വായനക്കാർ സാന്ദർഭികമായി ഓർത്തുവെക്കുക. അനന്തരാവകാശ സമ്പത്ത് വിതരണം ചെയ്യുമ്പോൾ ആണിന്റെ പകുതി അവകാശമാണ് പെണ്ണിനു നൽകുന്നത്. നമ്മുടെ നാട്ടിലെ പല പിതാക്കളും ഈ അവകാശം കൈകാര്യം ചെയ്യുന്നിടത്ത് കടുത്ത നീതികേട് കാണിക്കുന്നുണ്ട്. പെൺമക്കളെ കെട്ടിച്ചയക്കുമ്പോൾ അയാളുടെ ജീവിത സമ്പാദ്യത്തിന്റെ വലിയൊരു ഭാഗം നിർബന്ധിതാവസ്ഥയാലോ സ്വാഭീഷ്ടപ്രകാരമോ നൽകുകയും അയാൾ മരണപ്പെട്ടുപോവുമ്പോൾ ഓഹരിവെക്കാൻ അതിനാൽ തന്നെ കാര്യമായൊന്നും ഇല്ലാത്ത അവസ്ഥ വന്നുചേരുകയും ഇനി

വല്ലതും ബാക്കി ഉണ്ടെങ്കിൽ തന്നെ അതിൽ നിന്ന് ആണിന് ഒരോ ഹരിയും പെണ്ണിന് അതിന്റെ പകുതിയും എന്ന പതിവു വിഹിതം വെപ്പുമാണ് നടന്നുവരുന്നത്. ഇതിൽ വലിയ നീതികേട് പ്രത്യക്ഷ ത്തിൽ തന്നെ തോന്നുന്നില്ലേ?

അന്നുഅ്മാൻ ബിൻ ബഷീർ ﷺ എന്ന സ്വഹാബി താനുമായ ബന്ധപ്പെട്ട ഒരു സംഭവം ഇങ്ങിനെ വിവരിക്കുന്നു: "എന്റെ പിതാവ് അദ്ദേഹത്തിന്റെ സ്വത്തിൽ നിന്ന് ചിലത് എനിക്ക് സമ്മാനമായി തന്നു. അപ്പോൾ എന്റെ മാതാവ് അംറഃ ബിൻത് റവാഹഃ ﷺ പറഞ്ഞു: റസൂൽ ﷺ ഇത് അംഗീകരിക്കുന്നത് വരെ ഞാനിത് തൃപ്തിപ്പെടുകയില്ല. അപ്രകാരം എന്റെ പിതാവ് എനിക്കു തന്ന ദാനം സാക്ഷ്യപ്പെടുത്താനായി റസൂൽ ﷺ യുടെ അരികെ വന്നു. റസൂൽ ﷺ അദ്ദേഹത്തോട് ചോദിച്ചു: "നീ നിന്റെ മക്കൾക്കെല്ലാവർക്കും ഇപ്രകാരം ചെയ്തിട്ടുണ്ടോ?" അദ്ദേഹം പറഞ്ഞു: "ഇല്ല." തിരുമേനി ﷺ പറഞ്ഞു:

اتَّقوا اللهَ واعدِلوا في أولادكم ( صحيح مسلم- 1623)

"നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുവിൻ. നിങ്ങളുടെ മക്കളിൽ നിങ്ങൾ നീതി കാണിക്കുകയും ചെയ്യുവിൻ." അങ്ങിനെ എന്റെ പിതാവ് അവിടെ നിന്നും മടങ്ങി. പ്രസ്തുത ദാനം തിരിച്ചെടുക്കുകയും ചെയ്തു. - മുസ്ലിം.

പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്ന മാതാപിതാക്കൾക്ക് ഒരോർമ്മപ്പെടുത്തലായി ഈ സംഭവം ഇവിടെ സമർപ്പിക്കട്ടെ.

**ദിയ്യത്ത്:** ഈ ഘട്ടത്തിലും പുരുഷന്റെ പകുതിയാണ് സ്ത്രീക്ക് കണക്കാക്കിയത്. ദിയ്യത്ത് എന്നത് തെണ്ടം നൽകലാണ്. ഒരാളെ വധിച്ചാൽ വധിക്കപ്പെട്ടവന്റെ അവകാശികൾ സമ്മതിക്കുന്ന പക്ഷം അവർക്ക് ഒരു നിശ്ചിത തുക ചോരപ്പണം നൽകി വധശിക്ഷയിൽ നിന്ന് ഒഴിവാക്കുന്ന രീതിയാണിത്. വധിക്കപ്പെട്ട ആൾ പുരുഷനാണെങ്കിൽ അയാൾക്ക് നൽകാറുള്ള ദിയ്യത്തിന്റെ പകുതി മാത്രമെ വധിക്കപ്പെട്ടവൾ സ്ത്രീയാണെങ്കിൽ നൽകേണ്ടതുള്ളൂ എന്നതാണത്.

**അടിമ മോചനം ( عتق ):** അടിമ സമ്പ്രദായം പലരാജ്യങ്ങളിലും ഇല്ലാതായിട്ടുണ്ടെങ്കിലും പല ആഫ്രിക്കൻ രാജ്യങ്ങളിലും ഇപ്പോഴും അത് നിലനിൽക്കുന്നുണ്ട്. അടിമയെ മോചിപ്പിക്കുക എന്നത് ഇസ്ലാമിലെ ഏറ്റവും ശ്രേഷ്ഠമായ പുണ്യകർമ്മങ്ങളിൽ ഒന്നാണ്. പ്രായശ്ചിത്തമെന്ന നിലക്കും, ഭക്തിമാർഗ്ഗം എന്ന

നിലക്കും മറ്റും വിശുദ്ധ ഖുർആനിൽ അടിമമോചനം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ചില വിഷയങ്ങളിൽ ആദ്യ പരിഹാരം എന്ന നിലക്കും ചിലതിൽ നിർദ്ദേശിക്കപ്പെട്ട ആദ്യത്തെയോ രണ്ടാമത്തെയോ പരിഹാരം സാധ്യമാവാത്തവർക്കുള്ള അടുത്ത പരിഹാരം എന്ന നിലക്കും ഇവ വന്നു ചേർന്നിട്ടുണ്ട്.

ഉദാഹരണമായി ഒരാൾ ഒരു ശപഥം ചെയ്തു. സന്ദർഭവശാൽ അയാൾക്ക് അത് നിറവേറ്റാൻ സാധിച്ചില്ല. ഇങ്ങിനെ പ്രതിജ്ഞ ലംഘിച്ചവരെ അല്ലാഹു പിടികൂടുക തന്നെ ചെയ്യും. ഇതിനുള്ള പ്രായശ്ചിത്തം പത്തു സാധുക്കൾക്ക് ഭക്ഷണം നൽകലാണ്. അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകലാണ്. അതും സാധിച്ചില്ലെങ്കിൽ സത്യവിശ്വാസിയായ ഒരടിമയെ മോചിപ്പിക്കലാണ്. ഇതാണ് ഇതിന്റെ ക്രമം. എന്നാൽ ഈ ക്രമം ഐച്ഛികമാണ്. അയാൾക്ക് ഈ മൂന്നിൽ ആശ്വാസകരമായ ഒന്ന് തിരഞ്ഞെടുക്കാം. അവയൊന്നും സാധിക്കാതെ വരുന്ന ഘട്ടത്തിൽ അവസാനമായൊരു പരിഹാരം കൂടി മതം നിർദ്ദേശിക്കുന്നു. മൂന്നു ദിവസം തുടർച്ചയായി നോമ്പനുഷ്ഠിക്കുക.

നേർച്ച നേർന്നവൻ ( النذر ), (ഞാനൊരിക്കലും അവളെ സമീപിക്കില്ലെന്ന്) സത്യം ചെയ്തവൻ ( الايلاء ) എന്നീ വിഭാഗങ്ങളിലുള്ളവർക്കും അവരത് അങ്ങിനെ ചെയ്തശേഷം അത് നിറവേറ്റാൻ സാധിക്കാതെ വരികയോ അല്ലെങ്കിൽ അതിന്നു ശേഷം അതിനേക്കാൾ മെച്ചപ്പെട്ട മറ്റൊന്നു തോന്നുകയോ ചെയ്താലും മുകളിൽ പറഞ്ഞ ക്രമത്തിലുള്ള പ്രായശ്ചിത്തമാണ് സ്വീകരിക്കുക.

ഇനി പ്രായശ്ചിത്തം വേണ്ട വേറെ മൂന്ന് സന്ദർഭങ്ങളും കൂടിയുണ്ട്. ഒന്ന്: ദിഹാർ ( الظِّهار ) സ്വന്തം ഭാര്യയോട് നീ എന്റെ മാതാവിനെ പോലെ (എനിക്കു നിഷിദ്ധ) യാണെന്ന് പ്രഖ്യാപിച്ച് അവളിൽ നിന്ന് വിട്ടുനിൽക്കുക.

രണ്ട്: റമദാനിന്റെ പകലിൽ സംയോഗം ചെയ്യുക വഴി നോമ്പു മുറിക്കുക.

മൂന്ന്: അബദ്ധത്തിൽ കൊല ചെയ്തു പോവുക.

ഈ മൂന്നവസ്ഥയിലും നിശ്ചയിക്കപ്പെട്ടത് ഒരേ ക്രമമാണ്. ആദ്യം പറഞ്ഞ വിഭാഗത്തിൽ ക്രമം മാറ്റുന്നതിൽ വിരോധമില്ലെങ്കിൽ ഈ അവസാനത്തെ മൂന്ന് വിഭാഗങ്ങളിൽ നിശ്ചിതക്രമം പാലിക്കൽ

നിർബന്ധമാണ്. അതിപ്രകാരം മനസ്സിലാക്കാം.

1. സത്യവിശ്വാസിയായ അടിമയെ മോചിപ്പിക്കുക.

2. (അല്ലെങ്കിൽ) തുടർച്ചയായി രണ്ടു മാസം നോമ്പനുഷ്ഠിക്കുക.

3. (അല്ലെങ്കിൽ) അറുപത് ദരിദ്രർക്ക് ഭക്ഷണമൂട്ടുക.

ഈ ക്രമത്തിൽ ആദ്യം പറഞ്ഞത് അയാൾക്ക് സാധിക്കാതെ വരികയാണെങ്കിൽ മാത്രമേ അടുത്തത് പരിഗണിക്കാവൂ....

മുകളിൽ പരാമർശിച്ച ആറു വിഭാഗങ്ങളിലും പ്രായശ്ചിത്ത മായും പുണ്യം കാംക്ഷിച്ചും അടിമമോചനം നടത്താവുന്നതാണ്. മോചനത്തിന് മൂല്യമായി നൽകുന്നതിൽ പുരുഷന്റെ പകുതിയാണ് സ്ത്രീക്ക് നൽകുക. ഇവിടെയും സ്ത്രീയും പുരുഷനും ഒരുപോലെ യല്ലെന്നർഥം.

**അഖീഖ:** അല്ലാഹുവിന്റെ സാമീപ്യം കാംക്ഷിച്ചുകൊണ്ട് തനിക്ക് ഒരു കുഞ്ഞിനെ തന്ന് അനുഗ്രഹിച്ച അല്ലാഹുവിന്ന് നന്ദിയെന്നോണം നടത്തപ്പെടുന്ന മൃഗബലിയാണ് അഖീഖഃ. പ്രസവത്തിന്റെ ഏഴാം നാളിലാണ് ഇത് നിർവ്വഹിക്കുക. റസൂൽ ﷺ പറഞ്ഞു:

كلُّ غلامٍ رَهينةٌ بعقيقته تُذبَحُ عنهُ يومَ سابعه ويُحلَقُ ويُسَمّى

– الألباني (صحيح أبي داود- 2838)

“ഓരോ കുഞ്ഞും അഖീഖഃക്കു പണയമാണ്. അവന്റെ ഏഴാം നാളിൽ അതിന്നു അറവു നടത്തുക. അന്ന് (ആ ദിവ സത്തിൽ) അവന്ന് പേരിടുക. അവന്റെ തല മുണ്ഡനവും ചെയ്യുക.” – അബൂ ദാവൂദ്, തിർമിദി.

ഏഴിന്ന് സാധിക്കാത്തവർ പതിനാലിനോ ഇരുപത്തി ഒന്നിനോ നിർവ്വഹിക്കാവുന്നതാണ്. എന്നിട്ടും സാധിക്കാതെ വന്നാൽ പിന്നെ സാധിക്കുന്ന ഉടനെത്തന്നെ അത് നിർവ്വഹിക്കാവുന്നതാണ്.

അത് ഐച്ഛികമാണോ നിർബന്ധമാണോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. മുകളിലെ ഹദീഥിൽ നിന്നും ഓരോ കുഞ്ഞിന്റെ മേലും പിതാവിന്നു നിർവ്വ ഹിക്കൽ ബാധ്യതയുള്ള ഒരു കാര്യമായിട്ടാണ് അത് കാണുന്നത്. ഇമാം അഹ്മദ് ﵀ ഈ വിഷയം ചർച്ച ചെയ്തിടത്ത് يقترض ويعق എന്ന് വരെ സൂചിപ്പിച്ചിട്ടുണ്ട്. കടം വാങ്ങിയും അഖീഖഃയറുക്കൂ

എന്ന്.

അഖീഖഃക്കു നിശ്ചയിക്കപ്പെട്ട ഏറ്റവും ഉത്തമമായ മൃഗം ആടാണ്. ഇവിടെയും പുരുഷന്റെ പകുതിയാണ് സ്ത്രീക്കു നിശ്ചയിച്ചത്. പുരുഷന്നു രണ്ടാടുകളും സ്ത്രീക്ക് ഒരാടും. പശുവിനെയും കാള യെയും ഒട്ടകത്തെയുമൊക്കെ ആടിനു പകരം ഉപയോഗിക്കാവുന്ന താണ്. പക്ഷെ ഒരു കുഞ്ഞിന്റെ പേരിൽ അറുക്കുന്നതിനാൽ ആ പ്രായത്തിലുള്ള മറ്റു കുട്ടികളെ ഇതിൽ ഭാഗഭാക്കാക്കാൻ സാധി ക്കില്ല. വുദുഹിയ്യത്തിൽ ഒരു പശുവിൽ ഏഴാൾ പങ്കുചേരുന്നത് പോലെ ഇതിന്നു പറ്റില്ലെന്നർഥം.

ആൺകുട്ടിക്ക് രണ്ടാടുകൾ അറവു നടത്താൻ സാധിക്കാത്തവ നോട് ഒരാടായാലും മതി എന്ന് അഭിപ്രായപ്പെട്ട പണ്ഡിതരുമുണ്ട്. അതെന്തായാലും, ഉത്തമമായ രീതി ആൺകുഞ്ഞിന് രണ്ടാടും പെൺകുഞ്ഞിന് ഒന്നും എന്നതാണ്. അതിന്റെ മാംസം അടുത്തുള്ള കുടുംബങ്ങൾക്കും ബന്ധുക്കൾക്കും കൂട്ടുകാർക്കും അയൽവാസി കൾക്കുമൊക്കെ വിതരണം ചെയ്യാം. അല്ലെങ്കിൽ അവരെയൊക്കെ വിളിച്ചുവരുത്തി പ്രസ്തുത മാംസം പാകം ചെയ്ത സദ്യ നൽകുക യുമാവാം.

**ജിഹാദ്:** പ്രയോഗത്തിലെ ദുരുപയോഗം മൂലം ഏറെ തെറ്റി ദ്ധരിക്കപ്പെട്ട ഒരു പദമാണ് ജിഹാദ്. ഇക്കാലത്ത് അത് കേൾക്കുന്ന വന്ന് വെറുപ്പുളവാക്കുന്ന സ്ഥിതിയിൽ വരെ അതെത്തിച്ചു. തീവ്രനി ലപാടിന്റെ പര്യായമാക്കി ചിലർ അതിനെ മാറ്റി. വേറെ ചിലരാവട്ടെ നമുക്കതൊന്നും ബാധകമല്ല; ശത്രുവിനോട് യുദ്ധം ചെയ്തു വീര മൃത്യു വരിക്കാനാശിക്കുന്നവരുടെ വേദിയാണതെന്ന ഒരു പ്രത്യേക കളത്തിൽ അതിനെ ഒതുക്കി.

വ്യക്തിയുടെ ജീവിത ഭൂമികയിൽ പലപ്പോഴായി വന്നുചേരുന്ന ചില നിമിഷങ്ങളെ - സന്ദർഭങ്ങളെ - അയാൾ സമീപിക്കുമ്പോൾ മതം അയാളോട് കൽപിച്ച അതിനോടുള്ള സമീപനരീതികളി ലൊക്കെ ജിഹാദ് വന്നുചേരുന്നു എന്നതാണ് യാഥാർഥ്യം. അത് സാമൂഹിക തിന്മകളോടാവാം, കുടുംബത്തിൽ നന്മ സ്ഥാപിക്കു ന്നിടത്താവാം, സ്വന്തം ശരീരത്തോടു തന്നെയുമാവാം. വിഷയത്തി ന്റെയും സമീപനത്തിന്റെയും നിയ്യത്തിന്റെയും ഗൗരവമനുസരിച്ച് അതിനുള്ള പ്രതിഫലത്തിൽ ഏറ്റക്കുറച്ചിലുണ്ടാവുമെന്ന് മാത്രം.

ജിഹാദിന്റെ ഏറ്റവും പവിത്രമായ ലക്ഷ്യം അല്ലാഹു ﷻ വിന്റെ വാക്യം ഉയർത്തിപ്പിടിക്കുക എന്നതാണ്. അവിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും പതനമാണ് അത് വഴി വന്നുചേരുക. അല്ലാഹു ﷻ വിന്റെ വാക്യത്തിൽ ഏറ്റവും ഉത്തമമായത് ലാഇലാഹ ഇല്ലല്ലാഹ് എന്നതാണ്. വ്യക്തിയുടെ ആരാധനകളെല്ലാം അല്ലാഹു ﷻ വിന്നായിത്തീരുക എന്നതാണ് അത് അർഥിക്കുന്നത്. അല്ലാഹു ﷻ വിന്റെ സൃഷ്ടികളെയും അല്ലാഹു ﷻ വിന്റെ സൃഷ്ടികൾ അല്ലാഹു ﷻ വിന്റെ ഇതരസൃഷ്ടികളെക്കൊണ്ട് സൃഷ്ടിച്ചുണ്ടാക്കിയ സൃഷ്ടി കളുടെ സൃഷ്ടികളെയും ആരാധിക്കുന്നതിൽ നിന്നെല്ലാമുള്ള അല്ലാഹുവി ﷻ ലേക്കുള്ള ആരാധനാമാറ്റത്തിന്റെ പരിശ്രമമാണത്. അതാണ് ജിഹാദിന്റെ മുഖ്യലക്ഷ്യം. അതാണ് ദീനിന്റെയും മുഖ്യ ലക്ഷ്യം. അതിനാൽ ദീനിന്റെ - മതത്തിന്റെ - സംരക്ഷണവും അതിന്റെ വ്യാപനത്തിൽ പരിശ്രമിക്കലും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കലുമൊക്കെ ജിഹാദിന്റെ ഭാഗമാണ്. സത്യത്തിന്റെ ഭാഗത്ത് നിൽക്കലും സത്യത്തെ സഹായിക്കലും ശാന്തിക്കുവേണ്ടി നിലകൊള്ളലും കുഴപ്പം ഇല്ലാതാക്കാൻ പരിശ്രമിക്കലുമൊക്കെ അപ്രകാരം ജിഹാദ് തന്നെ. അപ്പോഴൊക്കെ ആ മുജാഹിദിന്റെ - ജിഹാദ് ചെയ്യുന്നവന്റെ - മനസ്സിൽ ഒരു ചിത്രം നിറഞ്ഞു നിൽക്ക ണം. അത് അല്ലാഹു എന്തിനാണ് റസൂലിനെ ﷺ നമുക്കിടയിലേ ക്കയച്ചത് എന്നും ഞാനെന്തിനാണ് ആ റസൂലിന്റെ ﷺ അനുധാവ കനായി എന്നതും. അല്ലാഹു ﷻ അത് ഇങ്ങിനെ വ്യക്തമാക്കുന്നു:

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٣٣﴾

"സന്മാർഗദർശനവും യഥാർഥ മതവുമായി തന്റെ റസൂ ലിനെ അയച്ചവൻ അവനത്രെ! എല്ലാ മതങ്ങൾക്കുമുപരിയായി അതിനെ - ആ ഇസ്‌ലാമിനെ - പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുവാൻ വേണ്ടി, ബഹുദൈവാരാധകർ വെറുത്താലും ശരി" - തൗബ: 33.

നന്മയുടെ, സന്മാർഗ്ഗത്തിന്റെ, സത്യദർശനത്തിന്റെ ശാന്തമായ പുലർച്ചയാണത്. ജനങ്ങളെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കലാണത്. നയിക്കുന്നവൻ വെളിച്ചത്തിന്റെ ക്ഷമയുറ്റ വാഹക നാവണം. സ്നേഹത്തിന്റെയും ഗുണകാംക്ഷയുടെയും അന്തസ്സുറ്റ പ്രതീകവുമാകണം. ഒരു അമുസ്‌ലിംഭൂരിപക്ഷ രാഷ്ട്രത്തിൽ ജീവിക്കുന്നവൻ റസൂൽ ﷺ യുടെ മക്കാ ജീവിതത്തിൽ നിന്ന് പാഠമുൾക്കൊള്ളണം. പ്രവാചകത്വത്തിനുശേഷം നീണ്ട പതിമൂന്ന്

വർഷക്കാലത്തെ അവിടുത്തെ പ്രോജ്ജ്വലവും മഹിതവുമായ ജീവിതദർപ്പണത്തിൽ നാമത് ഹൃദയപൂർവ്വം ദർശിച്ചിട്ടുണ്ട്. ഒരു മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രത്തിലാണ് അവൻ ജീവിക്കുന്നതെങ്കിലോ നീണ്ട പത്തുവർഷത്തെ സംഭവബഹുലമായ അവിടുത്തെ മദീന ജീവിതത്തിൽ നിന്നും പാഠമുൾക്കൊള്ളണം. അത് ഇസ്‌ലാമിന്റെ ബൃഹത്തായ പാഠശാലയായിരുന്നു. സ്നേഹത്തിന്റെ വറ്റാത്ത അരുവിയും കാരുണ്യത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന പൂന്തോപ്പുമായിരുന്നു. ഒട്ടനവധി യുദ്ധങ്ങൾ മദീന കേന്ദ്രീകരിച്ചു നടന്നു. ആ വാൾമിന്നലാട്ടവും പോരാട്ടങ്ങളുമൊക്കെ പ്രതിരോധത്തിനു വേണ്ടിയായിരുന്നു. സ്വസ്ഥവും സ്വച്ഛന്ദവുമായ ജീവിതാവസ്ഥയ്ക്കു വേണ്ടിയായിരുന്നു. വാളും അമ്പുകളുമല്ല, തെളിവുകളും വിശദീകരണങ്ങളുമാണ് ഒരു പ്രബോധകന്റെ ആയുധമെന്ന് അവിടുന്ന് പഠിപ്പിച്ചു. ഇസ്‌ലാമിനെ അപ്രകാരം വളർത്താനാണ് റസൂൽ ﷺ ശീലിപ്പിച്ചത്. അനിവാര്യഘട്ടങ്ങളിൽ വാളുകൊണ്ടുള്ള പോരാട്ടവും സംഭവിച്ചു. അവർ ഭീരുക്കളല്ലെന്നും ഇസ്‌ലാമിന്റെ ധീരരായ കാവൽക്കാരാണെന്നും ലോകം അങ്ങിനെ അറിഞ്ഞു. ജിഹാദിനെ അപ്രകാരമൊക്കെയാണ് വിശദീകരിക്കപ്പെട്ടത്. കല്ലുവെട്ടലും മണ്ണ് കുഴക്കലും പടവു നടത്തലും മേൽക്കൂര പണിയലുമൊക്കെയാണ് മുഖ്യമായ വീടുപണി. എന്നാൽ കല്ലുവെട്ടലാണ് വീടുപണി എന്ന് ചുരുക്കുന്നതിലെ ദിശാബോധമില്ലായ്മ ഒന്നാലോചിച്ചു നോക്കൂ... ഇസ്‌ലാമിനെ വാളുകൊണ്ടാണ് വളർത്തിയത് എന്ന വാദക്കാരും ഈ അവസ്ഥയിലാണുള്ളത്. കാരുണ്യത്തിന്റെ ഈ മതത്തെ അങ്ങിനെയാണ് ലോകം പരിഹാസപ്പെടുത്തിയത്. അതിനുവേണ്ടി ജിഹാദിനെ അവർ ദുർവ്യാഖ്യാനം ചെയ്തു. ചില മുസ്‌ലിംകൾ പോലും അനവസരത്തിൽ അസ്ഥാനത്ത് ഉപയോഗിച്ച് അതിനെ വികൃതമാക്കി. മുകളിൽ സൂചിപ്പിച്ച പോലെ തെളിവും വിശദീകരണവുമാണ് ഓരോ ഇസ്‌ലാമിക പ്രബോധകന്റെയും മുഖ്യ ആയുധം. എഴുതാനും സംസാരിക്കാനും കഴിവുള്ള കരുത്തുറ്റ പ്രബോധകന്മാരെ നമുക്കിടയിൽ കാണാം. തന്റെ ശരീരഭാഷയിലും അത് കാണണം. ശരീരവും ജീവിതവും നിശ്ശബ്ദ പ്രബോധനമാക്കിയ പ്രബോധകന്മാർ നമുക്കില്ലല്ലോ എന്നതാണ് ഇക്കാലഘട്ടത്തിന്റെ വേദന. തിന്മയോടും അസത്യത്തോടും അനിസ്‌ലാമിക ജീവിതവൃത്തിയോടും പോരാടാൻ കടപ്പെട്ടവനെ നാം കാണുന്നത് ആൾക്കൂട്ടത്തിനിടയിൽ നിന്ന് തിരിച്ചറിയാൻ കഴിയാത്ത വിധം തിന്മകളോടൊപ്പം ചേർന്നു നിൽക്കുന്ന ഒരാളാ

യിട്ടാണ്. ഏറെ ദുഃഖകരമായ അവസ്ഥയാണത്. ഇത്തരം കാപട്യ ത്തോടുള്ള ജിഹാദ് അയാളിൽ നിന്നു തന്നെ, അയാളോടായിട്ടു തുടങ്ങട്ടെ എന്നാണ് ഓരോ പ്രഭാഷകനോടും എഴുത്തുകാരനോടു മുള്ള അഭ്യർഥന. താടി വടിക്കുന്നവൻ, ബീഡി (സിഗററ്റ്) വലിക്കു ന്നവൻ, കള്ള് കുടിക്കുന്നവൻ, ചൂത് കളിക്കുന്നവൻ, കൊല നടത്തു ന്നവൻ, വ്യഭിചരിക്കുന്നവൻ, അഴിമതിക്കും അനീതിക്കും കൂട്ടുനിൽ ക്കുന്നവൻ, പലിശ തിന്നുന്നവൻ, സ്ത്രീകളോടും കുട്ടികളോടും വൃദ്ധന്മാരോടും ക്രൂരത കാട്ടുന്നവൻ, സംഗീതം ആസ്വദിക്കുന്നവൻ തുടങ്ങിയ തിന്മയുടെ വക്താക്കളെ ഒരു മുസ്‌ലിമിൽ കാണാൻ പാടുണ്ടോ? ഏറ്റവും ചുരുങ്ങിയ പക്ഷം അവരിലെ പ്രബോധകരിൽ കാണാൻ പറ്റുന്നതാണോ ഇതൊക്കെ! എങ്കിൽ ജിഹാദ് തുടങ്ങേണ്ടത് ആ മനുഷ്യരിൽ നിന്നുതന്നെയല്ലേ! ഇതിനെ സ്വന്തത്തോടുള്ള ജിഹാദായിട്ടാണ് നാം കാണേണ്ടത്. അഥവാ ഇസ്‌ലാമിക ഷരീഅത്തിൽ അല്ലാഹു جل وعلا കൽപ്പിച്ച കാര്യങ്ങളേതൊക്കെ യാണോ അതൊക്കെ ചെയ്യുന്നതിലും അല്ലാഹു جل وعلا വിരോ ധിച്ച കാര്യങ്ങളേതൊക്കെയാണോ അതിൽ നിന്നൊക്കെ വിട്ടു നിൽക്കുന്നതിലുമുള്ള ഒരാളുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടിനെ യാണ് സ്വന്തത്തോടുള്ള ജിഹാദ് (جهاد النفس) ആയി ഇസ്‌ലാം പരിചയപ്പെടുത്തുന്നത്.

# ജിഹാദും മാതാപിതാക്കളും

**ജി**ഹാദ് ഏറ്റവും ശ്രേഷ്ഠമായ ഒരു കർമ്മമാണെന്ന് നാം നേരത്തെ വിശദീകരിച്ചുവല്ലോ. മാതാപിതാക്കൾക്ക് പുണ്യം ചെയ്യലും അപ്രകാരം തന്നെ ശ്രേഷ്ഠകരമാണ്. അവ രണ്ടിൽ ഏറ്റവും പുണ്യകരം ഏതാണെന്ന് ചോദിച്ചാൽ എന്ത് പറയും? മാതാപിതാക്കൾക്ക് പുണ്യം ചെയ്യുക എന്നാണുത്തരം. ഒരാൾക്ക് മാതാപിതാക്കളോ അവർ രണ്ടുപേരിൽ ഒരാളോ ജീവിച്ചിരിക്കുന്നുവെങ്കിൽ അവരെ സേവിക്കുന്നതിലാണ് അല്ലാഹു ﷻ കൂടുതൽ പുണ്യം നിക്ഷേപിച്ചിരിക്കുന്നത്. അല്ലാഹു ﷻ വിന്റെ മാർഗ്ഗത്തിലുള്ള ജിഹാദ് അഥവാ جهاد في سبيل الله എന്നത് അല്ലാഹു ﷻ വിന്റെ വാക്യം ഉയർത്തി നിർത്താനുള്ള പോരാട്ടമാണെന്ന് നാം നേരത്തെ വിശദീകരിച്ചല്ലോ... എന്നിട്ടും ഒരാൾക്ക് അത്തരം ഒരാഗ്രഹം വല്ലാതെ തികട്ടി വരുന്നുവെന്നിരിക്കട്ടെ; എങ്കിൽ അദ്ദേഹം മാതാപിതാക്കളിൽ ജീവിക്കുന്നവരാരോ അവരോട് അനുവാദം ചോദിച്ചു മാത്രമെ അതിനു പുറപ്പെടാവൂ... അതിന്റെ ഗൗരവം എത്രമാത്രമാണെന്നതിലേക്ക് ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക. ഇബ്നു മസ്ഊദ് ؓ ഉദ്ധരിക്കുന്നു:

سألتُ النبيّ صلَّى اللهُ عليه وسلَّمَ : أيّ العملِ أحبّ إلى الله ؟ قال الصلاةُ على وقتها قال ثم أيّ ؟ قال ثم برّ الوَالدَين قال ثم أيّ ؟ قال الجهادُ في سبيل الله قال حدثني بهن ولو استزدتُه لزادني. (صحيح البخاري - 527)

അല്ലാഹു ﷻ വിന്റെ റസൂൽ ﷺ യോട് ഞാൻ ചോദിച്ചു: അല്ലാഹുവിലേക്ക് ഏറ്റവും പ്രിയങ്കരമായ കർമ്മമേതാണ്? തിരുമേനി ﷺ പറഞ്ഞു: "നമസ്ക്കാരം അതിന്റെ സമയത്ത് നിർവ്വഹിക്കലാണ്." ഞാൻ ചോദിച്ചു: "പിന്നെ ഏതാണ്?" തിരുമേനി ﷺ പറഞ്ഞു. "മാതാപിതാക്കൾക്ക് നന്മ ചെയ്യലാണ്." ഞാൻ ചോദിച്ചു: "പിന്നെ ഏതാണ്?" തിരുമേനി ﷺ പറഞ്ഞു: "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യലാണ്." അത് സംബന്ധിച്ച് റസൂൽ ﷺ എന്നോട്

സംസാരിച്ചു. ഞാൻ അധികരിപ്പിച്ചിരുന്നെങ്കിൽ (അധികം ചോദിച്ചിരുന്നുവെങ്കിൽ) അദ്ദേഹവും അധികമാക്കിയേനെ.

جاء رجلٌ إلى النبيَ صلَّى اللهُ عليه وسلَّم فاستأذنهُ فِي الجهاد فقال "أحَيٌّ والِداكَ" قال نعم قال "فَفِيهِما فَجاهِدْ" (صحيح البخاري - 304)

അബ്ദുല്ലാഹ് ബിൻ അംറു ﵁ പറയുന്നു: റസൂൽ ﷺ യുടെ അരികിൽ ഒരാൾ വന്നു ജിഹാദിനു അനുവാദം ചോദിച്ചു. തിരുമേനി ﷺ ചോദിച്ചു: "നിന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ?" അദ്ദേഹം പറഞ്ഞു: "അതെ." തിരുമേനി ﷺ പറഞ്ഞു: "എന്നാൽ അവർ രണ്ടു പേരിലുമാവട്ടെ നിന്റെ ജിഹാദ്." (ബുഖാരി)

يا رسولَ اللهِ إنِّي جئتُ أريدُ الجِهادَ معَكَ أبتغي وجهَ اللهِ والدَّارَ الآخرةَ ولقد أتيتُ وإنَّ والديَّ ليبكِيانِ قالَ "فارجع إليْهِمافأضحِكهما كما أبكيتَهما"

- الألباني ( صحيح ابن ماجه – 2260)

മറ്റൊരു റിപ്പോർട്ടിൽ ഒരാൾ വന്നു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ തീർച്ചയായും അല്ലാഹുവിന്റെ മുഖവും പരലോക ഭവനവും കാംക്ഷിച്ച് താങ്കളോടൊത്ത് ജിഹാദ് ചെയ്യാനുദ്ദേശിച്ചാണ് ഞാൻ എത്തിയിരിക്കുന്നത്. എന്റെ വരവ് എന്റെ മാതാപിതാക്കളെ കരയിപ്പിച്ചിട്ടുണ്ട്. തിരുമേനി ﷺ പറഞ്ഞു: "എങ്കിൽ നീ അവരുടെ അരികിലേക്ക് മടങ്ങുക. നീ അവരെ രണ്ടുപേരെയും കരയിപ്പിച്ചതേതുപ്രകാരമാണോ അപ്രകാരം നീ അവരെ ചിരിപ്പിക്കുക." (ഇബ്നു മാജ)

أنَّ رجلًا هاجرَ إلى رسولِ اللهِ صلَّى اللهُ علَيهِ وسلَّمَ منَ اليمَنِ فقالَ هل لَكَ أحدٌ باليمَنِ؟ قالَ أبوايَ قالَ أذنا لَكَ؟ قالَ لا قالَ ارجِع إليهما فاستأذِنْهما فإن أذنا لَكَ فجاهِدْ وإلَّا فبرَّهُما.

( الألباني- صحيح أبي داود 2530)

ഒന്നു രണ്ടു സംഭവങ്ങൾ കൂടി ശ്രദ്ധിക്കുക. അബീ സഈദ് ﵁ ഉദ്ധരിക്കുന്നു. യമനിൽ നിന്നൊരാൾ പലായനം ചെയ്തു റസൂൽ ﷺ യുടെ അടുത്തേക്ക് വന്നു. തിരുമേനി ﷺ അപ്പോൾ ചോദിച്ചു. "യമനിൽ നിനക്കാരെങ്കിലുമുണ്ടോ?" അദ്ദേഹം പറഞ്ഞു: "എന്റെ മാതാപിതാക്കളുണ്ട്." തിരുമേനി ചോദിച്ചു: "അവർ നിനക്കു സമ്മതം തന്നുവോ?" അദ്ദേഹം പറഞ്ഞു: "ഇല്ല." തിരുമേനി ﷺ പറഞ്ഞു: "എങ്കിൽ അവരുടെ അടുത്തേക്ക് നീ മടങ്ങുക. അവരോട് നീ അനുവാദം ചോദിക്കുക. അവർ നിന്നെ അനുവദിച്ചാൽ നീ ജിഹാദ് ചെയ്യുക. ഇല്ലെങ്കിൽ നീയവർക്ക് രണ്ടുപേർക്കും പുണ്യം ചെയ്തു (കഴിയുക)" - അബൂ ദാവൂദ്.

أنَّ جاهمةَ (معاوية بن جاهمة السلمي) جاءَ إلى النَّبيِّ صلَّى اللهُ عليه وسلَّمَ فقالَ "يا رسولَ اللَّه أردتُ أن أغزوَ وقد جئتُ أستشيرُكَ ؟ فقالَ هل لَكَ من أمٍّ ؟ قالَ نعَم ، قالَ فالزَمها فَإنَّ الجنَّةَ تحتَ رجلَيها" -الألباني (صحيح النسائي – 3104)

മുആവിയതുസ്സുലമി ﵁ റസൂൽ ﷺ യുടെ അരികെ വന്നു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരെ! ഞാൻ യുദ്ധം ചെയ്യ ണമെന്നുദ്ദേശിക്കുന്നു. താങ്കളുമായി ചർച്ച ചെയ്യാനാണ് ഞാൻ വന്നിരിക്കുന്നത്." അപ്പോൾ അവിടുന്ന് ﷺ ചോദിച്ചു: "നിനക്ക് മാതാവുണ്ടോ?" (ജീവിച്ചിരിപ്പുണ്ടോ?) അദ്ദേഹം പറഞ്ഞു: "അതെ." അപ്പോൾ തിരുമേനി ﷺ പറഞ്ഞു: "അവർക്കൊപ്പം സ്ഥിരമായി കഴിയുക. നിശ്ചയം അവരുടെ ഇരുപാദ ങ്ങൾക്കു കീഴെയാണ് സ്വർഗ്ഗം." (നസാഈ)

ജിഹാദിന്റെ മാതാപിതാക്കളുമായുള്ള വിവിധ ബന്ധങ്ങളാണ് ഇവിടെ ചർച്ച ചെയ്തത്. ഇവയൊക്കെത്തന്നെ അവലോകനം ചെയ്താൽ ജിഹാദിന്റെ സ്ഥാനം മാതാപിതാക്കളെ സേവിക്കു ന്നതിനു താഴെയാണെന്നു കാണാം. അല്ലാഹു ﷻ വിന്റെ മാർഗ്ഗ ത്തിലുള്ള ജിഹാദ് എന്നത് തീർത്തും വ്യത്യസ്തമാണ്. ഒരി ക്കൽ ഒരാൾ വന്നു റസൂൽ ﷺ യോട് ചോദിച്ചു: യുദ്ധാർജ്ജിത സ്വത്തുക്കൾക്കായി ഒരാൾ യുദ്ധം ചെയ്യുന്നു. വേറൊരാൾ സ്മരണ നിലനിർത്താനായി യുദ്ധം ചെയ്യുന്നു. മറ്റൊരാൾ അയാൾ ക്കൊരിടം കണ്ടെത്താനായി യുദ്ധം ചെയ്യുന്നു. ഇതിൽ ഏതാണ് "ഫീ സബീലില്ലാഹ്" (അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ളത്?) റസൂൽ ﷺ പറഞ്ഞു:

"من قاتلَ لتكونَ كلمةُ اللهِ هي العليا فهوَ في سبيلِ الله".(صحيح البخاري-3126)

അല്ലാഹുവിന്റെ വാക്യം ഉയർത്തിപ്പിടിക്കുന്നതിനായി ഏതൊ രാൾ യുദ്ധം ചെയ്തുവോ അപ്പോഴത് "ഫീ സബീലില്ലാഹ്" ആയി." (ബുഖാരി, മുസ്ലിം.)

# ജിഹാദും സ്ത്രീകളും

**ഇ**ത്തരം ഒരധ്യായത്തിലേക്ക് എത്തിച്ചേരുന്നതിന് വേണ്ടിയാണ് നാമീ വിഷയം ഇതുവരെ പറഞ്ഞുവന്നത്. പുരുഷന്മാരാണ് ഇതുവരെ പറഞ്ഞവയിലൊക്കെയുമുള്ള കഥാപാത്രങ്ങൾ. ഇനി സ്ത്രീകൾക്ക് അത് അനുവദനീയമാണോ എന്നാണ് പരിശോധിക്കേണ്ടത്.

പുരുഷന്മാരുടെ അവസ്ഥപോലും ഇതാണെങ്കിൽ പിന്നെ സ്ത്രീകളുടെ കാര്യം പറയേണ്ടതുണ്ടോ? അവിശ്വാസികളോട് യുദ്ധം ചെയ്യുന്ന ഒരവസ്ഥ സ്ത്രീകൾക്ക് നിശ്ചയിച്ചിട്ടില്ല. അതിനാൽ തന്നെ സൈനിക സേവനം പോലും അവർക്കില്ല. എന്നാൽ സത്യത്തിലേക്കുള്ള പ്രബോധന പ്രവർത്തനങ്ങളുണ്ട്. ഇസ്‌ലാമിക ഷരീഅത്തിനെ വിശദീകരിച്ചു കൊടുക്കലുണ്ട്. അവയൊക്കെയും ഇസ്‌ലാമിന്റേതായ മാന്യത പാലിച്ചുകൊണ്ടും പർദ്ദയാചരിച്ചുകൊണ്ടും സ്ത്രീ-പുരുഷ സങ്കലനം വന്നു ചേരാത്ത വിധവും പുരുഷന്മാരെ ലൈംഗികമായി ഉത്തേജിപ്പിക്കാത്ത വിധവുമായിരിക്കണം.

يا رسولَ الله على النِّساء جِهادٌ؟ قال نعَم، عليهنَّ جِهادٌ لا قتالَ فيهِ الحجّ والعُمرَةُ- الألباني ( صحيح ابن ماجه – 2362)

ഒരിക്കൽ ആയിഷ ﵂ ചോദിച്ചു: അല്ലാഹുവിന്റെ റസൂലെ, സ്ത്രീകൾക്ക് ജിഹാദുണ്ടോ? തിരുമേനി ﷺ പറഞ്ഞു: അതെ അവർക്ക് ജിഹാദുണ്ട്; അതിൽ യുദ്ധമില്ല, ഹജ്ജും ഉംറയുമാണത് – (ഇബ്നു മാജ)

يا رسولَ الله نرى الجهادَ أفضلَ العملِ أفلا نجاهِدُ؟ قال "لا، لكنَّ أفضلَ الجهادِ حجٌّ مبرورٌ"

(صحيح البخاري 1520)

അവർ തന്നെ ചോദിക്കുന്നു. "അല്ലാഹുവിന്റെ റസൂലെ ജിഹാദ് ഏറ്റവും ശ്രേഷ്ഠമായ കർമ്മമായിട്ടാണ് ഞങ്ങൾക്ക് തോന്നുന്നത്. ഞങ്ങൾക്ക് ജിഹാദ് ചെയ്തുകൂടാ എന്നാണോ?" തിരുമേനി ﷺ പറഞ്ഞു: "(പക്ഷേ നിങ്ങൾക്ക്)

ഏറ്റവും ശ്രേഷ്ഠമായ ജിഹാദ് സ്വീകാര്യപ്രദമായ ഹജ്ജാണ്" – (ബുഖാരി).

ശത്രുവിനോട് ഏറ്റുമുട്ടുന്ന വിധം ഒരു ജിഹാദ് സ്ത്രീകൾക്കില്ലാ എന്നതാണ് ഉപര്യുക്ത പരാമർശങ്ങളിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്. അതിനാൽ അവളുടെ കാര്യകർത്താക്കൾ, ജിഹാദിൽ പങ്കെടുക്കുന്നതിൽ നിന്നും സൈന്യത്തിൽ ചേരുന്നതിൽ നിന്നും കരയും കടലും ആകാശവും വഴിക്കുള്ള യുദ്ധവാഹനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിന്നും അവളെ തടയൽ മതദൃഷ്ട്യാ നിർബന്ധമാണ്.

സ്വഹാബീ വനിതകൾ പലരും യുദ്ധഭൂമിയിലേക്ക് പോയതായി ഇസ്ലാമിക ചരിത്രഗ്രന്ഥങ്ങളിൽ നമുക്ക് വായിക്കാനാവും. യുദ്ധത്തിൽ പരിക്കേറ്റവരെ പരിചരിക്കാനും ക്ഷീണിച്ചു വരുന്നവർക്ക് ദാഹജലം നൽകാനും രോഗികളെ ശ്രുശ്രൂഷിക്കാനുമായിരുന്നു അവ. വിശ്രുത ഹദീഥ് ഗ്രന്ഥമായ ബുഖാരിയിൽ ഇത് സംബന്ധിച്ച ഒരധ്യായം തന്നെ നമുക്ക് കാണാനാവും. മുഅവ്വദ് ﷺ ന്റെ പുത്രി റുബയ്യ് ﷺ പറയുന്നു:

كُنَّا مع النبيِّ صلَّى اللهُ عليهِ وسلَّمَ نَسقي ونُداوي الجرحى ، ونَرُدُّ القتلى ( صحيح البخاري – 2882)

"ദാഹജലം നൽകിയും മുറിവേറ്റവരെ ചികിത്സിച്ചും, വധിക്കപ്പെട്ടവരെ (മദീനയിലേക്ക്) എത്തിച്ചും നബി ﷺ യോടൊപ്പം ഞങ്ങളുണ്ടാകാറുണ്ടായിരുന്നു" – ബുഖാരി. ഇത്തരം അനിവാര്യ ദൗത്യം ലക്ഷ്യമാക്കി മാത്രമേ ആവശ്യമെങ്കിൽ അവർ യുദ്ധമുഖത്തേക്ക് പുറപ്പെടാവൂ...

# രക്തസാക്ഷികൾ

**ഈ** ഗ്രന്ഥത്തിൽ ഇത്തരമൊരധ്യായം സാന്ദർഭികമായി ചേർക്കുകയാണ്. ജിഹാദ് പരാമർശിക്കവെ രക്തസാക്ഷികൾ വന്നു ചേരേണ്ടതല്ലേ.... അതെപ്രകാരമാണ്? സ്ത്രീകൾക്ക് അതെങ്ങിനെ ലഭ്യമാവും എന്നൊക്കെയുള്ള ചിന്തകൾ ഉണ്ടായിവരുമല്ലോ.

രക്തസാക്ഷിത്വത്തെ പ്രധാനമായും രണ്ടായി തരം തിരിക്കാം. شهادة حقيقية യഥാർഥ രക്തസാക്ഷിത്വം, شهادة حكمية വിധി പ്രകാരമുള്ള രക്തസാക്ഷിത്വം എന്നിങ്ങനെ. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുകയും അതിൽ വധിക്കപ്പെടുകയും ചെയ്ത മുസ്‌ലിമിനെ 'ഷഹീദ്' എന്നുറയുന്നു. ഇതാണ് യഥാർഥ രക്തസാക്ഷിത്വം. ഈ രക്തസാക്ഷിയെ കുളിപ്പിക്കുകയോ കഫൻ ചെയ്യുകയോ ഇയാൾക്ക് വേണ്ടി മയ്യിത്ത് നമസ്കരിക്കുകയോ ചെയ്യില്ല. ചോരപുരണ്ട ആ വസ്ത്രത്തോടൊപ്പം അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു വീണ മണ്ണേതോ, അവിടെത്തന്നെ മറവു ചെയ്യുന്നു. അദ്ദേഹം നേരത്തെ ധരിച്ച ചോര പടർന്ന ആ വസ്ത്രമല്ലാതെ പുതുതായൊന്നും അദ്ദേഹത്തെ ധരിപ്പിക്കാതെയാണ് ആ മറവു ചെയ്യൽ. ജിഹാദിൽ സ്ത്രീകൾക്ക് കാര്യമായ പങ്കൊന്നും ഇല്ലാത്തതിനാൽ തന്നെ ഇത്തരത്തിലുള്ള രക്തസാക്ഷിത്വത്തിലും അവളുടെ സാന്നിധ്യമില്ലാതാവുന്നു.

രണ്ടാമതു വിഭാഗത്തിൽപ്പെട്ട شهادة حكمية രക്തസാക്ഷിത്വമെന്നത് അവിചാരിതമോ അപൂർവ്വമോ ആയി വന്നുചേരുന്ന ദുരന്തമരണങ്ങളാണ്. കെട്ടിടങ്ങളിടിഞ്ഞു വീണോ, മണ്ണിനടിയിൽ പെട്ടോ വെള്ളത്തിൽ മുങ്ങിയോ തീപ്പിടിത്തത്തിൽ പെട്ടോ ഒക്കെ മരണമടയുന്നവർ, പ്ലേഗ്, വസൂരി, കോളറ, ക്ഷയം പോലുള്ള രോഗങ്ങൾ ബാധിച്ചു മരിക്കുന്നവർ, തന്റെ സ്വന്തം ശരീരമോ സമ്പത്തോ ഭൂമിയോ അഭിമാനമോ സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ വധിക്കപ്പെടുന്നവർ, ഇത്തരം ആളുകളൊക്കെ

അവർ സ്ത്രീകളായാലും പുരുഷന്മാരായാലും രക്തസാക്ഷിക ളായിട്ടാണ് ഇസ്‌ലാം പരിഗണിക്കുന്നത്. റോഡപകടങ്ങളിലോ വിമാനപകടങ്ങളിലോ മരിക്കുന്നവരെയും ഈ ഗണത്തിലാണ് ആധുനിക പണ്ഡിതന്മാർ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗർഭസംബന്ധ മായ അസ്വസ്ഥത മൂലമോ പ്രസവത്തോടനുബന്ധിച്ചോ മരിക്കുന്ന സ്ത്രീകളും ഇപ്രകാരം രക്തസാക്ഷികളാണ്.

സാധാരണ മരണം വരിച്ച സാധാരണക്കാരായ ആളു കൾക്കെന്ന പോലെത്തന്നെയാണ് മേൽപ്പറഞ്ഞ വിഭാഗം രക്തസാക്ഷികളുടെയും മരണാനന്തര ക്രിയകൾ ചെയ്യുക. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടി മരണം വരിച്ച യഥാർഥ രക്ത സാക്ഷികളുടെ വിതാനത്തോളം ഇവരെത്തുകയില്ലെങ്കിലും അല്ലാ ഹുവിന്റെ ദൂതർ ﷺ ഇവരെയും രക്തസാക്ഷികളാക്കിത്തന്നെയാണ് പരിഗണിച്ചിരിക്കുന്നത്.

# ആത്മഹത്യയും മനുഷ്യബോംബും

**ആ**ത്മാവിനെ ശരീരത്തിലേക്കിട്ടുതന്നവനാണല്ലോ അത് തിരിച്ചെടുക്കാനുള്ള അധികാരവും. സൃഷ്ടികൾക്ക് അക്കാര്യത്തിൽ ധൃതിപ്പെടാൻ എന്തധികാരം? പൊതുവെ, ജീവിതം തനിക്ക് ദുസ്സഹമായി എന്നു ജൽപിച്ചാണ് ആളുകൾ ആത്മഹത്യ തിരഞ്ഞെടുക്കുന്നത്. ഈ ജീവിതത്തെ കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും അയാൾക്കുള്ള ധാരണ നന്നെ കുറവാണെന്ന് സമ്മതിക്കലാണ് ഇതിലൂടെ അയാൾ ചെയ്യുന്നത്. ഈ ജീവിതം ദുസ്സഹമാവുന്നവർക്ക് മരിച്ചുപോവാം. എന്നാൽ അടുത്ത ജീവിതത്തിലെ ദുസ്സഹാവസ്ഥ എങ്ങനെ അയാൾ തരണം ചെയ്യും? അവിടെ മരണമില്ലല്ലോ...

ജീവിതത്തിൽ നിന്നുള്ള ഒരുതരം പിൻവാങ്ങലാണ് ആത്മഹത്യ. ഇസ്‌ലാം ഇത് തീർത്തും നിഷിദ്ധമാക്കിയിരിക്കുന്നു. അല്ലാഹു ﷻ പറയുന്നു:

... وَلَا تَقْتُلُوٓاْ أَنفُسَكُمْۚ إِنَّ ٱللَّهَ كَانَ بِكُمْ رَحِيمًا ﴿٢٩﴾ وَمَن يَفْعَلْ ذَٰلِكَ عُدْوَٰنًا وَظُلْمًا فَسَوْفَ نُصْلِيهِ نَارًاۚ ...... ﴿٣٠﴾

“നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും അരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങിനെ ചെയ്യുന്ന പക്ഷം പിന്നീട് നാമവനെ നരകാഗ്നിയിലിട്ടു എരിയിക്കുന്നതാണ്” – നിസാഅ് 29, 30.

നരകമാണ് ആത്മഹത്യ ചെയ്യുന്നവന്റെ പരലോകം. അവൻ തന്റെ മരണം സാധിക്കാൻ അവലംബിച്ച രീതിയേതോ അത് തന്നെയാണ് അവന്റെ നരകശിക്ഷയുടെ രീതിയും. അയാൾ എത്ര പുണ്യവാളനായി ജീവിച്ചാലും ശരി. പല യുദ്ധങ്ങളിലും റസൂൽ ﷺ യോടൊപ്പം പങ്കെടുക്കുകയും യുദ്ധവേളകളിൽ തന്റെ മുന്നിൽ വന്നുപെടുന്ന ഒരു ശത്രുവെയും വെറുതെ വിടാതെ തന്റെ വാളി

നിരയാക്കി മരണം രുചിപ്പിച്ചു വിടുകയും ശീലമാക്കിയ ഒരാളെപ്പറ്റി ഹദീഥ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്. സ്വഹാബികൾ അദ്ദേഹത്തെ ഏറെയേറെ വാഴ്ത്തിപ്പറഞ്ഞു. ഞങ്ങളദ്ദേഹത്തെപ്പോലെയായിരുന്നെങ്കിൽ എത്ര നന്നായേനെ എന്നുവരെ! റസൂൽ ﷺ പറഞ്ഞു: "അയാൾ നരകത്തിലാണ്" എന്ന്. സ്വഹാബികൾ പലരും അതുകേട്ടു മുഖത്തോട് മുഖം നോക്കി കൗതുകപ്പെട്ടു. അതെങ്ങിനെ?! ഒരാൾ തങ്ങൾക്കൊപ്പം നിന്നു പൊരുതുകയും യുദ്ധഭൂമിയിൽ ഒരവിശ്വാസിയെയും വെറുതെ വിടാതെ തിരഞ്ഞുപിടിച്ചു വധിക്കുകയും ചെയ്യുന്നവൻ നരകത്തിലാവുകയോ! പ്രവാചകൻ ﷺ യാണല്ലോ പറഞ്ഞത്. അവർ അദ്ദേഹത്തെ പിന്നെ നിരീക്ഷിക്കാൻ തുടങ്ങി. അദ്ദേഹത്തിന് യുദ്ധമുഖത്തുനിന്ന് ഒട്ടനവധി മുറിവുകൾ പറ്റിയിട്ടുണ്ട്. നന്നായി വേദന സഹിക്കുന്നു. അവസാനം അവരത് കണ്ടു. അദ്ദേഹം തന്റെ വാൾത്തലം മുകളിലേക്കാകും വിധം മണ്ണിൽ നാട്ടി നിർത്തി അയാൾ അതിന്മേലേക്കു വീണു. വാൾത്തലം അയാളുടെ നെഞ്ചിലൂടെ കടന്നു അദ്ദേഹത്തിന്റെ പുറം പിളർന്നു പുറത്തുവന്നു. അയാളങ്ങിനെ ആത്മഹത്യ ചെയ്തു. ഇതുകണ്ട സ്വഹാബി صدق رسول الله (അല്ലാഹുവിന്റെ റസൂൽ പറഞ്ഞത് സത്യം) എന്ന് വിളിച്ചു പറഞ്ഞു. റസൂൽ ﷺ യാതൊന്നും സ്വമേധയാ പറയുന്നവരല്ലെന്ന് അവർക്കറിയാം. എല്ലാം അല്ലാഹുവിന്റെ വഹ്‌യു പ്രകാരമല്ലാതെ ഇല്ല. അവർക്കിടയിൽ ജീവിച്ച, അവർ വിസ്മയത്തോടെ ദർശിച്ച ഒരു നല്ല വ്യക്തിത്വത്തിന്റെ ഉടമ! പ്രവാചകൻ ﷺ ഇപ്രകാരം ഒന്ന് മുഅ്ജിസത്തായി പറയുമ്പോൾ, അവർ അത് കാത്തിരിക്കുകയായിരുന്നു. എങ്ങിനെയാണ് ആ പര്യവസാനമെന്ന്. നല്ലവനായി ജീവിച്ചാലും സ്വന്തം ജീവനിൽ ക്ഷമ കാണിക്കാതെ സ്വയം അവസാനിപ്പിച്ചാൽ വ്യക്തി നരകത്തിൽ പതിക്കുമെന്ന് അവരെ തിരുദൂതർ ﷺ പഠിപ്പിക്കുകയായിരുന്നു.

ആളുകൾ ആത്മഹത്യക്കു തിരഞ്ഞെടുക്കുന്ന മാർഗ്ഗങ്ങൾ പലതാണ്. അപ്രകാരം തന്നെയാണ് നരകത്തിൽ അയാൾ ശിക്ഷിക്കപ്പെടുന്നതും. നാം അത് നേരത്തേ പറഞ്ഞല്ലോ വിഷം കഴിച്ചു മരിച്ചവൻ, അയാൾ അവിടെ വിഷം കഴിച്ചുകൊണ്ടേയിരിക്കും. കത്തി കൊണ്ടു സ്വയം കുത്തി മരിച്ചവൻ നരകത്തിൽ അപ്രകാരം കുത്തിക്കൊണ്ടേയിരിക്കും. വല്ല ഉയരത്തിൽ നിന്നും താഴേക്കു ചാടി മരിച്ചവനും അപ്രകാരം തന്നെ നരക

ത്തിൽ താഴേക്കുചാടി ശിക്ഷിക്കപ്പെടുന്നു. ഇങ്ങിനെ സ്വയം നാശത്തെ തിരഞ്ഞെടുത്തവർക്ക് എവിടെ ഒരു മോചനം! അല്ലാഹു ﷻ പറയുന്നു.

وَلَا تُلْقُواْ بِأَيْدِيكُمْ إِلَى ٱلتَّهْلُكَةِ ..... ﴿١٩٥﴾

"നിങ്ങളുടെ കൈകളെ, നിങ്ങൾ തന്നെ നാശത്തിലേക്കിടരുത്" – ബഖറ: 195.

**മനുഷ്യ ബോംബുകൾ:** ഇത് തന്നെയാണ് ആത്മഹത്യാ സ്ക്വാഡായി പ്രവർത്തിക്കുന്നവന്റെയും സ്ഥിതി. അയാൾ ഇതൊരു സൽക്കർമ്മമായിട്ടാണ് കാണുന്നത്. അല്ലെങ്കിൽ അങ്ങിനെയാണ് അയാളെ പഠിപ്പിച്ചുവിട്ടത്. ജിഹാദിന്റെ മഹത്വവും "ഫീസബീലില്ലാ" യുടെ പുണ്യവും ഒക്കെ അയാളിൽ നന്നായി കുത്തിവെച്ചു കൊടുത്തിട്ടുണ്ടാവും. ഏറ്റവും മഹത്തരമായ ഒരു പുണ്യകർമ്മത്തെ പൊതുസമൂഹത്തിൽ ബീഭത്സാത്മകവും അവഹേളനാപരവുമായ ഒരു ചിത്രമാക്കി അവതരിപ്പിച്ചത് ഇത്തരക്കാരാണ്.

മനുഷ്യ ബോംബാവാൻ തീരുമാനിച്ചവൻ ആത്മഹത്യയ്ക്ക് ഒരുങ്ങിയവനാണ്. അയാളുടെ ലക്ഷ്യത്തിൽ പുണ്യം ഉദ്ദേശിച്ചാൽ തന്നെ അതിന് തിരഞ്ഞെടുത്ത മാർഗ്ഗം നിഷിദ്ധമായതാണ്. ഇസ്‌ലാമാവട്ടെ ലക്ഷ്യവും മാർഗ്ഗവും പരിശുദ്ധമാക്കാൻ നിർബന്ധിപ്പിക്കപ്പെട്ട മതമാണ്. ശത്രുവിനെ തകർക്കുകയാണ് അയാളുടെ ലക്ഷ്യം. ശത്രു ഒരു രാഷ്ട്രമാവാം, സമൂഹമാവാം, ഒരു വ്യക്തിയുമാവാം. ഇവിടെ തന്റെ പരിശ്രമം വിജയിച്ചോ ഇല്ലേ എന്നത് അയാളറിയുകയില്ല. എന്തെന്നാൽ മനുഷ്യ ബോംബായവൻ ഇവിടെ തകർന്നിരിക്കും. ഒരു പക്ഷെ അയാളുടെ ശരീരം മറവുചെയ്യാൻ പോലും പറ്റാത്ത വിധം ഒരു ശേഷക്രിയക്കും സാധ്യമാവാത്ത വിധം മാംസത്തിന്റെ അലക്ഷ്യമായ വീശലിൽ അപ്രത്യക്ഷമായിട്ടുണ്ടാവും. മറുവശത്താവട്ടെ ആ സ്ഫോടനം തകർത്തെറിഞ്ഞത് പലതാവാം. അതിൽ നിരപരാധികളുണ്ടാവാം. വൃദ്ധരും സ്ത്രീകളും കുട്ടികളും കെട്ടിടങ്ങളും കൃഷികളും കന്നുകാലികളും അങ്ങിനെയങ്ങിനെ. യുദ്ധത്തിൽ പോലും കർശനമായി പരിപാലിക്കാൻ പറഞ്ഞ കാര്യങ്ങളാണ് ഇവയൊക്കെ. വൃദ്ധരെയും കുട്ടികളെയും സ്ത്രീകളെയും മത നേതാക്കളെയും വധിക്കരുതെന്ന് അത് പഠിപ്പിച്ചു. തോട്ടങ്ങളും ഭവനങ്ങളും നശിപ്പിക്കരുതെന്നും നിർബന്ധിച്ചു. മഹത്തായ ഒരു ജീവിതസംസ്കാരത്തിന്റെ ശീലങ്ങളാണവ.

അയാളുടെ ഭാഗത്താകട്ടെ ആ വിയോഗം മൂലം ആശയറ്റുപോയ –

ആശ്രയമറ്റുപോയ ഒരു കുടുംബമുണ്ടായേക്കാം. അയാളിലൂടെയല്ലാതെ പരിഹരിക്കാനാവാത്ത ഉത്തരവാദിത്വങ്ങളുണ്ടായേക്കാം. അയാളുടെ വികലമായ തീരുമാനമുണ്ടാക്കിയ നഷ്ടങ്ങളുടെ കണക്കുകളും വലിയതായേക്കാം. ഇതൊക്കെ ജീവിച്ചിരിക്കുന്ന കുടുംബത്തിന്റെ നനവു വറ്റാത്ത വേദനകളായി അവശേഷിക്കുക തന്നെ ചെയ്യും.

# അൽബർറാഅ് ബ്നു മാലിക് ﷺ

റസൂൽ ﷺ യുടെ സേവകനായിരുന്ന അനസ് ബിൻ മാലികി ﷺ ന്റെ ഇളയ സഹോദരനാണിദ്ദേഹം. മനുഷ്യബോംബായി വർത്തി ക്കുന്നതിന് ഇദ്ദേഹവുമായി ബന്ധപ്പെട്ട ഒരു സംഭവത്തെ ഉദാഹര ണമായി ചിലർ ഉപയോഗിക്കാറുണ്ട്.

റസൂൽ ﷺ യുടെ അവസാനകാലത്ത് അറേബ്യൻ ഉപഭൂഖണ്ഡ ത്തിന്റെ ചില പ്രദേശങ്ങളിൽ ചുരുക്കം ചില കള്ളപ്രവാചകന്മാർ പ്രത്യക്ഷപ്പെടുകയുണ്ടായി. അതിൽ ആൾബലം കൊണ്ടും സൈനി കശക്തി കൊണ്ടും മികച്ചു നിന്നിരുന്ന ഒരാളായിരുന്നു യമാമയിൽ നിന്നുള്ള മുസൈലിമഃ. സാമ്പത്തികമായും സൈനികമായും മുസ്‌ലിംകളെ നന്നായി പരിക്കേൽപ്പിക്കുകയും പുതുതായി ഇസ്‌ലാ മിലേക്കു വന്ന മുസ്‌ലിംകളുടെ വിശ്വാസ വിചാരങ്ങളിൽ ആശയ ക്കുഴപ്പമുണ്ടാക്കുകയും ചെയ്തു അയാൾ. അതിനാൽ തന്നെ അയാ ളെയും സംഘത്തെയും നശിപ്പിക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ ബാധ്യതയായിത്തീർന്നു. ദിവസങ്ങളായുള്ള മുന്നേറ്റത്തിന്റെയും പരിശ്രമത്തിന്റെയും അവാസനദിനങ്ങളിൽ വലിയ കോട്ട പോലെ ഉയർന്നു നിൽക്കുന്ന ചുറ്റുമതിലുള്ള ഒരു തോട്ടത്തിനകത്ത് അയാൾ കയറി അതിന്റെ കവാടമടച്ചു സാക്ഷയിട്ടു. മുസ്‌ലിം സേനക്ക് അതി ന്നകത്ത് കയറാൻ ഒരു മാർഗ്ഗവുമുണ്ടായിരുന്നില്ല. അവരാകട്ടെ അതിന്നകത്ത് നിന്ന് കാച്ചിപ്പഴുപ്പിച്ച ലോഹങ്ങളും അമ്പുകളും കുന്തങ്ങളും പുറത്തേക്ക് എറിഞ്ഞുകൊണ്ടുമിരുന്നു. തോട്ടവാതിൽ തുറന്ന് അകത്തുള്ളവരെ കൊന്നൊടുക്കുക എന്ന ഒരേയൊരു മാർഗ്ഗം മാത്രമെ അവരുടെ മുമ്പിലുണ്ടായിരുന്നുള്ളു. അതെങ്ങിനെ യെന്നതിന്ന് യുക്തമായ ഒരാശയവും അവർക്കുമുമ്പിൽ തെളിഞ്ഞു വന്നില്ല. സങ്കീർണ്ണമായ ഈ നിമിഷത്തിലാണ് അൽ ബർറാഅ് ﷺ ന്റെ (البراء بن مالك رضي الله عنه) ദൗത്യം നാമെടുക്കുന്നത്. അദ്ദേഹം തന്റെ സഹസൈനികരോട് പറഞ്ഞു; കുന്തത്തിനു മുകളിൽ പരിച

കമഴ്ത്തിവെച്ച് അതിനു മുകളിൽ ഞാൻ കയറി നിൽക്കാം. നിങ്ങൾ കുന്തം മതിലിനു മുകളിലേക്കു പൊക്കിത്തരിക. ഞാൻ അകത്തുക ടന്ന് കവാടത്തിന്റെ സാക്ഷ നീക്കിത്തരാം.

അവരപ്രകാരം ചെയ്തു. അദ്ദേഹം അകത്തേക്കു ചാടി വാതി ലിന്റെ സാക്ഷ മാറ്റി. മുസ്‌ലിം സംഘം വലിയ ഇരമ്പലോടെ അക ത്തേക്കുകയറി. പുറത്തേക്ക് ആർക്കും രക്ഷപ്പെടാനാവാത്ത വിധം അവരെ വകവരുത്തി. മുസ്‌ലിം സംഘത്തിന്റെ വരവ് അത്രയ്ക്ക് അപ്രതീക്ഷിതവും അവിശ്വസനീയവുമായിരുന്നു അവർക്ക്. കള്ള പ്രവാചകനായ മുസൈലിമയും ഇതിൽ വധിക്കപ്പെട്ടു. തോട്ടം നിറയെ വെട്ടിവീഴ്ത്തപ്പെട്ട പനന്തടികൾ പോലെ ശവങ്ങൾ ചിന്നി ച്ചിതറിക്കിടന്നു. حديقة اليمامة എന്നും حديقة مسيلمة എന്നുമൊക്കെ പറഞ്ഞിരുന്നു യമാമയിലെ ഈ തോട്ടം حديقة الموت (മരണത്തിന്റെ തോട്ടം) എന്ന പേരിൽ പിന്നീട് ചരിത്രത്തിൽ സ്ഥാനം പിടിച്ചു.

ഈ ഗ്രന്ഥത്തിന്റെ രചനയിൽ സാന്ദർഭികമായാണ് ജിഹാദും മനുഷ്യബോംബും വന്നുചേർന്നത്. ആ സന്ദർഭങ്ങളുടെ അനുബ ന്ധമായാണ് ഈ സംഭവവും ചേർക്കേണ്ടി വന്നത്. മനുഷ്യബോംബ് എന്നത്, ബോംബ് ശരീരത്തിൽ വെച്ച് ശത്രുപാളയത്തിൽ ചെന്ന് സ്ഫോടനമുണ്ടാക്കലാണല്ലോ... ശത്രുക്കൾക്ക് നാശം വരുത്താൻ സ്വന്തം ജീവിതം ഇപ്രകാരം സമർപ്പിക്കുന്നത് അനുവദനീയമാണ് എന്നു പറയുന്ന ചിലർ അൽ ബർറാഅ് ﵁ ന്റെ ഈ സംഭവമാ ണ് ഉദാഹരിക്കാറുള്ളത്. മനുഷ്യബോംബിന്റെ പരിണതി നേരത്തെ നാം ചർച്ച ചെയ്തതാണല്ലോ. അയാളുടെ ലക്ഷ്യം സാധിച്ചാലും ഇല്ലെങ്കിലും അയാൾ ഛിന്നഭിന്നമാവുമെന്ന് ഉറപ്പ്. അഥവാ എത്ര പേർ മരിച്ചാലും ഇല്ലെങ്കിലും തന്റെ ജീവിതാവസാനം അയാളി വിടെ ഉറപ്പിച്ചുകഴിഞ്ഞു. ഇതെങ്ങിനെ അൽ ബർറാഅ് ﵁ ന്റെ സംഭവത്തോട് സാദൃശ്യപ്പെടും! അദ്ദേഹം മതിലിനപ്പുറത്ത് ശത്രുപാ ളയത്തിലേക്ക് ചാടിയത് പുറത്തുള്ള തന്റെ സഹസൈനികർക്ക് വാതിൽ തുറന്നുകൊടുക്കാനായിരുന്നുവല്ലോ... ഒരു പക്ഷേ ശത്രു അദ്ദേഹത്തെ വധിച്ചേക്കാം. അങ്ങിനെ സംഭവിച്ചാലും അദ്ദേഹം സ്വയം വധിക്കുകയല്ല മറ്റൊരാളാൽ വധിക്കപ്പെടുകയാണ് ചെയ്യു ക. എന്നാൽ ഇവിടെ അൽ ബർറാഅ് ﵁ വധിക്കപ്പെട്ടതുമില്ല; വാതിലിന്റെ താഴ് നീക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ കയ്യാൽ

പത്തോളം കപടവിശ്വാസികൾ വധിക്കപ്പെടുകയും ചെയ്തു. അമ്പും കുന്തവും വാളും കൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തിൽ എൺപതിൽപരം മുറിവുകളുണ്ടായിരുന്നു. ഒരു മാസക്കാലം കൊണ്ടാണ് പൂർണ്ണാരോഗ്യം അദ്ദേഹം വീണ്ടെടുത്തത്. അങ്ങിനെ അദ്ദേഹം ജീവിതത്തിലേക്ക് തിരിച്ചുവന്നു. മനുഷ്യബോംബിന് ഇങ്ങനെ ചിന്തിക്കാൻ അതിവിദൂരമായ ഒരു സാധ്യത പോലുമില്ലല്ലോ! ഉദാഹരിക്കാനായി ഉദ്ധരിക്കപ്പെടുന്ന സംഭവങ്ങളിൽ സൂക്ഷ്മത പാലിക്കാൻ ഓരോ പ്രബോധകനും ബാധ്യതയുണ്ട് എന്ന് വിനയപൂർവ്വം ഇവിടെ ഉണർത്തട്ടെ.

# നല്ല ഇടയന്മാർ

**ആ**ളുകളെ തിരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുന്നതും തിരഞ്ഞെടുക്കുന്നതുമൊക്കെ ചില ഉത്തരവാദിത്വങ്ങൾക്കു വേണ്ടിയാണ്. ഈ ഗ്രന്ഥത്തിന്റെ തുടക്കത്തിൽ നാമത് ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ സ്ത്രീയെ ഏൽപ്പിച്ച ദൗത്യം അതാണോ! മത്സരഗോദയിലേക്ക് അവളെ ഇറക്കി വിടാവതാണോ? ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീഥ് ഇവിടെ പകർത്തട്ടെ - ഇബ്നു ഉമർ ﵁ പറയുന്നു:

سمعت رَسُول الله  يقول "كلكم راع وكلكم مسؤول عن رعيته. الإمام راع ومسؤول عن رعيته، والرجل راعَ في أهله ومسؤول عن رعيته، والمرأة راعية في بيت زوجها ومسؤولة عن رعيتها، والخادم راع في مال سيده ومسؤول عن رعيته؛ وكلكم راع ومسؤول عن رعيته" (مُتَّفَقٌ عَلَيهِ)

റസൂൽ ﷺ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു. "നിങ്ങളെല്ലാവരും ഇടയന്മാരാണ്. നിങ്ങൾ മേച്ചുകൊണ്ടിരിക്കുന്നവരിൽ (നോക്കിനടത്തുന്നവരിൽ, പരിപാലിക്കപ്പെടുന്നവരിൽ) നിങ്ങളെല്ലാവരും ഉത്തരവാദികളാണ്. നേതാവ് ഇടയനാണ്. അദ്ദേഹം നയിക്കപ്പെടുന്നവരെപ്പറ്റി അദ്ദേഹത്തോട് ചോദിക്കപ്പെടും... ഒരു പുരുഷൻ അദ്ദേഹത്തിന്റെ വീട്ടിലെ ഇടയനാണ്. അയാൾ പരിപാലിക്കുന്നവരെപ്പറ്റി അദ്ദേഹത്തിന് ഉത്തരവാദിത്വമുണ്ട്. ഒരു സ്ത്രീ, അവളുടെ ഭർത്താവിന്റെ വീട്ടിലെ ഇടയത്തിയാണ്. അവൾ പരിപാലിക്കപ്പെടുന്നതിൽ അവൾക്കുത്തരവാദിത്വമുണ്ട്. ഒരു പരിചാരകൻ, അയാളുടെ മേലധികാരിയുടെ സമ്പത്തിന്റെ ഇടയനാണ്. അയാൾ നോക്കിനടത്തുന്നതിൽ അയാൾക്കുത്തരവാദിത്വമുണ്ട്. (ഇങ്ങിനെ) നിങ്ങളെല്ലാവരും ഇടയന്മാരും നിങ്ങളാൽ പരിപാലിക്കപ്പെടുന്നതിൽ നിങ്ങളുത്തരവാദികളുമാണ്." (ബുഖാരി, മുസ്‌ലിം)

സമൂഹത്തിലെ നാലു മുഖ്യ വിഭാഗങ്ങളെ റസൂൽ ﷺ ഈയൊരൊറ്റ ഹദീഥിന്റെ ചരടിൽ കോർത്തിണക്കി

യിരിക്കുകയാണ്. ഭരണാധികാരി, കുടുംബനാഥൻ, സ്ത്രീ, തൊഴി ലാളി, എന്നിങ്ങനെ. ഭരണാധികാരി കുടുംബനാഥനായേക്കാം, കുടുംബനാഥൻ ഭരണാധികാരിയോ തൊഴിലാളിയോ ആയേക്കാം, എന്നാൽ സ്ത്രീയെ അർഥശങ്കക്കിടയില്ലാത്ത വിധമാണ് വിവേചി ച്ചിരിക്കുന്നത്!

വായനക്കാർ ഈ ഹദീഥ് മുമ്പ് കേട്ടിട്ടുണ്ടായിരിക്കും. "നിങ്ങളെല്ലാവരും ഭരണാധികാരികളാണ്, നിങ്ങളുടെ ഭരണീയരെ സംബന്ധിച്ച് നിങ്ങളോട് ചോദിക്കപ്പെടും" എന്ന രീതിയിലുള്ള ഒരു അർഥമായിരിക്കും ഹദീഥിനു നൽകിയിട്ടുണ്ടായിരിക്കുക.

എന്നാൽ വിശ്രുത പണ്ഡിതൻ ശൈഖ് മുഹമ്മദ് ഉഥൈമീൻ ഈ ഹദീഥിനു നൽകിയ വ്യാഖ്യാനം എന്നെ വല്ലാതെ കൗതുകപ്പെടു ത്തി. സമുദായത്തോടൊന്നടങ്കമാണ് റസൂൽ ﷺ സംസാരിച്ചത്. മനു ഷ്യരെല്ലാം ഇടയന്മാരും അവരുടെ ഇടയജീവിതത്തിൽ അയാൾക്കു ത്തരവാദിത്വമുണ്ട് എന്നതാണതിന്റെ പൊരുൾ. ഇടയനാണ് ഉപകാരപ്രദവും ഫലവത്തായതുമായ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത്. ദോഷകരമായ കാര്യങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ടതും അവൻതന്നെ; ഒരാട്ടിടയനെപ്പോലെ! ഫലഭൂയിഷ്ടമായ സ്ഥലം കണ്ടാൽ അയാൾ ആടുകളെ അവിടേയ്ക്കു തെളിയ്ക്കുന്നു. ഒരു സ്ഥലം വരണ്ടതും ഫലമില്ലാത്തതുമാണെങ്കിൽ അത്തരം സ്ഥലങ്ങ ളിൽ അയാൾ അവയെ വിട്ടേച്ചു പോരുന്നതുമല്ല.

അപ്രകാരം തന്നെ മനുഷ്യരും ഇടയന്മാരാണ്. എല്ലാവരും അവർ പരിപാലിക്കുന്നത് സംബന്ധിച്ച് ഉത്തരവാദികളാണ്.

(شرح رياض الصالحين - 3/149)

ഹദീഥിൽ പറഞ്ഞ നാല് വിഭാഗം ആളുകൾ ചേർന്നാൽ അതൊരു സമൂഹമായി. അഥവാ സമൂഹത്തിന്റെ എല്ലാ മേഖലകളെയും അത് സ്പർശിച്ചു. ഒരു മതത്തിന്റെ പൂർണ്ണത എന്നത് മനുഷ്യജീവിത ത്തിന്റെ അവശ്യഘടകങ്ങളിൽ അത് സ്വാധീനം ചെലുത്തുമ്പോ ഴാണ്. അപ്രകാരം തന്നെ അവന്റെ ജീവിതവീഥികളിൽ ജീവിത ത്തിന്റെ വിവിധ ഘട്ടങ്ങളിൽ തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് അവനെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.

ഉദ്ധൃത ഹദീഥിനു പൊതുവെ മറ്റു ഹദീഥുകളിൽ കാണാത്ത ഒരു കോർത്തുകെട്ടൽ (interlock) കാണാം.

"كلكم راع وكلكم مسؤول عن رعيته..." (مُتَّفَقٌ عَلَيهِ)

എന്നാണ് ഹദീഥിന്റെ തുടക്കം. "നിങ്ങളെല്ലാവരും ഇടയന്മാരാണ്. നിങ്ങളെല്ലാവരും നിങ്ങൾ നോക്കി നടത്തുന്നവയെപ്പറ്റി ഉത്തരവാദിത്വമുള്ളവരുമാണ്." തുടക്കത്തിന്റെ പൊതുവായ ആമുഖഭാഷണം പോലെ പിന്നെ അതുൾക്കൊള്ളുന്ന സമൂഹത്തിലെ മുഖ്യഘടകങ്ങളെ വേറെ വേറെ പറഞ്ഞു. ഭരണാധികാരി, കുടുംബനാഥൻ, സ്ത്രീ, തൊഴിലാളി എന്നിങ്ങനെ. തുടർന്ന് ഈ ഹ്രസ്വ വിശദീകരണത്തെ ആദ്യം പറഞ്ഞ അതേ ശൈലി ആവർത്തിച്ചു ഒന്നുകൂടി ഉറപ്പിച്ചുപറഞ്ഞു അവസാനിപ്പിക്കുകയും ചെയ്യുന്നു. പ്രവാചകമൊഴിയിൽ ഇത്തരം ശൈലി വളരെ അപൂർവ്വമായേ കാണാനാവൂ. ഒരു വിഷയത്തെ അതിന്റെ ആദ്യം കൊണ്ടും അവസാനം കൊണ്ടും അമർത്തിപ്പറയുന്നത് അതിന്റെ ഗൗരവം കൂടുതൽ കനപ്പെടുത്തുന്നു.

ആട്ടിടയന് ആടുകളോടുള്ള ബാധ്യത നമുക്കൂഹിക്കാമല്ലോ. അത്തരത്തിൽ "ഇടയൻ" എന്നുള്ളതിന്റെ അറബി പദമാണ് ഈ ഹദീഥിൽ ഉപയോഗിച്ചിട്ടുള്ളത്. ഇടയൻ തന്റെ കാലികൾക്ക് വന്യമൃഗങ്ങളിൽ നിന്നു സംരക്ഷണം നൽകും. അതോടൊപ്പം തന്നെ കാലികൾക്ക് നൽകാൻ പാടില്ലാത്ത ചെടികളിൽ നിന്നും അന്യന്റെ വിഭവങ്ങളിൽ നിന്നും അവയെ തടഞ്ഞു നിർത്തുകയും ചെയ്യും. തന്റെ ഉപജീവനം മാത്രമല്ല, താൻ സംരക്ഷിക്കേണ്ടവയിൽ അതീവശ്രദ്ധ ചെലുത്തുക കൂടിയാണ് അയാൾ ചെയ്യുന്നത്. അല്ലാഹു ജല്ലജലാലുഹു പറയുന്നു:

كُلُوا۟ وَٱرْعَوْا۟ أَنْعَـٰمَكُمْ ..... ﴿٥٤﴾

"നിങ്ങൾ തിന്നുകയും നിങ്ങളുടെ കന്നുകാലികളെ മേയ്ക്കുകയും ചെയ്യുവിൻ." ത്വാഹ 54

കന്നുകാലികളെ മേയ്ക്കുന്ന ഇടയൻ അവയിൽ എത്ര ജാഗരൂഗനാണോ അതുപോലെയുള്ള ശ്രദ്ധ ഓരോ ഉത്തരവാദപ്പെട്ട ഇടയനും വേണം. അയാൾ കാലികൾക്ക് ചെടികളിൽ നിന്നും മെച്ചപ്പെട്ട ആഹാരം നൽകുന്നു. അവ കൂട്ടം തെറ്റുന്നതും നഷ്ടപ്പെട്ടുപോവുന്നതും ശ്രദ്ധിക്കുന്നു. വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. സമയമായാൽ അവയുടെ ഉടമയുടെ അടുത്തേക്ക് സുരക്ഷിതമായി എത്തിക്കുന്നു. ഇതിന്നാണ് " راعي " എന്ന് അറബിയിൽ

പറയുന്നത്. ഇനി ഈ ഇടയവൃത്തിയെ റസൂൽ ﷺ സൂചിപ്പിച്ച ആ നാലു മുഖ്യഘടകങ്ങളിലും ഒന്നു പ്രയോഗിച്ചു നോക്കൂ. ഈ സംരക്ഷണാബോധവും ചുമതലാബോധവും എത്ര ഗൗരവപ്പെട്ടതാണെന്ന് അപ്പോൾ ഉൾക്കൊള്ളാനാവും. ഇടയവൃത്തി ഏറ്റെടുത്ത വ്യക്തി അതേൽപ്പിച്ച ഉടമയോട് എത്രമാത്രം തന്റെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ ശ്രദ്ധാലുവാകണം! അതിൽ വീഴ്ച വന്നാൽ അതേപ്പറ്റി ചോദ്യം ചെയ്യപ്പെടുകയില്ലേ? അങ്ങിനെയെങ്കിൽ ഇഹലോകത്ത് ചില ഉത്തരവാദിത്വങ്ങൾ മനുഷ്യരെ ഏൽപ്പിച്ച അല്ലാഹു പരലോകത്ത് അവന്റെ വീഴ്ചയെക്കുറിച്ച് ചോദ്യം ചെയ്യാതെ വിട്ടുകളയുമോ?

ഒരു സമൂഹത്തെ ഒന്നടങ്കം ബന്ധിപ്പിച്ച് തിരുമേനി ﷺ പറഞ്ഞ ആ നാലു വിഭാഗങ്ങളിലൂടെ ചെറുതായൊന്നു സ്പർശിച്ചുപോവാം. ഇൻഷാ അല്ലാഹ്.

1. **ഇമാം:** നേതൃത്വം അഥവാ ഇമാമത്ത് ഏൽപ്പിക്കാൻ പറ്റുന്നതും ഏറ്റെടുക്കാൻ യുക്തനുമായ ആളെയാണ് ഇമാം എന്ന്പറയുക. നമുക്കയാളെ നായകൻ എന്ന് തർജ്ജമ ചെയ്യാം. അയാൾ ജനങ്ങൾക്ക് മാതൃകയായിരിക്കും. അയാൾ ജനങ്ങളെ നയിക്കുന്നത് നന്മയിലേക്കാണെങ്കിൽ നന്മയുടെ ഇമാം - നായകൻ - ആവും. തിന്മയിലേക്കാണെങ്കിൽ തിന്മയുടെ ഇമാം - നായകൻ - ആയിരിക്കും. ധിക്കാരിയായ ഫറോവയെയും ആളുകളെയും കുറിച്ച് അല്ലാഹു ജല്ലജലാലുഹു പറയുന്നു:

وَجَعَلْنَٰهُمْ أَئِمَّةً يَدْعُونَ إِلَى ٱلنَّارِ ..... ﴿٤١﴾

“അവരെ നാം നരകത്തിലേക്കു ക്ഷണിക്കുന്ന ഇമാമുമാരാക്കി” - ഖസ്വസ്വ്: 41. നരകത്തിലേക്കു നയിക്കുന്ന ആളുകളായിട്ടുപോലും അവരെ നായകർ എന്ന ഉദ്ദേശത്തിൽ ഇമാമുമാർ എന്ന് പേരുനൽകി. ഇബ്റാഹീം നബി عليه السلام യെ കുറിച്ച് അല്ലാഹു جل جلاله പറഞ്ഞു:

... إِنِّي جَاعِلُكَ لِلنَّاسِ إِمَامًا .... ﴿١٢٤﴾

“ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുകയാണ്” - അൽ ബഖറ: 124.

وَمِن ذُرِّيَّتِي .... ﴿١٢٤﴾ എന്റെ സന്താനപരമ്പരകളിൽ നിന്നും

ഇമാമുകൾ ഉണ്ടാവണമേ എന്ന് ഇബ്റാഹീം നബി ﷺ അഭ്യർഥിക്കുകയുണ്ടായി. അതൊക്കെ ശരിതന്നെ; എന്നാൽ അല്ലാഹു ﷻ അക്കാര്യം തീർത്തുപറഞ്ഞു.

... لَا يَنَالُ عَهْدِى ٱلظَّٰلِمِينَ ﴿١٢٤﴾

“എന്റെ കരാർ അതിക്രമകാരികൾക്ക് ബാധകമായിരിക്കുന്നതല്ല” - അൽ ബഖറ: 124

അതിക്രമകാരികളായ ഇമാമുകൾക്ക് അല്ലാഹുവിന്റെ വാഗ്ദാനം പ്രയോജനം ചെയ്യുന്നതല്ല. എന്നാൽ നല്ല ജനനായകന്മാർ വരുകയാണെങ്കിൽ അവർ അല്ലാഹുവെ സൂക്ഷിക്കുന്നവരും, അല്ലാഹുവിന്റെ അതിർത്തികൾ പാലിക്കുന്നവരും അല്ലാഹുവിന്റെ കൽപ്പനക്ക് വിധേയരായി ജീവിക്കുന്നവരുമായിരിക്കണം. ഇബ്റാഹീം നബി ﷺ നോട് തന്നെ അല്ലാഹു ﷻ ഇങ്ങിനെ പറയുന്നു,

وَجَعَلْنَٰهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا وَأَوْحَيْنَآ إِلَيْهِمْ فِعْلَ ٱلْخَيْرَٰتِ وَإِقَامَ ٱلصَّلَوٰةِ وَإِيتَآءَ ٱلزَّكَوٰةِ ..... ﴿٧٣﴾

“അവരെ നാം നമ്മുടെ കല്പനപ്രകാരം (ജനങ്ങൾക്ക്) ദിശാബോധം നൽകുന്ന നേതാക്കളാക്കുകയും (ഇമാമുകളാക്കുകയും) നല്ല കാര്യങ്ങൾ പ്രവർത്തിക്കുവാനും നമസ്ക്കാരം നിലനിർത്തുവാനും സക്കാത്ത് നൽകുവാനും അവർക്ക് നാം ബോധനം നൽകുകയും ചെയ്തു.” - അമ്പിയാഅ്: 73.

നാം ഉദ്ദേശിക്കുന്നത് ഇത്തരത്തിൽ നേതൃഗുണമുള്ള, മാതൃകയുറ്റ നല്ല ഇമാമുകളെയാണ്. നമ്മുടെ പ്രാർഥനകളിൽ അതുണ്ടാവാറുണ്ടല്ലോ.. നമ്മുടെ ഇണകളിൽ നിന്നും മക്കളിൽ നിന്നും നാം ഇങ്ങിനെ അഭിലഷിക്കുന്നു.

... وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾

“ഞങ്ങളെ ഭക്തന്മാർക്ക് ഇമാമുകളുമാക്കേണമേ” - ഫുർഖാൻ: 74.

നല്ല ഇമാമിന്റെ യോഗ്യതയാണിത്. ഭക്തന്മാർക്ക് ഇമാമാവുക എന്നാൽ അയാളായിരിക്കും കൂട്ടത്തിലെ ഏറ്റവും നല്ല ഭക്തൻ എന്നായിരിക്കുമല്ലോ. അയാൾ മുസ്‌ലിംകളുടെ ഇമാമാവാം, അവരുടെ ഖലീഫയാവാം, പ്രസിഡണ്ടാവാം, ആരാവട്ടെ. അല്ലാഹുവിന്റെ

പ്രവാചകനും അവരുടെ ഖലീഫമാരും ലോകത്തിനു സമർപ്പിച്ച ആ ഉൽകൃഷ്ട മാതൃകയിൽ നിന്നും കരുത്തുപകർന്ന നല്ല ഭരണാധികാരിയായിത്തീരുക എന്നത് അയാളുടെ കർത്തവ്യമാണ്. ഇത് പൊതുവായ ഒരു നിബന്ധനയാണ്. അയാൾ ഇടയനാണ്. ഏതൊരു ഇടയവൃത്തിയിലാണോ അയാളുള്ളത് അതിൽ അയാൾക്കുത്തരവാദിത്വമുണ്ട്. ഉമർ ﵁ തന്റെ ഖിലാഫത്ത് കാലത്ത് ഒരിക്കൽ ഇങ്ങിനെ പറഞ്ഞു: യൂഫ്രട്ടീസിന്റെ തീരത്ത് ഒരാട്ടിൻകുട്ടി കാണാതായി ചത്തുപോയാൽ അതേപ്പറ്റി അന്ത്യനാളിൽ അല്ലാഹു തീർച്ചയായും എന്നോട് ചോദിക്കപ്പെടും. حلية الأولياء (141)

മറ്റൊരിക്കൽ ഉമർ ﵁ കരഞ്ഞിരിക്കുന്നത് കണ്ട് ആളുകൾ കാരണം തിരക്കി. അദ്ദേഹം അതിനു മറുപടി പറഞ്ഞത് ഇപ്രകാരമാണ്. "ഇറാഖിൽ ഒരു കോവർ കഴുത കാലിടറി വീണാൽ, ഉമറേ, നീ അതിന്റെ വഴി നന്നാക്കിവെക്കാതിരുന്നതെന്തേ എന്ന് എന്റെ റബ്ബ് എന്നോട് കണക്ക് ചോദിക്കുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു." ഉത്തരവാദിത്വബോധത്തിന്റെ നീറുന്ന ചിന്തകളാണ് അദ്ദേഹത്തെ കരയിപ്പിച്ചുകൊണ്ടിരുന്നത്. റസൂൽ ﷺ പറഞ്ഞതായി ഇമാം മുസ്ലിം ഉദ്ധരിക്കുന്നു:

...خيار أئمتكم الذين تحبونهم ويحبونكم وتصلون عليهم ويصلون عليكم وشرار أئمتكم

الذين تبغضونهم ويبغضونكم وتلعنونهم ويلعنونكم (صحيح مسلم 1855 )

"നിങ്ങൾ സ്നേഹിക്കുകയും നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾ അവർക്ക് വേണ്ടി പ്രാർഥിക്കുകയും നിങ്ങൾക്കുവേണ്ടി അവർ പ്രാർഥിക്കുകയും ചെയ്യുന്നവരാണ് നിങ്ങളുടെ നേതാക്കളിൽ - ഇമാമുകളിൽ - ഏറ്റവും ഉത്തമന്മാർ. തീർച്ചയായും നിങ്ങൾ വെറുക്കുകയും നിങ്ങളെ വെറുക്കുകയും നിങ്ങൾ ശപിക്കുകയും നിങ്ങളെ ശപിക്കുകയും ചെയ്യുന്നവരാണ് ഏറ്റവും നിന്ദ്യരായ നേതാക്കന്മാർ." (മുസ്ലിം)

മനുഷ്യ സമൂഹത്തിലെ ഒരു വിഭാഗത്തെക്കുറിച്ചാണ് നാമിതുവരെ ചർച്ച ചെയ്തത്. അഥവാ സമൂഹത്തിലെ ഭരണ നേതൃത്വത്തിലേക്കു വരുന്ന ഒരു വലിയ വിഭാഗത്തെകുറിച്ച്.

2. **ഗൃഹനാഥൻ:** അയാൾ പുരുഷവർഗ്ഗത്തിലെ ഒരു പ്രതിനിധിയാണ്. അയാൾ തന്റെ വീട്ടിന്റെ ഇടയനാണ്. അയാൾ പരിപാലിക്കുന്നവരെപ്പറ്റിയുള്ള ഉത്തരവാദിത്വമാണ് അയാൾക്കുള്ളത്. ഇതിന്

സമൂഹത്തെ നയിക്കുന്നവന്റെ അവസ്ഥയുടെ തൊട്ടടുത്ത സ്ഥാന മാണുള്ളത്. അതിനാൽ തന്നെ അയാളുടെ ഇടയവൃത്തിയുടെ വൃത്തം ഇമാമിനെ അപേക്ഷിച്ചു ചെറുതാണ്. അയാൾ അയാളുടെ വീട്ടുകാരെ സംബന്ധിച്ചാണ് ശ്രദ്ധാലുവാകേണ്ടത്. അയാളുടെ ഭാര്യ, ആൺമക്കൾ, പെൺമക്കൾ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ തുടങ്ങി അയാൾ താമസിക്കുന്ന വീട്ടിലുള്ള വരെ പരിപാലിക്കാൻ അയാൾ ബാധ്യസ്ഥനാണ്. അയാൾക്കാവും വിധം അവർക്ക് നല്ല താമസവും ഭക്ഷണവും വസ്ത്രവും അയാൾ നൽകണം. ഇസ്‌ലാമിന്റെ ശിക്ഷണ രീതികൾക്കുതകും വിധം അവ രുടെ ജീവിതം അതിൽ അയാൾ ക്രമപ്പെടുത്തണം. അവരിലെ സ്ത്രീകൾ പുറത്തുപോവേണ്ടിവരുന്ന ഘട്ടങ്ങളിൽ ഇസ്‌ലാമിക മായ മര്യാദകൾ പരിപാലിക്കുന്നുണ്ടോ എന്നയാൾ ശ്രദ്ധിക്കണം. അവരുടെ അയൽപക്കബന്ധങ്ങൾ, കുടുംബബന്ധങ്ങൾ എന്നിവ ആദരിക്കപ്പെടാൻ അവരെ ശീലിപ്പിക്കണം. അവർക്കിടയിൽ നീതിയുടെയും സ്നേഹത്തിന്റെയും പരസ്പരമുള്ള ഇഴയടുപ്പത്തി ന്റെയും ഉത്തമമാതൃകയായി അയാൾ നിലകൊള്ളണം. ഏഷണിയും പകയും പരദൂഷണവും പാപസാധ്യതയുള്ള സംസാരങ്ങളും സമീ പനങ്ങളും വന്നുചേരുന്നത് ഗൗരവപൂർവ്വം അയാൾ നിയന്ത്രിക്കണം. അവരിൽ കണ്ടുവരുന്ന നല്ല കാര്യങ്ങൾ അതെത്ര ചെറുതായാൽ പോലും അതിനെ പരിഗണിക്കുകയും അതിൽ അവരെ അനുമോദി ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അപ്രകാരം തന്നെ നിസ്സാരമായിക്കാണാവുന്നതും സംഭവിച്ചുപോയതുമായ അവരുടെ അബദ്ധങ്ങളെ പിടികൂടാതിരിക്കുകയും അവയിൽ സ്നേഹത്തി ന്റെയും അരുമയുടെയും സ്പർശനസുഖമുള്ള വിട്ടുവീഴ്ചകൾ കൊണ്ട് അവർക്കത് സ്വയം തിരുത്താനുള്ള വഴിയൊരുക്കിക്കൊടു ക്കുകയും ചെയ്യണം. ഇപ്രകാരം അയാൾ ആ വീടിന്റെ സുഗന്ധവും പ്രകാശവും പരത്തുന്ന ഒരു നല്ല സമ്പത്തായും പ്രവാചകൻ ﷺ ഉദാഹരിച്ച നല്ല ഇടയനായും മാറണം.

3. **സ്ത്രീ:** പ്രവാചകൻ ﷺ ചർച്ച ചെയ്ത മൂന്നാമത്തെ വിഭാ ഗമാണ് സ്ത്രീ. അവളും ഇടയജോലി ഏൽപ്പിക്കപ്പെട്ടവളാണ്. ഈ ഗ്രന്ഥരചനയുടെ കേന്ദ്രബിന്ദുവാണത്. അതിനാൽ തന്നെ അത് വിശദമായി ചർച്ച ചെയ്യേണ്ടതിന്നായി മാറ്റിവെക്കുന്നു. റസൂൽ ﷺ പാലിച്ച ആ ക്രമം പിന്തുടരാൻ വേണ്ടി മാത്രമാണ് ഇവിടെ ഈ അധ്യായത്തെ ഒന്നു തൊട്ടുവെച്ചത്.

4. **പരിചാരകൻ:** അയാൾ തന്റെ മേലധികാരിയുടെ സമ്പത്തിന്റെ ഇടയനാണ്. അഥവാ അദ്ദേഹത്തിന്റെ സമ്പത്ത് പരിപാലിക്കാൻ ഏൽപ്പിച്ച തോതെത്രയാണോ അത്രയും കാര്യത്തിൽ അയാൾ നോക്കിനടത്തിപ്പുകാരനാണ്. പരിചാരകന്റെ മേലധികാരി – മുതലാളി – ബോസ് – മാനേജർ നിർദ്ദേശിക്കപ്പെട്ട വിധം അയാളത് പരിപാലിക്കുന്നു. അത് വേലക്കാരന്റേയോ തോട്ടക്കാരന്റേയോ റോളാവാം. അല്ലെങ്കിൽ അയാളുടെ സ്ഥാപനത്തിലെ തൊഴിലാളിയോ ഏതെങ്കിലും വകുപ്പിന്റെ അധികാരിയോ ആവാം. മേലധികാരി അയാൾക്ക് ജോലിയുടെ രൂപവും സമയവും അതിനു നൽകുന്ന പ്രതിഫലവും നിശ്ചയിച്ചിട്ടുണ്ടാവും. ആ വ്യവസ്ഥയനുസരിച്ചയാൾ ജോലി ചെയ്യുന്നു. പ്രതിഫലം ദിവസത്തിലോ ആഴ്ചയിലോ മാസത്തിലോ ആയി അയാൾ കൈപ്പറ്റിക്കൊണ്ടിരിക്കും. പകരം മേലധികാരി ആവശ്യപ്പെട്ട പ്രകാരമുള്ള ജോലി ചെയ്തു വീട്ടുക എന്നതാണ് ഈ ഇടയന്റെ കർത്തവ്യം. അയാൾ താൻ ജോലി ചെയ്യേണ്ട മേലധികാരിയുടെ സമയത്തെ തന്റെ വ്യക്തിപരമായ ആവശ്യത്തിന് ഉപയോഗിക്കുന്നതല്ല. മേലധികാരിയുടെ വസ്തുവകകളെയും അയാൾ അപ്രകാരം ചെയ്യുന്നതല്ല. മേലധികാരി വ്യക്തിയാവാം, കമ്പനിയാവാം, സർക്കാറാവാം. അതൊന്നും അയാളുടെ ക്ലിപ്ത ജീവിതത്തെ സ്വാധീനിക്കുന്നതല്ല. തന്റെ മേലധികാരി അതൊന്നും ശ്രദ്ധിക്കുന്നില്ല എന്ന നിലയിൽ ജോലിയിൽ ആലസ്യമോ കൃത്രിമമോ ചൂഷണമോ തൊഴിൽരംഗത്തു നിന്നുള്ള അപ്രത്യക്ഷമാവലോ ഒന്നും ചെയ്യുന്നതല്ല. തന്റെ ഉത്തരവാദിത്വങ്ങളെ മറന്ന് മേലധികാരിയല്ലാത്തതോ അദ്ദേഹത്തിന്റെ നിർദ്ദേശത്തിലോ താത്പര്യത്തിലോ ഉൾപ്പെടാത്തതോ ആയ വിഷയങ്ങളിൽ വ്യാപൃതനാവുകയും ചെയ്യുന്നതല്ല. തന്റെ തൊഴിലുടമയോടുള്ള ബാധ്യത അദ്ദേഹമത് ശ്രദ്ധിച്ചാലും ഇല്ലെങ്കിലും അയാൾ നിറവേറ്റുന്നതായിരിക്കും. കാരണം താൻ ജോലി ചെയ്യുന്നത് തൊഴിലുടമയുടെ ഇച്ഛക്കും നിർദ്ദേശത്തിനും അനുസരിച്ചാണെങ്കിലും ഇവയെ സംബന്ധിച്ച് നാളെ അല്ലാഹുവിങ്കൽ താൻ ചോദ്യം ചെയ്യപ്പെടുമെന്നുള്ള ഭയവും ചുമതലാബോധവുമാണ് അയാളെ നയിക്കുന്നത്.

ഈ ഹദീഥിൽ ചർച്ച ചെയ്ത വിഷയങ്ങളിലൂടെ അല്ലാഹുവിന്റെ പ്രവാചകൻ ﷺ സമൂഹജീവിതത്തെ ഒന്നടങ്കം ബന്ധിപ്പിച്ചിരിക്കുന്നു. ഈ ജീവിതക്രമത്തിൽ നിന്ന് ഒരാളും പുറത്താവാത്ത വിധം.

നാം മാറ്റിവെച്ച വിഷയത്തിലേക്കു തന്നെ തിരിച്ചുവരാം. സ്ത്രീ, ഇസ്‌ലാമിലെ ഏറ്റവും ആദരവാർന്ന സ്ഥാനം വഹിക്കുന്ന മഹത്വപൂർണ്ണമായ ഒരു ഘടകമാണ്. അവളിലൂടെയല്ലാതെ തലമുറകൾ വളരുന്നതല്ല. അവളിലൂടെയല്ലാതെ മതം പൂർണ്ണമാകുന്നതല്ല. അവളുടെ ആദരവും വാത്സല്യവും കൊണ്ടല്ലാതെ ഒരാൾക്ക് ഔന്നത്യം പൂകാനാവുന്നതുമല്ല. സ്വർഗ്ഗത്തിലേക്കു നീട്ടിയ പാലമാണവൾ.

ഇസ്‌ലാം അവൾക്കു നൽകിയ ഉത്തരവാദിത്വങ്ങൾ നേരത്തെ നാം ചർച്ച ചെയ്ത മറ്റു മൂന്നു വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അതൊന്നുകൂടി നാം പരിശോധിക്കുക. അവിടുന്ന് ﷺ പറഞ്ഞു: "ഒരു സ്ത്രീ, അവളുടെ ഭർത്താവിന്റെ വീട്ടിലെ ഇടയത്തിയാണ്. അവൾ പരിപാലിക്കപ്പെടുന്നതിൽ അവൾക്കുത്തരവാദിത്വമുണ്ട്..."

അവളുടെ പരിപാലന മേഖല ഏതാണെന്ന് റസൂൽ ﷺ ഇവിടെ വ്യക്തമാക്കുന്നു. അത് അവളുടെ ഭർത്താവിന്റെ വീടാണ്. അഥവാ ഭർതൃമതിയായ സ്ത്രീയുടെ ജീവിതമേഖല അതാണ്. അതല്ലാത്ത സ്ത്രീകളുടെ ഉത്തരവാദിത്വം ഗൃഹനാഥനിലാണെന്നത് പ്രത്യേകം ഇവിടെ ഉണർത്തേണ്ടതില്ലല്ലോ.

**ഭർത്താവിന്റെ വീട്:** മനുഷ്യസംസ്കാരത്തിന് ഉന്നത സംഭാവന നൽകുന്ന സ്വഭാവരൂപീകരണത്തിന്റെ പ്രഭവസ്ഥാനമാണത്. സംസ്കൃതിയുടെ കേന്ദ്രബിന്ദു. അവിടെ പരമാധികാരി സ്ത്രീയാണ്. വീടിന്റെ ചാലകശക്തി! അവൾ നന്നായാൽ ആ വീട് നന്നായി. അവൾ മോശമായാൽ ആ വീട് ചീത്തയായി. അതിന്നകത്തെ എല്ലാ ജീവിത ഘടകങ്ങളും അതേവിധം ചീത്തയായി. അവൾ ആ വീട് ഭരിക്കുന്നു. അതിന്നകത്ത് വളർന്ന് വരുന്നതും അവൾക്കല്ലാഹു നൽകിയതുമായ അയാളുടെ സന്താനങ്ങളെ പരിപാലിക്കുന്നു. അവരെ നിയന്ത്രിക്കുകയും അവരുടെ പെരുമാറ്റങ്ങളെ നിരീക്ഷിക്കുകയും ചെയ്യുന്നു. നല്ല വിജ്ഞാനം കരസ്ഥമാക്കുന്നവരായിത്തീരാൻ അവൾ ശ്രദ്ധിക്കുന്നു. പിതാവ് അക്കാര്യത്തിൽ അശ്രദ്ധനായിപ്പോയാൽ പോലും അവളുടെ ശ്രദ്ധ അവരിൽ നിന്നും വിട്ടുപോവുന്നില്ല. പകരം അവരെ അവളുടെ ഗൗരവമാർന്ന ജാഗ്രത പിന്തുടർന്നുകൊണ്ടിരിക്കും. അവരോട് കാര്യങ്ങൾ ചോദിച്ചും അതിൽ ശ്രദ്ധിച്ചും അവരെ പഠിപ്പിച്ചും അതിനു പ്രേരിപ്പിച്ചും നിരന്തരം അവർക്ക് പിന്നിൽ അവളുണ്ടാവും. അവരിൽ മുലയൂട്ടുന്ന പിഞ്ചുകുഞ്ഞുങ്ങളു

ണ്ടെങ്കിൽ അവരെ ലാളിച്ചും താരാട്ടിയും മതബോധവും ധീരതയും ഊർജ്ജസ്വലതയും കരഗതമാവുന്ന നല്ല കഥകളും ചരിത്രങ്ങളും ഗാനങ്ങളും കൊണ്ട് അവർക്ക് ആവേശം പകരും. വിശ്വാസത്തി ന്റെയും വൃത്തിയുടെയും വിശുദ്ധിയുടെയും ഓമനത്വം തുളുമ്പുന്ന പാഠങ്ങൾ കുറേശ്ശെ കുറേശ്ശെയായി ആ കുഞ്ഞുമനസ്സിൽ ഇട്ടുകൊ ടുക്കും. മാതൃത്വത്തിന്റെ മഹനീയ ലാളിത്യത്തിലലിഞ്ഞ സുഗന്ധ ദായകമായ ഒരനുഭവമായി അവരതുൾക്കൊള്ളും. അവരുടെ വിശ പ്പിന്റെയും വേവലാതികളുടെയും വിളികൾക്ക് രാവുപകലില്ലാതെ ഉറക്കം പോലും അവഗണിച്ച് അവൾ ചെവി കൊടുക്കും. അവരുടെ വിസർജ്ജ്യങ്ങളെ യാതൊരറപ്പും വെറുപ്പും കൂടാതെ എടുത്തുമാ റ്റും. ഇസ്‌ലാം താത്പര്യപ്പെട്ട രണ്ടു വർഷമെന്ന മുലയൂട്ടുകാലം ആ കുഞ്ഞിന്റെ അവകാശമാണ്. തന്റെ ശാരീരികമായ അസ്വസ്ഥതയോ ബലഹീനതയോ രോഗമോ കൊണ്ടല്ലാതെ മറ്റു യാതൊരു കാരണ വശാലും കുഞ്ഞിന്റെ ഈ അവകാശം അവൾ നിഷേധിക്കുന്നതല്ല. അത് ഈ മതത്തിന്റെ താത്പര്യമാണെന്നവൾ തിരിച്ചറിയുന്നു. അല്ലാഹു ﷻ പറയുന്നു:

.... وَفِصَٰلُهُۥ فِى عَامَيْنِ ..... ﴿١٤﴾

(അവന്റെ മുലകുടി) നിർത്തൽ കാലം രണ്ടുവർഷം കൊണ്ടാ വുന്നു - ലുഖ്മാൻ: 14). മറ്റൊരിടത്ത് അല്ലാഹു ﷻ പറയുന്നു:

وَٱلْوَٰلِدَٰتُ يُرْضِعْنَ أَوْلَٰدَهُنَّ حَوْلَيْنِ كَامِلَيْنِ ۖ لِمَنْ أَرَادَ أَن يُتِمَّ ٱلرَّضَاعَةَ ۚ ...... ﴿٢٣٣﴾

“മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് രണ്ട് പൂർണ്ണ മായ വർഷങ്ങൾ മുലകൊടുക്കണം. (കുട്ടിയുടെ) മുലകുടി പൂർത്തിയാക്കണമെന്നുദ്ദേശിക്കുന്നവർക്കത്രെ ഇത്” ബഖറ: 233.

മുലയൂട്ടാൻ പറ്റാത്ത വിധം ശാരീരിക പ്രശ്നങ്ങളൊന്നുമി ല്ലാത്ത മാതാക്കൾക്ക് മാത്രമാണ് ഗൗരവമാർന്ന ഈ നിർദ്ദേശം ഉള്ളത്. എന്നാൽ വല്ല ശാരീരികപ്രശ്നവും മൂലം മുലയൂട്ടാൻ പറ്റാതാവുകയോ മുലപ്പാലില്ലാതാവുകയോ ചെയ്യുന്ന മാതാക്കളെ സംബന്ധിച്ചിടത്തോളം അവർക്ക് മാതാപിതാക്കളുടെ ഒന്നിച്ചുള്ള തീരുമാനപ്രകാരം കുഞ്ഞിനുള്ള അവകാശത്തെ “അതിർത്തി”ക്കു മുമ്പെ നിർത്താവുന്നതാണ്. എന്നാൽ ഉദ്യോഗാർഥികളോ സൗന്ദ ര്യശോഷണം വന്നേക്കുമെന്ന് ഭയക്കുന്ന ഫാഷൻ സ്ത്രീകളോ തന്റെ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നിഷേധിക്കുകയോ യഥാസമയം

നൽകാതിരിക്കുകയോ ചെയ്ത് കുഞ്ഞിന്റെ അവകാശത്തെ അവമതിക്കുന്നതും നിഷേധിക്കുന്നതും കുറ്റകരമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

കൂട്ടത്തിൽ പറയട്ടെ കുഞ്ഞിന്റെ ഗർഭകാല സംരക്ഷണം ഇതിനു മുമ്പെ പരിഗണിക്കേണ്ടതായ കുഞ്ഞിന്റെ അവകാശമാണ്. പ്രസവം വരെ ഗർഭത്തിൽ സംരക്ഷിക്കുകയും പ്രസവശേഷം മുലയൂട്ടി സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് അവളുടെ ചുമതല. മറ്റൊരു ഭൗതിക സംവിധാനം കൊണ്ടും പകരം വെക്കാനാവാത്ത അമൂല്യവും അതുല്യവുമായ ഒരവസ്ഥാ വിശേഷമാണത്. അവയ്ക്കു രണ്ടിനും കൂടി അല്ലാഹു ﷻ നിശ്ചയിച്ച ചുരുങ്ങിയ കാലപരിധി മുപ്പത് മാസമാണ്. അഥവാ ഏറ്റവും ചുരുങ്ങിയ ഗർഭകാലമായ ആറു മാസവും മുലയൂട്ടൽ പൂർത്തിയാക്കേണ്ട രണ്ടു വർഷക്കാലവും ചേർത്തു മുപ്പതുമാസം. അല്ലാഹു ﷻ പറയുന്നു:

....وَحَمْلُهُۥ وَفِصَـٰلُهُۥ ثَلَـٰثُونَ شَهْرًا ..... ﴿١٥﴾

“അവന്റെ ഗർഭകാലവും മുലയൂട്ടൽ നിർത്തൽ കാലവും കൂടി മുപ്പത് മാസമാകുന്നു” – അഹ്ഖാഫ്: 15.

..... وَفِصَـٰلُهُۥ فِى عَامَيْنِ ..... ﴿١٤﴾ എന്ന് ലുഖ്മാൻ അധ്യായത്തിൽ فصال (മുലകുടിനിർത്തൽ പ്രായം)നെ കുറിച്ച് വ്യക്തമായി പറഞ്ഞിരുന്നല്ലോ.. അഥവാ അത് രണ്ട് വർഷക്കാലം കൊണ്ടാണെന്ന്. അപ്പോൾ പിന്നെ മുപ്പതിൽ നിന്ന് فصال ന്റെ രണ്ട് വർഷം കുറച്ചാൽ ബാക്കിയുള്ളത് حمل (അഥവാ ഗർഭ)കാലമായ ആറുമാസം മാത്രമാണല്ലോ... ഇസ്‌ലാമിന്റെ ഗർഭകാലത്തിന്റെ ചുരുങ്ങിയ പരിഗണന എത്രയാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാനാവും.

ഗർഭം തൊട്ടുതന്നെ സ്ത്രീയ്ക്ക് തന്റെ ഉത്തരവാദിത്വം കുഞ്ഞുമായി തുടങ്ങി എന്ന് ഇത് സൂചിപ്പിക്കുന്നു. അതിൽ അവൾക്ക് പിഴവോ പോരായ്മയോ ഉണ്ടായിക്കൂടാ. അല്ലാഹു ﷻ വിങ്കൽ ചോദ്യം ചെയ്യപ്പെടുന്ന ഗൗരവമാർന്ന ഒരു ചുമതലയാണ് അവളേറ്റെടുത്തിരിക്കുന്നത്. മാതാവിന്റെ ഈ സ്ഥാനത്തെ മക്കൾ അങ്ങേയറ്റത്തെ ബഹുമാനത്തോടെ കാത്തുസൂക്ഷിക്കപ്പെടണം. മക്കളുടെ അന്ത്യം വരെ. ജിഹാദിന്ന് അനുവാദം ചോദിച്ചുകൊണ്ട് നബി ﷺ യുടെ സന്നിധിയിൽ വന്ന ഒരു സ്വഹാബിയെ കുറിച്ച് ഹദീഥ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്.

അദ്ദേഹത്തോട് ചോദിച്ചു:

...." هل لَكَ من أمٍّ ؟ قالَ نعَم ، قالَ فالزَمها فإنَّ الجنَّةَ تحتَ رِجلَيها"

-الألباني (صحيح النسائي – 3104)

"നിനക്ക് മാതാവ് (ജീവിച്ചിരിപ്പു)ണ്ടോ?" അദ്ദേഹം പറഞ്ഞു: "അതെ", നബി ﷺ പറഞ്ഞു. "എന്നാൽ അവരിൽ നീ ശുഷ്ക്കാന്തി കാട്ടുക. എന്തെന്നാൽ സ്വർഗ്ഗം അവരുടെ ഇരുകാലു കൾക്കും കീഴെയാണ്." - ഇബ്നു മാജ, നസാഇൗ.

അവരുടെ കാലിന്റെ കീഴെയുള്ള സ്ഥലത്ത് സ്വർഗ്ഗം സ്ഥാപിച്ചു എന്നല്ല; പകരം അവരുടെ കാൽ കീഴിലോളം താഴ്മ കാണിച്ച്, അവർക്ക് സേവനം ചെയ്തു അല്ലാഹുവിന്റെ മഹനീയ സ്വർഗ്ഗം കരസ്ഥമാക്കുക എന്നതാണാ ധ്വനി. മറ്റൊരു സംഭവം അബൂ ഹുറൈറ رضي الله عنه ഉദ്ധരിക്കുന്നു.

جاء رجلٌ إلى رسولِ اللهِ صلى الله عليه وسلم فقال يا رسولَ اللهِ، من أحقُّ الناسِ بحُسنِ صَحابتي؟ قال أُمُّك قال ثم من؟ قال أُمُّك قال ثم من؟ قال أُمُّك قال ثم من؟ قال أبوك.

(متفق عليه)

ഒരാൾ റസൂൽ ﷺ യുടെ അടുക്കൽ വന്നു ചോദിച്ചു: "ഏറ്റവും നല്ല സഹവാസം കൊണ്ട് ഞാനേറ്റവും കടപ്പെട്ടത് ആരോടാണ്?" നബി ﷺ പറഞ്ഞു: "നിന്റെ മാതാവ്." അദ്ദേഹം ചോദിച്ചു: "പിന്നെ ആരാണ്?" നബി ﷺ പറഞ്ഞു: "നിന്റെ മാതാവ്?" അദ്ദേഹം ചോദിച്ചു: "പിന്നെ ആരാണ്?" നബി ﷺ പറഞ്ഞു: "നിന്റെ മാതാവ്?" അദ്ദേഹം ചോദിച്ചു: "പിന്നെ ആരാണ്?" നബി ﷺ പറഞ്ഞു: "നിന്റെ പിതാവ്" - ബുഖാരി, മു സ്ലിം.

മാതാവിനു വന്നുചേർന്ന ഈ മഹോന്നത സ്ഥാനം ഇത്ര ഭംഗി യായി അവതരിപ്പിക്കുന്ന മറ്റേതൊരു മതമാണ് ഭൂമുഖത്തുള്ളത്! ഇസ്ലാമിൽ മാതാവിന്റെ സ്ഥാനം അത്രയ്ക്ക് ഉന്നതവും ഗൗരവതര വുമാണ്. പിതാവിനെക്കാൾ മൂന്ന് മടങ്ങുമേലെ പിതാവിന്നും മറ്റുള്ള വർക്കുമൊക്കെയുള്ള സ്ഥാനം അതിൽ നിന്നും ദൂരെ അത്രയ്ക്കും താഴ്ന്ന ഒരു പദവിയിലാണുള്ളത്. ഒരു റിപ്പോർട്ടിൽ ഒരാൾ റസൂൽ ﷺ യോട് ഇങ്ങിനെ ചോദിക്കുന്നു.

يا رسول الله من أحق الناس بحسن صحابتى قال أمك ثم أمك ثم أمك ثم أبوك ثم أدناك فأدناك (صحيح الألباني، صحيح مسلم- 2548)

“അല്ലാഹുവിന്റെ റസൂലെ, ഏറ്റവും നല്ല സഹവാസം കൊണ്ട് എനിക്കേറ്റവും ബാധ്യതപ്പെട്ടവൻ ആരാണ്?” നബി ﷺ പറഞ്ഞു: “നിന്റെ മാതാവ്, പിന്നെ നിന്റെ മാതാവ്, പിന്നെ നിന്റെ മാതാവ്, പിന്നെ നിന്റെ പിതാവ്, പിന്നെ താഴെയുള്ളവർ, അതിനു താഴെയുള്ളവർ” – മുസ്‌ലിം.

അവൻ തീർത്തും ദുർബലമായ നാളുകളിൽ തന്റെ ഊർജ്ജവും ആരോഗ്യവും ഉറക്കവും ആഹാരവും ഒക്കെ അവന്നു വേണ്ടി ആ മാതാവ് ഉപേക്ഷിക്കുകയോ അവഗണിക്കുകയോ ചെയ്തിട്ടുണ്ട്. പിതാവ് ഇതിലൊന്നിന്റെയും പങ്കു പറ്റിയിട്ടില്ല. ആ അനുഗ്രഹീത ത്യാഗത്തിന് ഈ മതം അവർക്കു നൽകിയ ഔന്നത്യമാർന്ന അലങ്കാരവും സ്ഥാനവുമാണ് നാം മുകളിൽ കണ്ടത്. അതിന്ന് തിളക്കം ചാർത്തുന്ന ഒരു സംഭവം കൂടി നോക്കൂ... ഒരു സ്ത്രീ തന്റെ കുഞ്ഞിനെയും കൊണ്ട് റസൂൽ ﷺ യുടെ സന്നിധിയിൽ വന്നു. സംഭവം അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه റിപ്പോർട്ട് ചെയ്യുന്നു: ‘വളരെ ഹൃദയസ്പർശിയായിരുന്നു അവരുടെ മൊഴികൾ. യാഥാർഥ്യങ്ങളുടെ സ്നിഗ്ധ മാധുര്യം കൊണ്ട് മൂർച്ച വന്നതായിരുന്നു അവരുപയോഗിച്ച പദങ്ങൾ....!’

അവർ പറഞ്ഞു:

"يا رسولَ اللهِ إنَّ ابني هذا كان بطني له وِعاءً وثديي له سقاءً وحِجري له حِواءً وإنَّ أباه طلَّقَني وأراد أن ينتزعَه منِّي فقال لها رسولُ اللهِ صلَّى اللهُ عليهِ وسلَّمَ أنتِ أحقُّ به ما لم تَنكِحي" ( سنن أبي داود – 2276)

അല്ലാഹുവിന്റെ ദൂതരെ! നിശ്ചയം എന്റെ ഈ പുത്രൻ, എന്റെ ഉദരം അവന്റെ സംരക്ഷിത സഞ്ചിയായിരുന്നു. എന്റെ മാറിടം അവന്നു പാൽ ചുരത്തിയ തുകൽപാത്രമായിരുന്നു. എന്റെ മടിത്തടം അവനെ അണച്ചുപിടിച്ച അഭയസ്ഥാനമായിരുന്നു. എന്നാൽ അവന്റെ പിതാവ് എന്നെ വിവാഹമോചനം ചെയ്തു. അവനെ എന്നിൽ നിന്നും പറിച്ചുമാറ്റാൻ അയാൾ ഉദ്ദേശിക്കുന്നു. അപ്പോൾ റസൂൽ ﷺ അവരോട് പറഞ്ഞു: നീ (പുനർ)വിവാഹം ചെയ്യുന്നില്ലെങ്കിൽ അവന്റെ ഏറ്റവും അടുത്ത അവകാശി നീ തന്നെ – അബൂദാവൂദ്.

ഇത് വായിച്ച് വായനക്കാർ സംശയാലുക്കളാവരുത്. കുഞ്ഞു

ങ്ങൾ, അവൾ പ്രസവിച്ച അവളുടെ ഭർത്താവിന്റെ മക്കൾ തന്നെയാണ്. പക്ഷേ, ശൈശവ കാലത്തെ അവരുടെ അവകാശത്തെ കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ഇത് പരാമർശിക്കുന്ന ധാരാളം ഹദീഥുകളുണ്ട്. ദൈർഘ്യഭയം മാത്രമാണ് അവയെ വിട്ടുകടക്കാൻ പ്രേരിപ്പിക്കുന്നത്.

കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ ഈ ശൈശവകാല ശ്രദ്ധയും മാതാക്കളുടെ സാമീപ്യവും അതുല്യവും അത്ഭുതാവഹവുമായ സ്വാധീനമാണ് ചെലുത്തുന്നത്. മിക്ക പിതാക്കൾക്കും നൽകാനാവാത്ത മഹത്തായ സംഭാവനയാണിത്. അവരിൽ ശ്രദ്ധക്കുറവ് വന്നുപോയാലും ശ്രദ്ധ കൈവിടാത്ത ഒരവസ്ഥാവിശേഷമാണ് മാതാവിന്നുള്ളത്. വിശ്രുതനായ ഈജിപ്ഷ്യൻ കവി ( حافظ ابراهيم (ت: 1932) ) മാതാവിനെ വിദ്യാലയമായിട്ടാണ് വർണിച്ചത്. അദ്ദേഹം "മാതാവെന്ന വിദ്യാലയം" എന്ന കവിതയിൽ ഒരിടത്ത് ഇങ്ങിനെ പറയുന്നു.

الأُمُّ مَـدْرَسَـــةٌ إِذَا أَعْـدَدْتَـهَـــا      أَعْـدَدْتَ شَعْبـاً طَيِّـبَ الأَعْـرَاقِ

الأُمُّ رَوْضٌ إِنْ تَـعَهَّـدَهُ الحَـيَـا      بِـالـــرِّيِّ أَوْرَقَ أَيَّـــمَـــا إِيْـــرَاقِ

الأُمُّ أُسْـتَـاذُ الأَسَـــاتِـذَةِ الأُلَـى      شَغَلَـتْ مَـآثِرُهُمْ مَـدَى الآفَـاقِ

"മാതാവ് ഒരു വിദ്യാലയമാണ്. അവളെ സംസ്കരിക്കാനായാൽ ഉൽകൃഷ്ട സ്വഭാവമുള്ള ഒരു ജനത പാകപ്പെട്ടതായി. മാതാവ് ഒരുദ്യാനമാണ്. അതിനെ പോഷിപ്പിച്ചെടുത്താൽ സമൃദ്ധമായ ഇലകളും പൂക്കളും അത് നൽകും. മാതാവ് ഗുരുനാഥരുടെ മുഖ്യ ഗുരുനാഥയാണ്. ചക്രവാളങ്ങളോളം അതിന്റെ കാന്തി തിളങ്ങി നിൽക്കും."

മാതാവിന്റെ മടിത്തട്ടിലാണ് – അവളുടെ മാറിലാണ് കുഞ്ഞിന്റെ ആദ്യവിദ്യാലയം രൂപം കൊള്ളുന്നത്. അത് നന്നായിരിക്കൽ അനിവാര്യമാണ്. നല്ല സംരക്ഷണവും നല്ല പരിചരണവും നല്ല വിദ്യാഭ്യാസവും നല്ല ദിശാബോധവുമാണ് അപ്പോഴത് നൽകുക. അവരുടെ ഉറക്കിലും ഉണർച്ചയിലും മാതാവ് ജാഗരൂകയാണ്. എന്തെന്നാൽ കുഞ്ഞുങ്ങളുടെ സ്വപ്നങ്ങൾക്കു വേണ്ടിയാണ് അവൾ ഉറക്കമൊഴിച്ചത്. അവരുടെ വിശപ്പകറ്റാനാണ് അവൾ വിശന്നത്. അവളുടെ

ഊർജ്ജവും അഴകുമെല്ലാം അവരുടെ ആരോഗ്യത്തിനുവേണ്ടി അവൾ സമർപ്പിച്ചു. അവളുടെ സൂക്ഷ്മദൃഷ്ടിക്കുതാഴെ അവരെ അവൾ വളർത്തി. അവരുടെ ആഹാരത്തിലും വസ്ത്രത്തിലും വിദ്യാഭ്യാസത്തിലും വൃത്തിയിലുമെന്നപോലെ അവരുടെ ആരാധനയിലും അവൾ ശ്രദ്ധിച്ചു. പിതാവ് പള്ളിയിലേക്കു പോവുമ്പോൾ അവരിലെ ആൺകുട്ടികളെ കൂടെ അയക്കാൻ അവൾ ശ്രദ്ധ ചെലുത്തി. ഖുർആനും നബിചര്യകളും അവരിലേക്ക് അഭംഗുരം ഇട്ടുകൊടുത്തു. സത്യസന്ധരും സൽസ്വഭാവികളുമാവേണ്ടതിന്റെ ആവശ്യകതയും രീതികളും പഠിപ്പിച്ച് അവരെ ഉത്ബുദ്ധരാക്കി. അവൾക്ക് താളം പിഴച്ചാൽ തന്റെ മക്കളിൽ അത് വിപരീതഫലമുണ്ടാക്കുമെന്ന തിരിച്ചറിവാണ് അവളെ നയിക്കുന്നത്. അതിനാൽ തന്നെ വൃത്തികെട്ട സംസാരമോ ചേഷ്ടകളോ കള്ളമോ ശാപവാക്കുകളോ ആക്ഷേപമോ ഒന്നും ഇല്ലാത്ത, മധുരഭാഷണത്തിന്റെയും ഭാവത്തിന്റെയും മഹോന്നത മാതൃകകളാക്കി മാറ്റുന്ന നല്ല ഇടയസ്ത്രീയായി അവൾ നിലകൊള്ളും. നാളെ അല്ലാഹുവിങ്കൽ അവളും ചോദ്യം ചെയ്യപ്പെടുമെന്ന ബോധത്തോടെ.

ദർസിൽ പഠിച്ചിരുന്ന കാലത്ത് ഈ വിനീതന്റെ ഉസ്താദ് ഞങ്ങൾക്ക് പറഞ്ഞുതന്ന ഒരു സംഭവം ഇവിടെ ഓർത്തുപോവുന്നു. അതിങ്ങനെ. മാതാവും ചെറിയൊരു കുഞ്ഞും മാത്രമെ വീട്ടിലുള്ളൂ. മാതാവ് അടുക്കളയിൽ തിരക്കിട്ട ജോലിയിലാണ്. കുഞ്ഞാവട്ടെ തന്റെ ഏകാന്തലോകത്ത് കളിപ്പാട്ടങ്ങളുമൊത്ത് സൊറപറഞ്ഞു കളിക്കുന്നു. പെട്ടെന്നവനെ ഉമ്മ വിളിച്ചു: മോനേ, പത്തായത്തിനു കീഴെ അടുക്കിവെച്ച പാത്രത്തിൽ നിന്നൊന്ന് എടുത്തുകൊണ്ടുവാ. അവൻ ഞൊടിയിടയിൽ പത്തായമുറിയിലേക്കോടി. അവന്റെ മനസ്സപ്പോഴും കളിച്ചുകൊണ്ടിരിക്കുന്നതിന്റെ ബാക്കി ഭാഗത്തെ കുറിച്ച ചിന്തയിലാണ്. വേഗം ചെന്ന് പത്തായത്തിനു കീഴെ അടുക്കിവെച്ച പ്ലേറ്റുകളിലൊന്നെടുത്തു. കഷ്ടം! അതവന്റെ കയ്യിൽ നിന്നും വഴുതി താഴെവീണുടഞ്ഞു. അവൻ പകരം മറ്റൊന്നെടുത്തു അടുക്കളയിൽ വന്നു ഉമ്മയെ അതേൽപ്പിച്ചു; അവന്റെ കളിമുറിയിലേക്കോടി. അവന്റെ ചിന്തകളത്രയും അവിടെയായിരുന്നല്ലോ.. സമയം കുറെ കഴിഞ്ഞു. മാതാവ് തന്റെ ആവശ്യം കഴിഞ്ഞു പാത്രം തിരികെ വെയ്ക്കാൻ വന്നപ്പോൾ അത് കണ്ടു. ദേഷ്യവും ദുഃഖവും കൊണ്ട് അവർ വിറച്ചു. അവർ ക്രോധത്തോടെ മകനെ വിളിച്ചു. “എടാ, ഇവിടെ വാ!”. അവൻ ഓടി വന്നു “ആരെടാ ഇതിവി

ടെ പൊട്ടിച്ചിട്ടത്?" മാതാവിന്നറിയാം അവിടെ അവർക്കുപുറമെ തന്റെ കുഞ്ഞുമാത്രമേ ഉള്ളൂവെന്നും അവന്റെ കയ്യാലാണ് അത് പൊട്ടിയതെന്നും, പക്ഷെ വിലകൂടിയ പാത്രങ്ങളിലൊന്നു ഉടഞ്ഞു കിടക്കുന്നത് കണ്ട് അവർ വിറകൊണ്ടു. "ഞാനാണുമ്മാ, അവൻ നിഷ്കളങ്കനായി മറുപടി നൽകി." മാതാവ് കാത്തുനിന്നില്ല. അവരവനെ പൊതിരെ തല്ലി. ബാപ്പ വന്നാൽ ഞാനെന്തു മറുപടി പറയും. എത്ര കഷ്ടപ്പെട്ടു വാങ്ങിയതാണ് എന്നൊക്കെയുള്ള വാദങ്ങളാണ് അവനെ തല്ലാനുള്ള ഇന്ധനമായവർ ഉപയോഗിച്ചത്.

ആ സംഭവം അവിടെ കഴിഞ്ഞു. നാളുകളനവധി പിന്നിട്ടു. പക്ഷെ അത് അവന്റെ മനസ്സിൽ ഒരുനേർത്ത നോവായി അവനറിയാതെ തങ്ങിനിന്നു. അന്നുണ്ടായ അതേ അബദ്ധം ഒരിക്കൽ കൂടി ആവർത്തിച്ചു. മാതാവ് പഴയ ചോദ്യം ആവർത്തിച്ചു "ആരെടാ ഇതിവിടെ പൊട്ടിച്ചിട്ടത്?" മുമ്പുണ്ടായ അനുഭവം അവനിൽ പെട്ടെന്നോടിയെത്തി. ഞാനാണെന്ന് പറഞ്ഞാൽ അടികിട്ടും. അടി കിട്ടാതിരിക്കുകയാണ് വേണ്ടത്. അവന്റെ മറുപടിയും പെട്ടെന്നു വന്നു. "ഞാനല്ല ഉമ്മാ!"

കുട്ടി പറഞ്ഞ ആദ്യത്തെ കള്ളം. ദിശാബോധമില്ലാത്ത ശിക്ഷണത്തിന്റെ ആദ്യഫലം. ഇവിടെ അവനെ കള്ളം പറയാൻ പഠിപ്പിച്ച ആദ്യ ഗുരുനാഥ ആ മാതാവ് തന്നെ. "മാതാവ് ഗുരുനാഥരുടെ ഗുരനാഥയാണെന്ന് ലോകം വാഴ്ത്തിപ്പാടിയ അതേ പദവി അലങ്കരിക്കുന്നവൾ. ഇനി വിശദീകരിക്കേണ്ടതില്ലല്ലോ! മോശപ്പെട്ട ഇടയത്തി!"

ഇനി മാതാവെന്ന വിദ്യാലയത്തിന്റെ അത്ഭുതകരമായ മറ്റൊരുദാഹരണം ശ്രദ്ധിക്കൂ.

ഖുർആൻ ഹൽഖകൾ (പഠനക്ലാസുകൾ) നടക്കുന്ന പള്ളികളിലൊന്നിലെ അധ്യാപകനും അവിടേക്ക് പുതുതായി പേര് ചേർക്കാൻ വന്ന ഒരു കൊച്ചു വിദ്യാർഥിയുമാണ് ഇവിടെ കഥാപാത്രങ്ങൾ. അധ്യാപകൻ പറയുന്നു: ഹൽഖയിൽ പുതുതായി ചേരാൻ ഒരു കൊച്ചു കുട്ടി വന്നു. ഞാനവനോട് ചോദിച്ചു: നീ ഖുർആനിൽ നിന്ന് വല്ലതും പഠിച്ചിട്ടുണ്ടോ? കുട്ടി: "അതെ." ഞാൻ പറഞ്ഞു: അമ്മ (عمّ) ജുസുഇൽനിന്ന്ചൊല്ലുക.കുട്ടിഅത്ചൊല്ലി. ഞാൻ: തബാറക (تبارك) അധ്യായം മനഃപാഠമാക്കിയിട്ടുണ്ടോ? അപ്പോഴവൻ പറഞ്ഞു: "അതെ." എനിക്കത്ഭുതം തോന്നി. നന്നേ

ചെറുപ്പത്തിൽ തന്നെ കുട്ടി അത് ഹൃദിസ്ഥമാക്കിയല്ലോ! അന്നഹ്ൽ (النحل) അധ്യായത്തെക്കുറിച്ചായി എന്റെ അടുത്ത ചോദ്യം. അതും കുട്ടി മനഃപാഠമാക്കിയെന്നറിയിച്ചപ്പോൾ എന്റെ കൗതുകം ഇരട്ടിച്ചു. കുറച്ചുകൂടി വലിയ അധ്യായത്തെക്കുറിച്ച് കുട്ടിയുടെ നിലപാടെന്തെന്നറിയണമെന്നായി എനിക്ക്. ഞാൻ ചോദിച്ചു: അൽ ബഖറ (البقرة) ഹൃദിസ്ഥമാക്കിയിട്ടുണ്ടോ? കുട്ടിയുടെ മറുപടി "അതെ" എന്നായിരുന്നു. യാതൊരു തെറ്റും കൂടാതെ അതിൽ നിന്നുള്ള ഭാഗങ്ങൾ അവൻ എനിക്ക് ചൊല്ലിത്തന്നു. ഞാൻ അത്ഭുതപരതന്ത്രനായി ചോദിച്ചു: ഹെ കുഞ്ഞുമോനെ, നീ ഖുർആൻ ഹാഫിദ് (ഖുർആൻ മനഃപാഠമാക്കിയവൻ) ആണോ? കുട്ടി പറഞ്ഞു. "അതെ." എന്റെ കൗതുകം നിയന്ത്രിക്കാനായില്ല. ഞാൻ ശബ്ദമുയർത്തി.

سبحان الله !ماشاء الله!! تبارك الله!!!

ആസംഭാഷണം അവിടെ അവസാനിച്ചു. അതിശയത്തിന്റെ ഉത്തുംഗശൃംഖത്തിലെത്തി നിൽക്കുന്ന ആ അധ്യാപകൻ അവനോട് പറഞ്ഞു. നീ നിന്റെ രക്ഷകർത്താവിനെയും കൂട്ടി നാളെ വാ.

അദ്ദേഹം അവനോടൊപ്പം നാളെ വരാനിരിക്കുന്ന അവന്റെ പിതാവിനെ കുറിച്ച് ആ അധ്യാപകൻ ആലോചിച്ചു. ഈ കുട്ടി എന്നെ ഇങ്ങിനെ വിസ്മയപ്പെടുത്തിയെങ്കിൽ ഈ കുട്ടിയുടെ പിതാവിൽ നിന്ന് എനിക്കുണ്ടാവാൻ പോവുന്ന അനുഭവമെന്തായിരിക്കും!

അടുത്ത ദിവസം കുട്ടി തന്റെ പിതാവിനോടൊപ്പമെത്തി. ആ അധ്യാപകൻ ആകെ അമ്പരന്നു! ഇതാണോ ഈ കുട്ടിയുടെ പിതാവ്! നബിചര്യയുടെ പ്രത്യക്ഷ അടയാളങ്ങളൊന്നും അയാളിൽ കാണാനുണ്ടായിരുന്നില്ല! ഖുർആൻ ഹാഫിദാക്കിയ ഒരു കുട്ടിയുടെ പിതാവെന്ന ഒരു അകന്ന സന്ദേശം പോലും അയാളിൽ ദൃശ്യമായില്ല. പിതാവ് തന്നെ സംസാരം തുടങ്ങി. "എനിക്കറിയാം, ഇതാണോ ഈ കുട്ടിയുടെ ബാപ്പ എന്ന് താങ്കൾ കൗതുകപ്പെടുകയാണെന്ന്! ശരി, ഞാൻ തന്നെ താങ്കളുടെ ആശയക്കുഴപ്പം തീർത്തുതരാം. തീർച്ചയായും ഈ കുട്ടിക്കു പിന്നിൽ ആയിരം പുരുഷന്മാർക്കു തുല്യമായ ഒരു സ്ത്രീയുണ്ട്!.... ഞാനാ സന്തോഷം താങ്കളുമായി പങ്കുവെക്കട്ടെ. എനിക്കു എന്റെ വീട്ടിൽ മൂന്ന് ആൺമക്കളുണ്ട്. എല്ലാവരും ഖുർആൻ മനഃപാഠമാക്കിയവർ. എന്റെ ചെറിയ മകൾ, അവൾക്ക്

നാല് വയസ്സായി. അവൾ "അമ്മ" ജുസുഅ് മനഃപാഠമാക്കിയിട്ടുണ്ട്." അധ്യാപകൻ ഇതൊക്കെ കേട്ട് അത്ഭുതത്തോടെ ആ പിതാവിനോട് ചോദിച്ചു. "അതെങ്ങിനെ സാധിച്ചു?" അയാൾ പറഞ്ഞു തുടങ്ങി. "തീർച്ചയായും! ഇവരുടെ ഉമ്മ ഇവർ സംസാരിച്ചു തുടങ്ങുന്ന ആ കുഞ്ഞുനാളിൽ തന്നെ സംസാരത്തോടൊപ്പം ഖുർആനിന്റെ വരികൾ അൽപാൽപമായി അവരെ ഹൃദിസ്ഥമാക്കാൻ ശീലിപ്പിച്ചു തുടങ്ങി. മാത്രമല്ല അവരെ അതിൽ പ്രോത്സാഹിപ്പിക്കുകയും മത്സരിപ്പിക്കുകയും ചെയ്തു. ആരാണോ ആദ്യം അന്നത്തെ ഭാഗം മനഃപാഠമാക്കുന്നവൻ അവനാണ് അന്നത്തെ രാത്രിഭക്ഷണം എന്താവണമെന്ന് തീരുമാനിക്കുക. ആരാണ് അന്നുവരെ പഠിച്ച പാഠഭാഗം പുനർവായന ചെയ്തു തീർക്കുന്നവൻ അവനാണ് ആ വാരാന്ത്യത്തിലെ ഒഴിവുവേള എവിടെ ചെലവഴിക്കണമെന്നു തീരുമാനിക്കുക. ആരാണോ ആദ്യം ഖുർആൻ പൂർണ്ണമായി മനഃപാഠം ചെയ്തു തീർക്കുക അവനാണ് വാർഷികാവധിക്കു എവിടേക്കു യാത്ര പോവണമെന്നു തീരുമാനിക്കുക. അപ്രകാരമാണ് അവർ മക്കൾക്കിടയിൽ മനഃപാഠമാക്കുന്നതിലും പാഠഭാഗം പരിശോധിക്കുന്നതിലും മാത്സര്യബുദ്ധി വളർത്തിയത്."

ഇതാണ് മാതൃകയുറ്റ വിശുദ്ധയായ സ്ത്രീ. വീട് മുഴുവൻ ശോഭ നിറയ്ക്കുന്ന സ്ത്രീ. അതിന്റെ പരിരംഭണങ്ങൾ അകലെ അകലെ വരെ വെണ്മ വിതറും. സ്ത്രീകളിൽ നിന്ന് തിരഞ്ഞെടുക്കാൻ റസൂൽ ﷺ ഉപദേശിച്ച വിശിഷ്ട ഭാര്യ. അവിടുന്ന് പറഞ്ഞത് നാമോർക്കുന്നുണ്ടാവും.

تُنكَحُ المرأةُ لأربَعٍ - لمالِها ولحَسَبِها ولجَمالِها ولدينها، فاظفَرْ بذاتِ الدِّينِ تَرِبَتْ يَداكَ

(صحيح البخاري - 5090 )

നാലു കാര്യങ്ങൾക്കു വേണ്ടിയാണ് ഒരു സ്ത്രീയെ വിവാഹം ചെയ്യുക. അവളുടെ സമ്പത്തിന് വേണ്ടി, അവളുടെ ഗോത്രമാഹാത്മ്യത്തിനു വേണ്ടി, അവളുടെ സൗന്ദര്യത്തിനുവേണ്ടി, അവളുടെ മതത്തിനുവേണ്ടി. എന്നാൽ പ്രസ്തുത മതത്തെ പരിഗണിക്കുക (അല്ലാത്തപക്ഷം) നിങ്ങൾ പാപ്പരാവും - ബുഖാരി.

ആദ്യം പറഞ്ഞ മൂന്നും ക്ഷണികവും മനുഷ്യ സംസ്കൃതിക്ക് കാര്യമായ സംഭാവനയൊന്നും നൽകാത്തവയുമാണ്. എന്നാൽ മതം ഈ പറഞ്ഞവയ്ക്കൊക്കെ മുകളിൽ തിളങ്ങി നിൽക്കുന്നു. അത് ജീവിതത്തിന് സൗന്ദര്യവും ഐശ്വര്യവും നൽകുന്നു. അതാണ്

ശ്രേഷ്ഠമായ സമ്പാദ്യം. അത് നേടിയെടുത്ത സ്ത്രീ ആ വീട്ടിലെ നല്ല ഇടയത്തിയാണ്. സൗഭാഗ്യവാന്മാർക്കു മാത്രമേ അതിന്റെ ഗുണഫലം ലഭിക്കുകയുള്ളൂ. റസൂൽ ﷺ പറയുന്നു:

الدُّنيا متاعٌ، وخيرُ متاعِ الدُّنيا المرأةُ الصَّالحةُ (صحيح مسلم - 1467 )

"ഇഹലോകം ഉപജീവനമാണ്. ഇഹലോകത്തെ ഏറ്റവും ശ്രേഷ്ഠമായ ഉപജീവനം ഉൽകൃഷ്ടയായ സ്ത്രീയാണ്" - മുസ്ലിം

കുഞ്ഞുങ്ങളുടെ ശൈശവഘട്ടത്തിന്റെ പ്രധാനാധ്യാപികയായി രാവിലും പകലിലും അവൾ കൂടെയുണ്ടാവും. ആയമാർക്കും അംഗനവാടികൾക്കും ഡേ കെയറുകൾക്കും ബേബി സിറ്റിംഗ് സെന്ററുകൾക്കും നൽകാനാവാത്ത ഒരു ജീവിത സമർപ്പണം. സ്നേഹത്തിന്റെ, അരുമയുടെ, വാത്സല്യത്തിന്റെ ആത്മബന്ധനമാണത്. മാതാവെന്ന സ്ത്രീയുടെ ഏറ്റവും ഔന്നത്യമുള്ളതും മഹത്തരവുമായ ഉത്തരവാദിത്വപൂർത്തീകരണവുമാണത്. അല്ലാതെ മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ ഏൽപ്പിച്ച് അല്ലാഹുവോ റസൂലോ പ്രോത്സാഹിപ്പിക്കാത്ത വിഷയങ്ങളിൽ വ്യാപൃതയാവാൻ പുറപ്പെടുന്നവൾ അല്ലാഹുവിങ്കൽ ചോദ്യം ചെയ്യപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയത്തിനും ഇടയില്ല. കുഞ്ഞിന്റെ സ്വഭാവരൂപീകരണത്തിൽ അവളുടെ സമ്പൂർണ്ണ സാന്നിധ്യമില്ലെങ്കിൽ പിന്നെ ഉത്തമമായ ഒരു തലമുറ എങ്ങിനെയാണ് രൂപം കൊള്ളുക? ഭർത്താവിന്റെ വീട്ടിലെ നല്ല ഇടയത്തിയാവാൻ അവൾക്കെങ്ങിനെയാണു കഴിയുക? അവളിൽ നിന്നല്ലാതെ, അവളിലൂടെയല്ലാതെ ലഭിക്കാൻ സാധ്യമല്ലാത്ത ഒരു സാംസ്ക്കാരിക പ്രക്രിയ ഏത് സ്ഥാപനത്തിന്നാണ് - വ്യക്തിക്കാണ് - പകരമായി നിർവ്വഹിക്കാനാവുക?

# ഭർത്താവിന്റെ വീട്

ഭർത്താവിന്റെ വീട് എന്നത് കുടുംബജീവിതത്തിന്റെ മഹത്തായ ഒരു ആശയമാണ്. ഭർത്താവിന്ന് സ്വന്തമായി ഒരു വീടുണ്ടാവുക, അതിൽ ഭാര്യയും മക്കളുമടങ്ങുന്ന അംഗങ്ങൾ ഒരു കുടുംബമായി ജീവിക്കുക, അവരുടെ സ്വഭാവത്തിലും സമീപനങ്ങളിലും പരസ്പരമുള്ള വിഹിത വിതരണത്തിലും സ്വകാര്യതകളുടെ സംരക്ഷണത്തിലും കഷ്ടനഷ്ടങ്ങളിലെ സഹനത്തിലും മെച്ചപ്പെട്ട അവസ്ഥകളിലെ ഉദാരതയിലും ആ അന്തരീക്ഷം നല്ല സംഭാവനയാണ് നൽകുക.

"المرأة راعية في بيت زوجها ..." (مُتَّفَقٌ عَلَيهِ)

“സ്ത്രീ അവളുടെ ഭർത്താവിന്റെ വീട്ടിലെ ഇടയത്തിയാണ്” എന്ന പ്രവാചകപദത്തിന് ഇങ്ങിനെ ഒട്ടനവധി അർഥതലങ്ങൾ നൽകുന്നുണ്ട്. ഭർത്താവിന്റെ വീടിനു പകരം ഭാര്യയുടെ വീട്ടിൽ താമസിക്കുന്നവരും ഭർത്താവിന്റെ സഹോദരങ്ങളും മക്കളുമൊന്നടങ്കം താമസിക്കുന്ന കൂട്ടുകുടുംബ ഭവനങ്ങളിലും ഭർത്താവും മക്കളും ഒരുവിധം ഒത്തുപോവുന്ന രീതികളൊക്കെയുള്ള നമ്മുടെ നാടുകളിൽ “ഭർത്താവിന്റെ വീട്” എന്ന ആശയം നൽകുന്ന ഫലങ്ങൾ വളരെ വലുതാണെന്ന് വായനക്കാർ ഓർക്കണം. വ്യക്തിയുടെ ഇസ്ലാമിക സുരക്ഷയും സ്വകാര്യതയും പാലിക്കപ്പെടുക “ഭർത്താവിന്റെ വീട്ടിൽ” തന്നെയാണെന്നും നാമറിയണം.

സ്ത്രീ എന്ന ഇടയത്തിയുടെ മതം നിർദ്ദേശിക്കപ്പെട്ട മറ്റു ചില ദൗത്യങ്ങൾ കൂടിയാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്.

ഭർത്താവിന്റെ വീട് അവളുടെ സുരക്ഷിതകേന്ദ്രമാണ്. അതിന്റെ ധാർമ്മികമായ മറക്ക് അവൾ തന്നെയാണ് കരുത്തുപകരുക. ഭർത്താവിന്റെ അനുവാദത്തോടുകൂടിയല്ലാതെ അവൾ അവിടെ നിന്നും പുറത്തുപോവുന്നതല്ല. അല്ലെങ്കിൽ വളരെ അനിവാര്യമായ

ആവശ്യത്തിന്റെ പേരിലല്ലാതെ അപ്രകാരം ചെയ്യുന്നതല്ല. ഇനി അങ്ങിനെ ആയാൽ പോലും ഭർത്താവിന്റെയോ പിതാവിന്റെയോ മറ്റു ഉത്തരവാദപ്പെട്ടവരുടെയോ സമ്മതത്തോടുകൂടി ആയാൽ പോലും മറ്റു സ്ത്രീകളോടൊപ്പമല്ലാതെ, തനിച്ചു സഞ്ചരിക്കുന്ന ഒരു സ്ത്രീയായി അവളെ കാണാൻ അവൾ ആഗ്രഹിക്കുകയില്ല. അവരൊക്കെയും ഇസ്‌ലാമിന്റെ ആദരണീയ വേഷത്തിന്റെ ഉടമകളായിരിക്കും. ചാഞ്ഞും ചെരിഞ്ഞും കൊഞ്ചിയും കുഴഞ്ഞും പരിമളം പരത്തിയും ആഡംബര വിഭൂഷിതയായും പാദസരം കൊണ്ടോ പാദരക്ഷ കൊണ്ടോ ശബ്ദമുണ്ടാക്കി ജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു വരുത്തുന്ന വിധത്തിലും ആയിരിക്കില്ല അവരാരും സഞ്ചരിക്കുക. മുകളിൽ പറഞ്ഞ ദുശ്ശീലങ്ങളൊക്കെ അവളുടെ ശരീരത്തിന്റെയും ജീവിതത്തിന്റെയും സദാചാരത്തിന്റെയും ഉത്തമമായ സുരക്ഷയ്ക്ക് പാകമുള്ളതല്ലായെന്ന് അവൾക്ക് നന്നായറിയാം.

ഭർത്താവിന്റെ വീട്ടിൽ അവൾ ഭർത്താവിന്റെ മെച്ചപ്പെട്ട കാവൽക്കാരിയായിരിക്കും. ഭർത്താവിനു വേണ്ടി മാത്രം സമർപ്പിതമായ ജീവിതത്തിന്റെ ഉടമ. പ്രവാചകൻ ﷺ ന്റെ മൊഴികൾ ഇവിടെ അവൾ ഓർക്കുന്നു. അബൂ ഹുറൈറ رضي الله عنه അത് റിപ്പോർട്ട് ചെയ്യുന്നു. റസൂൽ ﷺ പറഞ്ഞു:

لو كنتُ آمرًا أحدًا أن يسجُدَ لأحد ، لأمرتُ المرأةَ أن تسجُدَ لزوجِها

- الألباني (صحيح الترمذي - 1159)

“ഏതെങ്കിലും ഒരാൾക്ക് സാഷ്ടാംഗം ചെയ്യാൻ ഞാൻ കല്പിക്കുകയായിരുന്നെങ്കിൽ ഒരു സ്ത്രീയോട് തന്റെ ഭർത്താവിനു മുമ്പിൽ സാഷ്ടാംഗം ചെയ്യാൻ ഞാൻ കൽപിക്കുമായിരുന്നു” - തിർമിദി.

അല്ലാഹു എന്ന സ്രഷ്ടാവിനു മുമ്പിലല്ലാതെ ഒരു സൃഷ്ടിക്കു വേണ്ടിയും സുജൂദ് ചെയ്യാൻ അനുവാദമില്ലാത്തത് കൊണ്ട് മാത്രമാണ് റസൂൽ ﷺ അത് കൽപിക്കാതെ പോയത്. മറ്റൊരു റിപ്പോർട്ട് പരിഗണിച്ചാൽ ഭർത്താവിന്ന് അവളുടെ മേലുള്ള വലിയ ഉത്തരവാദിത്വത്തിന്റെ പേരിലാണ് റസൂൽ ﷺ അപ്രകാരം ചിന്തിച്ചു പോയത്. ഭർത്താവിനു കീഴൊതുങ്ങി ജീവിക്കുന്ന സന്തുഷ്ടയായ ഒരു ഭാര്യയെയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. നേരത്തെ നാം ചർച്ച ചെയ്തത് ഭർത്താവിന്റെ വീട്ടിലെ, അവൾക്കു ഭർത്താവിൽ നിന്നും അല്ലാഹു جل جلاله പ്രദാനം ചെയ്ത മക്കളെന്ന കുഞ്ഞാടുകളുടെ ഇടയത്തിയെ

കുറിച്ചാണെങ്കിൽ ഇവിടെ അവളുടെ ഭർത്താവിന്റെ വീടിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുന്ന ഇടയത്തിയെയാണ് നാം കാണുന്നത്. അയാളുടെ സമ്പത്ത് അവൾ പാഴാക്കുകയില്ല. ആവശ്യമില്ലാത്ത ഒരു കാര്യത്തിനും അത് വിനിയോഗിക്കുന്നതുമല്ല. പാചകത്തിന്റെ കാര്യത്തിലായാൽ പോലും ഇതേ നിലപാട് തന്നെയായിരിക്കും അവൾക്കുണ്ടാവുക. ആവശ്യത്തിനുള്ളതു മാത്രമേ അവൾ പാചകം ചെയ്യൂ. കണ്ണുകൾ ത്രസിപ്പിക്കുന്ന ഒട്ടനവധി വിഭവങ്ങൾ തയ്യാറാക്കി ആർക്കും കാര്യമായി കഴിക്കാനാവാതെ ഉപേക്ഷിക്കപ്പെടുന്ന ആധുനിക സംസ്കാരത്തിന്റെ ജീർണ്ണത അവളെ ബാധിച്ചിട്ടില്ല. എന്നാൽ അതിന്റെ അതീവ സൂക്ഷ്മമായ നിയന്ത്രണം അവളിലുണ്ടാവും. അല്ലാഹുവിന്നു മുമ്പിൽ ഞാനിതിന്റെ വ്യയവിഷയം ബോധിപ്പിക്കേണ്ടി വരുമല്ലോ എന്ന ഭീതിയാണ് അവളെ നയിക്കുന്നത്. ഈ കാര്യത്തിൽ ഭർത്താവിന്റെ അശ്രദ്ധ വന്നുപോയാൽ തന്നെ അവളുടെ കാര്യക്ഷമത കൊണ്ട് അത് പരിഹരിക്കപ്പെടും; നല്ല ഇടയത്തിയുടെ സൂക്ഷ്മത പോലെ. വീടുകളിൽ പൊതുവെ കണ്ടുവരുന്ന അസാന്മാർഗ്ഗികമായ പൈങ്കിളിപ്പതിപ്പുകളോ വിനോദോപാധികളോ വാങ്ങി അവൾ വീടിന്റെ സമ്പത്തും സമയവും പാഴാക്കുന്നതല്ല. ദിശാബോധമില്ലാത്ത മഹതികൾക്ക് വിദൂരമായ ബന്ധംപോലും സ്ഥാപിക്കാത്ത മഹനീയ വ്യക്തിത്വത്തിന്റെ ഉടമയായിരിക്കും അവൾ. ഭർത്താവിന്റെ വീട് അവളുടെ സാമ്രാജ്യമാണ്. അവളാണ് അതിലെ അധിപതി. അതിനാൽ തന്നെ അതിന്റെ നിയന്ത്രണവും അവളിൽ തന്നെ. ആ വീടിന്നകത്തും പരിസരത്തും അയൽപക്കത്തും ഗുണകരമായ സാന്നിദ്ധ്യമായി അവൾ നിലകൊള്ളും.

ഭർത്താവിന്റെ വീട് അവളുടെ കാവൽപുരയാണ്. അതിൽ അവൾ തന്റെ ഭർത്താവിന് ഇഷ്ടപ്പെടാത്ത വസ്തുക്കൾ സ്ഥാപിക്കുകയില്ല. അവളുടെ ഭർത്താവിന്റെ അനുവാദമില്ലാത്തവരെ പ്രവേശിപ്പിക്കുകയുമില്ല. ഭർത്താവിന്റെ അഭാവത്തിൽ അവൾ ആ വീട് മാത്രമല്ല അതിന്നകത്തെ വസ്തുവകകളെല്ലാം പവിത്രമായി സൂക്ഷിക്കും. അവളുടെ കിടപ്പറയും വിരിപ്പും അഴകും അവളുടെ ചാരിത്ര്യവും വരെ ഭർത്താവിനുവേണ്ടി സംരക്ഷിക്കും. ഭർത്താവിന്റെ സംതൃപ്തിക്കുവേണ്ടി അയാളുടെ സാന്നിദ്ധ്യത്തിലെന്ന പോലെ അസാന്നിദ്ധ്യത്തിലും അവൾ ജാഗരൂഗയായിരിക്കും. താൻ അല്ലാഹുവിന്റെ നിരീക്ഷണത്തിനു താഴെ എന്ന ഭീതി മാത്രമല്ല; അല്ലാഹുവിൽ

നിന്നുള്ള തൃപ്തിയും അനുഗ്രഹവും പ്രതിഫലവും എന്നൊക്കെയുള്ള ആശകളാണ് അവളെ നയിക്കുന്നത്. അവൾക്കും അല്ലാഹുവിന്റെ സ്വർഗ്ഗത്തിനുമിടയിൽ മരണമെന്ന ഒരു കടമ്പ മാത്രമെ ബാക്കിയുണ്ടായിരിക്കൂ... അത്രയ്ക്ക് സുതാര്യവും ശുദ്ധവുമായിരിക്കും ആ ജീവിതം. ഇത്രയും പറഞ്ഞതിന് നമുക്ക് ഇങ്ങിനെ വിരാമമിടാം. റസൂൽ ﷺ പറയുന്നു:

"إذا صلت المرأة خمسها ، و صامت شهرها ، و حصنت فرجها ، وأطاعت زوجها ، قيل لها : ادخلي الجنة من أي أبواب الجنة شئت" -الألباني (صحيح الجامع - 660)

ഒരു സ്ത്രീ നമസ്ക്കാരം അതിന്റെ അഞ്ചുനേരവും നിർവ്വഹിച്ചാൽ നോമ്പ് അതിന്റെ മാസത്തിൽ അനുഷ്ഠിച്ചാൽ, അവളുടെ ഗുഹ്യസ്ഥാനം അവൾ പവിത്രമാക്കിയാൽ, അവളുടെ ഭർത്താവിനെ അവൾ അനുസരിക്കുന്നവളുമായാൽ അവളോട് (ഇങ്ങിനെ) പറയപ്പെടുകയായി. "സ്വർഗ്ഗീയ കവാടങ്ങളിൽ നീ ഇഷ്ടപ്പെടുന്ന (വാതിലി)ലൂടെ നീ സ്വർഗ്ഗത്തിൽ പ്രവേശിക്കുക" - ഇബ്നു ഹിബ്ബാൻ.

അവൾ ഇബാദത്തിൽ കൃത്യത പാലിക്കുന്നവളും ചാരിത്ര്യം സൂക്ഷക്കുന്നവളും ഭർത്താവിനെ അനുസരിച്ചു ജീവിക്കുന്നവളുമായാൽ അവൾക്ക് സ്വർഗ്ഗം ഉറപ്പായി എന്നർഥം.

# സ്ത്രീയുടെ ജോലി

**ഇ**വിടെ ഇത്തരം ഒരു ഉപശീർഷകം നൽകിയത് വളരെ കാലികപ്രസക്തമായ ഒരു വിഷയമായത് കൊണ്ടാണ്. സ്ത്രീക്ക് ഒരു ജോലി ഉണ്ടാവുക എന്നത് ആധുനികജീവിതത്തിന്റെ അനിവാര്യമായ ഘടകവും സാമൂഹിക ഘടനയുടെ "മാന്യത"യുടെ പര്യായവുമായി ജനങ്ങൾക്ക് തോന്നുന്നു. എന്നാൽ പൊതു ജീവിതക്രമത്തിന്റെ രീതികളെ അതേതാളത്തിൽ പരിണയിക്കുക എന്നൊരു ശീലം ഇസ്ലാം സൂക്ഷിക്കുന്നില്ല. അതോടൊപ്പം തന്നെ കണ്ണടച്ച് ആക്ഷേപിക്കുകയോ അവഗണിക്കുകയോ ചെയ്യുന്ന രീതിയും ഇസ്ലാമിന്റേതല്ല.

പൊതുവിൽ സ്ത്രീയെ മതം ഉത്തരവാദിത്വപ്പെടുത്തിയ ജോലിയിൽ പുരുഷൻ ചെയ്യുന്ന പോലെ പുറത്തുപോയി അധ്വാനിച്ചു കൊണ്ടുവന്നു കുടുംബം പോറ്റുക എന്ന ദൗത്യം വരുന്നില്ല. ഇസ്ലാം ഏൽപ്പിച്ച ജോലി തന്നെ ചെയ്തുതീർക്കാൻ വേണ്ടത്രയുണ്ടെന്നിരിക്കെ അവൾക്കതിനു സമയവുമില്ല. ഇനിയവൾ നിർബന്ധപൂർവ്വം അങ്ങിനെ പുറത്തുപോയി ജോലി ചെയ്യാനാണ് തീരുമാനിച്ചതെങ്കിൽ അവളെ അല്ലാഹുവും റസൂലും ഏൽപ്പിച്ച അവളുടെ ഉത്തരവാദപ്പെട്ട വിഹിതത്തിൽ നിന്നും അടർത്തിയെടുത്തല്ലാതെ അതവൾക്കു സാധിക്കുന്നതുമല്ല. ഉത്തരവാദിത്വപ്പെട്ട വിഹിതത്തിൽ നിന്നും സമയം എടുത്തുമാറ്റി പുറത്തേക്കുപോയാൽ അല്ലാഹുവോടവൾ ഉത്തരം പറയേണ്ടി വരും. നല്ല ഇടയത്തിയെന്ന പട്ടികയിൽ നിന്ന് അവർ നീക്കം ചെയ്യപ്പെടുകയും ചെയ്യും. എന്ത് കൊണ്ടെന്നാൽ കുടുംബത്തിന് ഉപജീവനമാർഗ്ഗം കണ്ടെത്താനുള്ള ഉത്തരവാദിത്വം സ്ത്രീയുടേതല്ല. അത് അല്ലാഹു ഏൽപിച്ചത് അവരിലെ പുരുഷന്മാരെയാണ്. അവൾക്ക് അവളുടെ ഗൃഹാന്തരീക്ഷത്തെ ഇസ്ലാമികമായി സജീവമാക്കുക എന്നതാണ് ഉത്തരവാദിത്വമായുള്ളത്. വീട്ടിലെ ചെറിയ കുട്ടികൾക്ക് യഥാസമയം മുലയൂട്ടുക. അവരുടെ

ആഹാരം, വസ്ത്രം, വൃത്തി, വിനോദം എന്നിവയിൽ ശ്രദ്ധിക്കുക. മുലകുടി അവസാനിപ്പിച്ച കുഞ്ഞാണെങ്കിൽ അങ്ങിനെ. സ്കൂളിൽ പോയി തുടങ്ങിയവരാണെങ്കിൽ അവരുടെ പഠനകാര്യങ്ങളിൽ സജീവത പുലർത്തുക. തെറ്റായ വല്ലതും പുറത്തുനിന്നു ശീലിച്ചു വന്നിട്ടുണ്ടെങ്കിൽ അവ ശ്രദ്ധയോടെ പരിശോധിക്കുകയും തിരുത്തുകയും ചെയ്യുക. അങ്ങിനെ അവരെ ഉത്തമ പൗരന്മാരായി വാർത്തെടുക്കുന്നതിൽ അങ്ങേയറ്റം ജാഗ്രത കൊള്ളുക. ഭർത്താവ് സ്ഥലത്തുള്ള സ്ത്രീയാണെങ്കിൽ അദ്ദേഹത്തിന്റെ ദൈനം ദിന രീതികളിൽ വീടിനെ സ്പർശിക്കുന്ന ഭാഗങ്ങൾ നിരീക്ഷിക്കുക. അയാൾ നോക്കിയാൽ അയാളെ സന്തോഷിപ്പിക്കുക. അയാൾ വിളിച്ചാൽ ആ വിളിയുടെ അറ്റത്ത് അവളെത്തിച്ചേരാൻ ശ്രമിക്കുക. അയാൾ ഖിന്നനായാൽ അയാളെ ആശ്വസിപ്പിക്കുക. അയാളുടെ സന്തോഷങ്ങളിൽ പങ്കുചേരുക. അയാളിൽ അബദ്ധങ്ങൾ കണ്ടാൽ സ്നേഹത്തിന്റെയും വിനയത്തിന്റെയും വിട്ടുവീഴ്ചയുടെയും ഭാഷ കൊണ്ട് അയാളെ തിരുത്തുക. അയാൾ വിദേശത്തുള്ളവനാണെങ്കിൽ അയാൾക്കുവേണ്ടി ജീവിക്കുക. അയാളുടെ താത്പര്യങ്ങളും നിർദ്ദേശങ്ങളും പൂർത്തിയാക്കുക. പരാതികൾ കൊണ്ടല്ലാതെ സ്നേഹാന്വേഷണങ്ങളിലൂടെ അയാളുടെ പരിതസ്ഥിതികൾ മനസ്സിലാക്കാൻ ശ്രമിക്കുക. അദ്ദേഹത്തിന്റെ വരുമാനത്തിനും ജീവിതാവസ്ഥക്കും യോജിക്കുന്ന വിധത്തിൽ ചിലവു ചെയ്ത് അയാളെ സഹായിക്കുക. ഇങ്ങിനെ തുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ അവൾ തിരക്കുള്ളവളായിരിക്കും.

അപ്പോൾ സ്ത്രീ ജോലി ചെയ്യാൻ പോവേണ്ടെന്നാണോ ഈ ലേഖകൻ പറഞ്ഞുവരുന്നത്. അതെ! അവളെ ഇസ്‌ലാം അതേൽപ്പിച്ചിട്ടില്ല. എന്നാൽ മേൽപറഞ്ഞ വിധത്തിലുള്ള ബാധ്യതകളൊന്നും ഇല്ലാത്ത, മുലയൂട്ടാനോ സ്കൂളിൽ പറഞ്ഞയക്കാനോ ഉള്ള അവസ്ഥകളൊന്നും ഇല്ലാത്ത, നല്ല വിദ്യാഭ്യാസമുള്ള ഒരു സ്ത്രീയെ സംബന്ധിച്ച് അവൾക്ക് നിത്യജീവിതത്തിൽ സമയമുണ്ടായെന്നു വരാം. വിദ്യാഭ്യാസം എന്നത് സ്ത്രീക്ക് വളരെ അത്യാവശ്യമാണെന്ന് സാന്ദർഭികമായി സൂചിപ്പിക്കട്ടെ. പുരുഷനെക്കാൾ ഉയർന്ന വിദ്യാഭ്യാസം അവൾക്കു നേടാനായാൽ അതും പ്രോത്സാഹജനകം തന്നെ. എന്ത്കൊണ്ടെന്നാൽ മാതാവ് ഒരു വിദ്യാലയമാണെന്ന് നാം നേരത്തെ പറഞ്ഞത് ഓർക്കുന്നുണ്ടാവും. മാതാവ് ഗുരുനാഥന്മാരുടെയും ഗുരുനാഥയാണ്. അവളാണ് കുഞ്ഞിന്റെ ആദ്യ

പാഠശാല. അവൾ ഉയർന്ന സംസ്ക്കാരത്തിന്റെ മാതൃകാ കേന്ദ്രമാണെങ്കിൽ അവൾ വഴി വളർന്നുവരുന്ന ഒരു കുഞ്ഞിന്റെ സദാചാരത്തെക്കുറിച്ചും സാംസ്കാരിക ബോധത്തെക്കുറിച്ചും വായനക്കാർ ഊഹിക്കുക. അവൾ വിദ്യാസമ്പന്നയാവുന്നത് ഇതിന് വേണ്ടിയാണ്. എന്നാൽ ഈ അവസ്ഥ പിന്നിട്ടുകഴിഞ്ഞ ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അവൾക്ക് തന്റെ സമയവും കഴിവും ഉപയോഗപ്പെടുത്താനുതകുന്ന ഒരു വേദി കണ്ടെത്തുന്നതിന് വിരോധമില്ല. ഭർത്താവോ പിതാവോ മക്കളോ ഒന്നും ഇല്ലാത്തതും എന്നാൽ സ്വയം പ്രാപ്തയുമായ സ്ത്രീയെ സംബന്ധിച്ചും ഇപ്രകാരം തന്നെ. പക്ഷെ അതിന്നും ചില നിബന്ധനകളൊക്കെ ഇസ്ലാം നിർദ്ദേശിക്കുന്നുണ്ട്. അതിൽ പ്രധാനമായും അവൾ പുറത്തിറങ്ങുമ്പോൾ ഇസ്ലാം കൽപിച്ച വേഷവിധാനങ്ങൾ സൂക്ഷിക്കുക എന്നതാണ്. ദൃഷ്ടികൾ താഴ്ത്തുകയും സൗന്ദര്യം പ്രദർശിപ്പിക്കാതിരിക്കുകയും വഴിയിലോ ജോലി സ്ഥലത്തോ സ്ത്രീ പുരുഷന്മാരുടെ കൂടിച്ചേരലോ ഉണ്ടാവാതെ സൂക്ഷിക്കുകയും വേണം. അവൾക്ക് തന്റെ ശരീരത്തെയും അഭിമാനത്തെയും മതത്തെയും സംരക്ഷിക്കാനാവുന്ന മേഖലയാണ് അവൾ തിരഞ്ഞെടുക്കേണ്ടത്. അവ പരിപാലിക്കാൻ പറ്റിയ സമയവുമായിരിക്കണം അത്. സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന സ്ഥലവും പകലിൽ മാത്രം പോയി വരാവുന്ന ജോലിയുമാണ് അവൾക്ക് ഉത്തമമായിട്ടുള്ളത്.

അവൾ ചെയ്യുന്ന ജോലിയിൽ നിന്നുള്ള വരുമാനം അവളുടെ മാത്രം സമ്പാദ്യമാണ്. അവളുടെ ഭർത്താവ് അത് ലക്ഷ്യം വെക്കാനോ, ആശിക്കാനോ ചോദിച്ചു വാങ്ങാനോ പാടില്ല. അവരുടെ കുടുംബജീവിതത്തിലെ ആവശ്യങ്ങൾക്ക് അതുപയോഗിക്കാനും പാടില്ല. അവൾ ജോലി ചെയ്യുന്നവളായാൽ പോലും അവളുടെ ആഹാരം വസ്ത്രം തുടങ്ങി അവളുടെ മുഴുവൻ ജീവിതച്ചിലവുകളും നിർവ്വഹിക്കേണ്ടത് ഭർത്താവിന്റെ പണം കൊണ്ടായിരിക്കണം. സ്ത്രീയുടെ വരുമാനം ഉപയോഗിക്കുന്നതും ആഹരിക്കുന്നതും ഹറാം (നിഷിദ്ധം) ആണെന്നു വരെ ചില പണ്ഡിതന്മാർ മതവിധി നൽകിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഭാര്യയുടെ വരുമാനം ഉപയോഗിക്കുന്ന രീതി നിർലോഭം കണ്ടുവരുന്നത് കൊണ്ടാണ് ഇതിന്റെ ഗൗരവം ഇത്രയും വിശദമായി വായനക്കാരെ അറിയിക്കുന്നത്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഒരു ഭാര്യ സ്വമേധയാ തന്റെ വരുമാനം മുഴുവനായോ ഭാഗികമായോ ഭർത്താവിനും കുട്ടി

കൾക്കുമായി നീക്കിവെയ്ക്കാൻ ആശിക്കുന്നുവെങ്കിൽ, അങ്ങിനെ ചെയ്യുകയാണെങ്കിൽ, അതിലാണ് അവൾക്ക് സംതൃപ്തിയെങ്കിൽ, അവളുടെ ആ തീരുമാനത്തിൽ ഭർത്താവിന്റെ യാതൊരു താത്പ ര്യമോ സ്വാധീനമോ പ്രേരണയോ ഇല്ലെങ്കിൽ അതുപയോഗിക്കുന്ന തിൽ അയാൾക്കോ കുടുംബത്തിന്നോ യാതൊരു തെറ്റുമില്ലെന്നു കൂടി ഇവിടെ ഉണർത്തട്ടെ.. ഒരു വ്യക്തി പ്രത്യേകിച്ചും ഭാര്യ തന്റെ ഭർത്താവിനോട് ചെയ്യുന്ന മഹത്തായ ഔദാര്യത്തെ ഇസ്‌ലാം മാനി ക്കുകയാണ് ഇവിടെ ചെയ്യുന്നത്. അൽഹംദുലില്ലാഹ്.

ഏതായാലും ഒരു സ്ത്രീക്ക് തന്റെ ഗാർഹിക വിഷയവുമായി ബന്ധപ്പെട്ടു വളരെ തിരക്കുപിടിച്ച ജീവിതമാണുള്ളത്. ഇസ്‌ലാമി കമായി വീക്ഷിക്കുമ്പോൾ പോലും കാര്യമായ പ്രവർത്തനങ്ങളൊ ന്നുമില്ലാതെ ഒഴിവുവേളകൾ ധാരാളം വന്നുചേരുന്ന അപൂർവ്വം സ്ത്രീകളും അക്കൂട്ടത്തിലുണ്ടാവും. അവരെ കുറിച്ചാണ് നാം വളരെ അവസാനമായി ചർച്ച ചെയ്തതെന്നു മാത്രം.

എന്റെ സുഹൃത്തിനുണ്ടായ ഒരനുഭവം ഇവിടെ ഓർത്തു പോവുന്നു. സൗദി പൗരനായ അദ്ദേഹം ബ്രിട്ടനിൽ പഠിക്കുന്ന കാലം. ഇവിടെ നമുക്കദ്ദേഹത്തെ മുഹമ്മദ് എന്ന് വിളിക്കാം. ഒരു ദി വസം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവൻ അവരോട് (വിദ്യാർഥികളോട്) ഒരു പ്രൊജക്റ്റ് തയ്യാറാക്കാൻ പറഞ്ഞു. അവരുടെ പഠനനിലവാരം പരി ശോധിക്കലാവാം ലക്ഷ്യം. നമ്മുടെ കഥാപുരുഷൻ തന്റെ വിഷയം എഴുതുന്നിടത്ത് അൽപം ഇസ്‌ലാമിക സ്പർശം നൽകുക പതിവാ ണ്. അന്നും അത് തന്നെ ചെയ്തു. സ്ഥാപന മുഖ്യൻ വിദ്യാർഥിക ളുടെ വർക്കുകൾ പരിശോധിച്ചുവരവെ അവരുടെ ക്ലാസധ്യാപകൻ അങ്ങോട്ടു കയറിവന്നു. അദ്ദേഹത്തോട് മുഹമ്മദിനെ പറ്റി മുഖ്യൻ ഇങ്ങിനെ പറഞ്ഞു. ഇയാളുടെ വിഷയങ്ങളിലെല്ലാം മതപ്രബോ ധനം കടന്നുവരാറുണ്ട്. തുടർന്നുള്ള സംഭാഷണങ്ങൾ ഏകദേശം ഇപ്രകാരം വായിക്കാം.

അധ്യാപകൻ: “എന്താണ് നിന്റെ പേര്?”

മുഹമ്മദ്: (പേര് പറയുന്നു)

അധ്യാപകൻ: “അറബിയാണല്ലേ! എവിടെ നിന്നാണ്?”

മുഹമ്മദ്: “സൗദി അറേബ്യ.”

ഓ, സൗദി അറേബ്യയാണല്ലെ! ക്ലാസധ്യാപകൻ അങ്ങിനെ വിഷയത്തിൽ ഇടപെട്ടു. സൗദി അറേബ്യയെ സംബന്ധിച്ച് എന്തോ ചില മുൻവിധികൾ ഉള്ള ആളെന്ന നിലയിലോ അതോ ഒരു അറബി നാട്ടുകാരനായ വിദ്യാർഥിയെ കുട്ടികൾക്കു മുമ്പിൽ ചെറുതാക്കിക്കാട്ടാനുള്ള സന്ദർഭം ഉപയോഗപ്പെടുത്തട്ടെ എന്ന നിലക്കോ അയാൾ ചോദിച്ചു.

"നിങ്ങൾ സൗദി അറേബ്യക്കാർ സ്ത്രീകളെ ജോലി ചെയ്യാൻ വിടാറില്ല അല്ലെ?"

മുഹമ്മദ്: "ആരു പറഞ്ഞു അങ്ങിനെ?"

അധ്യാപകൻ: "ഇല്ലല്ലോ! അങ്ങിനെയാണല്ലോ ഞങ്ങൾ കേൾക്കുന്നത്."

മുഹമ്മദ്: "ജോലി എന്നത്കൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത് എന്താണ്?"

അധ്യാപകൻ: "അതായത് പുറത്തുപോയി ജോലി ചെയ്തുവരുമാനമുണ്ടാക്കുക. കൃഷി, കച്ചവടം, ഓഫീസ് ജോലികൾ, രാഷ്ട്രത്തിനുവേണ്ടി അധ്വാനിക്കൽ പോലുള്ള കാര്യങ്ങളിൽ സ്ത്രീകളുടെ പങ്ക് തീരെ ഇല്ലല്ലോ."

മുഹമ്മദ്: "അതെ, അത് പുരുഷന്മാർ തന്നെയാണ് ചെയ്യുന്നത്."

അധ്യാപകൻ: "അവരും കൂടി ജോലി ചെയ്യുമ്പോഴല്ലെ കുടുംബജീവിതത്തിന് അതൊരു താങ്ങാവൂ!!"

മുഹമ്മദ്: ''നിങ്ങളുടെ നാട്ടിൽ ഏറ്റവും വലിയ ജോലി ഏതാണ്?"

അധ്യാപകൻ: "രാഷ്ട്രസേവനം. അതാണ് ഏറ്റവും വലിയ ജോലി. ഏറ്റവും മഹത്തായ ജോലി."

മുഹമ്മദ്: "ആ ജോലിയാണ് മാർഗരറ്റ് താച്ചർ ഇപ്പോൾ ചെയ്തുവരുന്നത്. ഒരു സ്ത്രീക്ക് ചെയ്യാവുന്നതും നിങ്ങളുടെ നാട്ടിൽ ഒരു സ്ത്രീക്ക് ചെന്നെത്താൻ പറ്റാവുന്നതുമായ ഏറ്റവും ഉയർന്ന ജോലിയായിരിക്കുമല്ലോ അത്."

അധ്യാപകൻ: "അതെ. അവിടെ പോലും ഒരു സ്ത്രീക്ക് എത്തി

ച്ചേരാൻ സാധിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾക്കോ?

മുഹമ്മദ്: എന്നാൽ ഞങ്ങളുടെ സ്ത്രീകൾക്ക് അതിന്നു സമയമില്ല. അവരുടെ വീടുകളിൽ അതിനേക്കാൾ ഗൗരവമാർന്ന ജോലികളിൽ അങ്ങേയറ്റം തിരക്കിലാണ് അവർ.

അധ്യാപകൻ: രാഷ്ട്രസേവനത്തേക്കാൾ ഗൗരവമാർന്ന ജോലിയോ! അതും വീടുകൾക്കകത്തോ!

മുഹമ്മദ്: അതെ. ഞങ്ങളുടെ സ്ത്രീകൾ മഹത്തായ ജോലികളിൽ വളരെ തിരക്കിലാണ്. അവർ തലമുറകളുടെ നിർമ്മിതിയിലാണ്!

അധ്യാപകൻ ഇത് കേട്ട് തീർത്തും കൗതുകപ്പെട്ടു. "തലമുറകളുടെ നിർമ്മാണമോ!"

മുഹമ്മദ്: അതെ, അവർ തലമുറകളെ വാർത്തെടുക്കുകയാണ്. ഉന്നതമായ സംസ്കൃതിക്ക് സംഭാവനയേകാൻ പറ്റുന്ന വിശുദ്ധരായ മക്കളെ വാർത്തെടുക്കുകയാണ്. അവർ ഗർഭത്തിലായാലും പുറത്തുവന്നാലും അവരെ ഉത്തമ സംസ്കാരത്തിന്റെ വക്താക്കളായിത്തീരാൻ അഹോരാത്രം പാടുപെടുകയാണ്. അവർക്ക് കൃത്യമായും പൂർണ്ണമായും മുലയൂട്ടുന്നു. അവരെ അവരുടെ ചിന്തകളുടെ ആരംഭത്തിൽ തന്നെ നല്ല സ്വഭാവക്കാരും മര്യാദക്കാരും കുടുംബബന്ധത്തിന്റെ മഹത്വവും പരിപാലനവും ശീലിക്കുന്നവരുമാക്കുന്നു. മാതാപിതാക്കളും സഹോദരങ്ങളുമായും ബന്ധുക്കളും അയൽപക്കക്കാരുമായും ഒക്കെ ജീവിതം പങ്കുവെക്കുന്ന രീതികളെ അവർ ശീലിക്കുന്നു. അവരുടെ വളർച്ചയുടെ ഏറ്റവും മർമ്മപ്രധാനമായ ആ ഘട്ടത്തിൽ അവരുടെ ചലനങ്ങളത്രയും പരിശോധനാവിധേയമാക്കുന്നു. ഉത്തമനായ ഒരു രാഷ്ട്രപൗരന്റെ ആദ്യ നിർമ്മാണ പ്രക്രിയയാണ് അവിടെ നടക്കുന്നത്. നല്ല വീടിനും നല്ല നാടിനും നല്ല രാജ്യത്തിനും അവരുടെ സംഭാവന വലുതായിരിക്കും. നിങ്ങൾ പറയുന്നപോലെ സ്ത്രീയും പുരുഷനെപ്പോലെ പുറത്ത് ജോലിക്കുപോയാൽ വിശുദ്ധമായ ഈ കർമ്മങ്ങളൊക്കെ വീടിന്നകത്ത് ആര് ചെയ്യും? അവരുടെ ആദ്യപാഠശാല മോശമായാൽ അവരിൽ നിന്നെങ്ങിനെയാണ് ഒരു നല്ല പൗരനെ രാഷ്ട്രം പ്രതീക്ഷിക്കുക. കുഞ്ഞുങ്ങളുടെ പ്രാരംഭ പാഠങ്ങൾക്ക് സ്വന്തം മാതാവല്ലാതെ മറ്റാരാണ് കൃത്യമായും അനുയോജ്യമാവുക? ആരാണ് അവർക്ക് പകര

മാവുക? പുരുഷന്മാർ വീട്ടിലേക്കുള്ളത് കൊണ്ട് വരട്ടെ. അവരുടെ സ്ത്രീകൾ രാഷ്ട്ര സംവിധാനത്തിന്റെ, ജീവിത വിശുദ്ധിയുടെ ആദ്യ കലാശാലയിൽ അവരുടെ ജോലി നിർവ്വഹിക്കട്ടെ.

അധ്യാപകന് ഒന്നും പറയാനുണ്ടായിരുന്നില്ല. ഈ അനുഭവകഥ എന്റെ സുഹൃത്തിൽ നിന്നും അതേ പടിയല്ല പകർത്തിയത്; അതിന്റെ ആശയം മാത്രമാണ്. ഇതുമായി ബന്ധപ്പെട്ട കുറെ ചോദ്യോത്തരങ്ങൾ അവിടെ നടന്നു. കാര്യത്തിന്റെ പ്രസക്തഭാഗം മാത്രം സ്വതന്ത്രമായി ഇവിടെ പകർത്തിയെന്നേയുള്ളൂ.

# തിരഞ്ഞെടുപ്പ്

**ജ**നങ്ങളെ സേവിക്കാൻ ജനങ്ങൾക്കുവേണ്ടി ജനങ്ങളിൽ നിന്നുതന്നെ ജനങ്ങൾ തിരഞ്ഞെടുക്കുന്ന സംവിധാനത്തെയാണ് ജനാധിപത്യത്തിലെ തിരഞ്ഞെടുപ്പ് എന്ന് പറയുന്നത്. എവിടേക്കാണോ, ഏത് സ്ഥാപനത്തിലേക്കാണോ ഒരാളെ ജനം തിരഞ്ഞെടുക്കുന്നത് ആ സഭയിൽ അദ്ദേഹം, തിരഞ്ഞെടുത്ത സമൂഹത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യും. സഭയ്ക്കു പുറത്ത് അയാൾ ജനങ്ങൾക്കിടയിൽ അവരുടെ പ്രശ്നങ്ങൾ അന്വേഷിക്കുന്നവനും പരിശോധിക്കുന്നവനും സഭയ്ക്കകത്ത് അവയുടെ പരിഹാരത്തിനായി നിലകൊള്ളുന്നവനുമായിരിക്കും. ഓരോ ജനനായകന്റെയും ദൗത്യം ഇതുതന്നെയാണ്. ഇത്തരം ജനനായകരുടെ വിവിധ സ്ഥാനങ്ങളും അവരുടെ ദൗത്യങ്ങളും ഈ ഗ്രന്ഥത്തിന്റെ വായനക്കിടയിൽ നാം കണ്ടുകഴിഞ്ഞു. അവയിലൊക്കെയും സ്ത്രീകളുടെ സ്ഥാനം എപ്രകാരമാണെന്നും നാം മനസ്സിലാക്കി കഴിഞ്ഞു.

പൊതുജനങ്ങളെ നയിക്കുന്ന വല്ല ഉത്തരവാദിത്വവും മനുഷ്യ ചരിത്രത്തിലെ ഇസ്‌ലാമിക ജീവിതങ്ങളിൽ സ്ത്രീകൾക്ക് ഉണ്ടായതായി നമുക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പുരുഷനെ അപേക്ഷിച്ച് സ്ത്രീകളുടെ സൃഷ്ടിപ്പിൽ അല്ലാഹു നിക്ഷേപിച്ച ചില ദൗർബല്യങ്ങൾ തന്നെയാണ് അതിന്നു കാരണമായി പ്രത്യക്ഷത്തിൽ നമുക്ക് തോന്നുക. ഗഹനാർഥത്തിൽ അതിൽ അല്ലാഹുവിന്റെ യുക്തി എന്തെന്ന് നമുക്കജ്ഞാതമാണെങ്കിൽ കൂടി. അവരെ മാസംതോറും ബാധിക്കുന്ന ആർത്തവവും അതിന്റെ ആലസ്യങ്ങളും ഗർഭധാരണവും അതിന്റെ അസ്വസ്ഥതകളും പ്രസവവും അതിന്റെ വിശ്രമ വേളകളും രാവുപകലെന്നില്ലാതെ സധൈര്യം ഓടിയെത്തേണ്ട അനിവാര്യഘട്ടങ്ങളിൽ, സ്ഥലങ്ങളിൽ അവൾക്ക് വന്നേക്കാവുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങളും കായികക്ഷമതയുടെ പ്രകൃത്യായുള്ള കുറവും ഒക്കെ സാമൂഹിക പ്രശ്നങ്ങളിൽ പൂർണ്ണമായും ഇടപെടുന്നതിൽ നിന്നും അവളെ പിന്തിരിപ്പിക്കുന്നു.

ഇനി തിരഞ്ഞെടുപ്പിൽ, ഗ്രാമപഞ്ചായത്തിന്റെ ഒരു കൊച്ചു വാർഡിലേക്കായാൽ പോലും അവൾക്ക് മത്സരിക്കാനും ജയിച്ചുകയറി ജനങ്ങളെ സേവിക്കാനും അങ്ങിനെ ആ വാർഡിന്റെ പ്രതിനിധിയായി നിലകൊള്ളാനും അനുവാദമുണ്ടോ? അതാണല്ലോ അഥവാ വാർഡാണല്ലോ ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റ്! എങ്കിൽ നാട്ടിൽ അവളുടെ മഹല്ലിൽ ഉള്ള മുസ്‌ലിംകളെയെല്ലാം ഉൾപ്പെടുത്തി ജമാഅത്തിന് നേതൃത്വം കൊടുക്കുവാൻ അവളെ അനുവദിക്കാമായിരുന്നു. ഒരു മഹല്ലിലെ ഏറ്റവും ചെറിയ നേതൃത്വമാണല്ലോ ആ നാട്ടിലെ അഞ്ചു നേരത്തെ ജമാഅത്തിലെ ഇമാമത്ത്. വാർഡിലേക്കോ പഞ്ചായത്തിലേക്കോ വേണ്ട, ഒരാഴ്ചയിലൊരിക്കൽ മാത്രം വന്നുചേരുന്ന വെള്ളിയാഴ്ച ജുമുഅക്ക് നേതൃത്വം കൊടുക്കാൻ അവളെ അനുവദിക്കാമായിരുന്നല്ലോ... അഞ്ചുനേരത്തെ ജമാഅത്തുകളിലോ വെള്ളിയാഴ്ചയിലെ ജുമുഅയിലോ നേതൃത്വം കൊടുക്കാൻ അനുവാദമില്ലാത്ത സ്ത്രീയെങ്ങിനെയാണ് വാർഡിലെ ജനങ്ങൾക്ക് "ഇമാമാ"വുക. ജുമുഅ ഖുതുബഃ നിർവ്വഹിക്കാൻ അനുവാദമില്ലാത്ത സ്ത്രീയെങ്ങിനെയാണ് പൊതുജനങ്ങളോട് സ്റ്റേജിൽ കയറി പ്രസംഗിക്കുക! ഒരാഴ്ചയിലൊരിക്കൽ മാത്രം വന്നുചേരുന്ന ഖുതുബ പോലും അവൾക്കനുവദനീയമല്ലെന്നിരിക്കെ കവലകൾ തോറും സ്റ്റേജ് കെട്ടിയിടത്തും അല്ലാത്തിടത്തും "പാർട്ടി"ക്കാർക്കുവേണ്ടി "ഖുതുബ" നിർവ്വഹിക്കുന്നതെങ്ങിനെ? എന്ത്കൊണ്ടാണ് മുസ്‌ലിം ജനത ഇസ്‌ലാമിന്റെ അളവുകോൽ വെച്ച് തന്റെ ജീവിതത്തെ അളക്കാത്തത്? ഇവിടെ അണിയറയിൽ ജീവിതം പച്ച പിടിപ്പിക്കേണ്ട സ്ത്രീ തനിക്കു സിന്ദാബാദ് വിളിക്കുന്ന പാർട്ടിക്കു വേണ്ടി അരങ്ങത്തേക്ക് സേവനത്തിനു അണിഞ്ഞിറങ്ങി വന്നാൽ "അവിടെ" അവൾക്ക് വിളിക്കാൻ ആളെ കിട്ടില്ല. വിളിച്ചാലും വരില്ല.

فَلْيَدْعُ نَادِيَهُۥ ﴿١٧﴾

"എന്നിട്ട്, അവൻ(ൾ) അവന്റെ പാർട്ടിക്കാരെ - ക്ലബ്ബിലെ അംഗങ്ങളെ - വിളിച്ചുകൊള്ളട്ടെ" (96: 17). അവൾക്ക് ഇഹലോകത്ത് കീജയ് വിളിച്ച വലിയ ആൾക്കൂട്ടം അവിടെ ഉണ്ടാവും.

سَنَدْعُ ٱلزَّبَانِيَةَ ﴿١٨﴾

"നാം സബാനിയത്തിനെയും വിളിച്ചുകൊള്ളാം" (96: 18). നരകത്തിലെ അതിശക്തന്മാരും ശിക്ഷ നടപ്പിലാക്കുന്നവരുമായ മലക്കുകളാണ് സബാനിയ്യഃ. അവൾ ചെന്നു ചേരുന്ന പാർട്ടിക്കാർ അതാണ്.

അതിലേക്ക് അവളെ ഇറക്കാൻ ഏണിയിട്ടു കൊടുത്തവൻ വ്യക്തി യായാലും സംഘടനയായാലും അവരൊക്കെയും അല്ലാഹു വിളിച്ച സബാനിയത്തിന്റെ പാർട്ടിയിൽ ചെന്നണയും. സബാനിയത്തിന്റെ ഭൂമിയിലെ അവകാശികൾ! നഊദുബില്ലാഹ്!

ഇനി ജിഹാദിലേക്കു നോക്കൂ... ഇസ്‌ലാമിന്റെ ഉത്കൃഷ്ട സമൂഹം ജീവിച്ച കാലഘട്ടങ്ങളിലൊ അവരെ ആവേശപൂർവ്വം ഇഷ്ടപ്പെട്ട പിൽക്കാല ജീവിതങ്ങളിലൊ സ്ത്രീകൾ വശം വാളോ കുന്തമോ നൽകി അവരെ പോരാട്ടഭൂമിയിലേക്കയച്ചില്ലെ ങ്കിൽ ഇപ്പോഴെങ്ങിനെയാണ് തെരുവുകൾ തോറും ഇടവഴികൾ തോറും കൊടിയുമേന്തി മുഷ്ടിയെറിഞ്ഞ് മുദ്രാവാക്യം വിളിച്ച് അവൾക്ക് അവകാശസമരത്തിന്നിറങ്ങാനാവുക?!

മനുഷ്യചരിത്രത്തിന്റെ ക്രമാനുഗതമായ പ്രയാണത്തിൽ മാറ്റത്തിന്റെയും വിശുദ്ധിയുടെയും വഴിയൊരുക്കാൻ പല കാല ങ്ങളിലായി, പല ദേശങ്ങളിലായി വന്ന പ്രവാചകന്മാർ! ലക്ഷ ത്തിൽ പരം വരുന്ന നബിമാർ! ചെറിയ ചെറിയ ഭൂപരിധിക്കകത്ത് പ്രവർത്തിച്ചവർ മുതൽ ഭൂമി മുഴുവൻ തന്റെ അധികാരത്തി ന്റെയും പ്രബോധനത്തിന്റെയും അതിർത്തിയാക്കിയവർ അക്കൂ ട്ടത്തിലുണ്ട്. മനുഷ്യഘടനയുടെയും ജീവസന്ധാരണത്തി ന്റെയും ഉള്ളറിയുന്ന ലോകസംരക്ഷകനായ അല്ലാഹു അവരിൽ ഒരു "നബിയ്യ"ത്തിനെ പോലും പരിഗണിക്കാതെ വിട്ടതെന്തെ? പൊതു സമൂഹത്തോട് സംസാരിക്കേണ്ടവരൊ പൊതുജനത്തെ ഉദ്ധരിക്കേണ്ടവരോ ആയി സ്ത്രീകളെ കൂടി ഉൾപ്പെടുത്താമായിരു ന്നെങ്കിൽ ചുരുങ്ങിയ പക്ഷം ഒരു കൊച്ചുനാടിന്റെ പ്രവാചകയായി, നബിയ്യത്തായി ഒരു സ്ത്രീയെ നിയോഗിക്കാമായിരുന്നല്ലോ... അങ്ങിനെയില്ലെങ്കിൽ പിന്നെയെങ്ങിനെയാണ് ഒരു പഞ്ചായത്തിന്റെ, ജില്ലയുടെ, സംസ്ഥാനത്തിന്റെ, രാഷ്ട്രത്തിന്റെ "നബിയ്യ"ത്തായി അവളെ സ്ഥാപിക്കാനാവുക. അല്ലാഹുവോ അവന്റെ റസൂലൊ പഠിപ്പിക്കാത്ത ഒരു പുണ്യം എങ്ങിനെയാണ് ഖിയാമത്ത് നാളി ലേക്കു ചാഞ്ഞ വർത്തമാനകാല സമൂഹത്തിന്ന് ദർശിക്കാനാവുക! ആരെന്ത് പറഞ്ഞാലും റസൂൽ ﷺ യുടെ നിർദ്ദേശത്തെ അവഗണി ക്കാനാവുമോ!

..... والمرأة راعية في بيت زوجها ومسؤولة عن رعيتها، ..... (مُتَّفَقٌ عَلَيهِ)

"സ്ത്രീ അവളുടെ ഭർത്താവിന്റെ വീട്ടിലെ ഇടയത്തിയാണ്. അവളുടെ ഇടയവൃത്തിയെക്കുറിച്ച് അവളോട് ചോദിക്കപ്പെടും. (അഥവാ അവൾക്ക് ഉത്തരവാദിത്വമുണ്ട്)"

# 50% സംവരണം പാഴാക്കാമോ?

**ഇ**ക്കാലത്ത് ഉയർന്നുവരുന്ന പൊതുവായ ഒരു ചോദ്യമാണിത്. സർക്കാർ നിശ്ചയിച്ച 50% വനിതാ സംവരണം നാം പാഴാക്കിയാൽ അമുസ്‌ലിംകൾക്കൊരു നഷ്ടവുമില്ലല്ലോ... നഷ്ടം മുഴുവൻ മുസ്‌ലിംകൾക്കല്ലെ? എന്തിനാണ് ഇത്തരമൊരു സന്ദർഭം നഷ്ടപ്പെടുത്തുന്നത്? സംവരണ സീറ്റിൽ മത്സരിക്കാതിരുന്നാൽ അവിടെ മുസ്‌ലിംകളല്ലാത്തവർ ഉപയോഗപ്പെടുത്തുകയില്ലെ? അത് കൂടുതൽ ദോഷമല്ലേ ചെയ്യുക? ഇത്തരത്തിൽ പെട്ട "എന്തൊരു യുക്തി സഹം" എന്നു തോന്നിപ്പോവുന്ന ചോദ്യങ്ങൾ പല "വേഷങ്ങളിൽ" മുസ്‌ലിം സമൂഹത്തിനു മുമ്പിൽ പ്രത്യക്ഷപ്പെടാറുണ്ട്.

സ്ത്രീയെ പുറത്തു ചാടിക്കുകയാണ് ഇതിലൂടെയുള്ള പിശാചിന്റെ തന്ത്രം. അവന്റെ വേട്ടയുപകരണമാണ് സ്ത്രീ. ഇബ്‌ലീസ് വേട്ടയുപകരണം ആവശ്യപ്പെട്ട കാര്യം ഇബ്നുൽ ഖയ്യിം ﵀ തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്:

وقوله اجعل لي مصايد قال مصايدك النساء فالنساء أعظم شبكة له يصاد بهن الرجال

(إغاثة اللهفان-254/1)

"പിശാച് ചോദിക്കുന്നു: എനിക്കു വേട്ടയുപകരണം നിശ്ചയിച്ചു തരിക. അവൻ - അല്ലാഹു - പറഞ്ഞു. നിന്റെ വേട്ടയുപകരണം സ്ത്രീകളാണ്." എന്തെന്നാൽ സ്ത്രീകൾ അവന്റെ പക്കലുള്ള ഏറ്റവും വലിയ വലയാണ്. അവരെക്കൊണ്ടാണ് (അവൻ) പുരുഷന്മാരെ വേട്ടയാടുന്നത്.. (വാള്യം 1, പേജ് 254)

പ്രവാചകൻ ﷺ ഏറെ ഭയപ്പെട്ട കാര്യങ്ങളിൽ ഒന്നാണിത്. ഉസാമഃ ؓ പറയുന്നു: റസൂൽ ﷺ പറഞ്ഞു:

ما تَركتُ بَعدي فِتنَةً أضر على الرجالِ منَ النساءِ (مُتَّفَقٌ عَلَيهِ)

"സ്ത്രീകളിൽ നിന്നുള്ളതിനേക്കാൾ ഘോരമായ ഒരു കുഴപ്പവും എന്റെ ശേഷം പുരുഷന്മാരിൽ ഉപേക്ഷിക്കപ്പെട്ടതായിട്ടില്ല." (ബുഖാരി, മുസ്‌ലിം).

ഭൂമിയിൽ അവശേഷിച്ചിട്ടുള്ള ഏറ്റവും വലിയ കുഴപ്പം സ്ത്രീകളിൽ നിന്നായിരിക്കുമെന്നാണ് ഇതിലെ ധ്വനി. ഈ രണ്ട് ഹദീഥ് ഗ്രന്ഥങ്ങളിൽ തന്നെ മറ്റൊരിടത്ത്

مَا تَرَكْتُ عَلَى أُمَّتِي بَعْدِي...

"എന്റെ ഉമ്മത്തിൽ എന്റെ (കാല) ശേഷം...." എന്നാണുള്ളത്. സ്ത്രീകൾ മഹാകുഴപ്പക്കാരികളാണ് എന്ന അർഥത്തിലല്ല, പകരം സ്ത്രീകളെ എളുപ്പത്തിൽ പിശാചിന്ന് ഉപയോഗപ്പെടുത്താൻ സാധിക്കുന്നു എന്നതാണ് ഇതിലെ വസ്തുത! സ്ത്രീകൾ അങ്ങേയറ്റത്തെ രഹസ്യ സ്വഭാവത്തോടുകൂടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പുരുഷനു കൗതുകം തരുന്ന ദേഹപ്രകൃതമാണവരുടേത്. നാം എത്ര സദാചാരവാദം മുഴക്കിയാലും അവരുടെ സൃഷ്ടിപ്പിൽ ആ രഹസ്യം ഒളിഞ്ഞിരിപ്പുണ്ട്. അല്ലാഹു ﷻ വിന്റെ വഹ്യ് പ്രകാരമല്ലാതെ വെറുതെ യാതൊന്നും മൊഴിയാത്ത വിശുദ്ധ പ്രവാചകൻ ﷺ സ്ത്രീ മുഴുവനായും ഗോപ്യതയാണ് എന്ന് പഠിപ്പിക്കുകയുണ്ടായി. അവിടുന്ന് ﷺ പറഞ്ഞു.

المرأةُ عورةٌ فإذا خرجتِ استشرفَها الشَّيطانُ - الألباني (صحيح الترمذي - 1173)

"സ്ത്രീ ഗോപ്യതയാണ് - നഗ്നതയാണ് - അവൾ പുറത്തുവന്നാൽ പിശാച് അവളെ പ്രദർശനവിധേയമാക്കും." തുർമുദി.

എല്ലാ നോട്ടവും അവളിലേക്കാവുന്ന വിധം അവളെ അവൻ ഉയർത്തിക്കാട്ടും. ഒരു പക്ഷെ ഒരു രാഷ്ട്രത്തെ തന്നെ കുഴപ്പത്തിലെത്തിക്കുന്ന മഹാവിപത്താവാനും അത് ഇടവരുത്തും. റസൂൽ ﷺ തന്നെ ഒരിക്കൽ പറഞ്ഞു:

إن الدنيا حلوةٌ خضرة وإن اللهَ مستخلفُكم فيها فينظرَ كيف تعملون فاتقوا الدنيا واتقوا النساءَ فإن أولَ فتنةِ بني إسرائيلَ كانت في النساء (صحيح مسلم - 2742)

"തീർച്ചയായും ഇഹലോകം ഹരിതമധുരമാണ്. നിശ്ചയം അല്ലാഹു അതിൽ നിങ്ങളെ അനന്തരാവകാശികളാക്കിയിരിക്കുന്നു. എപ്രകാരമാണ് നിങ്ങൾ പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിക്കാൻ വേണ്ടി. അതിനാൽ ഇഹലോകത്തെ നിങ്ങൾ സൂക്ഷിക്കുക. സ്ത്രീകളെയും നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും ഇസ്റാഈലീ സന്തതികളുടെ ആദ്യ കുഴപ്പം സ്ത്രീകളിൽ നിന്നായിരുന്നു." മുസ്ലിം.

മധുരോദാത്തമായ ലോകം. ആസ്വാദന മധുരവും ദൃശ്യഹരിത

വുമായ ഇഹലോകം! നമ്മുടെ കണ്ണും ഹൃദയവും അതേറ്റുവാങ്ങുന്നു. അതിനാൽതന്നെ കബളിപ്പിക്കപ്പെടാൻ ഏറെ സാധ്യതയുള്ളതാണ് അവസ്ഥ. അവിടെ ഏറെ കബളിപ്പിക്കപ്പെടുന്ന വിഭവം സ്ത്രീകളാണ്. എല്ലാ അലങ്കാരങ്ങളുമണിഞ്ഞ് പുറത്തിറങ്ങുന്ന സ്ത്രീ. പുരുഷന്മാർക്കിടയിൽ അവരുടെ വീഥികളിൽ, വിനോദസ്ഥലങ്ങളിൽ, വിശ്രമകേന്ദ്രങ്ങളിൽ, ജോലികളിൽ അവർ വിന്യസിക്കപ്പെട്ടിരിക്കുന്നു. പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്നു തോന്നുന്ന തരക്കേടില്ലാത്ത ഒരു കാര്യമായി ചിലർക്കൊക്കെ ഇത് തോന്നിയാലും ഇസ്‌ലാം ഇതിൽ തീർത്തും നിയന്ത്രണങ്ങളേർപ്പെടുത്തുന്നുണ്ട്. തിന്മകളെയല്ല. തിന്മകളുടെ സാധ്യതകളെയാണ് അതിന്റെ പ്രാഥമിക ചലനങ്ങളെയാണ് ഇസ്‌ലാം ഇല്ലായ്മ ചെയ്യുന്നത്. മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീഥ് ശ്രദ്ധിക്കുക.

كتب على ابن آدم نصيبه من الزنى مدرك ذلك لا محالة فالعينان زناهما النظر والأذنان زناهما الاستماع واللسان زناه الكلام واليد زناها البطش والرجل زناها الخطا والقلب يهوى ويتمنى ويصدق ذلك الفرج ويكذبه (صحيح مسلم-2657)

ഒരു നിലക്കും അവഗണിക്കാനാവാത്ത വ്യഭിചാരത്തിന്റെ സാധ്യതകൾ മനുഷ്യനുമേൽ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. (മുസ്‌ലിം റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീഥിൽ അല്ലാഹു നിർണ്ണയിച്ചിട്ടുണ്ട് എന്ന് കാണാം) അതിനാൽ (അയാളുടെ/അവളുടെ) ഇരുകണ്ണുകൾ, നോട്ടമാണ് അവയുടെ വ്യഭിചാരം. ഇരുചെവികൾ, കേൾക്കലാണ് അവയുടെ വ്യഭിചാരം. നാവ്, സംസാരമാണ് അതിന്റെ വ്യഭിചാരം. കയ്യുടെ വ്യഭിചാരം പിടിത്തമാണ്, കാലിന്റെ വ്യഭിചാരം ചുവടുവെയ്പുകളാണ്. ഹൃദയം മോഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യും. ഗുഹ്യം അതിനെ സാക്ഷാത്ക്കരിക്കുകയോ കളവാക്കുകയോ ചെയ്യും. മുസ്‌ലിം.

പെണ്ണിനെയൊന്ന് നോക്കിപ്പോയാൽ ഒന്ന് സംസാരിച്ചുപോയാൽ ലൈംഗികത പുറത്തുചാടുമോ എന്നു കൗതുകപൂർവ്വം ചോദിക്കുന്ന സദാചാരോദ്ഘോഷകരെയും ഭാഷകരെയും നമുക്കിടയിൽ കണ്ടേക്കാം. കേൾക്കുമ്പോൾ തോന്നുക ഞാനൊരു പരിഷ്ക്കർത്താവും ഇയാളൊരു സ്ത്രീലംബടനുമാണെന്നാവും. ഒന്നു നോക്കിപ്പോയാൽ അത്യാവശ്യമൊന്നു സംസാരിച്ചുപോയാൽ സ്വിച്ചിട്ട പോലെ കാമപ്രവാഹം സംഭവിക്കുമെന്നൊന്നും ഇവിടെ ആരും അർഥമാക്കരുത്. അവഗണിക്കാനാവാത്ത വിധം വ്യഭിചാര

ത്തിന്റെ സാധ്യതകൾ എതിർലിംഗത്തിൽ അല്ലാഹു നിർണ്ണയിച്ചിട്ടുണ്ട് എന്ന് റസൂൽ ﷺ പഠിപ്പിക്കുമ്പോൾ ഒരു മുസ്‌ലിം അതിൽ തന്റെ സ്വന്തമായ സദാചാര ദർശനം നടത്തേണ്ടതില്ലല്ലോ.

സാധ്യതകളുടെ പഴുതുകളടയ്ക്കുകയാണ് ഉത്തമമായ ഒരു സംസ്കൃതി ലോകത്തിനു സമർപ്പിച്ച ഇസ്‌ലാം ചെയ്യുന്നത്. റസൂൽ ﷺ യുടെ പ്രസിദ്ധമായ വിടവാങ്ങൽ ഹജ്ജിൽ അവിടുന്ന് മിനയിലെ അറവുപ്രദേശത്ത് എത്തിയവേള. റസൂൽ ﷺ യുടെ വാഹനപ്പുറത്ത് പിന്നിലായി അബ്ബാസ് رضي الله عنه ന്റെ പുത്രൻ ഫദ്ൽ എന്ന ചെറുപ്പക്കാരനുണ്ട് (الفضل بن عباس) . ഖഥ്അം (خثعم) ഗോത്രക്കാരിയായ ഒരു യുവതി റസൂൽ ﷺ യുടെ അരികിൽ വന്നു തീർത്തും വൃദ്ധനായ തന്റെ പിതാവിനു വേണ്ടി തനിക്ക് ഹജ്ജ് ചെയ്യാമോ എന്ന മതവിധിയന്വേഷിക്കുന്നു. സന്ദർഭത്തിന്റെ സ്വാഭാവികത പോലെ ഫദ്ൽ رضي الله عنه അവരെ നോക്കി; അവർ ഫദ്ലിനെയും. റസൂൽ ﷺ ഫദ്ലിന്റെ മുഖം എതിർദിശയിലേക്കു തിരിച്ചു. (ഈ വിധം ഒന്നിൽ കൂടുതൽ തവണ ആവർത്തിച്ചതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.) ശേഷം അബ്ബാസ് رضي الله عنه ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ! താങ്കൾ താങ്കളുടെ സഹോദരപുത്രന്റെ മുഖം തിരിച്ചതായി കണ്ടല്ലോ? അവിടുന്ന് ﷺ പറഞ്ഞു:

إني رأيت غلاما شابا وجارية شابة فخشيت عليهما الشيطان (مسند أحمد – 19/2)

"നിശ്ചയം, ഞാനൊരു യുവാവിനെ കണ്ടു. ഒരു യുവതിയെയും കണ്ടു. അവർക്കിടയിൽ പിശാചിനെ (പിശാച് കടന്നുവരുന്നത്) ഞാൻ ഭയപ്പെട്ടു" - അഹ്മദ്.

നോക്കിയാൽ, ഒന്ന് സംസാരിച്ചാൽ ആകാശം ഇടിഞ്ഞുവീഴുമോ എന്ന് ചോദിച്ചവർക്ക് ഈയൊരു സംഭവം മതിയാവുമെന്ന് കരുതുന്നു.

ഒരിക്കൽ റസൂൽ ﷺ ഇങ്ങിനെ പറഞ്ഞു:

لا يَخْلُوَنَّ رجلٌ بامرأةٍ إلا معَ ذِي مَحرمٍ فقامَ رجلٌ فقالَ يا رسولَ الله امرأتِي خرجتْ حاجّةً واكْتُتِبْتُ فِي غزوةِ كذا وكذا قالَ ارْجِعْ فحُجّ معَ امرأتِكَ (مُتَّفَقٌ عَلَيهِ)

"മഹ്റമായിട്ടുള്ള ഒരാളുടെ കൂടെയല്ലാതെ ഒരു സ്ത്രീയും ഒരു പുരുഷനും മാത്രമാവുന്ന അവസ്ഥ വരരുത്." ഇത് കേട്ടപ്പോൾ ഒരാൾ ചോദിച്ചു. "അല്ലാഹുവിന്റെ റസൂലെ! എന്റെ ഭാര്യ ഹജ്ജ് ചെയ്യാനായി പുറപ്പെട്ടിരിക്കുകയാണ്. ഞാനാവട്ടെ ഇന്നിന്ന പ്രകാരം യുദ്ധത്തിന്ന് (പുറപ്പെടാനായി) പേര് ചേർക്കുകയും ചെയ്തിട്ടുണ്ട്. തിരുമേനി ﷺ

പറഞ്ഞു. "എന്നാൽ നീ തിരിച്ചു പോവുക; നിന്റെ ഭാര്യയോടൊത്ത് നീ ഹജ്ജ് ചെയ്യുക" - ബുഖാരി, മുസ്‌ലിം.

സ്ത്രീയെ എന്തുകൊണ്ട് പുരുഷന്മാർക്ക് ഇമാമായി നമസ്കരിക്കാൻ അനുവദിക്കപ്പെട്ടില്ല എന്നതിന് മേൽപറഞ്ഞ പരാമർശങ്ങളുടെ യുക്തി കൂടിയുണ്ട്. ഒന്നിൽ കൂടുതൽ പള്ളികളുള്ള ഒട്ടനവധി പഞ്ചായത്ത് വാർഡുകൾ നമ്മുടെ നാട്ടിലുണ്ട്. അതായത് പൊതുവെയുള്ള മഹല്ലുകളുടെ വൃത്തം ഒരു വാർഡിനേക്കാൾ ചെറുതായിരിക്കുമെന്നർഥം. അപ്പോൾ പള്ളിയിലെ ഇമാമത്തിനു പറ്റാത്തവളെ എങ്ങിനെയാണ് ഒരു വാർഡിന്റെ മെമ്പറാക്കാൻ മത്സരിപ്പിക്കുക. ഒരു നാട്ടിന്റെ - സമൂഹത്തിന്റെ - അമീറഃയാവാൻ ഇസ്‌ലാം വിധിച്ചിട്ടില്ലാത്ത ഒരു സ്ത്രീയെ എങ്ങിനെയാണ് ഒരു രാഷ്ട്രനായികയായി ഉയർത്തിക്കൊണ്ടുവരാൻ പരിശ്രമിക്കുക. നൂഹ് നബി (عليه السلام) മുതൽ മുഹമ്മദ് ﷺ വരെ ചെറിയ പ്രദേശം മുതൽ ലോകത്തിനാകമാനമായി വന്ന ദശക്കണക്കിന് പ്രവാചകരിൽ ഒരു സ്ത്രീയെപ്പോലും അല്ലാഹു പരിഗണിച്ചില്ലെങ്കിൽ പിന്നെ നമുക്കെങ്ങനെയാണ് ഏതെങ്കിലും ഒരു നാട്ടിന്നായി ഒരു സാമൂഹികപരിഷ്ക്കർത്താവിനെ ഒരു സ്ത്രീയിൽ കാണാനാവുക. ആദം (عليه السلام) മുതൽക്കിങ്ങോട്ട് ഈ ഭൂമുഖത്ത് പല സ്ഥലങ്ങളിലായി വന്ന ലക്ഷക്കണക്കിനു നബിമാരിൽ ഒരു സ്ത്രീ പോലുമില്ലെങ്കിൽ പിന്നെ നാമെന്തിനാണ് സ്ത്രീകൾക്കും സാമൂഹിക സേവനമെന്ന സിദ്ധാന്തവുമായി പൊതുവേദിയിലേക്ക് അവളെ പൊക്കിക്കൊണ്ടുവരുന്നത്! അത്തരത്തിൽ ചിന്തിക്കുന്നവനും അതിനുവേണ്ടി പരിശ്രമിക്കുന്നവനും യഥാർഥത്തിൽ അല്ലാഹുവിനോടാണ് പോരാടുന്നത്. പൊതുസമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാൻ അവൾ ബാധ്യതപ്പെട്ടവളാണെങ്കിൽ അല്ലാഹുവൊ അവന്റെ ഏതെങ്കിലും പ്രവാചകനോ അവൾക്കാ പരിഗണന കൊടുക്കുമായിരുന്നല്ലോ... സ്രഷ്ടാവായ അല്ലാഹു നൽകാത്ത ഒരു പുണ്യം സൃഷ്ടികൾ കാണുന്നുവെന്ന് വന്നാൽ തീർച്ചയായും അവൻ അല്ലാഹുവിനോടും അവന്റെ പ്രവാചകന്മാരോടും അതിൽ നമ്മുടെ നേതാവായ മുഹമ്മദ് ﷺ യോടും പോരാടുന്നവൻ തന്നെ. അവനത് മനഃപ്പൂർവ്വമാണ് ചെയ്യുന്നതെങ്കിൽ ഇസ്‌ലാമിന്റെ പുറത്തേക്കാണ് അവൻ സഞ്ചരിക്കുന്നത് എന്ന് മുന്നറിയിപ്പ് തരാൻ കൂടി ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു.

അപ്പോൾ ഈ അധ്യായത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ച

സംശയം വായനക്കാരിൽ നിലനിൽക്കുന്നുണ്ടാവും. അമ്പത് ശതമാനം സ്ത്രീ സംവരണം, മുപ്പത് ശതമാനം സ്ത്രീ സംവരണം എന്നൊക്കെ തിരഞ്ഞെടുപ്പ് ഗോദയിൽ ചർച്ച ചെയ്യപ്പെടുമ്പോൾ നമ്മുടെ സ്ത്രീകളെ എന്ത് ചെയ്യും!? അഥവാ അല്ലാഹുവും അവന്റെ റസൂലും അനുവദിക്കാത്ത ഒരു കാര്യത്തിൽ ഒരു സമൂഹം "ഒരു വലിയ ഓഫർ" തരുമ്പോൾ നാമെന്തു ചെയ്യണം. അല്ലെങ്കിൽ ഒരു മുസ്‌ലിം എന്ത് ചെയ്യണം? അതല്ലേ അതിലെ വ്യക്തമായ മറു ചോദ്യം? അല്ലാഹുവിനെയും അവന്റെ റസൂലിനെയും പുണരണോ അതോ "ഓഫർ" കൈപ്പറ്റണോ? അതെന്തായാലും എനിക്ക് അല്ലാഹുവും അവന്റെ ദൂതരും മതി എന്നു തീരുമാനിക്കുകയല്ലേ ഒരു മുസ്‌ലിമിന് ചെയ്യാനാവുക.

കേന്ദ്രത്തിലെയോ കേരളത്തിലെയോ സർക്കാറുകൾ സ്ത്രീകളെ രംഗത്തുകൊണ്ടുവരാൻ ഒരു നിശ്ചിത ശതമാനം സംവരണം കൊണ്ടുവന്നാൽ അതിനെ മുസ്‌ലിംകളുടെ കാര്യ ത്തിലെങ്കിലും സ്വീകാര്യമായിരിക്കില്ലാ എന്ന് ഭരണകൂടങ്ങളെ ബോധ്യപ്പെടുത്താൻ മുസ്‌ലിംകൾക്ക് കഴിയണം. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മുസ്‌ലിം സ്ത്രീകളെ പൊതുരംഗത്തേക്ക് കൊണ്ടുവരുന്നത് മതവിരുദ്ധമാണെന്ന് ഇതരസമുദായങ്ങൾ അറി യണം. അതിന്ന് മതബോധമുള്ള, നല്ല മതവിദ്യാഭ്യാസം നേടിയ മുസ്‌ലിം നേതാക്കൾ സമൂഹത്തിൽ നിന്നും ഉയർന്നുവരണം. ചെറു പ്പകാലത്ത് മൂന്നാം ക്ലാസും നാലാം ക്ലാസും വരെ മദ്രസകളിൽ പഠിച്ച്, പത്ത് വയസ്സിനുശേഷം മതഗ്രന്ഥങ്ങളൊന്നും പിന്നെ തുറന്നു നോക്കിയിട്ടില്ലാത്ത, ഇസ്‌ലാം മതത്തെ ആഴത്തിൽ പ ഠിച്ച ആരുടെ സദസ്സിലും ചെന്നിരുന്ന് തുടർപഠനങ്ങൾ ഒന്നും നടത്താത്ത, മുസ്‌ലിം ജീവിതത്തിലെ അനിവാര്യ അധ്യായമായ ഫാതിഹ പോലും സ്ഫുടമായി പാരായണം ചെയ്യാനാവാത്ത നേതാക്കളാണ് മുസ്‌ലിംകളുടെ ഭാഗത്ത് നിന്നും ഈ മാറ്റത്തിന് വേണ്ടി ഒരുങ്ങുന്നതെങ്കിൽ വിഷയം പ്രാരംഭ മൃത്യു വരിക്കുമെ ന്നതിൽ സംശയം വേണ്ട. തന്റെ യുക്തിയും പ്രസംഗവൈഭവവും സമ്പത്തും പരമ്പരാഗത ലബ്ധിയും ഒക്കെയാണ് പ്രധാനമായും ഒരു നേതാവിന്റെ ഉയിർത്തെഴുന്നേൽപിന് ഘടകമാകുന്നത്. ഇസ്‌ലാമിക വിധികൾ അന്വേഷിക്കാനോ പഠിക്കാനോ വലിയ താത്പര്യമൊന്നും അവർക്കുണ്ടായിക്കൊള്ളണമെന്നില്ല. പൊതു മാർക്കറ്റിൽ അവയ്ക്കൊന്നും വലിയ വിലയൊന്നുമില്ലല്ലോ. എന്നാൽ

ശാശ്വത വാസത്തിന്റെ ലോകത്ത് അയാൾക്ക് നേതാവും ശ്രുതിപ്പെട്ടവനുമാവണമെങ്കിൽ നശ്വരലോകത്ത് ചില പരിശ്രമങ്ങളൊക്കെ നടത്തേണ്ടതുണ്ട്. ഇന്ത്യാ ഗവൺമെന്റ് കൊണ്ടുവരുന്ന നിയമങ്ങൾ ഒട്ടനവധി പൊതു ചർച്ചകളിലൂടെയും പരിഗണനകളിലൂടെയുമാണ് രൂപം കൊള്ളുന്നത്. അവിടെ ഇസ്‌ലാമിന്റെ വിധിവിലക്കുകളെ കുറിച്ച് ശരിക്കും പഠനം നടത്തി സമർഥിക്കാൻ പ്രാപ്തരായ മുസ്‌ലിം നേതാക്കളുണ്ടാവണം. അയാൾ അതിന്ന് ശക്തനല്ലെങ്കിൽ മുസ്‌ലിം പണ്ഡിതസഭകളിൽ വന്ന് അവർ അതേക്കുറിച്ച് വിധിയന്വേഷിക്കണം. അവിടെ നിന്ന് അയാൾ ശരിക്കും, അത് സംബന്ധമായ മത വിദ്യാഭ്യാസം കരസ്ഥമാക്കും. "ശരിക്കും" എന്ന പദം വളരെ ഗൗരവപൂർവ്വമാണ് ഈ വിനീതൻ ഉപയോഗിച്ചിരിക്കുന്നത്. ആ വിഷയത്തെ സംബന്ധിച്ച് പിന്നീട് ഏതൊരാൾ ചോദിച്ചാലും അയാൾ സമൂഹത്തിലെ സാധാരണക്കാരനാവട്ടെ പണ്ഡിതനാവട്ടെ ധീരമായും ചോദ്യകർത്താവിന് ബോധപ്പെടും വിധത്തിലും മറുപടി പറയാൻ കഴിയുന്ന അവഗാഹം അയാൾ നേടിയിരിക്കണം. മുസ്‌ലിംകളിൽ നിന്നുള്ള രാഷ്ട്രീയ നേതാക്കൾ ആദ്യമായി മുസ്‌ലിംകളുടെ പ്രതിനിധിയായിരിക്കണം. പിന്നെ മാത്രമേ ബാക്കിയെല്ലാം വരൂ. എന്തെന്നാൽ ഒരു മുസ്‌ലിം എന്ന നിലക്കുള്ള അയാളുടെ ദൗത്യം എങ്ങിനെയാണ് നിർവ്വഹിച്ചതെന്നതിനെ കുറിച്ചായിരിക്കും അല്ലാഹുവിങ്കൽ ആദ്യം പരിശോധിക്കപ്പെടുക. ഇസ്‌ലാമിക തത്വങ്ങൾക്ക് യോജിക്കാത്ത ഒരു നിയമമാണ് നിയമനിർമ്മാണ സഭകളിൽ രൂപം കൊള്ളുന്നത് എങ്കിൽ അതിനെ മുസ്‌ലിംകൾക്ക് സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് അവിടെ ബോധ്യപ്പെടുത്തി പ്രസ്തുത നിയമം മുസ്‌ലിം ജനസമൂഹത്തിന് കൂടി യോജിക്കുംവിധം തിരുത്താൻ കഴിയണം. ഷരീഅത്ത് നിയമഭേദഗതിയുടെ ഘട്ടത്തിൽ മുമ്പ് നാം അത് കണ്ടതാണ്. ഇസ്‌ലാമിക മതവിധികൾ ലോകാവസാനം വരെയുള്ള ജനതക്ക് പാകമാവും വിധമാണ് അല്ലാഹു ക്രമീകരിച്ചു വിട്ടിരിക്കുന്നത്. ജനസമൂഹങ്ങൾ വന്നുപോയിക്കൊണ്ടിരിക്കും. അവർ അവരുടെ കാലത്തിന് നല്ലതെന്ന് അവർക്കു തോന്നുന്നതിനെ സ്രഷ്ടാവിന്റെ നിയമഘടനയുമായി താരതമ്യം ചെയ്തുകൂടാ. സമൂഹമാണ് ദൈവിക നിയമത്തെ പറ്റി ശരിക്കും ഉൾക്കൊള്ളേണ്ടത്. ഒന്ന് സ്രഷ്ടാവ് സൃഷ്ടികൾക്കായി സംവിധാനിച്ച നിയമമാണ്. മറ്റേത് സൃഷ്ടികൾ തന്നെ സൃഷ്ടിച്ച നിയമമാണ്. അതിനാൽ നേരത്തെ നാം സൂചിപ്പിച്ചപോലെ ചെരിപ്പാണ് കാലിനൊത്ത് പാകമാക്കേണ്ടത്. അല്ലാതെ കാലല്ല!

# സ്ത്രീകളെ നേതാവാക്കുന്ന സമൂഹം

**സ്**ത്രീകളെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരുന്നത് സംബ ന്ധിച്ച മതപരമായ നിലപാട് നാം ധാരാളം ചർച്ച ചെയ്തു. ഇസ്‌ലാമിന്റെ ശോഭനമായ കാലഘട്ടങ്ങളിലൊന്നിലും അത്തരം സംഭവങ്ങളുണ്ടായിട്ടില്ല. മുഹമ്മദ് റസൂൽ ﷺ യുടെ കാലഘട്ടത്തിനു മുമ്പുള്ള ഒരു പ്രവാചകന്റെ ഷരീഅത്തിലും അപ്രകാരം ഉണ്ടായി രുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മുഹമ്മദ് ﷺ യുടെ കാല ഘട്ടത്തിലും അതിനുശേഷവും ഉണ്ടായിട്ടില്ല. മാതൃകയാക്കാനായി ഒരു സംഭവവും അവർക്കുണ്ടായിരുന്നില്ല എന്നതായിരുന്നു അതിനു കാരണം. അങ്ങിനെയൊരു അനുവാദമുണ്ടായാൽ നാം മുൻപേജു കളിൽ ചർച്ച ചെയ്ത ഒട്ടേറെ ഖുർആൻ വാക്യങ്ങൾക്കും നബിവ ചനങ്ങൾക്കും നേരെ കണ്ണടയ്ക്കേണ്ടി വരും. അവഗണിക്കേണ്ടി വരും.

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ .... ﴿٣٤﴾

(പുരുഷന്മാർ സ്ത്രീകളുടെ മേൽ അധികാരസ്ഥരാകുന്നു) എന്ന അന്നിസാഅ് അധ്യായത്തിലെ 34-ാം വാക്യത്തിന് വിശദീക രണം നൽകിയിടത്ത് മലയാളികൾക്ക് പരിചയമുള്ള അറബിയിലും മലയാളത്തിലുമുള്ള ഒട്ടുമിക്ക തഫ്സീർ ഗ്രന്ഥങ്ങളും അക്കാര്യം വളരെ ഗൗരവപൂർവ്വം വിശദീകരിച്ചിട്ടുണ്ട്. ഇമാം ബഗവി, ഇബ്നു കഥീർ, ഫഖ്റുദ്ദീൻ അർറാസി, ഖുർതുബി, ഇസ്സുബിൻ അബ്ദിസ്സലാം എന്നീ അറബി വ്യാഖ്യാതാക്കൾ തുടങ്ങി മലയാ ളത്തിൽ സുപ്രസിദ്ധ വ്യാഖ്യാന ഗ്രന്ഥമായ അമാനി മൗലവി യുടെ “വിശുദ്ധ ഖുർആൻ വിവരണം” വരെ. വായനക്കാരുടെ സൗകര്യാർഥം അവയിൽ ഇഷ്ടമുള്ളത് അധികവായനക്കായി ഉപയോഗിച്ചു നോക്കുക. നമ്മുടെ നാട്ടിൽ ഷാഫിഈ മദ്ഹബിന്റെ സഹോദരങ്ങൾ കൂടുതലും അവലംബമാക്കുന്ന ഇമാം റാസിയുടെ വ്യാഖ്യാന ഗ്രന്ഥം ഇക്കാര്യം കുറച്ചുകൂടി ശക്തമായിട്ടാണ് വിശദീ കരിക്കുന്നത്.

# ചരിത്രത്തിൽ നിന്നൊരൽപം

**പേ**ർഷ്യ ഭരിച്ചിരുന്ന ആഡംബരപ്രിയരായ രാജവംശമായിരുന്നു സാസാനിയക്കാർ. അഗ്നിയെ ആരാധിക്കുന്ന മജൂസികളായിരുന്നു അവർ. അതിന്റെ ആരാധനക്കും ആദരവിന്നുമായി അവർ അമ്പലങ്ങൾ തീർത്തു. സൗരാഷ്ട്ര മതത്തിന്റെ അനുയായികൾ! ഉത്തരേന്ത്യയിലെങ്ങും പിന്നീട് ദക്ഷിണേന്ത്യയിലേക്കും അഗ്നി ഏറെ ബഹുമാനിക്കപ്പെടുന്ന ഒരു വസ്തുവായി പരിണമിച്ചത് ഇവരിൽ നിന്നാവാം. എന്തെന്നാൽ ഈ രാജവംശത്തിന്റെ അതിർത്തി ഗുജറാത്തുൾക്കൊള്ളുന്ന വടക്കുപടിഞ്ഞാറെ ഇന്ത്യവരെ വ്യാപിച്ചിരുന്നു. ഈ പേർഷ്യൻ ജനവിഭാഗത്തിൽ നിന്നാണ് പാർസികൾ അവിടെ രൂപം കൊണ്ടത്. നൂറ്റാണ്ടുകളോളം കെടാതെ അവർ ആരാധനാലയങ്ങളിൽ അഗ്നി ജ്വലിപ്പിച്ചു നിർത്തി. ഏകാധിപതികളും ധൂർത്തന്മാരും താന്തോന്നികളും ആഡംബരഭ്രമക്കാരുമായ ഒരു ജനത! എ.ഡി. 224ൽ അർദശിർ 1 (Ardashir I) എന്ന സാസാനിയൻ ചക്രവർത്തിയാണ് ഈ രാജവംശത്തിന്റെ സ്ഥാപകൻ. പിന്നെ ഇദ്ദേഹത്തിന്റെ മകനും അതിനുശേഷം അവരുടെ മകനും പിന്നെ അവരുടെ സഹോദരനും ഇങ്ങിനെ മകനോ സഹോദരനോ പേരമകനോ ഒക്കെയായി നാനൂറിൽ പരം വർഷം ഈ രാജപരമ്പര കൈമാറി വന്നു. എ.ഡി. 651ൽ യെസ്ദഗഡ് III (Yazdegerd III) എന്ന ചക്രവർത്തിയിലൂടെ ഈ ഭരണം ഭൂമുഖത്ത് നിന്ന് ഇല്ലാതായി. മുസ്‌ലിംകളുടെ വിജയപര്യടനമായിരുന്നു അതിന്നു കാരണം. ഇക്കാലയളവ് കൊണ്ട് ഒരു വലിയ ഭൂപ്രദേശം അവർ കീഴടക്കിക്കഴിഞ്ഞിരുന്നു. ഇന്നത്തെ ഇറാൻ, ഇറാഖ്, അഫ്ഘാനിസ്ഥാൻ, സിറിയ, കാക്കസസ് പ്രദേശങ്ങൾ, ഇന്ത്യയുടെ ഗുജറാത്ത് മേഖല ഉൾപ്പെട്ട തെക്കുപടിഞ്ഞാറൻ മധ്യേഷ്യാ, സൗദി അറേബ്യയുടെയും ഉപഭൂഖണ്ഡത്തിന്റെയും കിഴക്കൻ തീരദേശങ്ങൾ (ഇതിൽ കുവൈത്ത്, ബഹ്റൈൻ, യു.എ.ഇ, ഖത്തർ, ഒമാനിന്റെ കിഴക്കൻ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്നു). യമൻ, കുർദിസ്ഥാൻ ഉൾപ്പെട്ട കിഴക്കൻ

തുർക്കി പ്രദേശങ്ങൾ, വടക്കു കിഴക്കൻ ഈജിപ്ത്, പാക്കിസ്ഥാന്റെ തെക്കു പടിഞ്ഞാറെ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്നു.

സാസാനിയൻ സാമ്രാജ്യത്തിന്റെ വിശാലമായ ഈ ഭൂപ്രദേശങ്ങളിൽ അധിക പങ്കും പിൽക്കാലത്ത് ഇസ്‌ലാമികാധിപത്യത്തിൻ കീഴിൽ വന്നു എന്നത് ചരിത്രം. കിസ്റ രാജാക്കന്മാരെന്നായിരുന്നു ഇസ്‌ലാമിക ലോകത്ത് അവർ അറിയപ്പെട്ടിരുന്നത്. പ്രവാചകൻ ﷺ യുടെ ഒരു ഉദ്ധരണി ഈയവസരം ഓർത്തുപോവുന്നു. അബൂഹുറൈറ رضي الله عنه ഉദ്ധരിക്കുന്നു.

إذا هلَكَ كسْرى فلا كسْرى بعدَه ، و إذا هلَكَ قيْصرَ فلا قيصرَ بعدَه ، و الذي نفسي بيدِه لَتُنفقَنَّ كنوزُهما في سبيلِ الله (مُتَّفَقٌ عَلَيهِ)

കിസ്റ നശിച്ചാൽ പിന്നെയൊരു കിസ്റ അതിനുശേഷം ഇല്ല. ഖൈസർ (സീസർ) നശിച്ചാലും പിന്നെയൊരു ഖൈസർ അതിനുശേഷം ഇല്ല. എന്റെ ആത്മാവ് ഏതൊരു കൈകളിലാണോ അവൻ (അല്ലാഹു) തന്നെ സത്യം അവരുടെ രണ്ടുപേരുടെയും നിക്ഷേപങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മുതൽക്കൂട്ടായി വരികതന്നെ ചെയ്യും. (ബുഖാരി, മുസ്‌ലിം)

അത് പുലർന്നു. അവരുടെ – കിസ്റയുടെയും ഖൈസറിന്റെയും – സാമ്രാജ്യങ്ങൾ പിന്നെ ഉയർത്തെഴുന്നേറ്റില്ല തന്നെ. ഉമർ ബിൻ അൽഖത്താബ് رضي الله عنه ന്റെ കാലത്ത് അവ ഇസ്‌ലാമികാധിപത്യത്തിൻ കീഴിൽ വന്നുചേർന്നു.

സാസാനിയൻ സാമ്രാജ്യത്തിന്റെ 27–ാമത്തെ അധിപനായി കിസ്റ രണ്ടാമൻ (Khosrau II) 591ൽ അധികാരത്തിൽ വന്നു. ഇയാളാണ് ഇസ്‌ലാമിക ചരിത്രത്തിൽ പരാമർശവിധേയനായ പേർഷ്യൻ ചക്രവർത്തി. 591 മുതൽ 628 വരെ 38 വർഷക്കാലം! ഇയാൾ അധികാരമേൽക്കുമ്പോൾ റസൂൽ ﷺ ക്ക് 21 വയസ്സേ പ്രായമായിരുന്നുള്ളൂ. ഈ കിസ്റയുടെ ഭരണകാലത്താണ് ഖദീജ رضي الله عنها ന്റെ കച്ചവടക്കാരനായി റസൂൽ ﷺ സിറിയയിലേക്ക് പോവുന്നത്. റസൂൽ ﷺ യുടെ ഇരുപത്തിയഞ്ചാം വയസ്സിൽ. അതിനുമുമ്പ് തിരുദൂതരുടെ പിതൃവ്യൻ അബൂത്വാലിബിന്നൊപ്പം സഹയാത്രികനായി അവിടുത്തെ 12–ാമത്തെ വയസ്സിൽ ഒരിക്കലദ്ദേഹം ആ നാട്ടിൽ പോയിട്ടുണ്ട്.

# റസൂൽ ﷺ യുടെ ദൂത്

**ച**രിത്രം സ്പർശിക്കുന്നത് അവിടെയല്ല. മുഹമ്മദ് ﷺ ക്ക് പ്രവാചകത്വം ലഭിച്ചു. പല പ്രതിസന്ധികളും കഴിഞ്ഞു. മദീനയിലേക്കു ഹിജ്റ വന്നു. അൽപം സ്വസ്ഥത വന്നവേള. ഇസ്‌ലാമിക പ്രബോധനം സമീപരാജ്യങ്ങളിൽ എത്തിച്ചേരണമെന്ന് തിരുമേനി ﷺ ആഗ്രഹിച്ചു. അതിന്നായി അതതു രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്തുകൾ ദൂതന്മാർ വഴി കൊടുത്തയച്ചു. ഹുർമുസിന്റെ (Hormizd V ന്റെ) പുത്രൻ കിസ്റാ ചക്രവർത്തിക്കും അപ്രകാരം റസൂൽ ﷺ യുടെ സന്ദേശം പോയി. അബ്ദുല്ലാഹ് ബിൻ ഹുദാഫഃയാണ് ദൂതുമായിപ്പോയത്. റസൂൽ ﷺ യുടെ പ്രസ്തുത കത്തിലെ ഉള്ളടക്കം ഇപ്രകാരമായിരുന്നു. “കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവിന്റെ ദൂതൻ മുഹമ്മദിൽ നിന്നും പേർഷ്യൻ ചക്രവർത്തി കിസ്റക്ക്. സന്മാർഗ്ഗം പിൻപറ്റിയവയിൽ അല്ലാഹു ശാന്തി ചൊരിയട്ടെ - അല്ലാഹുവിലും അവന്റെ ദൂതരിലും വിശ്വസിച്ചവർക്കും തീർച്ചയായും യാതൊരു പങ്കാളിയുമില്ലാത്ത വിധം ഏകനായ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ലെന്നും, തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും സാക്ഷിയായവന്നും (അല്ലാഹു ശാന്തി ചൊരിയട്ടെ). അല്ലാഹു ക്ഷണിച്ചതേതോ അതിലേക്ക് താങ്കളെ ഞാൻ ക്ഷണിക്കുന്നു. എന്തെന്നാൽ ജീവിക്കുന്നവരാരോ അവർക്ക് മുന്നറിയിപ്പ് നൽകാൻ ജനങ്ങൾക്കാകമാനമായി അയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണ് ഞാൻ; സത്യനിഷേധികൾക്ക് - ശിക്ഷയുടെ - വചനം സത്യമായി പുലരാൻ വേണ്ടിയും. അതിനാൽ താങ്കൾ അംഗീകരിച്ചാൽ താങ്കൾക്കു രക്ഷയുണ്ട്. ഇനി താങ്കൾ അവഗണിക്കുകയാണെങ്കിലോ മജൂസികളുടെ (അഗ്നിയാരാധകരുടെ) സകല പാപങ്ങളും താങ്കളുടെ മേൽ വന്നുചേരും.”

കത്തു വായിച്ചു കേൾക്കേണ്ട താമസം അയാളത് വാങ്ങി

പിച്ചിച്ചീന്തിക്കളഞ്ഞു. മറ്റൊരു റിപ്പോർട്ടനുസരിച്ച് കാലിന്നടിയിലിട്ടു ചവിട്ടിത്തേച്ചു. അയാൾ ആക്രോശിച്ചു; “എനിക്കിത് എഴുതുകയോ, ഇയാളെന്റെ അടിമയായിരിക്കെ!?”

റസൂൽ ﷺ യുടെ ദൂതൻ അവിടെ നിന്നും രക്ഷപ്പെട്ടു. ഈ സംഭവമറിഞ്ഞ റസൂൽ ﷺ പറഞ്ഞു.

اللهم مزق ملكه

“അല്ലാഹുവേ,അവന്റെരാജാധിപത്യംപിച്ചിച്ചീന്തിക്കളയേണമേ”

കിസ്റ കോപാകുലനായി. അദ്ദേഹം ഉടൻതന്നെ ബാസാൻ (Bazan) എന്ന യമനിലെ തന്റെ ഗവർണ്ണർക്ക് എഴുതി. “താൻ ദൈവദൂതനാണെന്നു പറയുന്ന ഹിജാസിലെ ഈ മനുഷ്യന്റെ അടുത്തേക്ക് യോഗ്യരായ രണ്ടാളുകളെ താങ്കൾ അയക്കുക. എന്നിട്ട് അദ്ദേഹത്തെ പിടികൂടി എന്റെ അരികിലേക്കെത്തിക്കുക.”

ബാസാൻ, പേർഷ്യൻ ഭാഷ കൈകാര്യം ചെയ്യുന്ന തന്റെ എഴുത്തുകാരനെയും മറ്റൊരു പേർഷ്യക്കാരനെയും റസൂൽ ﷺ യുടെ അടുത്തേക്ക് പറഞ്ഞയച്ചു. കൂടെ ഒരു സന്ദേശവും. “താങ്കൾ ഇവരോടൊപ്പം കിസ്റയുടെ സന്നിധിയിലേക്കു പോവുക.”

അവർ രണ്ടുപേരും മദീനയിൽ എത്തി. റസൂൽ ﷺ യുടെ സന്നിധിയിലേക്കു പ്രവേശനം ലഭിച്ചു. അവർ മീശ കനപ്പിച്ചു വെച്ചവരും മുഖം പൂർണ്ണമായും ഷേവു ചെയ്യുന്നവരുമായിരുന്നു. റസൂൽ ﷺ അവർക്കു നേരെ നോക്കാൻ ആദ്യം വിമുഖത കാണിച്ചു. അവിടുന്ന് ﷺ ചോദിച്ചു.

" ويلكما! من أمركما بهذا؟ قالا: أمرنا بهذا ربنا (يعنيان كسرى) فقال رسول الله صلى الله عليه وسلم: لكن ربي قد أمرني بإعفاء لحيتي وقص شاربي" ...( ابن كثير في البداية والنهاية وشيخ الإسلام ابن تيمية في الجواب الصحيح)

“ഇതെന്താ നിങ്ങളുടെ രണ്ടുപേരുടെയും അവസ്ഥ ഇങ്ങിനെ? അവർ രണ്ടുപേരും പറഞ്ഞു. ഞങ്ങളുടെ റബ്ബ് – അതായത് കിസ്റ – ഞങ്ങളോട് കൽപ്പിച്ചതാണ്. അപ്പോൾ റസൂൽ ﷺ പറഞ്ഞു. പക്ഷെ എന്റെ റബ്ബ് എന്നോട് കൽപിച്ചത് എന്റെ താടി ഒന്നും ചെയ്യാതെ വിട്ടേക്കണമെന്നും എന്റെ മീശ വെട്ടണമെന്നുമാണ്.”

തുടർന്ന്, റസൂൽ ﷺ അവരോട് ഇപ്പോൾ മടങ്ങാനും നാളെ വരാനും പറഞ്ഞു. അടുത്ത ദിവസം അപ്രകാരം അവരെത്തി.

റസൂൽ ﷺ അതിഥികളെ ബഹുമാനപൂർവ്വം സ്വീകരിച്ചു. ബാസാനുമായി കിസ്റ നടത്തിയ ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങളെ പറഞ്ഞയച്ചതെന്നും താങ്കളെ കിസ്റയുടെ അരികിൽ എത്തിക്കുകയാണ് ഞങ്ങളുടെ ദൗത്യ മെന്നും അവർ റസൂൽ ﷺ യെ അറിയിച്ചു. സൗമ്യനായി റസൂൽ ﷺ അവരുടെ ആഗമനോദ്ദേശം ശ്രദ്ധാപൂർവ്വം ശ്രവിച്ചു. തുടർന്ന് റസൂൽ ﷺ ഉപരിലോകത്ത് നിന്ന് അവിടുത്തേക്ക് ഉണർത്തിക്കൊ ടുത്ത വാർത്ത അവരെ കേൾപ്പിച്ചു. അവരുടെ രാജാവ് - കിസ്റാ - ഇന്നലെ രാത്രി സ്വന്തം പുത്രനാൽ വധിക്കപ്പെട്ടിരിക്കുന്നു!

സാധാരണഗതിയിൽ പേർഷ്യയിൽ നടന്ന ഒരു കാര്യം അവ രുടെ നാട്ടിലെത്താൻ ആഴ്ചകളെടുക്കും. ഇവിടെയിതാ ഇന്നലെ രാത്രി നടന്ന ഒരു കാര്യം അവർക്കു കേൾക്കാൻ കഴിയുന്നു! അവാ ച്യമായ ഒരു കൗതുകവും ഭീതിയും അവരെ പിടികൂടി. റസൂൽ ﷺ അവരെ ഇസ്ലാമിലേക്കു ക്ഷണിച്ചു. യമനിൽ ചെന്ന് ബാസാനെ ഈ വിവരം അറിയിക്കണമെന്നും ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന ഒരവസ്ഥയിലേക്കു മടങ്ങണമെന്നും അങ്ങിനെ ചെ യ്താൽ താങ്കളുടെ പ്രദേശങ്ങളും അധികാരങ്ങളും നഷ്ടപ്പെടുക യില്ലെന്നും യമനിലെ ഭരണാധികാരിയായിത്തന്നെ തുടരാമെന്നും അവർ വഴി ബാസാനെ അറിയിച്ചു. അവർ മുസ്ലിംകളായി മടങ്ങി. സംഭവിച്ച കാര്യങ്ങളും റസൂൽ ﷺ യുടെ ഇസ്ലാമിലേക്കുള്ള ക്ഷണവും അദ്ദേഹത്തെ അറിയിച്ചു.

കിസ്റാ സ്വന്തം പുത്രനാൽ വധിക്കപ്പെട്ടു എന്നത് അദ്ദേഹത്തെ വളരെ കൗതുകപ്പെടുത്തിയ കാര്യമായിരുന്നു. മാത്രമല്ല തന്റെ ജന ങ്ങളും തന്റെ അധികാരങ്ങളുമൊക്കെ റസൂൽ ﷺ യിൽ വിശ്വസി ച്ചാലും തുടർന്നു പോവാൻ കഴിയുമെന്നും അദ്ദേഹം അറിയുന്നു. അദ്ദേഹം തീരുമാനിച്ചു. ഈ വാർത്ത ശരിയായി പുലർന്നാൽ അദ്ദേഹം ദൈവദൂതൻ തന്നെ; ഞാനദ്ദേഹത്തിൽ വിശ്വസിക്കും. ഇനിയത് ശരിയല്ലെങ്കിലോ അപ്പോഴുള്ള എന്റെ ഹിതം പോലെ എനിക്കു പ്രവർത്തിക്കുകയുമാവാം.

താമസിയാതെ കിസ്റയുടെ പുത്രനിൽ നിന്നുള്ള സന്ദേശം അദ്ദേഹം കൈപ്പറ്റി. ഇബ്നു കഥീറിന്റെ البداية والنهاية പോലുള്ള ഇസ്ലാമിക ഗ്രന്ഥങ്ങളിൽ ഈ പുത്രന്റെ പേര് ഷിറൂയഃ

(Shiruyah) എന്ന് മാത്രമാണ് നൽകിയിരിക്കുന്നത്. അത് തന്നെ യാണ് അയാളുടെ ശരിയായ പേര്. അധികാരത്തിൽ അയാൾ അറി യപ്പെട്ടത് കവാദ് രണ്ടാമൻ (Kavadh II) എന്ന പേരിലാണ്.

കവാദ് ഇങ്ങിനെ എഴുതി: "ഞാനെന്റെ പിതാവിനെ വധിച്ച കാര്യം താങ്കളെ അറിയിക്കട്ടെ. രാഷ്ട്രത്തിന്റെ ക്രോധം എന്നെ അതിന്നു നിർബന്ധിച്ചു. പല ആദരണീയ വ്യക്തികളെയും അദ്ദേഹം കൊന്നുകളഞ്ഞിട്ടുണ്ട്. പ്രായമായ ആളുകളെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്. ഈ കത്ത് കിട്ടിയ ഉടനെത്തന്നെ താങ്കൾ ജനങ്ങളിൽ നിന്നും എനി ക്കായി പ്രതിജ്ഞ വാങ്ങണം. കിസ്റാ പിടികൂടാൻ നിർദ്ദേശിച്ച പ്രവാചകത്വവാദിയെ പിടികൂടാനുള്ള ഉദ്യമത്തിൽ നിന്നും മാറി നിൽക്കുക. എന്നിൽ നിന്നും മറ്റൊരറിയിപ്പുണ്ടാകുന്നത് വരെ."

കത്ത് വായിച്ചുകൊണ്ടിരുന്ന ബാസാൻ തന്റെ ഉള്ളിൽ ഇസ്‌ലാമികാശ്ലേഷത്തിന്റെ കരുത്തു നിറച്ചുകൊണ്ടിരിക്കുകയായി രുന്നു. കിസ്റ വധിക്കപ്പെട്ട വിവരം ഉപരിലോകത്ത് നിന്ന് സ്വീകരിച്ച ഒരു പ്രവാചകനെ കുറിച്ച സദ്‌വിചാരങ്ങളോടെയാണ് അദ്ദേഹം വായന അവസാനിപ്പിച്ചത്. അദ്ദേഹം പ്രഖ്യാപിച്ചു. തീർച്ചയായും ഈ മനുഷ്യൻ റസൂൽ തന്നെയാണ്. ഞാനദ്ദേഹത്തിൽ വിശ്വസി ക്കുന്നു. (ബാസാൻ യമൻ ഗവർണറായിരുന്നെങ്കിലും പേർഷ്യക്കാ രനായിരുന്നു) അദ്ദേഹത്തോടൊപ്പം അവിടെ ഉണ്ടായിരുന്ന എല്ലാ പേർഷ്യൻ ഉദ്യോഗസ്ഥരും ഇസ്‌ലാം വിശ്വസിച്ചു. ഇസ്‌ലാമിക തരം ഗത്തിന്റെ തുടക്കമായിരുന്നു അത്.

റസൂൽ ﷺ അദ്ദേഹത്തെ യമനിലെ ഗവർണറായി തുടരാനനു വദിച്ചു. വളരെ ചെറിയ ഒരു കാലയളവ് മാത്രമെ പിന്നെ അദ്ദേഹം ജീവിച്ചുള്ളൂവെങ്കിലും പേർഷ്യയുടെ അവസാനത്തെയും ഇസ്‌ലാ മിന്റെ ആദ്യത്തെയും ഗവർണറാവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ഷഹ്ർ ബിൻ ബാസാൻ തുടർന്ന് ഗവർണ റായി വന്നു. യമൻ മുഴുവൻ ഇസ്‌ലാമിക പ്രബോധന പര്യടനം എളുപ്പമാക്കാൻ ഈ പിതാവിന്റെയും പുത്രന്റെയും കാലഘട്ടം ഉപ കരിച്ചു. അലി رضي الله عنه , ഖാലിദ് ബിൻ വലീദ് رضي الله عنه , അബീ മൂസൽ അഷ്അരി رضي الله عنه തുടങ്ങി അവസാനം മുആദ് ബിൻ ജബൽ رضي الله عنه വരെ ഒട്ടേറെ ഉന്നത സ്വഹാബി ശ്രേഷ്ഠന്മാർക്ക് അവിടെ വരാനും പ്രബോധനം നടത്താനും അതുവഴി സാധിച്ചു.

# കിസ്റക്കു ശേഷം

**ച**രിത്രം പ്രവാചകൻ ﷺ ന്റെ മൊഴിയിലേക്കു മടങ്ങട്ടെ – കിസ്റ രണ്ടാമനുശേഷം ഒരു മൂന്നാം കിസ്റ പിന്നെ ഉണ്ടായില്ല. തിരുദൂതരുടെ കത്ത് പിച്ചിച്ചീന്തിയതു മുതൽ പ്രവാചകൻ ﷺ യുടെ പ്രവചനം പോലെ അദ്ദേഹത്തിന്റെ ഭരണകൂടത്തിന്റെയും അവസാനം അവിടെ ആരംഭിക്കുകയായിരുന്നു. കിസ്റയെ പുത്രൻ പിടികൂടി നാലുദിവസം ജയിലിലിട്ടു പീഡിപ്പിച്ചു. അഞ്ചാം ദിവസം രാത്രി പല ഭാഗങ്ങളിൽ നിന്നും അയാളുടെ ശരീരത്തിലേക്കു അമ്പുകളെയ്തു അയാളെ ഇഞ്ചിഞ്ചായി കൊന്നു. പിതാവിനെ മാത്രമല്ല തന്റെ പതിനെട്ടു സഹോദരങ്ങളെയും അയാൾ കൊന്നു! കിസ്റാ വധിക്കപ്പെട്ട അതേ വർഷം തന്നെ എ.ഡി. 628ൽ കവാദും മരിച്ചു; ഒരു വർഷം പൂർത്തിയാക്കാൻ പോലും കഴിയാതെ. പിന്നെ 628 മുതൽ 632 വരെയുള്ള നാലു വർഷത്തിനുള്ളിൽ ആറു പേർ ഭരണം നടത്തി. തകർന്നടിയുന്ന ഒരു ഭരണകൂടത്തിന്റെ ചിത്രം വായനക്കാർക്ക് ഇതിൽ നിന്നും വ്യക്തമാവും. അണയാൻ പോവുന്ന ദീപത്തിന്റെ അവസാന നാളത്തുടിപ്പുപോലെ ഏഴാമത്തെ ഭരണാധികാരി (Yezdegerd III) കുറച്ചു നീണ്ടകാലം ഭരിച്ചു. കിസ്റയുടെ ഈ പേരമകൻ ഭരിക്കുകയായിരുന്നില്ല; സാമ്രാജ്യത്തിന്റെ ചുമരുകളൊന്നൊന്നായി തകർന്നു വീഴുന്നതിന് ദൃക്സാക്ഷിയാവുകയായിരുന്നു! ചക്രവർത്തിയായി ഇരുപത് വർഷങ്ങൾ. അതിൽ ആദ്യത്തെ നാലു വർഷങ്ങൾ മാത്രമാണ് അദ്ദേഹത്തിന് സിംഹാസനത്തിലിരിക്കാൻ കഴിഞ്ഞത്. അത് തന്നെ അബൂബക്കർ رضي الله عنه ന്റെയും തുടർന്ന് ഉമർ رضي الله عنه ന്റെയും സേനാനായകനായി പടയോട്ടം നടത്തിയ ഖാലിദ് ബിനു വലീദി رضي الله عنه നും അദ്ദേഹത്തിന്റെ മുസ്ലിം സേനക്കും തന്റെ കീഴിലെ നാട്ടുരാജ്യങ്ങളോരോന്നും അടിയറവെച്ച് കൊണ്ട്! പിന്നെയുള്ള പതിനാറു വർഷക്കാലം ഒരു നാട്ടിൽ നിന്നും മറ്റൊരു നാട്ടിലേക്കുള്ള ഭയന്നോട്ടത്തിന്റെ ചരിത്രം മാത്രം. നിരന്തര പരാജ

യങ്ങളുടെയും അസ്വസ്ഥതകളുടെയും നാളുകളാണ് അദ്ദേഹത്തി നുണ്ടായിരുന്നത്. മൂന്ന് കാര്യങ്ങളായിരുന്നു മുസ്‌ലിം സേന അദ്ദേഹ ത്തിനു നൽകിയത്. ഒന്നുകിൽ ഇസ്‌ലാം അംഗീകരിച്ച് മുസ്‌ലിമായി ജീവിക്കുക. അല്ലെങ്കിൽ കപ്പം നൽകി മുസ്‌ലിം ഭരണത്തിനുകീഴിൽ താന്താങ്ങളുടെ മതം പിൻപറ്റി ജീവിക്കുക. അതും സാധ്യമല്ലെങ്കിൽ യുദ്ധത്തിനൊരുങ്ങുക. തീർത്തും വിഫലമായിപ്പോയ മൂന്നാമത്തെ കാര്യമാണ് അദ്ദേഹം പിന്തുടർന്നത്. ഉമർ ﵁ ന്റെ കാലത്ത് തന്നെ ഖാലിദ് ബിൻ വലീദ് ﵁ ന്റെയും പിന്നീട് സഅദ് ബിൻ അബീ വഖാസി ﵁ ന്റെയും പടയോട്ടത്തിലൂടെ പേർഷ്യയുടെ പകുതിയല ധികം ഭാഗവും മുസ്‌ലിംകൾക്ക് കീഴിലായിക്കഴിഞ്ഞു. ഉമർ ﵁ ന്റെ മരണം കഴിഞ്ഞു രണ്ടുവർഷങ്ങൾ കൊണ്ട് അഥവാ ഉസ്മാൻ ﵁ ന്റെ ഖിലാഫത്തിന്റെ രണ്ടാം വർഷം എ.ഡി. 644ൽ പേർഷ്യൻ സാമ്രാജ്യം മുസ്‌ലിംകൾക്ക് തീർത്തും അടിയറവു പറഞ്ഞുകഴിഞ്ഞു. വിജിഗീഷുവായ പോരാളി അബ്ദുല്ലാഹ് ബിൻ ആമിർ ﵁ ലൂടെ. അപ്പോൾ യസ്ദഗീറിന്റെ അധികാരത്തിന്റെ പന്ത്രണ്ടുവർഷങ്ങൾ മാത്രമെ പിന്നിട്ടിട്ടുണ്ടായിരുന്നുള്ളൂ. അധികാരബലവും അംഗ ബലവും നേർത്തു നേർത്തു വന്നു അവസാനം ഏഴുവർഷ ങ്ങൾ കൂടി പിന്നിട്ടപ്പോൾ അയാൾ തീർത്തും ഏകാകിയായി വിദൂരമായ ഒരു നാട്ടിൻപുറത്ത് (Merv) പ്രാണഭയത്തോടെ എത്തിക്കഴിഞ്ഞിരുന്നു. പക്ഷെ എന്ത് ചെയ്യാം; അദ്ദേഹത്തിന്റെ വിലകൂടിയ വസ്ത്രത്തിലും ധരിച്ച ആഭരണത്തിലും കൈവ ശമുണ്ടായേക്കാവുന്ന പണത്തിലും ആർത്തിപൂണ്ട (?) സാധാരണക്കാരനായ ഒരു ധാന്യമില്ലുകാരൻ അയാളെ കൊന്നു. അങ്ങിനെ എ.ഡി. 224ൽ അർദഷീർ (Ardeshir I) സ്ഥാപിച്ച കിസ്റാ സാമ്രാജ്യം മെർവിന്റെ വിജനതയിൽ എ.ഡി. 651ൽ യെസ്ദഗീറി ലൂടെ (Yezdegerd III) ഭൂമുഖത്ത് നിന്ന് ഇല്ലാതായി.

പ്രവാചകൻ ﷺ യുടെ പ്രാർഥന എപ്രകാരമാണ് പുലർന്നത് എന്ന്, ഒരു സാമ്രാജ്യത്തിന്റെ ദാരുണമായ അന്ത്യം എപ്രകാരമാ ണ് സംഭവിച്ചത് എന്ന് വായനക്കാർക്ക് തീർത്തും വ്യക്തത വരാൻ വേണ്ടിയാണ് ഈ ചരിത്രം ഇവിടെ പ്രതിപാദിച്ചത്. കിസ്റാ ചക്ര വർത്തി ചവിട്ടിയരച്ച പ്രവാചകന്റെ സന്ദേശത്തിന്റെ പര്യവസാനമാ യിരുന്നു അത്. റസൂൽ ﷺ യുടെ ഈ പ്രവചനം ഒരു പ്രത്യേക രാജ വംശത്തിനു നേരെയായിരുന്നു. ആ രാജവംശത്തിൽ തന്നെ അത് സത്യമായി വരികയും ചെയ്തു. മാത്രമല്ല സുദീർഘമായ ഈ ചരി

ത്രകഥനത്തിന് മറ്റൊരുദ്ദേശം കൂടിയുണ്ട്. കിസ്റാ സാമ്രാജ്യചരിത്ര ത്തിൽ റസൂൽ ﷺ യുടെ മറ്റൊരു പ്രവചനം കൂടി ഉണ്ടായിട്ടുണ്ട്. പക്ഷെ അത് അവരുടെ കാലഘട്ടത്തിൽ ഒതുങ്ങുന്നതല്ല. ലോകാവ സാനം വരെയുള്ള മനുഷ്യസമൂഹത്തെയാകമാനം സ്പർശിക്കുന്ന താണത്. അതിലേക്കൊന്നെത്തി നോക്കാം.

കിസ്റാ രണ്ടാമൻ വധിക്കപ്പെട്ടത് എ.ഡി. 628ലാണെന്ന് നാം പറഞ്ഞല്ലോ. റസൂൽ ﷺ മരിക്കുന്നതാവട്ടെ എ.ഡി. 632ലും. ഈ നാലുവർഷത്തിന്നിടയിൽ ഏഴു പേർ ഭരിച്ചു. എട്ടാമനായി യെസ്ദഗീറും. അവ താഴെ പറയും വിധം മനസ്സിലാക്കാം. അവരുടെ ഭരണകാലഘട്ടവും കൂടെ ചേർക്കുന്നു.

1. Khosrau II (591 - 628)

2. Kavadh II (628 - 628)

3. Ardashir III (628 - 630)

4. Shahrbaraz (630 - 630)

5. Boran Dukht (630 - 631)

6. Azarmi Dukht (631 - 631)

7. Khorezadh Khosrau (631 - 631)

8. Hormizd VI (631 - 632)

9. Yezdegerd III (632 - 651)

ഏതാനും മാസങ്ങളുടെ അധികാരമേ ഓരോരുത്തർക്കും ഉണ്ടാ യിരുന്നുള്ളൂ. സ്വസ്ഥതയില്ലാത്ത ഭരണകാലഘട്ടം. ചക്രവർത്തിയെ വധിച്ച് അധികാരം കൈവശപ്പെടുത്തുക. അയാളെ വധിച്ചാൽ അടു ത്തയാൾ അധികാരത്തിൽ വരിക. ഈ പ്രക്രിയയാണ് കൂടുതലും തുടർന്നത്. അപ്രകാരമാണ് ഷഹർബറാസ് (630 - 630) വധിക്കപ്പെ ടുന്നത്. ഇരുപത് ദിവസം മാത്രം പ്രായം വന്ന ഒരു ഭരണമായിരുന്നു അദ്ദേഹത്തിന്റേത്. അധികാരത്തിൽ വരാൻ കിസ്റക്ക് ആൺമക്ക ളാരും പിന്നെ ബാക്കിയുണ്ടായില്ല. അയാളുടെ മക്കളിൽ പതിനെട്ടു പേരെ കവാദ് (628 - 628) രണ്ടു വർഷം മുമ്പ് തന്റെ കസേരയ്ക്കു ഭീഷണിവരാത്തവിധം വധിച്ചുകളഞ്ഞിരുന്നുവല്ലോ. അങ്ങിനെയാണ് പോക്കിരിമാരുടെയും അഹംഭാവികളുടെയും ആഡംബരഭ്രമക്കാരു

ടെയും വംശപാരമ്പര്യത്തിൽ നിന്ന് നീതിയും അനുകമ്പയും സൽസ്വഭാവവും ഉള്ള വ്യക്തിത്വം എന്ന് ചരിത്രം കുറിച്ചുവെച്ച കിസ്റയുടെ പുത്രി ബൊറാൻ ദഖ്ത് അധികാരത്തിൽ വരുന്നത്. സുദീർഘമായ നാലു നൂറ്റാണ്ടുകൾ പിന്നിട്ട കിസ്റാ സാമ്രാജ്യത്തിന്റെ ആദ്യ ചക്രവർത്തിനി. ഒന്നര വർഷം കൊണ്ട് അവരുടെ കാലഘട്ടം കഴിഞ്ഞു. അവരുടെ മരണ ശേഷം അവരുടെ സഹോദരി അസർമി ദഖ്ത് അടുത്ത ചക്രവർത്തിനിയായി. അഞ്ചു മാസങ്ങൾകൊണ്ട് ഇവരുടെ അധികാരവും അവസാനിച്ചു. പിച്ചിച്ചീന്തപ്പെട്ട പ്രവാചകൻ ﷺ യുടെ കത്തിനുശേഷം, വിശുദ്ധപ്രവാചകന്റെ "അല്ലാഹുവെ അയാളുടെ രാജാധിപത്യവും അപ്രകാരം ചീന്തിക്കളയേണമേ" എന്ന പ്രാർഥനയുടെ സാർഥകത പോലെ ആ രാജപരമ്പര അങ്ങിനെ ഛിന്നഭിന്നമായിക്കൊണ്ടേയിരുന്നു. അതിൽ ഈ പറയപ്പെട്ട രണ്ടു ചക്രവർത്തിനിമാരും അവരുടെ അധികാരലബ്ധിയിലൂടെ ആ തകർച്ചയ്ക്ക് വേഗത നൽകും വിധം വേണ്ട പങ്കു നൽകി.

# ആ സമൂഹം വിജയിക്കുകയില്ല

**കി**സ്റയുടെ പുത്രി ബൊറാൻ ദഖ്ത് അധികാരത്തിൽ വന്ന സന്ദർഭം മദീനയിൽ റസൂൽ ﷺ യുടെ കാതുകളിലും വാർത്ത എത്തി. സംഭവം ബുഖാരി, തുർമുദി, നസാഈ തുടങ്ങി പ്രമുഖ മായ മിക്ക ഹദീഥ്ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഈ അധ്യാ യത്തിന്റെ വിഷയബീജവും ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്.

അബൂബക്ക്റഃ നഫീഅ് ബിൻ അൽഹാരിഥ് رضي الله عنه പറയുന്നു:

لما بلغ رسولَ الله صلَّى اللهُ عليه وسلَّمَ أنَّ أهلَ فارسٍ قد ملَّكوا عليهم بنتَ كِسرى، قال: "لن يُفلحَ قومٌ وَلَّوا أمرَهم امرأَةً" ( نفيع بن الحارث الثقفي "أبو بكرة" - صحيح البخاري – 4425)

കിസ്റയുടെ പുത്രിയെ പേർഷ്യക്കാർ അധികാരത്തിലേറ്റിയ കാര്യം അറിഞ്ഞപ്പോൾ റസൂൽ ﷺ പറഞ്ഞു: “തങ്ങളുടെ കാര്യം ഒരു സ്ത്രീയെ അധികാരപ്പെടുത്തിയ ഒരു സമൂഹം വിജയിക്കുക യില്ല തന്നെ.”

ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു ഹദീഥിൽ ആ പ്രയോഗം ഇപ്രകാരമാണ്.

لن يُفلحَ قومٌ أسنَدوا أمرَهُم إلى امرأةٍ

“തങ്ങളുടെ കാര്യം ഒരു സ്ത്രീയിലേക്ക് ചേർത്തുവെച്ച ഒരു ജനത വിജയിക്കുകയില്ല തന്നെ.”

ഒരു സമൂഹത്തിന്റെ, ഒരു സമുദായത്തിന്റെ നേതൃത്വം ഒരു സ്ത്രീയെ ഏൽപ്പിച്ച ജനത വിജയം വരിക്കുകയില്ലെന്നാണ് റസൂൽ ﷺ ഇവിടെ വ്യക്തമാക്കിയത്. ആ നേതൃത്വം ഖാദിയിലാവാം, അമീ റിലാവാം, രാജാവിലാവാം, പ്രസിഡണ്ടിലാവാം, നേതൃത്വ ത്തിന്റെ ഭാഷാപരമായ പേരിലല്ല ഉത്തരവാദിത്വത്തിന്റെ സ്ഥാന മാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. റസൂൽ ﷺ യുടെ കത്ത് കീറിക്കളഞ്ഞപ്പോൾ ആ പ്രവചനം ആ രാജപരമ്പരയിലാണ്

പുലർന്നതെങ്കിൽ ബൊറാൻ ദഖ്തിനെ കുറിച്ച പ്രവചനം ലോകാവസാനം വരെയുള്ള ജനപഥങ്ങളിലാണ് ഫലം ചെയ്യുക. ആരാണോ സ്ത്രീയെ തങ്ങളുടെ നേതൃത്വം ഏൽപ്പിച്ചത് ആ ജനതക്ക് വിജയം ഉണ്ടാവുന്നതല്ല. ഈ ഹദീഥിനെ തള്ളിപ്പറഞ്ഞവരും, പേർഷ്യൻ ചരിത്രത്തിൽ ഇങ്ങിനെയൊരു ചക്രവർത്തിനി ഉണ്ടായിട്ടില്ലെന്ന് പറഞ്ഞവരും പിൽക്കാലത്തുണ്ടായിട്ടുണ്ട്. പേർഷ്യൻ ചരിത്രത്തിലെ കിസ്റാ രണ്ടാമൻ മുതൽക്കിങ്ങോട്ടുള്ള അവസാന സംഭവങ്ങൾ വരെ സംക്ഷിപ്തമായി ഈ ഗ്രന്ഥത്തിൽ ചേർക്കാനുള്ള കാരണവും ഇത് തന്നെയാണ്.

وَلَّوا أمرَهم امرأةً എന്ന വാക്കിന് ملكوا أمرَهم امرأةً (അവരുടെ കാര്യം അവർ ഒരു സ്ത്രീയെ ഉടമപ്പെടുത്തി) എന്നും ولِي أمرَهم امرأةً (അവരുടെ കാര്യങ്ങൾക്ക് അവർ ഒരു സ്ത്രീയെ കൈകാര്യകർത്താവാക്കി) എന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

കൈകാര്യകർത്തൃത്വം ഏൽപ്പിക്കപ്പെട്ട വ്യക്തി ഏത് സമയത്തും അവരുടെ പ്രശ്നങ്ങളിൽ സന്നിഹിതനാവാൻ കഴിവുള്ളവനാവണം. അല്ലെങ്കിൽ അവർക്ക് ഏത് സമയത്തും അയാളുടെ മുമ്പിൽ എത്തിച്ചേരാൻ സാധിക്കുന്നവരായിരിക്കണം. ഇപ്രകാരം ഇഴുകിച്ചേരാൻ മതപരമായി അവൾക്ക് പ്രശ്നങ്ങളുണ്ട്. ഈ ഗ്രന്ഥത്തിന്റെ പല പേജുകളിലായി ചർച്ച ചെയ്ത ഖുർആനിക വാക്യങ്ങളും റസൂൽ ﷺ യുടെ നിർദ്ദേശങ്ങളും തന്നെയാണ് അതിന്നു കാരണം. പുറമെ ആർത്തവം, ഗർഭധാരണം, മുലയൂട്ടൽ പോലുള്ള ശാരീരിക പ്രശ്നങ്ങളും. ഈ ശാരീരിക പ്രശ്നങ്ങൾ തന്നെ ചില സ്ത്രീകളിൽ വല്ലാത്ത അസ്വസ്ഥതകളും മാനസിക സംഘർഷങ്ങളും സ്വാഭാവിക പിരിമുറുക്കങ്ങളും ഉണ്ടാക്കാറുണ്ട്. ഒരു നല്ല ജനനായകൻ ജനസേവനകനും ജനഹൃദയങ്ങളുടെ സന്തതസഹചാരിയുമാണല്ലോ. അത്തരത്തിൽ ഒരവസ്ഥ സ്ത്രീയെക്കൊണ്ട് സാധ്യമാവില്ല. അവളുടെ ശരീരപ്രകൃതിയും ജീവിതദൗത്യവും അവളെ അതേൽപ്പിക്കുന്നില്ല എന്നു സാരം. ഇവിടെയിതാ റസൂൽ ﷺ, അവളുടെ ശരീരപ്രകൃതിക്കപ്പുറം ലോകാവസാനം വരെ സജീവമായി നിൽക്കുന്ന ഒരു പ്രവചനവും നൽകിയിരിക്കുന്നു. "തങ്ങളുടെ കാര്യം ഒരു സ്ത്രീയെ അധികാരപ്പെടുത്തിയ ഒരു സമൂഹം വിജയിക്കുകയില്ല തന്നെ" യെന്ന്!

# റസിയ സുൽത്താനഃ

**ഈ** പ്രവചനത്തിന്റെ പൊരുളറിഞ്ഞ ആദ്യകാല തലമുറകളിൽ - ഉത്തമ നൂറ്റാണ്ടുകളിൽ - ആരും തന്നെ പൊതു സമൂഹത്തിന്റെ നേതൃത്വത്തിലേക്ക് ഒരു സ്ത്രീയെ കൊണ്ടു വന്നിരുന്നില്ല. മുസ്‌ലിം സ്ത്രീകളിൽപെട്ട ആരും തന്നെ അതാഗ്രഹിച്ചിരുന്നുമില്ല. നൂറ്റാണ്ടുകളനവധി കടന്നുപോയി. വിശ്വാസത്തിന്റെയും ഇസ്‌ലാമിക ചൈതന്യത്തിന്റെയും ദൗർബല്യം കൂടുതൽ പ്രകടമാവുന്ന ഭരണസമൂഹങ്ങൾ വന്നുതുടങ്ങി. തുർക്കി ഭരണാധികാരത്തിൻ കീഴിലോ തുർക്കിയുമായി വേരുകളുള്ള നാട്ടുരാജാക്കന്മാരിലോ ഇത് കൂടുതൽ പ്രകടമായി. അങ്ങിനെയാണ് ഇൽതുത്മിഷിന്റെ മകൾ റസിയ, ഡൽഹി സുൽത്താനേറ്റിന്റെ റാണിയായി വരുന്നത്. ഒരു മുസ്‌ലിം സ്ത്രീ ചരിത്രത്തിൽ ആദ്യമായി ഭരണത്തിൽ വന്നു; 1236ൽ. നന്നെ ചെറുപ്പത്തിൽ തന്നെ ആയോധനകലയിലും ബുദ്ധിസാമർഥ്യത്തിലും മികച്ചുനിന്ന അവരെ മറ്റു ആൺമക്കളുണ്ടായിട്ടും പിതാവ് തന്റെ പിൻഗാമിയായി വാഴിച്ചു. ഡൽഹി ഭരണപ്രദേശത്തിലെ മുസ്‌ലിം നേതാക്കൾക്കോ രാജകുടുംബത്തിലെ ചിലർക്കോ ഈ തീരുമാനം തീരെ രസിക്കുന്നതായിരുന്നില്ല. ഒരു സ്ത്രീ ഭരണാധികാരത്തിൽ വരുന്നത് മതപരമായി നിഷിദ്ധമായിട്ടവർ കരുതി. അതിനാൽ ഇൽതുത്മിഷ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും മറ്റു ചിലരും ചേർന്ന് മറ്റൊരു പുത്രനായ റുക്നുദ്ദീൻ ഫിറോസിനെ ഡൽഹി സാമ്രാജ്യത്തിന്റെ സുൽത്താനായി കിരീടമണിയിച്ചു. സൂത്രശാലിയായ റസിയയാവട്ടെ തന്റെ ഈ സഹോദരനെയും അദ്ദേഹത്തെ അധികാരത്തിലിരുത്താൻ കൂട്ടുനിന്ന സ്വന്തം മാതാവ് ഷാതുർക്കാ(Shah Turkan)നെയും വധിച്ചു അധികാരം പിടിച്ചടക്കി. ആറു മാസമെ അവർക്ക് ഇതിനുവേണ്ടി വന്നുള്ളൂ. കൊട്ടാരത്തിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരും ഡൽഹിയിലെ ജനങ്ങളും ഇതിന്നു കൂട്ടുനിന്നു.

റസിയ പുരുഷനെപ്പോലെ നാടു ഭരിച്ചു. അവർ ഒരു സ്ത്രീയാണെന്നു പറയാൻ പോലും ഇഷ്ടപ്പെട്ടിരുന്നില്ല. പുരുഷവേഷധാരിയായിട്ടാണ് അവർ പുറത്തിറങ്ങിയിരുന്നത്. സുൽത്താനഃ എന്നത് സ്ത്രീലിംഗമായതിനാൽ സുൽത്താൻ എന്ന് വിളിക്കാനാണവർ ആഗ്രഹിച്ചത്. ഇതൊക്കെയും ഇസ്ലാം നിഷിദ്ധമാക്കിയ കാര്യങ്ങളാണല്ലോ. പുറമെ അബ്സീനിയൻ അടിമയായ ജലാലുദ്ദീൻ യാഖൂതുമായുള്ള ബന്ധവും ഏറെ വിവാദങ്ങളുണ്ടാക്കി. അവർ അദ്ദേഹത്തെ തന്റെ പഴ്സണൽ സ്റ്റാഫിന്റെ ഉന്നതസ്ഥാനത്ത് നിയമിച്ച് ജന സംസാരത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും ഒരു ഫലവും കണ്ടില്ല. സ്ത്രീ തങ്ങളുടെ അധികാരം കയ്യാളുന്നതും അന്യപുരുഷന്മാരുമായി ഇടപഴകുന്നതുമൊക്കെ പൊതുസമൂഹത്തിന്റെ ക്രോധം അധികരിപ്പിച്ചുകൊണ്ടിരുന്നു. സമീപനാടുകളിലെ ഭരണാധികാരികൾ ഇത് മുതലെടുക്കാൻ ശ്രമിച്ചു. മാത്രമല്ല തുർക്കിയുടെ ലാഹോറിലെ ഗവർണറായ അൽതുനിയ (Malik AlTunia) സന്ദർഭം മുതലെടുത്ത് ഡൽഹിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. അൽതുനിയയാവട്ടെ റസിയയുടെ കുഞ്ഞുനാളിലേയുള്ള സഹപാഠിയുമായിരുന്നു. ജനങ്ങൾക്കിടയിലും ഉദ്യോഗതലത്തിലുമുള്ള വിമതപ്രവർത്തനങ്ങളും അൽതുനിയയുടെ പുറപ്പാടും ഒതുക്കാനായി റസിയ സുൽത്താനഃ തന്റെ സൈന്യവുമായി പുറപ്പെട്ടു. അവർ തമ്മിലെ യുദ്ധം വേദനാജനകമായ ഒരു പരാജയമായിരുന്നു. റസിയയുടെ പ്രിയപ്പെട്ട യാഖൂത്ത് ഇതിൽ വധിക്കപ്പെട്ടു. റസിയയാവട്ടെ അൽതുനിയയുടെ സൈന്യം അവരെ പിടികൂടി ജയിലിലിട്ടു. അവർക്ക് മരണത്തിൽ നിന്നും രക്ഷപ്പെടേണ്ടതുണ്ടായിരുന്നു. അതിന്നവർ പ്രതിവിധി കണ്ടു. അൽതുനിയയുടെ വളരെ നാളായുള്ള വിവാഹാഭ്യർഥന അവർ സ്വീകരിച്ചു. മരണഭയം മാത്രമായിരുന്നില്ല; അവർ യുദ്ധാവശ്യാർഥം ഡൽഹി വിട്ടപ്പോൾ തന്റെ സിംഹാസനം സഹോദരൻ മുഅ്യുദ്ധീൻ ബഹ്റാം ഷാ (Muiuddin Bahram Shah) പിടിച്ചടക്കിയിരുന്നു. അത് തിരിച്ചുപിടിക്കുക എന്ന ദൗത്യവും കൂടി ഈ വിവാഹ തീരുമാനത്തിലുണ്ടായിരുന്നു.

ഡൽഹി സുൽത്താനേറ്റ് തിരിച്ചുപിടിക്കാനായി അവർ രണ്ടുപേരും സൈന്യവുമായി പുറപ്പെട്ടു. പക്ഷെ ആ നിർഭാഗ്യ ദമ്പതിമാർ 1240 ഒക്ടോബർ 14ന് തന്റെ സഹോദരൻ ബഹ്റാമിന്റെ സൈനികരാൽ വധിക്കപ്പെട്ടു. അങ്ങിനെ മൂന്ന് വർഷക്കാലം മാത്രം നീണ്ട ആ "സുൽത്താന" ജീവിതം തന്റെ മുപ്പതാം വയസ്സിൽ ഒന്നുമല്ലാതെ

കെട്ടടങ്ങി. അവരുടെ ഭരണം അവരുടെ മതത്തിനും സമൂഹത്തിനും പേരുദോഷമല്ലാതെ മറ്റൊന്നും കാര്യമായി നൽകിയില്ല. ആ ഭരണ കൂടമാവട്ടെ കാലക്രമേണ ഇല്ലാതാവുകയും ചെയ്തു.

لن يُفلحَ قومٌ ولَّوا أمرَهم امرأةً

"തങ്ങളുടെ കാര്യം ഒരു സ്ത്രീയെ അധികാരപ്പെടുത്തിയ ജനത വിജയിക്കുകയില്ല തന്നെ."

# സുൽത്താനഃ ഷജറത്തു ദുർറ്

**ഇ**തുപോലൊരു ദുരന്തം തന്നെയാണ് ഇതേ നൂറ്റാണ്ടിൽ ഈജിപ്തിലും നടന്നത്. ഈ വനിതയും തുർക്കിയുമായി വേരുകളുള്ള ഒരു സുൽത്താനഃ തന്നെ; ഷജറത്തു ദുർറ്.(شجرة الدرّ) ഇവർ അർമേനിയക്കാരിയാണെന്നും അഭിപ്രായമുണ്ട്. ആളുകൾ വ്യാപകമായി ഉപയോഗിച്ച പേര് ഷജറത്തു ദുർറ് എന്നാണെങ്കിലും ഷജറു ദുർറ് ബിൻത് അബ്ദുല്ലാഹ് شجر الدرّ بنت عبد الله എന്നായിരുന്നു അവരുടെ പേരിന്റെ ശരിയായ രൂപം. ഷജറുദ്ദാർ شجر الدّار എന്ന് റിപ്പോർട്ട് ചെയ്ത ഗ്രന്ഥങ്ങളുമുണ്ട്. ഈജിപ്തു ഭരിച്ചിരുന്ന തുർക്കി ഭരണാധികാരികളിലൊരാളായിരുന്ന അസ്വാലിഹ് നജ്മുദ്ദീൻ അയ്യൂബ് (الملك الصالح نجم الدين أيوب بن الملك الكامل) എന്നിവരുടെ ഭാര്യയായിരുന്നു ഇവർ. കുഞ്ഞുനാളിലെ മരിച്ചുപോയ ഖലീൽ എന്ന പുത്രന്റെ മാതാവ് എന്ന നിലക്ക് ആളുകൾ ഇവരെ ഉമ്മുഖലീൽ എന്നാണ് വിളിച്ചിരുന്നത്.

സുൽത്താൻ സ്വാലിഹിന് പക്വതയുള്ള ആൺമക്കളൊന്നുമില്ലായിരുന്നതിനാൽ അദ്ദേഹം ഷജറത്തുദുർറിനെ തന്റെ പിൻഗാമിയായി നിയമിച്ചു. ഈജിപ്തിലെ ഒരു ചെറിയ വിഭാഗത്തിന് അത് സന്തോഷപ്രദമായിരുന്നെങ്കിലും അബ്ബാസീ ഖലീഫയോ ഭൂരിഭാഗം വരുന്ന മതനേതാക്കളോ അതിൽ തൃപ്തരായിരുന്നില്ല. സ്വാലിഹിന്റെ മരണാനന്തരം 1250ൽ അവർ സുൽത്താനയായി അധികാരമേറ്റു. റസിയാ സുൽത്താനയെപ്പോലെ ആൺവേഷത്തിൽ നടക്കുകയോ ആണുങ്ങൾക്കിടയിൽ ഇറങ്ങി പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല ഇവർ. ഹിജാബിന്റെ പിന്നിൽ നിന്നു മാത്രമായിരുന്നു അവർ ജനങ്ങളുമായി സംവദിച്ചിരുന്നത്. ചില സ്തുതിപാഠകരായ പ്രബോധകന്മാർ സുൽത്താനയുടെ പേരു പറഞ്ഞുതന്നെ അവരുടെ പ്രവർത്തനങ്ങളെ വാഴ്ത്തിപ്പറഞ്ഞുള്ള ഖുതുബകൾ നിർവ്വഹിച്ചു. ധർമ്മനിഷ്ഠയുടെ കേന്ദ്രസ്ഥാനം എന്നുവരെ അവർ

സുൽത്താനയെ വിശേഷിപ്പിച്ചു. ചില ഖുതുബകളിൽ അവരെ ഇങ്ങിനെ വിശേഷിപ്പിച്ചു.

" احفظ اللهم الجهة الصالحيّة ملكة المسلمين عصمة الدنيا والدين ذات الحجاب الجليل

والستر الجميل والدة المرحوم خليل"

അല്ലാഹുവെ, ധർമ്മപ്രവർത്തനങ്ങളുടെ സ്ഥാനത്തെ നീ സംരക്ഷിക്കേണമേ, മുസ്‌ലിംകളുടെ രാജ്ഞി, ദുൻയാവിന്റെയും മതത്തിന്റെയും പാപമുക്ത, ആദരണീയമായ ഹിജാബിന്റെയും മനോഹരമായ മറയുടെയും ഉടമ, മർഹൂമായ ഖലീലിന്റെ മാതാവ്....

അവർ ഈജിപ്തിന്റെ അധിപധിയായി സ്ഥാനാരോഹണം ചെയ്ത വേളയിൽ ഷൈഖ് ഇസ്സുദ്ദീൻ ബിൻ അബ്ദുസ്സലാം ഇങ്ങിനെ പ്രതികരിച്ചു.

قال الشيخ عز الدين بن عبد السلام " لمّا تولّت شجرة الدرّ على الديار المصرية عملتُ في ذلك

مقامة وذكرتُ فيها "بماذا ابتلى الله به المسلمين بولاية امرأة عليهم"

(بدائع الزهور في وقائع الدهور 1 / 286 )

മുസ്‌ലിംകൾക്കുമേൽ ഒരു സ്ത്രീയെ അധികാരപ്പെടുത്തിക്കൊണ്ട് അവരെ - മുസ്‌ലിംകളെ - അല്ലാഹു പരീക്ഷിക്കുന്നതെന്തിനാണ്?

ഷജറത്തുദുർറ് അധികാരമേറ്റ വാർത്ത ബാഗ്ദാദിലെത്തിയപ്പോൾ ഖലീഫ അൽ മുസ്തഅ്സിം ബില്ലാഹ് ഈജിപ്തിലെ ഭരണാധികാരികളോട് വെറുപ്പ് പ്രകടിപ്പിച്ച് കൊണ്ട് ഇങ്ങിനെ ഒരു സന്ദേശം കൊടുത്തയച്ചു. അതിലദ്ദേഹം അവരോട് പറയുന്നു:

فبعث الخليفة المستعصم بالله من بغداد كتاباً إلى مصر وهو يُنكِر على الأمراء ويقولُ لهم

" إن كانت الرجال قد عدِمَت عندكم، فأعلمونا حتى نسيِّر إليكم رجلاً"

(السلوك في معرفة دول الملوك 1-2/ 368)

“അവിടെ നിങ്ങൾക്ക് നിങ്ങളുടെ നാട്ടിൽ പുരുഷന്മാർ ഇല്ലാതായിട്ടുണ്ടെങ്കിൽ ഞങ്ങളെ അറിയിക്കുക. ഞങ്ങൾ നിങ്ങൾക്ക് ഒരു പുരുഷനെ ഏർപ്പാട് ചെയ്തു തരാം.”

“സുൽത്താനേറ്റിനെ നന്നാക്കാൻ പറ്റുന്ന ഒരു പുരുഷനും ഈജിപ്തിൽ ബാക്കിയില്ലെങ്കിൽ എന്നെ നിങ്ങൾ അതറിയിക്കുക. അത് നന്നാക്കാൻ പറ്റുന്ന ആളെ ഞങ്ങൾ നിങ്ങൾക്കയച്ചുതരാം.”

"لا يفلح قوم ولّوا أمرهم امرأة"

തങ്ങളുടെ കൈകാര്യകർതൃത്വം ഒരു സ്ത്രീയെ ഏൽപ്പിച്ച ജനത വിജയിക്കുകയില്ല - എന്ന റസൂൽ ﷺ യുടെ ഹദീഥ് നിങ്ങളൊക്കെ കേട്ടിട്ടില്ലേ! എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഖലീഫ മുസ്തഅ്സിം ബില്ലാഹ് അവരെ അത്രമാത്രം വെറുത്തു. വിവരം ഷജറത്തുദുർറിന്റെ ചെവികളിലെത്തി. അവർ (സുൽത്താന) അവരുടെ ഗവർണർമാരുടെയും ഖാദിമാരുടെയും ഒരു യോഗം വിളിച്ചു ചർച്ച ചെയ്തു. തുടർന്ന് സ്വാഭീഷ്ടപ്രകാരം ഞാനീ അധികാരം ഒഴിയുന്നതായി പ്രഖ്യാപിച്ചു. അങ്ങിനെ വെറും എൺപതു ദിവസം മാത്രം പഴക്കമുള്ള രാജകിരീടം അവർ അവിടെ അഴിച്ചുവെച്ചു.

അതിനു ശേഷമുള്ള ഈജിപ്ഷ്യൻ ഭരണകൂടം പലരുടെയും അധികാര വടംവലിയിലൂടെ താറുമാറാവുന്നതാണ് നാം കാണുന്നത്. ഷജറുത്തുദുർറ് പിന്നിൽ നിന്ന് കരുക്കൾ നീക്കി. ദാരുണമായ ഒരന്ത്യമാണ് അവരെ അതിൽ കാത്തിരുന്നത്. തന്റെ ഭർത്താവിന്റെ ആദ്യ ഭാര്യയും മകനും ഉൾപ്പെട്ട ഉപജാപക സംഘം അവരെ മരത്താഴ്കൊണ്ട് തലക്കടിച്ചും നാഭിക്കു കുത്തിയും ക്രൂരമായി കൊലചെയ്തു. 1258ലായിരുന്നു അത്. മൃതദേഹം പണിശാലക്കു സമീപമുള്ള മാലിന്യക്കുഴിയിലേക്കവർ നിർദാക്ഷിണ്യം വലിച്ചെറിഞ്ഞു. പിന്നീട് ചിലർ അതന്വേഷിച്ച് കണ്ടെത്തിയപ്പോൾ ഏതാനും ചില എല്ലിൻകഷ്ണങ്ങൾ മാത്രമെ അവർക്ക് ലഭ്യമായുള്ളൂ. ഒരു രാജ്ഞിയുടെ ദാരുണമായ പര്യവസാനത്തിന്റെ അടയാളങ്ങൾ പോലെ.

സ്ത്രീയെ അധികാരത്തിലേറ്റാൻ ശ്രമിച്ച മുൻകാല ജനത എത്രമാത്രം ഈ വിഷയത്തിൽ വെറുപ്പുവെച്ചു പുലർത്തിയിരുന്നുവെന്ന് പറയാനാണ് ഈ സംഭവങ്ങൾ ഇവിടെ വിവരിക്കുന്നത്. പ്രവാചകൻ ﷺ യുടെ പ്രവചനം അത്തരം ജനതയിൽ എപ്രകാരമാണ് പുലർന്നത് എന്നറിയിക്കാൻ വേണ്ടിയും.

പിന്നീട് പല കാലങ്ങളിൽ പല സ്ഥലങ്ങളിലായി മുസ്‌ലിം സ്ത്രീകൾ രാഷ്ട്രത്തിന്റെയോ കീഴ്ഘടകങ്ങളുടെയോ തലപ്പത്ത് ചെറിയ ചെറിയ കാലയളവിൽ അധികാരത്തിൽ വന്നു. സ്പെയിനിലും ഉസ്ബെക്കിസ്ഥാനിലും റഷ്യയിലും ചൈനയിലും ബ്രൂണായ്, മലേഷ്യ, ഇന്തോനേഷ്യ, തായ്‌ലന്റ് തുടങ്ങിയ സ്ഥലങ്ങളിലും ഐത്യോപ്യ, മാലി, ടാൻസാനിയ പോലുള്ള ആഫ്രിക്കൻ രാജ്യങ്ങ

ളിലും ഇന്ത്യക്കു പുറമെ പാക്കിസ്ഥാൻ, അഫ്ഘാനിസ്ഥാൻ, ബംഗ്ലാദേശ്, മാലദ്വീപ് തുടങ്ങിയ അയൽരാജ്യങ്ങളിൽ വരെ അത്തരം സംഭവങ്ങൾ ഉണ്ടായി.

ഈ വിനീതൻ ഇവിടെ സൂചിപ്പിച്ചതും അല്ലാത്തതുമായ ഒട്ടനവധി രാജ്യങ്ങളിൽ ഉണ്ടായ ഇത്തരം സംഭവങ്ങളൊന്നും തന്നെ ഇസ്‌ലാമിക ഷരീഅത്തിന് തെളിവുകളല്ല. മുസ്‌ലിംകൾക്കിടയിൽ ഇത്തരം ഷരീഅത്ത് വിരുദ്ധമായ എത്രയെത്ര സംഭവങ്ങൾ മുമ്പെന്ന പോലെ ഇപ്പോഴും ഉണ്ടാവുന്നു! ചില രാജ്യങ്ങളിൽ പണ്ഡിതരുടെ കർശനമായ നിർദ്ദേശത്തിനും നിയന്ത്രണത്തിനും കീഴിൽ അവ അടങ്ങിപ്പോവുന്നു. ചില പ്രദേശങ്ങളിൽ പണ്ഡിതർ എല്ലാറ്റിനും മൂക സാക്ഷികളാവുന്നു. എന്നാൽ ചില നാടുകളിൽ പണ്ഡിതരും പണ്ഡിതരെന്ന മേൽവിലാസവുമായി കഴിയുന്ന ചിലരും മുസ്‌ലിം സ്ത്രീകളെ പൊതുരംഗത്തേക്കു കൊണ്ടുവരാൻ എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്നു. നമ്മെ ഭീതിപ്പെടുത്തുന്ന വല്ലാത്തൊരു കാലഘട്ടമായിട്ടാണ് ഇതിനെ കാണേണ്ടത്. മുകളിൽ പറഞ്ഞ മൂന്ന് തരക്കാരായ പണ്ഡിതർക്കും അവർ ജീവിക്കുന്ന നാടുകൾക്കും ഉദാഹരണങ്ങൾ നിരത്താൻ ഈ മനസ്സു വെമ്പുന്നുണ്ടെങ്കിലും അതിൽ പുണ്യമില്ലെന്നോർത്ത് മാത്രം അതൊഴിവാക്കുന്നു. വിഷയം വായനക്കാരുടെ വിചാരചർച്ചക്കു വിടുകയും ചെയ്യുന്നു.

# ബേനസീർ ഭൂട്ടോ

**ബേ**നസീർ ഭൂട്ടോയെ പാക്കിസ്ഥാൻ ജനത അവരുടെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തു. നുസ്റത്ത് ഭൂട്ടോയും ഫാത്തിമാ ജിന്നയുമൊക്കെ പലതിന്റെയും നേതൃസ്ഥാനത്തു വന്ന ഒരു നാടാണല്ലോ അത്. ഇന്ത്യയിൽ ആസ്സാം സംസ്ഥാന ത്തിന്റെ മുഖ്യമന്ത്രിയായി സയ്യിദ അൻവാറ തൈമൂർ വന്നതും ആയിടക്കായിരുന്നു. 1980 ഡിസംബർ 6ന് ഏകദേശം ആറു മാസക്കാലം കൊണ്ട് അഥവാ 1981 ജൂൺ 30ന് അവർക്ക് അധികാരം നഷ്ടപ്പെട്ടു. എന്നാൽ ബേനസീർ ഭൂട്ടോയുടെ സ്ഥിതി അതായിരുന്നില്ല. 1988 മുതൽ 1990 വരെ ഒരിക്കലും 1993 മുതൽ 1996 വരെ മറ്റൊരിക്കലും അവർ പ്രധാനമന്ത്രിയായി. 1988ൽ ആദ്യം പ്രധാനമന്ത്രിയായ വേളയിൽ സ്ത്രീ പൊതുസമൂഹത്തിന്റെ അധികാരത്തിലും നേതൃത്വത്തിലും വരുന്നതിന്റെ വിധിയന്വേ ഷിച്ച് സൗദി അറേബ്യയിലെ അന്നത്തെ ഗ്രാന്റ് മുഫ്തിയും ലോ കോത്തര പണ്ഡിതനുമായിരുന്ന ഷൈഖ് ഇബ്നു ബാസിനോട് ചോദിക്കുകയുണ്ടായി. അദ്ദേഹം അതിന്നു നൽകിയ ഫത്‌വ ഇപ്രകാര മായിരുന്നു.

“ഏകനായ അല്ലാഹുവിന്ന് സർവ്വസ്തുതി. സ്ത്രീയെ അധി കാരമേൽപ്പിക്കുന്നതും മുസ്ലിംകളുടെ പൊതുനേതൃത്വത്തിലേക്ക് അവളെ തിരഞ്ഞെടുക്കുന്നതും അനുവദനീയമല്ല. അത് സംബന്ധമായി ഖുർആനും സുന്നത്തും ഇജ്മാഉം (മുസ്ലിംകളുടെ അഭിപ്രായ യോജിപ്പ്) തെളിവുകൾ നൽകുന്നുണ്ട്.”

ഖുർആനിൽ അല്ലാഹു ﷻ പറയുന്നു.

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعۡضَهُمۡ عَلَىٰ بَعۡضٍ ..... ﴿٣٤﴾

പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകു ന്നു. അവരിൽ (മനുഷ്യരിൽ) ഒരു വിഭാഗത്തിന് മറുവിഭാഗത്തേക്കാൾ

അല്ലാഹു ശ്രേഷ്ഠത നൽകിയത് കൊണ്ടും... (നിസാഅ്: 34)

നിയന്ത്രണാധികാരവും കുടുംബത്തിന്റെ നേതൃസ്ഥാന വുമൊക്കെ ഈ വാക്യത്തിന്റെ വിധിയിൽ പുരുഷനു പൊതുവെ വന്നുചേരുന്നു. നേതൃസ്ഥാനവും ആ "പൊതുവിൽ" മുഖ്യമായി പരിഗണിക്കേണ്ടതാണ്. ഈ വാക്യത്തിൽ ഈ വിധി ഏറ്റവും വ്യക്തമായ തെളിവായാണ് വന്നിട്ടുള്ളത്. അതാവട്ടെ അധികാര ത്തിനും നേതൃപദവിക്കും വേണ്ട യോഗ്യതയായ ബുദ്ധി, അഭിപ്രായ ഗുണം പോലുള്ളതോ അവ രണ്ടുമല്ലാത്തതോ ആയ മെച്ചപ്പെട്ട അവസ്ഥയുമാണ്.

സുന്നത്തിൽ നിന്ന്: പേർഷ്യക്കാർ കിസ്റയുടെ പുത്രിയെ അധികാരത്തിൽ കൊണ്ടുവന്നപ്പോൾ തിരുമേനി ﷺ യുടെ മൊഴി പോലെ.

لن يُفلحَ قومٌ ولَّوا أمرَهم امرأةً

"ഒരു സ്ത്രീയെ തങ്ങളുടെ കാര്യം അധികാരപ്പെടുത്തിയ ഒരു ജനത വിജയിക്കുകയില്ല തന്നെ" - ബുഖാരി.

ഒരു സ്ത്രീയെ ഒരു പൊതുസഭയുടെ തലപ്പത്ത് കൊണ്ടുവരു ന്നത് ഹറാമാണെന്നതിനുള്ള തെളിവാണ് തീർച്ചയായും ഈ ഹദീഥ് എന്നതിൽ യാതൊരു സംശയവുമില്ല. അപ്രകാരം തന്നെയാണ് അവളെ ഒരു ഗ്രാമത്തിന്റെയോ നാടിന്റെയോ അധികാരം ഏൽപ്പി ക്കുന്നതും. തീർച്ചയായും ഇവയൊക്കെ പൊതുസ്വഭാവത്തിലുള്ള താണ്. അപ്രകാരം അവളെ കൈകാര്യകർതൃത്വം ഏൽപ്പിച്ചവർക്ക് അല്ലാഹുവിന്റെ ദൂതർ വിജയം തടഞ്ഞിട്ടുണ്ട്. വിജയം (الفلاح) എന്നത് നിരന്തരമായ ഔന്നത്യവും പുണ്യം നേടലുമാണ്.

ശ്രേഷ്ഠ ഖലീഫമാരുടെ കാലഘട്ടത്തിലുള്ള ഇമാമുകളും പുണ്യകർമ്മങ്ങൾക്ക് സാക്ഷികളായിരുന്ന മൂന്ന് നൂറ്റാണ്ടുകളിലെ ഇമാമുകളും സ്ത്രീകളെ നേതൃസ്ഥാനത്തേക്കോ ഖാദിസ്ഥാന ത്തേക്കോ വരുന്നതിനെ സഹായിക്കാൻ പാടില്ല എന്ന കാര്യത്തിൽ യോജിച്ചിട്ടുണ്ട്. (ഇജ്മാഅ്) മതവിജ്ഞാനീയങ്ങളിൽ വളരെ ഔന്നത്യമുള്ള, ഖുർആൻ വിജ്ഞാനവും ഹദീഥും മതവിധികളും അവരോട് ചോദിച്ചു മനസ്സിലാക്കുമായിരുന്ന സ്ത്രീരത്നങ്ങൾ അക്കൂ ട്ടത്തിലുണ്ടായിരുന്നു. പക്ഷെ ആ നൂറ്റാണ്ടുകളിലെ സ്ത്രീകളാരും തന്നെ അധികാരസ്ഥാനങ്ങളിലേക്കുയർന്നു വന്നില്ല. ജനനായകരാ

വാനോ നേതൃപദവി കിട്ടാനോ അവർ ശ്രമിച്ചിരുന്നതുമില്ല.

ഷരീഅത്തിന്റെ വിധികൾ പൊതുവെ സ്ത്രീകൾ അധികാര സ്ഥാനങ്ങൾ കൈകാര്യം ചെയ്യുന്നത് തടയുന്നു. എന്തെന്നാൽ നേതൃസ്ഥാനം മൂലം അവൾ പരിപാലിക്കേണ്ട പലതും അവൾക്കു നഷ്ടപ്പെടുത്തേണ്ടി വരും. അതാവട്ടെ അവളെക്കൊണ്ട് മാത്രം സാധിച്ചെടുക്കേണ്ട ഘടകങ്ങളാണ് താനും. മേഖലകൾ തോറും സഞ്ചരിക്കേണ്ട അനിവാര്യാവസ്ഥ (നേതൃസ്ഥാനം മൂലം) അവൾക്ക് സംജാതമാകും. സമുദായത്തിന്റെയും കൂട്ടായ്മയുടെയും ഓരോ വ്യക്തിയുമായും ഇടപഴകേണ്ടി വരും. സേനയെ നയിക്കേണ്ടി വരും. ചിലപ്പോൾ ജിഹാദിലേർപ്പെടേണ്ടിവരും. ശത്രുക്കളെ അഭിമുഖീകരിക്കേണ്ടിവരും. അവരുമായി കൂടിയാലോചനകളും ഉടമ്പടികളും നിർവ്വഹിക്കേണ്ടിവരും. അവളുടെ സമൂഹത്തിലും കൂട്ടത്തിലുമുള്ള ഓരോ വ്യക്തിയുമായും കൂടിയാലോചനകളും ഉടമ്പടിയും ഉണ്ടാക്കേണ്ടി വരും. അത് പുരുഷനുമായുമാവാം സ്ത്രീയുമായുമാവാം. യുദ്ധത്തിലും അത് സംഭവിക്കാം. സമാധാനാവസ്ഥയിലും അങ്ങിനെ വരാം. സ്ത്രീയെ സംബന്ധിച്ചിടത്തോളം ഇത്തരം സന്ദർഭങ്ങളിൽ അവളുടെ അഭിമാനം സംരക്ഷിക്കുക എന്നതും വെറുക്കപ്പെടുന്ന അവസ്ഥകളിൽ നിന്നും അവൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നതുമാണ് ഷരീഅത്ത് കാംക്ഷിക്കുന്നത്.

അപ്രകാരം തന്നെ ഒരു ഒത്തുതീർപ്പു ചർച്ച ഫലപ്രാപ്തി കൈവരിക്കാൻ പൊതുസഭകളിൽ അവൾക്ക് ആവശ്യമായ പിന്തുണ ലഭിച്ചില്ലെങ്കിൽ അവിടെ നല്ല ബുദ്ധിസാമർഥ്യം അവൾക്കു പ്രയോഗിക്കേണ്ടി വരും. നേതൃസ്ഥാനം തിരഞ്ഞെടുത്തവന്ന് ബുദ്ധിസാമർഥ്യത്തിന്റെ പൂർണ്ണത ഉണ്ടാവുക എന്നത് അതിന്റെ വലിയൊരു ഘടകമാണ്. വിഷയങ്ങൾ കോർത്തിണക്കാനുള്ള കഴിവ്, വിവേകം, സമർഥന ഗുണം, നല്ല പര്യാലോചനാശേഷി ഇവയും അപ്രകാരം തന്നെ. ഈ സവിശേഷതകളൊക്കെ ബുദ്ധിസാമർഥ്യക്കുറവും ചിന്താദാരിദ്ര്യവും മൂലം അവൾക്കു ഇല്ലാതാവും. അതോടൊപ്പം തന്നെ ഉയർന്ന അനുകമ്പാ ബോധവും മറ്റും സ്ത്രീയെ തിരഞ്ഞെടുക്കുന്നിടത്തെ ഘടകമാണ്. മുസ്‌ലിംകളുടെ ഗുണകാംക്ഷക്ക് തീരെ അനുയോജ്യമായ വസ്തുതകളല്ല ഇവയൊന്നും. പ്രതാപവും സ്ഥൈര്യവുമാണ് അവർ കാംക്ഷിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കട്ടെ. നബി ﷺ യിലും അവരുടെ അനുചരരിലും അല്ലാഹു ശാന്തി

വർഷിക്കുമാറാവട്ടെ.

(مجلة المجتمع الكويتية بعددها -890، بتاريخ 28 ربيع الاول 1409 هـ)

ഈജിപ്തിലെ മുൻ മുഫ്തി ഷൈഖ് ഡോ. നസർ ഫരീദ് വാസ്വിൽ ഇങ്ങിനെ ഫത്വ നൽകി... ഒരു റിപബ്ലിക്കിന്റെ തലപ്പത്തേക്ക് ഒരു സ്ത്രീയെ തിരഞ്ഞെടുക്കുന്നത് അനുവദനീയമല്ല.

ഈജിപ്തിലെ അൽ അസ്ഹറിന്റെ പണ്ഡിതസഭ, അതിന്റെ തലവൻ ഷൈഖ് അത്വിയ്യ സ്വഖർ - ഈ വിഷയത്തിൽ ചെയ്ത ഇജ്മാഅ് ഇപ്രകാരമാണ്:

“നിയമനിർമ്മാണ സഭകളിലേക്കു ഒരു സ്ത്രീയെ തിരഞ്ഞെടുക്കുന്നത് അനുവദനീയമല്ല. അങ്ങിനെ വന്നാൽ അതിന്നർഥം പൊതുഭരണാധികാരം നൽകുക എന്നതാണ്. അത് لن يُفلحَ قومٌ ولَّوا أمرَهم امرأةً എന്ന ബുഖാരിയിലും മറ്റും വന്ന ഹദീഥനുസരിച്ച് വിരോധിക്കപ്പെട്ടതാണ്. റസൂൽ ﷺ യുടെ അനുചരരും സച്ചരിതരുമായ പൂർവ്വിക ഇമാമുകളും അപ്രകാരമാണ് മനസ്സിലാക്കിയത്. പാർലമെന്റിലേക്കും മറ്റും അംഗമാവാൻ തിരഞ്ഞെടുപ്പു നടക്കുമ്പോൾ അതിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള കാര്യം നമുക്കറിയാവുന്നതാണ്. അവിടെയൊക്കെ സംഘടിക്കലിന്റെയും പരസ്പരമുള്ള ഇഴുകിച്ചേരലിന്റെയും യാത്രയുടെയും പ്രചാരണപ്രവർത്തനങ്ങളുടെയും മുഖാമുഖങ്ങളുടെയും തുടങ്ങി ഒരു ശൃംഖല തന്നെ നാം കാണുന്നു. അതിലൊക്കെ സ്ത്രീയും സ്വന്തം നിലക്ക് ഇടപഴകേണ്ടി വരും. ( موسوعة الأسرة تحت رعاية الإسلام - الجزء الثانى - ص 448 )

അൽ അസ്ഹറിലെ പണ്ഡിതസഭാംഗം ഷൈഖ് അത്വിയ്യ സ്വഖർ പറയുന്നു: “എന്നാൽ സംഗതി വോട്ടു ചെയ്യുന്നതിലേക്കു മാത്രമായി പരിമിതപ്പെടുത്തിയാൽ (ഷൈഖ്) മാവർദി സൂചിപ്പിച്ച പോലുള്ള സവിശേഷതകളൊക്കെ അതിലുണ്ടെന്നായാൽ അതിൽ വിയോജിപ്പൊന്നുമില്ല. പക്ഷെ നിയമ നിർമ്മാണ സഭയിൽ അയാളുടെയും തന്റെ പാർട്ടിയുടെ പ്രാതിനിധ്യം സ്ഥാപിക്കാനുള്ള അവകാശത്തിന്റെയും ഇടയിലെ മുഖ്യഘടകമാണല്ലോ ഇത്. അതോടൊപ്പം ഒരു നേതാവിന്റെയോ ഭരണകർത്താവിന്റെയോ തിരഞ്ഞെടുപ്പിൽ പങ്കാളിയാവാമെന്നായാൽ ആ പദവിയിലേക്കു അവൾക്കും അനുവദനീയമുണ്ടെന്നാണല്ലോ വരിക. വോട്ടവകാശം, പത്രികാ സമർപ്പണത്തിനോ നിയമങ്ങൾക്ക് സാധുത നൽകാനോ സഹായിക്കുന്നു.

വ്യതിരിക്തമായ സവിശേഷതകൾ നൽകുന്നിടത്ത് മതത്തിന്റെ അതിർത്തിക്കുള്ളിൽ നിലകൊള്ളാൻ അത് നിർബന്ധിക്കുന്നില്ല. ഇവിടെ അവൾക്ക് വോട്ടവകാശം വിനിയോഗിക്കുന്നത് അനുവദനീയമാണെന്ന് പറയാൻ തന്നെ അനുവാദമില്ല. എന്ത്കൊണ്ടെന്നാൽ അത് വിരോധിക്കപ്പെട്ട ഒന്നിലേക്കുള്ള മാധ്യമമാണ്. 1952–ാം വർഷത്തിലെ അൽ അസ്ഹറിലെ ഫത്‌വാ ബോർഡ് തീരുമാനിച്ചതാണിത്." (موسوعة فتاوى الأزهر الإلكترونية، المرأة والانتخاب، الموضوع 95)

ഇബ്നു ഹസം(ابن حزم الظاهري) ഇപ്രകാരം പറയുന്നു:

وجميع فرق أهل القبلة ليس منهم أحد يجيز إمامة المرأة

"അഹ്‌ലുൽ ഖിബ്‌ലയിലെ (മുസ്‌ലിംകളിലെ) എല്ലാ വിഭാഗക്കാരും, അവരിൽ സ്ത്രീകൾക്ക് ഇമാമത്ത് (നേതൃത്വം) അനുവദനീയമാക്കുന്ന ഒരാളും തന്നെയില്ല."

(الفصل في الملل والأهواء والنحل - ابن حزم)

ഇസ്‌ലാമിക വിധികൾക്ക് അടിസ്ഥാന ഘടകമായ ഖുർആൻ, സുന്നത്ത്(നബി ﷺ യുടെ ചര്യ), ഇജ്മാഅ്(പണ്ഡിതരുടെ അഭിപ്രായ യോജിപ്പ്) എന്നിവയിൽ മഅ്ഖൂൽ ( المعقول ബുദ്ധിപൂർവ്വകം) എന്ന ഒരിനം കൂടി ചില കർമ്മശാസ്ത്ര പണ്ഡിതന്മാർ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മഅ്ഖൂലിൽ രണ്ടിനങ്ങളുണ്ട്.

1. ഖിയാസ് ( القياس – തുലനം ചെയ്യൽ)

2. മസ്‌ലഹഃ (المصلحة – പൊതുനന്മ)

സുന്നത്ത്, ഇജ്മാഅ് എന്നിവയ്ക്കു ശേഷം നാലാമത്തെ പ്രമാണമായി പരിഗണിക്കുന്ന ഒരു കാര്യമാണ് ഇതിൽ ഒന്നാമത് പറഞ്ഞ ഖിയാസ്. എല്ലാ മത വിദ്യാർഥികൾക്കും അറിവുള്ള കാര്യമാണല്ലോ ഇത്. സ്ത്രീയുടെ തിരഞ്ഞെടുപ്പ് വിഷയവുമായി ഇത് നാം നേരത്തെ ചർച്ച ചെയ്തതുമാണ്. അവൾക്ക് നേതൃസ്ഥാനത്തേക്ക് – ഭരണാധികാരത്തിലേക്ക് – വരാനാവുമോ എന്നത് നികാഹിന്റെ അധികാരവുമായി ഖിയാസ് – തുലനം – ചെയ്താണ് തീരുമാനമെടുത്തത്. അവർ കാണുന്നത് ഇപ്രകാരമാണ്:

فإن المرأة لا تستطيع أن تزوج نفسها، فكيف تكون ولي من لا ولي له؟!

തീർച്ചയായും ഒരു സ്ത്രീക്ക് (കാര്യകർത്താവായ ഒരു

പുരുഷൻ ഇല്ലാതെ) സ്വന്തം നിലയിൽ വിവാഹം ചെയ്യാൻ സാധിക്കുകയില്ല. പിന്നെങ്ങിനെയാണ് സ്വന്തമായി നിയന്ത്രണാധികാരമില്ലാത്ത ഒരാൾ നിയന്ത്രണാധികാരിയായി വരിക? സ്വന്തമായി നിയന്ത്രണാധികാരമില്ലാത്ത ഒരാളെങ്ങിനെയാണ് ഒരു സമൂഹത്തെ നിയന്ത്രിക്കുന്നവളാവുക!

മസ്‌ലഹത്തിന്റെ (പൊതു നന്മയുടെ) ഭാഗവും കൂടി ഒന്നു സ്പർശിച്ച് ഈ അധ്യായം നമുക്കിവിടെ അവസാനിപ്പിക്കാം. ഇൻഷാ അല്ലാഹ്

ഈ വിഭാഗത്തിൽ നാം നേരത്തെ ചർച്ച ചെയ്യപ്പെട്ടതും അല്ലാത്തതുമായ ഭാഗങ്ങളുണ്ട്. ചില സൂചനകളിലൂടെ നമുക്കൊന്ന് എത്തിനോക്കാം. എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് സ്ത്രീയെ നേതൃനിരയിലേക്ക് പറ്റാത്തതെന്നതിന്നുള്ള ചില കാര്യങ്ങൾ മാത്രം.

# അവളുടെ പ്രശ്നങ്ങൾ

**ഗൗ**രവമാർന്ന കാര്യങ്ങൾ വഹിക്കാനാവാത്ത തരളിത ഹൃദയങ്ങളും ഗഹനമോ സങ്കീർണ്ണമോ ആയ ജീവിത പരിതസ്ഥിതികൾക്ക് പാകമാവാത്ത ലളിത ചിന്തകളും ആണ് അവർക്കുള്ളത്. സാമ്പത്തികമായി ഇടപെടേണ്ടുന്ന വിഷയങ്ങളിൽ അവരുടെ സാക്ഷിത്വം പോലും പുരുഷന്നു പകുതിയായിട്ടാണല്ലോ മതകല്പനയുള്ളത്. അഥവാ സാക്ഷിത്വത്തിന് ഒരു പുരുഷൻ മതിയാവുന്നിടത്ത് സ്ത്രീയാണെങ്കിൽ രണ്ടു വേണമെന്നർഥം. പ്രത്യേക കാലഘട്ടം വരെ സ്ത്രീക്ക് ആർത്തവം, ഗർഭധാരണം, അവയുടേതായ അസ്വസ്ഥതകൾ, പ്രസവം, പ്രസവാനന്തര ശുശ്രൂഷ, മുലയൂട്ടൽ തുടങ്ങിയ മാതൃപ്രശ്നങ്ങളും അവയുണ്ടാക്കുന്ന അനിവാര്യമായ മാനസിക ചാപല്യങ്ങളും ചാഞ്ചാട്ടങ്ങളും അഭിമുഖീകരിക്കേണ്ടി വരുന്നു.

പുരുഷനെ അപേക്ഷിച്ച് ലോലമായ ശരീരപ്രകൃതിയാണല്ലോ സ്ത്രീക്കുള്ളത്. എവിടെത്തട്ടിയാലും വീണുടഞ്ഞുപോയേക്കാവുന്ന പളുങ്കുപാത്രം പോലെ. ഒരു ചെറിയ ആൾക്കൂട്ടമുണ്ടാക്കുന്ന സമ്മർദ്ദത്തിനകത്ത് അവിചാരിതമായിട്ടായാൽ പോലും അവളകപ്പെട്ടു പോയേക്കാവുന്ന അവസ്ഥ നമുക്കൂഹിക്കാനാവും. നേതൃത്വപദവി അലങ്കരിക്കുന്നവർക്കുണ്ടാവേണ്ട രണ്ടു പ്രധാന ഗുണങ്ങൾ ബുദ്ധിസാമർഥ്യവും ശരീരശക്തിയുമാണെന്ന് വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. അല്ലാഹു ﷻ പറയുന്നു.

إِنَّ ٱللَّهَ ٱصۡطَفَىٰهُ عَلَيۡكُمۡ وَزَادَهُۥ بَسۡطَةً فِي ٱلۡعِلۡمِ وَٱلۡجِسۡمِۖ ...... ﴿٢٤٧﴾

"നിശ്ചയമായും, അല്ലാഹു അദ്ദേഹത്തെ നിങ്ങൾക്ക് (രാജാവായി) തിരഞ്ഞെടുത്തിരിക്കുന്നു. കൂടുതൽ വിപുലമായ ജ്ഞാനവും ശരീര(ശക്തി)യും നൽകുകയും ചെയ്തിരിക്കുന്നു." - ബഖറ: 247.

ഇസ്രായീൽ സമൂഹത്തിൽ മൂസ عليه السلام ക്കു ശേഷം വന്ന സാമു

വേൽ പ്രവാചകൻ ആ ജനതയോടു പറഞ്ഞു. നിങ്ങൾക്ക് ത്വാലൂത്ത് എന്നൊരാളെ രാജാവാക്കി നിശ്ചയിച്ചുവെന്ന്. അവർക്ക് അദ്ദേഹത്തിന്റെ രാജത്വം തൃപ്തികരമായി തോന്നിയില്ല. തങ്ങളാണ് അദ്ദേഹത്തേക്കാൾ കേമനെന്നും സാമ്പത്തികമായും അദ്ദേഹം കഴിവില്ലാത്തവനാണെന്നുമായിരുന്നു അവർ അതിന് കാരണം പറഞ്ഞത്. പ്രവാചകൻ അവരോട് പറഞ്ഞു. അല്ലാഹുവാണ് ത്വാലൂത്തിനെ നിങ്ങളുടെ രാജാവായി നിശ്ചയിച്ചത്. രാജാവാകാൻ ഏറ്റവും അനുയോജ്യൻ ആരാണെന്ന് നന്നായറിയുന്നവനാണല്ലോ അല്ലാഹു! അറിവുകൊണ്ടും ശരീരസ്ഥിതി കൊണ്ടും അദ്ദേഹം മികച്ചു നിൽക്കുന്നു. ഭരിക്കാനും നയിക്കാനും വേണ്ടത് ജ്ഞാനമാണ്. യുദ്ധം പോലുള്ള സന്നിഗ്ധ ഘട്ടങ്ങളെ നേരിടാൻ വേണ്ടത് ശരീരശക്തിയാണ്. അവ രണ്ടും അദ്ദേഹത്തിനുണ്ട്.

ഇവിടെ ഒരു നേതാവിന്നു വേണ്ട രണ്ടു നേതൃഗുണങ്ങൾ അല്ലാഹു വ്യക്തമാക്കി; അറിവും ശരീരബലവും.

തന്നിഷ്ടപ്രകാരം പുറത്തിറങ്ങാനുള്ള ഒരു സ്വതന്ത്രാവസ്ഥ ഇസ്‌ലാം സ്ത്രീയ്ക്കു നൽകിയിട്ടില്ല. ഭർത്താവിന്റെയോ പിതാവിന്റെയോ അനുവാദം അവൾക്കു കൂടിയേതീരൂ... നേതൃനിരയിൽ പ്രവർത്തിക്കുന്നവരാവട്ടെ അവരുടെ വ്യവഹാരങ്ങളധികവും വീടിന്നു പുറത്തായിരിക്കുമല്ലോ... മാത്രമല്ല പ്രവാചകൻ ﷺ യുടെ നിർദ്ദേശം പരിഗണിച്ച് അവൾ അവളുടെ വീടിന്റെ ഇടയത്തിയാണ്. അവളുടെ ഇടയജീവിതത്തിൻ കീഴിലെ ഉത്തരവാദിത്വപ്പെട്ടവരെ പറ്റിയാണ് അവളോട് ചോദിക്കുക. നിർബന്ധമായുള്ള തന്റെ ഉത്തരവാദിത്വത്തിൻ കീഴിൽപെട്ട വീട്ടുകാരെ മറികടന്ന് തനിക്കുത്തരവാദിത്വം മതപരമായി തീരെ ഏൽപിക്കപ്പെടാത്ത ഒന്നിലേക്ക് അവൾ സഞ്ചരിക്കേണ്ടതില്ലല്ലോ... അല്ലാഹു അവളെ ചോദ്യം ചെയ്യുക അവളുടെ വീട് അവൾ എങ്ങിനെ ഭരിച്ചു എന്നാണ്. അല്ലാതെ നാട് എങ്ങിനെ ഭരിച്ചു എന്നല്ല.

നേതൃസ്ഥാനത്തിരിക്കുന്നവർക്ക് എപ്പോഴും യാത്രകളുണ്ടായെന്നിരിക്കും. ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം "മഹ്റ"മില്ലാത്ത (ഭർത്താവോ അവളെ വിവാഹം ചെയ്യൽ നിഷിദ്ധമായ പുരുഷനോ ഇല്ലാത്ത) ഒരാൾക്കൊപ്പം അവൾ യാത്ര ചെയ്യുന്നത് ഷരീഅത്ത് വിരുദ്ധമായ കാര്യമാണ്. മാത്രമല്ല പരപുരുഷന്മാർക്കൊപ്പം കൂടിച്ചേരലും ഉണ്ടാവുന്നുണ്ട്. ഇതൊന്നും ഇസ്‌ലാം അനുവദിക്കുന്ന

കാര്യങ്ങളല്ല. നമ്മുടെ നാട്ടിൽ തന്നെ ചില മുസ്ലിം സംഘടനകളിലെ പ്രബോധകന്മാർ പോലും സ്ത്രീകളും പുരുഷനും ഉൾപ്പെട്ട വേദികൾ പങ്കിടുന്നത് കാണാം. സ്ത്രീകൾക്ക് സ്ത്രീ പ്രബോധകന്മാർ പ്രബോധനം ചെയ്യാം. സ്ത്രീകൾക്ക് പുരുഷപ്രബോധകന്മാരും പ്രബോധനം ചെയ്യാം. സദസ്സിലെ സ്ത്രീകൾ പർദ്ദ ആചരിച്ചു കൊണ്ടുള്ളവരാണെങ്കിൽ. നേരെമറിച്ച് പ്രബോധകരായ സ്ത്രീയും പുരുഷനും ഒരു വേദിയിലിരുന്നു സ്ത്രീകൾക്കോ പുരുഷന്മാർക്കോ പ്രബോധനം ചെയ്യുന്നത് മതത്തിൽ പരിചയമില്ലാത്ത കാര്യമാണ്. സ്ത്രീ-പുരുഷ സംഗമം (اختلاط) മതം നിഷിദ്ധമാക്കിയ കാര്യമാണെന്നിരിക്കെ പ്രബോധകന്മാരുടെ സ്ഥിതി ഇതാണെങ്കിൽ പിന്നെ സാധാരണക്കാരന്റെ കാര്യം പറയാനുണ്ടോ. അവർ ഇനിയും മതം പഠിക്കണമെന്നേ വിനയപൂർവ്വം പറയാനുള്ളൂ.

റസൂൽ ﷺ യുടെ കാലത്ത് പോലും പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ അവർ പുരുഷന്മാർക്കൊപ്പം കൂടിപ്പോവുന്നത് പ്രവാചകൻ ﷺ നിരുത്സാഹപ്പെടുത്തി. വഴികളിൽ സ്ത്രീകൾ സഞ്ചരിക്കുമ്പോൾ പാലിക്കേണ്ട മര്യാദ പഠിപ്പിച്ചു. അവിടുന്നു പറഞ്ഞു

استأخِرْنَ ؛فإنه ليس لكن أن تَحْقُقْنَ الطريقَ عليكن بحافَاتِ الطريقَ.....
(صحيح أبي داود – 5272)

അവർ (സ്ത്രീകൾ പുരുഷന്മാരിൽ നിന്നു) മാറി സഞ്ചരിക്കട്ടെ – എന്നാൽ അത് (പുരുഷന്മാർ സഞ്ചരിക്കുന്ന മധ്യ) വഴിയിലല്ലെന്നവൾ ഉറപ്പുവരുത്തണം. അവർ (സ്ത്രീകൾ) വഴിയുടെ ഓരം ചേർന്നു നടന്നുകൊള്ളട്ടെ. (അബൂ ദാവൂദ് – അൽബാനി സ്ഥിരപ്പെടുത്തിയത്)

ഈ പ്രസ്താവനയ്ക്കുശേഷം ചുമരിന്മേൽ (വേലിമേൽ) തങ്ങളുടെ ഉടുപ്പുകൾ ഉടയ്ക്കിപ്പോവുമാറ് സ്ത്രീകൾ വഴിയുടെ ഓരം ചേർന്നായിരുന്നു നടന്നിരുന്നത് എന്ന് ഹദീഥ് വ്യാഖ്യാതാക്കൾ വിശദീകരിച്ചിട്ടുണ്ട്. അന്യപുരുഷന്മാരുമായി സ്ത്രീകൾ കൂടിച്ചേർന്ന് പോവുന്നതിനെ ഇത്രയും സൂക്ഷ്മമായി കൈകാര്യം ചെയ്ത ഒരു മതത്തിൽ സിന്ദാബാദ് വിളിക്കാനും പ്രകടനവും ധർണയും നടത്താനും തിരഞ്ഞെടുപ്പ് പ്രചാരണം നടത്താനും പുരുഷന്മാർക്കൊപ്പം ഒരു മുസ്ലിം സ്ത്രീക്ക് കഴിയുന്നതെങ്ങിനെ? പുരുഷന്മാർക്കൊപ്പം ഏത് കാര്യം ചർച്ച ചെയ്യാനായാലും

അങ്ങാടിവഴികൾ നിബിഡമാക്കാനും ആകാശത്തേക്ക് മുഷ്ടിയെറിഞ്ഞു മുദ്രാവാക്യം വിളിക്കാനും നാടുകളിൽ നിന്നും നാടുകളിലേക്ക് ഭരണകാര്യം ചർച്ച ചെയ്യാൻ സഞ്ചരിക്കാനും അവൾക്കെങ്ങിനെ കഴിയും? ഇന്നിപ്പോൾ ഓരോ ചെറിയ യൂണിറ്റിലും വനിതാ സംഘടനകളുണ്ട്. സ്ത്രീ ശാക്തീകരണം എന്ന പേരിൽ. മുസ്‌ലിം സ്ത്രീകൾക്കായി അവരുടെ മാതൃസംഘടനയിലെ പുരുഷന്മാർപോലും അത്തരം കൂട്ടായ്മ നിലവിൽ വരാൻ സജീവമായി പ്രവർത്തിക്കുന്നു. ഗ്രാമ-ജില്ലാ-സംസ്ഥാന-രാജ്യതലങ്ങളിലും ലോക നിലവാരത്തിൽ വരെയും ഇത്തരം പരിശ്രമങ്ങൾ നന്നായി നടന്നുവരുന്നു. മതമല്ല പിശാചുക്കളാണ് ഇതിന് പ്രേരണ ചെലുത്തിക്കൊണ്ടിരിക്കുന്നത്. സ്ത്രീയെ പുറത്തു ചാടിക്കുക എന്നത് പിശാചിന്റെ കുതന്ത്രങ്ങളുടെ ഭാഗമാണെന്ന ഹദീഥ് നേരത്തെ വിവരിച്ചിട്ടുണ്ടല്ലോ... വിശുദ്ധമായ ഇസ്‌ലാമിന്റെ സന്ദേശമാണ് അവൾ ഉൾക്കൊള്ളുന്നത് എങ്കിൽ, ഇസ്‌ലാമിക ജീവിതമാണ് അവൾ ആശിക്കുന്നത് എങ്കിൽ, ഇസ്‌ലാമിലെ സുന്ദരമായ അന്ത്യമാണ് അവളുടെ ലക്ഷ്യം എങ്കിൽ ഇത്തരം പൊതുപരിപാടികൾക്ക് ദീനിൽ മാതൃകയില്ല. പ്രവാചകരും സ്വഹാബികളും ജീവിച്ച ആദ്യ നൂറ്റാണ്ടാണ് ദീനിലെ നല്ല മാതൃക. പിന്നെ അവരുടെ പിൻഗാമികളായ താബിഉകൾ ജീവിച്ച നൂറ്റാണ്ടാണ്. അതിനുശേഷം അവരുടെയും പിൻഗാമികളായ താബിഉത്താബിഉകളുടെ കാലഘട്ടമാണ്. ഈ മൂന്ന് നൂറ്റാണ്ടുകളാണ് ഒരു നല്ല മുസ്‌ലിമിന്റെ മാതൃകാ കാലഘട്ടം. അവിടെയൊന്നും ഇന്നീ കാണുന്ന പോലുള്ള സ്ത്രീ സാന്നിധ്യമില്ല. പക്ഷെ പിശാച് തന്റെ നിരന്തരമായ ചതിയിലൂടെയും തന്ത്രത്തിലൂടെയും ഈയവസ്ഥവരെ അവരെ എത്തിച്ചു. കാഴ്ചക്കാരന് അതിൽ യാതൊരു തിന്മയോ അലോസരമോ അസാംഗത്യമോ സങ്കൽപിക്കാനാവാത്ത വിധം സമൂഹ മനസ്സിനെ പിശാച് കൂട്ടി ലയിപ്പിച്ചു. അങ്ങിനെ ശരിയിലേക്കു ക്ഷണിക്കുന്നവനെ അബദ്ധക്കാരനും മണ്ടനുമാക്കുന്ന ഒരു മാനസികാവസ്ഥ അവൻ സൃഷ്ടിച്ചു. സമൂഹത്തെ പൊതുവിലും സ്ത്രീ സമൂഹത്തെ വിശേഷിച്ചും നന്നാക്കിയെടുക്കാനോ അവർക്കു ശക്തി പകരാനോ ഉള്ള ഉത്തരവാദിത്വം ഇസ്‌ലാം സ്ത്രീയെ ഏൽപ്പിച്ചിട്ടില്ല. സ്ത്രീകൾക്കിടയിലെ പ്രബോധനപ്രവർത്തനവും നന്മ കൽപിക്കലും തിന്മ വിരോധിക്കലുമൊക്കെ സന്ദർഭോചിതം ആകാമെന്നല്ലാതെ, അതു തന്നെ അവളിൽ നിക്ഷിപ്തമായതും അവൾ നിറവേറ്റേണ്ടതുമായ

ഉത്തരവാദിത്വം, അഥവാ അവളുടെ കുടുംബ പശ്ചാത്തലം വിട്ട കന്നു കൊണ്ടാവരുത് അതെന്നു മാത്രം.

എങ്ങിനെയായാലും സ്ത്രീ അവൾക്കുത്തരവാദിത്വമില്ലാത്തതും അവളോട് നിർദ്ദേശിക്കാത്തതും ഇസ്ലാമിന്റെ പ്രൗഢചരിത്രത്തിൽ മാതൃകയില്ലാത്തതുമായ ഒന്നിലേക്കിറങ്ങിത്തിരിക്കുകയും അതുവഴി ഇസ്ലാം നിഷിദ്ധമാക്കിയ ഒട്ടനവധി കാര്യങ്ങളിൽ അവിചാരിതമായോ നിർബന്ധിതമായോ അവൾ പങ്കാളിയാവുകയും ചെയ്യുന്നു. ഒരു സ്ത്രീ തെരഞ്ഞെടുപ്പിന്റെ ഗോദയിലേക്കിറങ്ങുക എന്നാൽ ഇസ്ലാമിക ദൃഷ്ട്യാ അവൾ പാപത്തിന്റെ മഹാസമുദ്രത്തിലേക്കിറങ്ങുക എന്നതാവും ഫലം. നമ്മുടെ സഹോദരിമാർ മതാധ്യാപനങ്ങൾ ശരിയ്ക്കു പഠിക്കുകയും അവരുടെ സഹോദരന്മാർ അതിനു സഹായകമായി വർത്തിക്കുകയും ചെയ്യട്ടെ എന്നാണ് ഹൃദയപൂർവ്വം ഈ വിനീതന് പറയാനുള്ളത്.

# ചില പ്രതിവാദ ചിന്തകളും നിർദ്ധാരണവും

**ഈ** ഗ്രന്ഥരചനയുടെ തുടക്കം തൊട്ടേ നേരിട്ടും അല്ലാതെയും പലപ്പോഴായി കേൾക്കേണ്ടി വന്ന - അറിയേണ്ടി വന്ന - കുറേ സംശയങ്ങളും വാദങ്ങളുമുണ്ട്. രചനയുടെ സൂക്ഷ്മപരിശോധനാവേളയിൽ പല ഗ്രന്ഥങ്ങളിലും സ്പർശിക്കുകയും ചർച്ച ചെയ്യുകയും ചെയ്ത കാര്യങ്ങളും അക്കൂട്ടത്തിലുണ്ട്. വായനക്കാരുമായി അവ പങ്കുവെക്കുകയും അവർക്ക് വ്യക്തത നൽകുകയും ചെയ്തുകൊണ്ടല്ലാതെ ഈ ദൗത്യം പൂർണ്ണമാവുമെന്ന് തോനുന്നില്ല. അവയിലേക്ക് നമുക്കൊന്ന് കടന്ന് ചെല്ലാം. ഇൻഷാ അല്ലാഹ്.

لن يُفلحَ قومٌ ولّوا أمرَهم امرأةً

“തങ്ങളുടെ കൈകാര്യകർതൃത്വം ഒരു സ്ത്രീയെ ഏൽപ്പിച്ച ഒരു ജനത വിജയിക്കുകയില്ല തന്നെ” - ബുഖാരി.

പൗരസ്ത്യദേശങ്ങളിൽ ഏറെ ചർച്ചയും കോലാഹലവും ഉണ്ടാക്കിയ ഒരു ഹദീഥാണിത്. ഇത് റിപ്പോർട്ട് ചെയ്തത് അബീബക്ക്റഃ ﷺ എന്ന സ്വഹാബിയാണ്. അദ്ദേഹത്തിന്റെ ഈ ഹദീഥിനെ ചിലർ അവഗണിക്കുന്നു. അതിനു പറയുന്ന കാരണമോ വളരെ വിചിത്രവും.

I. **പേർഷ്യായുടെ ചരിത്രത്തിൽ ഒരു കിസ്റയുടെ പുത്രിയോ മറ്റേതെങ്കിലും സ്ത്രീയോ അധികാരത്തിൽ വന്നിട്ടില്ലാ എന്നതാണാ വാദം.**

വല്ലാത്തൊരു ചരിത്രനിഷേധമാണ് അത്. നാം ആ സംഭവം വളരെ വിശദമായി നേരത്തെ വിവരിച്ചിട്ടുണ്ടല്ലോ.. നമ്മുടെ ആധികാരിക ഗ്രന്ഥമായ ബുഖാരിയിലാണ് സ്വഹീഹായിക്കൊണ്ടുതന്നെ അത് റിപ്പോർട്ട് ചെയ്തത്. ഈ ഹദീഥിനെ കള്ളവും വ്യാജവുമാക്കുകയാണ് ഒന്നാമതായി ഈ പ്രസ്താവനയിലൂടെ. അറിയപ്പെടുന്ന ചരിത്രഗ്രന്ഥങ്ങളെയും അപഹസിക്കുകയാണ് ഇത്തരം വാദക്കാർ. ഇബ്നു ജരീർ അത്ത്വബരി തന്റെ التاريخ ലും ഇബ്നുൽ ജൗസി

المنتظم ലും ഇബ്നു അഥീർ الكامل في التاريخ ലും അൽ മുത്വഹ്ഹർ അൽ മുഖദ്ദസി البدء و التاريخ ലും ഇബ്നു കഥീർ البداية والنهاية ലും അദ്ദഹബി التاريخ ലും തുടങ്ങി ഇബ്നു ഖയ്യാഥും ഇബ്നു ഖൽദൂനും അൽ യാഫിഈയുമൊക്കെ അവരവരുടെ ഗ്രന്ഥങ്ങളിലും ഈ ചരിത്രം വിവരിച്ചിട്ടുണ്ട്. അതിനാൽ തന്നെ ഒരു തെളിവുമില്ലെന്ന് പറയുന്നവരുടെ ജൽപ്പനങ്ങൾക്കാണ് തെളിവില്ലാതെ പോവുന്നത്. വ്യക്തമായ ചരിത്രനിഷേധങ്ങൾ മാത്രമല്ല ബുഖാരിയിൽ വന്ന ഹദീഥിനെ കൂടി നിഷേധിക്കുന്നവരായി മാറുകയാണ് ഇത്തരക്കാർ.

II. **ഈ ഹദീഥ് റസൂൽ ﷺ യിൽ നിന്ന് കേട്ട അബീ ബക്റ** ابي بكرة ﵁ **എന്ന സ്വഹാബി അന്നൊന്നും ഇത് ജനങ്ങളോട് പറയാതെ കാൽ നൂറ്റാണ്ടു കഴിഞ്ഞു ജമൽ യുദ്ധത്തിന്റെ പശ്ചാത്തലം വരെ എന്തിനു കാത്തിരുന്നു എന്നതാണ് മറ്റൊരു വാദം.**

റസൂൽ ﷺ യിൽ നിന്ന് ഒരു ഹദീഥ് കേൾക്കുകയും അത് സന്ദർഭം വരുമ്പോൾ മാത്രം ഓർത്തുപറയുകയും ചെയ്ത ഒരേ യൊരു വ്യക്തിയൊന്നുമല്ല അബൂബക്റഃ ﵁. ഇപ്രകാരം പല ഹദീഥുകളും സന്ദർഭനുസാരം പല സ്വഹാബികളിൽ നിന്നും നമുക്ക് കേൾക്കേണ്ടി വന്നിട്ടുണ്ട്. പറഞ്ഞ കാര്യം മറന്നു പോവുകയും പിന്നീട് അത് ഓർക്കത്തക്ക വിധം വല്ല സംഭവത്തിനും സാക്ഷിയാ വേണ്ടി വരുമ്പോൾ ഓർമ്മയിൽ വരികയും ചെയ്യുക എന്നതാണ് ഇവി ടെ സംഭവിച്ചത്. ജമൽ യുദ്ധത്തിൽ ആയിഷ ﵂, രണ്ടു വിഭാഗക്കാരായ സ്വഹാബികൾക്കിടയിൽ ഒരു മാതാവിന്റെ വാത്സല്യത്തോടെ യോജി പ്പുണ്ടാക്കാൻ ഇറങ്ങിപ്പുറപ്പെട്ട വേളയിലാണ് അബീബക്റഃ ﵁ ഈ ഹദീഥ് ഓർത്തത്. ഇവിടെ സ്ത്രീ നേതൃത്വം കൊടുത്തു ഒരു സംഘം പുറപ്പെടുന്നതായി അദ്ദേഹത്തിനു തോന്നുകയും കിസ്റയുടെ പുത്രിയെക്കുറിച്ച് ഇരുപത്തഞ്ചു വർഷങ്ങൾക്ക് മുമ്പ് റസൂൽ ﷺ പറഞ്ഞത് ഓർമ്മയിൽ വരികയും അദ്ദേഹമത് ജനങ്ങളെ ഉണർത്തു കയും ചെയ്തു. അതാണ് ഇവിടെ സംഭവിച്ചത്.

ജമൽ യുദ്ധത്തിലെ ഈ പുറപ്പാടിൽ തന്നെ ആയിഷ ﵂ യും സംഘവും ഒരു രാത്രി ആമിർ ഗോത്രത്തിന്റെ "ഹൗഅബ്" എന്ന സ്ഥലത്തെ ജലസംഭരണിക്കടുത്ത് തമ്പടിച്ച കാര്യം വിവരിക്കു ന്നുണ്ട്. ഇമാം അഹ്മദ് ﵀ തന്റെ മുസ്നദിൽ ആ സംഭവം വിവ രിക്കുന്നു. ആയിഷ ﵂ പറയുന്നു: ഹൗഅബിൽ എത്തിയപ്പോൾ ഞാൻ നായ്ക്കൾ കുരയ്ക്കുന്ന ശബ്ദം കേട്ടു. ഇപ്പോൾ തന്നെ

മടങ്ങാൻ തോന്നുന്നു എന്ന് ഞാൻ പറഞ്ഞു. തിരുമേനി ﷺ ഞങ്ങളോടിപ്രകാരം പറഞ്ഞിരുന്നു:

أيتكنَّ تنبحُ عليها كلابُ الحوْأبِ (الألباني- - السلسلة الصحيحة -474)

“നിങ്ങളിലേതൊരാൾക്ക് വേണ്ടിയാണാവോ ഹൗഅബിലെ നായ്ക്കൾ കുരയ്ക്കുക” എന്ന്

സുബൈർ ؓ പറഞ്ഞു. മടങ്ങിപ്പോവുകയോ! അല്ലാഹു, നിങ്ങൾ വഴി ജനങ്ങളുടെ സ്ഥിതി നന്നാക്കിയേക്കാം. (മുസ്നദ്)

റസൂൽ ﷺ യുടെ ഈ ഉദ്ധരണിയും ഈ സംഭവത്തിലാണ് ആയിഷ ؓ ഓർത്തുപറഞ്ഞത്.

മറ്റൊരുദാഹരണം കൂടി ശ്രദ്ധിക്കുക. ഹിജ്റ 64ൽ അബ്ദുല്ലാഹിബ്നു സുബൈർ ؓ മക്കയിൽ ഖലീഫയായി അവരോധിതനായി. മുആവിയ ؓ ന്റെ നിര്യാണശേഷം അധികാരമേറ്റ പുത്രൻ യസീദ് ؓ ന്റെ ഖിലാഫത്ത് അംഗീകരിക്കാതിരുന്നതിനാലായിരുന്നു അത്. ഇതിൽ കുപിതനായ യസീദ് ؓ തന്റെ സൈന്യത്തെ ഹുസൈൻ ഇബ്നു നുമൈറിന്റെ നേതൃത്വത്തിൽ അയക്കുകയും സൈന്യം മക്ക വളഞ്ഞു കീഴടക്കുകയും ചെയ്തു. ഈ സംഭവത്തിൽ കഅ്ബയുടെ മേൽപ്പുരയ്ക്കും ഭിത്തികൾക്കും തകർച്ച സംഭവിക്കുകയും ഖിൽഅഃ കത്തിപ്പോവുകയുമുണ്ടായി. പിന്നീട് യസീദ് ؓ മരണപ്പെട്ടപ്പോൾ ഹുസൈനു ബിനു നുമൈർ ؓ മക്ക വിട്ടുപോവുകയും അബ്ദുല്ലാഹിബ്നു സുബൈർ ؓ ഖലീഫയായി തിരിച്ചെത്തുകയും ചെയ്തു. ഇക്കാലഘട്ടത്തിലാണ് അദ്ദേഹം കഅ്ബ പുതുക്കിപ്പണിതത്. ഇബ്റാഹീം ؑ പണിത അതേ അസ്ഥിവാരത്തിൽ തന്നെ. അത് ഇന്നത്തെ അർദ്ധവൃത്താകൃതിയിൽ കാണുന്ന ഹിജ്ർ ഇസ്മാഈലും കൂടി ഉൾപ്പെട്ടതും രണ്ടു ഭാഗത്തും വാതിലുകളോടു കൂടിയതുമായിരുന്നു. ആയിഷ ؓ യിൽ നിന്ന് അദ്ദേഹം കേട്ട ഒരു ഹദീഥായിരിന്നു ഇതിന്നാധാരം.

يا عائشةُ ! لولا حدْثانُ قومك بالكفْرِ لنقضتُ البيتَ حتى أزيدَ فيه مِنَ الحجْرِ . فإنَّ قومَك قصَّرُوا في البناءِ ( صحيح مسلم – 1333)

“ആയിഷാ! നിന്റെ സമൂഹം അവിശ്വാസത്തിൽ നിന്ന് അടുത്തിടെയായി വന്നവരായിരുന്നില്ലെങ്കിൽ ഹിജ്റും (ഹിജ്റ് ഇസ്മാഈൽ) കൂടിച്ചേർത്ത് ഞാൻ ഭവനം പുനരുദ്ധരിക്കുമായിരുന്നു. എന്തെന്നാൽ നിന്റെ സമൂഹം കെട്ടിടത്തിൽ

കുറവുവരുത്തിയവരാണ്." – (മുസ്‌ലിം)

അവർ (മുശ്‌രിക്കുകൾ) പുനർ നിർമ്മിക്കുമ്പോൾ നിർമ്മാണ സാമഗ്രികളുടെ കുറവുമൂലം ഒരല്പ ഭാഗം മാറ്റിവെച്ചായിരുന്നു നിർമിച്ചിരുന്നത്. ഇന്ന് ഹിജ്ർ ഇസ്മാഈൽ എന്ന പേരിൽ അറിയപ്പെടുന്ന അർദ്ധവൃത്താകൃതിയിലുള്ള ഭാഗമാണത്. ഈ സംഭവം റസൂൽ ﷺ ഉണർത്തിയപ്പോൾ ആയിഷാ رضي الله عنها തിരുമേനി ﷺ യോട് ചോദിച്ചു. "അല്ലാഹുവിന്റെ റസൂലെ! എന്നാൽ അത് ഇബ്രാഹീം ﷺ പണിത അസ്ഥിവാരത്തിലേക്കു തിരിച്ചു കൊണ്ടുവന്നുകൂടെ?" അപ്പോഴാണ് റസൂൽ ﷺ അങ്ങിനെ ചെയ്യാത്തതിന്റെ കാരണം പറയുന്നത്. അവർ പുതുതായി ഇസ്‌ലാമിലേക്കു വന്നവരാണ്. അവർക്കതൊരു സംശയത്തിന്നിടയാക്കുമെന്ന് റസൂൽ ﷺ കരുതിയിരിക്കാം.

ഈ സംഭവം ആയിഷ رضي الله عنها പറഞ്ഞത് കേട്ട കരുത്തിൽ നിന്നാണ് അബ്ദുല്ലാഹിബ്നു സുബൈർ رضي الله عنه കഅ്ബയുടെ പുനർനിർമ്മാണവേളയിൽ അത് പരിഗണിച്ചത്. ഹിജ്റ് ഇസ്മാഈലടക്കമുള്ള ചുമരിൽ നിന്ന് കഅ്ബ പുനർനിർമ്മിച്ചത് അങ്ങിനെയാണ്. ഇപ്പോഴത്തെ വാതിലിനു സമാന്തരമായി മറ്റൊരു വാതിൽ എതിർചുമരിലും സ്ഥാപിച്ചു.

എന്നാൽ അബ്ദുൽ മലിക് ബിൻ മർവാന്റെ ഗവർണറായിരുന്ന ഹജ്ജാജ് ബിനു യൂസുഫ്, അബ്ദുല്ലാഹിബ്നു സുബൈർ رضي الله عنه നെ വധിച്ചു മക്കയുടെ അധികാരം വീണ്ടെടുത്തപ്പോൾ ഖലീഫയുടെ അനുമതിയോടുകൂടി കഅ്ബ പഴയ രീതിയിൽ മാറ്റിപ്പണിതു. ഹിജ്റ് ഇസ്മാഈലിലേക്കു നീട്ടിയെടുത്ത ഭാഗം പൊളിച്ചു മാറ്റുകയും പ്രധാന വാതിൽ പഴയ പടിയിലാക്കുകയും എതിർഭാഗത്തെ വാതിൽ എടുത്തുമാറ്റി അവിടം അടച്ചുകളയുകയും ചെയ്തു. നബി ﷺ യുടെ കാലത്ത് ഉണ്ടായിരുന്ന രൂപത്തിലേക്കു തന്നെ തിരിച്ചുകൊണ്ടുവരികയാണ് ഹജ്ജാജ് ബിനു യൂസുഫ് ചെയ്തത്. അബ്ദുല്ലാഹിബ്നു സുബൈറിനോടുള്ള പ്രതികാര മനോഭാവവും അദ്ദേഹത്തിന്റെ പരിഷ്ക്കരണം നിയമവിരുദ്ധമാണെന്ന വിശ്വാസവുമായിരിക്കാം ഹജ്ജാജിനെ അപ്രകാരം ചെയ്യിച്ചത്.

ഹിജ്റ 74ൽ ആണ് ഈ സംഭവം നടക്കുന്നത്. പിന്നീട് ഒരിക്കൽ അമവീ ഖലീഫ അബ്ദുൽ മലിക് ബിൻ മർവാൻ കഅ്ബ

ത്വവാഫ് ചെയ്തു കൊണ്ടിരിക്കവെ ഇങ്ങിനെ പറഞ്ഞു.

قاتل الله ابن الزبير حيث يكذب على أم المؤمنين، يقول سمعتها تقول: قال رسول الله صلى الله عليه وسلم: يا عائشة لولا حدثان قومك بالكفر لنقضت البيت حتى أزيد فيه من الحجْر، فإن قومك قصروا في البناء .....

(روى الإمام مسلم عن عبد الملك بن مروان)

ഉമ്മുൽ മുഅ്മിനീൻ (ആയിഷ ﵂) യുടെ മേൽ കള്ളം പറഞ്ഞ ഇബ്നു സുബൈറിനെ അല്ലാഹു ശപിക്കട്ടെ. എന്തെന്നാൽ അവർ പറഞ്ഞതായി അദ്ദേഹം പറഞ്ഞു. റസൂൽ ﷺ പറഞ്ഞുവത്രെ ആയിഷാ! നിന്റെ സമൂഹം അവിശ്വാസത്തിൽ നിന്ന് അടുത്തിടെയായി വന്നവരായിരുന്നില്ലെങ്കിൽ ഹിജ്റു കൂടി ചേർത്ത് ഞാൻ ഭവനം പുനരുദ്ധരിച്ചേനെ! എന്തെന്നാൽ നിന്റെ സമുദായം കെട്ടിടത്തിൽ കുറവുവരുത്തിയവരാണ് എന്ന്.

ഇത് കേട്ട് അൽ ഹാരിഥ് ﵁ (الحارث بن عبد ا الله بن ابي ربيعة) ഖലീഫയോടു പറഞ്ഞു. "അമീറുൽ മുഅ്മിനീൻ! അങ്ങിനെ താങ്കൾ പറയരുത്. ഞങ്ങളൊക്കെ ഉമ്മുൽ മുഅ്മിനിൽ നിന്ന് – ആയിഷ ﵂ ൽ നിന്ന് അപ്രകാരം കേട്ടിട്ടുണ്ട്." അദ്ദേഹം പറഞ്ഞു: "കെട്ടിടം തകർക്കുന്നതിന് മുമ്പ് ഇത് ഞാൻ കേട്ടിരുന്നെങ്കിൽ ഇബ്നു സുബൈർ പണികഴിപ്പിച്ച അതേ അവസ്ഥയിൽ ഞാൻ വിട്ടേക്കുമായിരുന്നു." ഇതാണ് ഖലീഫ അബ്ദിൽ മലിക്. അദ്ദേഹം ഇബ്നു സുബൈർ ﵁ പറഞ്ഞതിലേക്കു മടങ്ങി, അപ്രകാരം തന്നെ ഇബ്നു സുബൈർ ﵁ , അദ്ദേഹം ഒരാൾ മാത്രമല്ല ഈ ഹദീഥ് ആയിഷ ﵂ ൽ നിന്ന് കേട്ടത്. അര നൂറ്റാണ്ടിലേറെക്കാലം അതാരും ചർച്ച ചെയ്തില്ല. അവരത് പറയാൻ വിസ്മരിച്ചെങ്കിലും അവരുടെ ഓർമ്മകളിൽ അതുണ്ടായിരുന്നു. സന്ദർഭം വന്നപ്പോൾ അതവർ ഓർത്തു പറഞ്ഞു. അത് കേട്ടവരാരും ഖലീഫ അബ്ദിൽ മലിക് പോലും ചോദിച്ചില്ല. എന്തേ ഇതുവരെ അത് പറയാതിരുന്നത് എന്ന്. നബി ﷺ യുടെ വഫാത്തിന് ശേഷം അമ്പതു കൊല്ലത്തിലേറെക്കാലം അതേപ്പറ്റി മിണ്ടാതെ പോയതെന്തേ എന്ന്. ഹദീഥുകളുടെ ചരിത്രഗതി മനസ്സിലാക്കിയവരാണവർ.

ഇത് തന്നെയാണ് സ്ത്രീയെ തങ്ങളുടെ കൈകാര്യകർതൃത്വം ഏൽപ്പിച്ച സമൂഹത്തിന്റെ ഗതിയെപ്പറ്റി റസൂൽ ﷺ പറഞ്ഞ ഹദീഥ് റിപ്പോർട്ട് ചെയ്ത അബീബക്റഃ ﵁ ന്റെ അവസ്ഥയും. ഈ സംഭവം റസൂൽ ﷺ യുടെ വഫാത്തിന് 25 വർഷങ്ങൾക്ക് ശേഷമാണെങ്കിൽ

നാം നേരത്തെ പറഞ്ഞ അബ്ദുല്ലാഹിബ്നു സുബൈറിന്റെ സംഭവം പിന്നെയും കാൽനൂറ്റാണ്ട് പിന്നിട്ട ശേഷമാണ്. ഇസ്‌ലാമിക സംഭവങ്ങളിൽ ഊളിയിട്ടിറങ്ങുമ്പോൾ ഇത്തരം അപൂർവ്വ വിവരങ്ങൾ അന്വേഷകന് ധാരാളം കണ്ടെത്താനാവും. ഇൻഷാ അല്ലാഹ്.

III. **ഉമർ ﵁ ന്റെ കാലത്ത്, ദുരാരോപണം നടത്തിയതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട ആളാണ് അബീബക്റഃ ﵁. ഇത്തരം ഒരാളുടെ മൊഴി എങ്ങിനെ സ്വീകാര്യമാവും എന്നതാണ് ഒരു വാദം.**

ഈ ആരോപണത്തിനു മറുപടി പറയുമ്പോൾ കുറെ കാര്യങ്ങൾ പരിഗണിക്കാനുണ്ട്.

**ഒന്ന്:** അബീബക്റഃ ﵁ ഏറെ ആദരണീയരായ സ്വഹാബികളുടെ കൂട്ടത്തിൽ ഒരാളാണെന്ന് നാം ആദ്യം മനസ്സിലാക്കണം.

**രണ്ട്:** റസൂൽ ﷺ യെ കണിശമായും പിന്തുടരുന്നതിൽ എല്ലാ സ്വഹാബികളും നീതി പാലിച്ചിട്ടുണ്ടെന്ന് നാം വിശ്വസിച്ചിരിക്കണം. അല്ലാഹുവും അവന്റെ ദൂതരും ﷺ അവർക്ക് പാപസുരക്ഷിതത്വം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലും അവരെല്ലാവരോടും നീതി പാലിക്കപ്പെട്ടിട്ടുണ്ട്.

**മൂന്ന്:** അബീബക്റഃ ﵁ വലിയ പാപമൊന്നും ചെയ്തിട്ടില്ല. ഒരു വിഷയത്തിൽ അദ്ദേഹം സാക്ഷിയായി. നാലു സാക്ഷികളെ കൊണ്ടുവന്നാൽ മാത്രമെ ആ സാക്ഷിത്വം പൂർണ്ണമാവൂ എന്നതാണ് ഷരീഅത്തിന്റെ വിധി. ഇല്ലെങ്കിൽ സാക്ഷികൾക്ക് ശിക്ഷ കിട്ടും. ഉമർ ﵁ നു മുമ്പിൽ വന്ന ഈ കേസിൽ നാലാമന്റെ സാക്ഷിത്വം അസാധുവായി. ഉമർ ﵁ തന്നെ അബീബക്റഃ ﵁ ന്റെ സാക്ഷിത്വത്തെ പറ്റി പറഞ്ഞത് قبلت شهادته "അദ്ദേഹത്തിന്റെ സാക്ഷിത്വം ഞാൻ സ്വീകരിക്കുന്നു" എന്നാണ്. അദ്ദേഹത്തിന്റെ സാക്ഷിത്വത്തെ കളവാക്കപ്പെടുന്നില്ല. അതിന്റെ നിബന്ധനയായ നാലു സാക്ഷികൾ ഉണ്ടാവൽ എന്നത് നടന്നില്ല എന്നതാണ് ഈ കേസിലെ പ്രശ്നം. ഒരാളെപ്പറ്റി ദുരാരോപണം പറയുന്നതും ഒരാളുടെ കർമ്മങ്ങൾക്ക് സാക്ഷി പറയുന്നതും രണ്ടാണല്ലോ.

സുനനുൽ ബൈഹഖിയിലും മറ്റു ചില ഹദീഥുഗ്രന്ഥങ്ങളിലും വന്ന പരാമർശങ്ങൾ ക്രോഡീകരിച്ചു സംഗ്രഹിച്ചാൽ ആ സംഭവം ഏകദേശം ഇപ്രകാരമാണ്.

ഉമർ ﵁ ന്റെ ഖിലാഫത്ത് കാലം. തങ്ങൾ തങ്ങിയ റൂമിനു താഴെ ഞരക്കങ്ങളും വേഗമേറിയ കിതപ്പും കേട്ട് അബീബക്ക്റഃ ﵁ (ابا بكرة الثقفي) വാതിൽ തുറന്നു താഴത്തെ മറ നീക്കി നോക്കിയപ്പോൾ അദ്ദേഹം (المغيرة بن شعبة) ആ സ്ത്രീയുടെ ഇടയിലായിരുന്നു. തുടർന്ന് ആ രംഗം നാഫിഅ് ﵁ (نافع بن الحارث بن كلدة) യും ഷിബ്ൽ ﵁ (شبل بن معبد) യും സിയാദ് ﵁ (زياد) കണ്ടു. കാര്യം ഖലീഫയുടെ മുമ്പിലെത്തി. അബീബക്ക്റഃ ﵁ യാണ് ആദ്യം വന്നു ഖലീഫയോട് പറഞ്ഞത്. ഉമർ ﵁ ന്റെ മുഖം വിവർണ്ണമായി. തുടർന്ന് നാഫിഅ് ﵁ വന്നു പറഞ്ഞു. അദ്ദേഹത്തിന്റെ മുഖം വീണ്ടും വിവർണ്ണമായി. പിന്നെ ഷിബ്ൽ ﵁ എത്തി. അദ്ദേഹം കണ്ടതിന് സാക്ഷി പറഞ്ഞു. അപ്പോഴും അദ്ദേഹത്തിൽ ഈ ഭാവമാറ്റമുണ്ടായി. അവസാനത്തെ ആളായ സിയാദ് ﵁ ന്റെ സാക്ഷിത്വത്തിനു അദ്ദേഹവും സദസ്സും കാത്തുനിന്നു. കാരണം ആ നാലാമനാണ് നാലു സാക്ഷികളെ പൂർത്തീകരിക്കുന്നവൻ. അവിടെ കുറ്റാരോപിതൻ എറിഞ്ഞുകൊല്ലപ്പെടും. എന്നാൽ സിയാദ് ﵁ വന്നു: അദ്ദേഹമാണ് രംഗം അവസാനമായി കണ്ട ആൾ. അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

....أمّا الزِّنَا فلا أشهدُ بِه ولكن قد رأيتُ أمرًا قبيحًا .....(الألباني -29/8)

“എന്നാൽ വ്യഭിചാരം, ഞാനതിന് സാക്ഷിയായിട്ടില്ല. പക്ഷെ ഞാൻ വളരെ മോശപ്പെട്ട കാര്യം കണ്ടു.” ഉമർ ﵁ പറഞ്ഞു: “അല്ലാഹു അക്ബർ! അവരെ ശിക്ഷിക്കുക. അവരെ ചാട്ടവാറടിക്കുക.”എന്ന്.

വ്യഭിചാരാരോപണത്തിനു നാല് സാക്ഷികളെ കൊണ്ടു വരാനായില്ലെങ്കിൽ ആരോപണം നടത്തിയവർ ശിക്ഷിക്കപ്പെടും. അതാണ് ഷരീഅത്തിന്റെ നിയമം. അതിനാൽ തന്നെ അവർ മൂന്ന് പേരും ശിക്ഷിക്കപ്പെട്ടു. നാലാമനായ സിയാദ് ﵁ നെ വെറുതെ വിട്ടു.

ശിക്ഷിക്കപ്പെട്ടവരിലെ രണ്ടും മൂന്നും വ്യക്തിത്വങ്ങൾ പശ്ചാത്തപിക്കുകയും ചെയ്തു. എന്നാൽ അബീബക്റഃ ﵁ അതിനും തയ്യാറായില്ല. പകരം ശിക്ഷിക്കപ്പെട്ട ശേഷവും അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

أشهد انه زان “അദ്ദേഹം വ്യഭിചരിച്ചു എന്നതിന്നു തീർച്ചയായും

ഞാൻ സാക്ഷിയാവുന്നു."

ഉമർ رضي الله عنه അദ്ദേഹത്തെ വീണ്ടും ശിക്ഷിക്കാൻ തുനിഞ്ഞു. അപ്പോൾ അലി رضي الله عنه അത് തടഞ്ഞുകൊണ്ടിങ്ങിനെ പറഞ്ഞു. "താങ്കൾ അദ്ദേഹത്തെ ശിക്ഷിക്കുകയാണെങ്കിൽ താങ്കളുടെ ആളെ എറിയപ്പെടണം." ഒരു വ്യക്തിയെ ഒരു കാര്യത്തിൽ രണ്ടു തവണ ശിക്ഷിച്ചാൽ അയാളെ രണ്ടായി കാണണം എന്ന് ധ്വനി. അങ്ങിനെ വന്നാൽ അദ്ദേഹത്തിന്റെ രണ്ടു സാക്ഷിത്വവും മറ്റു രണ്ടുപേരുടെ സാക്ഷിത്വവും ചേർന്ന് കുറ്റാരോപിതനെ ശിക്ഷിക്കാൻ വേണ്ട നാലു സാക്ഷിത്വം വന്നുചേരും എന്നർഥം. അങ്ങിനെ വന്നുകൂടല്ലോ... അത് മനസ്സിലാക്കിയാവണം ഉമർ رضي الله عنه അദ്ദേഹത്തെ വീണ്ടും ശിക്ഷിക്കാതെ വെറുതെ വിട്ടു.

എന്നാൽ അബീബക്റഃ رضي الله عنه തന്റെ സാക്ഷിത്വം ആവർത്തിച്ചതിലോ പശ്ചാത്തപിക്കാത്തതിലോ അദ്ദേഹത്തിന്റെ സത്യസന്ധതയിലോ ആ സ്വഹാബി സമൂഹത്തിലാർക്കും ഒരു പരാതിയും ഉണ്ടായിരുന്നില്ല എന്ന് നാമോർക്കണം. അതിനാൽ നാമും അദ്ദേഹത്തിന്റെ ആ വിഷയത്തിൽ ആ സ്വഹാബികളുടെ നിലപാടിനൊത്ത് നിൽക്കണം.

**നാല്:** അബീബക്റഃ رضي الله عنه ദുരാരോപണമല്ല നടത്തിയത്. നേർക്കുനേർ ഒരു കാര്യത്തിനു സാക്ഷിയാവേണ്ടി വന്നതിനാൽ അതദ്ദേഹം തുറന്നു പറഞ്ഞു. അല്ലാതെ മറ്റൊരു പ്രശ്നവും ഇവിടെ ഉണ്ടായില്ല.

**അഞ്ച്:** അബീബക്റഃ رضي الله عنه ബദ്റിൽ പങ്കെടുത്ത വ്യക്തിയാണ്. ബദ്രീങ്ങളെ കുറിച്ച് അല്ലാഹു പറഞ്ഞതായി വന്ന ഒരു ഹദീഥ് അബൂഹുറൈറ رضي الله عنه റിപ്പോർട്ട് ചെയ്യുന്നു.

إنَّ اللهَ عزَّ وجلَّ اطلَع على أهلِ بدرٍ فقال اعملوا ما شِئْتُم فقد غَفَرتُ لكمْ

(مسند أحمد – 84/15)

തീർച്ചയായും അല്ലാഹു ബദ്രീങ്ങൾക്കു മനസ്സിലാക്കി കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളുദ്ദേശിച്ചതൊക്കെ ചെയ്തുകൊള്ളുക ഞാൻ നിങ്ങൾക്ക് പൊറുത്തു തന്നിരിക്കുന്നു. – അഹ്മദ്.

നിങ്ങളുദ്ദേശിച്ചതൊക്കെ ചെയ്യുക എന്നതിൽ അല്ലാഹു ഇഷ്ടപ്പെട്ട കാര്യങ്ങൾ മാത്രമേ അവർ ചെയ്യൂ എന്നതാണ് വിശദീകരണം. അവർ അപ്രകാരം പാകപ്പെട്ടവരാണ്. എന്നാൽ പോലും വല്ലതും

അബദ്ധവശാൽ സംഭവിച്ചാൽ തന്നെ അല്ലാഹു അത് മുൻകൂട്ടി പൊറുത്തു കൊടുത്തിരിക്കുന്നു എന്ന് സാരം.

**ആറ്:** അബീബക്റഃ ﷺ (ابا بكرة الثقفي) ദുരാരോപണത്തിനു വിധേയനായ വ്യക്തിയാണെങ്കിൽ അക്കാലത്തും പിൽക്കാലത്തുമുള്ള ഹദീഥ് പണ്ഡിതന്മാർ അദ്ദേഹത്തെ അവഗണിക്കുമായിരുന്നു. അതുണ്ടായില്ലെന്നു മാത്രമല്ല സ്വഹാബിത്വത്തിന്റെ അത്യുന്നത ബഹുമതിപോലെ അദ്ദേഹത്തിൽ നിന്നും പതിനാലു ഹദീഥുകൾ സ്വഹീഹായി വന്നത് ഇമാം ബുഖാരി ﷬ റിപ്പോർട്ട് ചെയ്യുകയും ചെയ്തു!

കാര്യങ്ങൾ ഇപ്രകാരമൊക്കെയാണെങ്കിൽ പിന്നെ എന്തിനാണ് ഈ വന്ദ്യസ്വഹാബിയെ ചിലർ നിഷേധിച്ചത്! സ്ത്രീകളെ പുറത്തു ചാടിക്കാൻ ആശിക്കുന്ന ചില താന്തോന്നികളുടെ കുതന്ത്രങ്ങൾ മാത്രമല്ലാതെ മറ്റെന്ത്! അല്ലാഹു സഹായിക്കട്ടെ. അവനിൽ മാത്രം അഭയം കൊള്ളുന്നു.

IV. **വിശുദ്ധ ഖുർആനിൽ പരാമർശിച്ച ബൽഖീസ് രാജ്ഞിയെ ചൂണ്ടിക്കാട്ടി അതാണ് സ്ത്രീക്ക് ഭരണാധികാരം നൽകാമെന്നതിന് ഗൗരവമായി ചർച്ച ചെയ്ത മറ്റൊരു വാദം.**

ഇന്നത്തെ യമനിൽ ഉൾപ്പെട്ട സബഅ് രാജ്യത്തിന്റെ രാജ്ഞിയായിരുന്നു അവർ. ഇതാണ് അവരുടെ കരുത്തിന്റെ തെളിവായി ചിലർ ഉയർത്തിക്കാട്ടുന്നത്. ഇവിടെയും ചർച്ച ചെയ്യേണ്ട വിവിധ മേഖലകളുണ്ട്.

**ഒന്ന്:** ബൽഖീസ് രാജ്ഞിയുടെ വിഷയം എന്തിനുള്ള കരുത്തായ തെളിവാണ്? ഒരു അവിശ്വാസിനിയുടെ വഴികേടിന്റെയും അവിശ്വാസത്തിന്റെയും പാരമ്പര്യത്തിലേക്കോ!? ഖുർആനിൽ ഇത് ഗൗരവമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു ﷻ പറയുന്നു:

وَصَدَّهَا مَا كَانَت تَّعْبُدُ مِن دُونِ ٱللَّهِ ۖ إِنَّهَا كَانَتْ مِن قَوْمٍ كَـٰفِرِينَ ﴿٤٣﴾

"അല്ലാഹുവിനു പുറമെ അവൾ ആരാധിച്ചു വന്നിരുന്നത് അവളെ തടയുകയും ചെയ്തു. തീർച്ചയായും അവൾ അവിശ്വാസികളുടെ ഒരു സമൂഹത്തിൽ പെട്ടവളായിരുന്നു" - നംല്: 43.

ഇനി അതല്ല അവർ പാരിതോഷികം എന്ന ഗണത്തിൽ നൽകിയ കൈക്കൂലിയാണോ! അങ്ങിനെയും ചെയ്തിട്ടുണ്ട്. സുലൈമാൻ

നബി ﷺ നെ സന്തോഷിപ്പിക്കുക എന്ന തന്ത്രത്തിന്റെ പേരിൽ. അല്ലാഹു ﷻ പറയുന്നു.

وَإِنِّي مُرۡسِلَةٌ إِلَيۡهِم بِهَدِيَّةٖ فَنَاظِرَةُۢ بِمَ يَرۡجِعُ ٱلۡمُرۡسَلُونَ ۝٣٥ فَلَمَّا جَآءَ سُلَيۡمَٰنَ قَالَ أَتُمِدُّونَنِ

بِمَالٖ فَمَآ ءَاتَىٰنِۦَ ٱللَّهُ خَيۡرٞ مِّمَّآ ءَاتَىٰكُمۚ بَلۡ أَنتُم بِهَدِيَّتِكُمۡ تَفۡرَحُونَ ۝٣٦

"ഞാൻ അവർക്ക് ഒരു പാരിതോഷികം കൊടുത്തയച്ചിട്ട് എന്തൊരു വിവരവും കൊണ്ടാണ് ദൂതന്മാർ മടങ്ങിവരുന്നതെന്ന് നോക്കാൻ പോവുകയാണ്. അങ്ങനെ അവൻ (ദൂതൻ) സുലൈമാന്റെ അടുക്കൽ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങൾ എന്നെ സമ്പത്ത് തന്ന് സഹായിക്കുകയാണോ! എന്നാൽ എനിക്ക് അല്ലാഹു നൽകിയിട്ടുള്ളതാണ് നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിനേക്കാൾ ഉത്തമം. പക്ഷെ നിങ്ങൾ നിങ്ങളുടെ പാരിതോഷികം കൊണ്ട് സന്തോഷമടയുകയാണ്" - നംല്: 35, 36.

ഇനിയതല്ല അവരുടെ നീതിയുക്തമായ ഭരണവും ബുദ്ധിസാമർഥ്യവുമാണോ വിമർശകർ ഉദ്ദേശിക്കുന്നത്!?

**രണ്ട്:** അവർ അവിശ്വാസിനിയായിരുന്നു. ഒരു സ്ത്രീയായിട്ടും അവരുടെ ബുദ്ധിയും ഭരണനൈപുണ്യവും പ്രശംസിക്കപ്പെട്ടെങ്കിൽ അതവരുടെ കുഫ്റിലേക്ക് കരുത്തുപകരുന്ന വിഷയമായിട്ടല്ലേ ഭവിക്കുക. എന്നാൽ അതിനേക്കാൾ പ്രശംസിക്കപ്പെട്ട ഒരാളുണ്ട് ഖുർആനിൽ പരാമർശിക്കപ്പെട്ട ഈ ചരിത്രത്തിൽ. ജിന്നുകളിൽ പെട്ട ഇഫ്രീത്താണ് ആ കക്ഷി. കഴിവിന്റെ പേരിൽ പ്രശംസിക്കപ്പെട്ടാൽ ഭരണത്തിൽ വരാമെന്നാണെങ്കിൽ ഇഫ്രീത്തായിരിക്കണമല്ലോ ജനങ്ങളെ ഭരിക്കാൻ അതിനേക്കാൾ യോജിച്ച ആൾ! ഇഫ്രീത്തിന്നപ്പുറം വേദവിജ്ഞാനമുള്ള, നിങ്ങൾ കണ്ണടച്ചു തുറക്കും മുമ്പേ സിംഹാസനം കൊണ്ടു വരാമെന്ന് പറഞ്ഞ ഒരാളെപ്പറ്റിയും അതിന്ന് തൊട്ടടുത്ത വരിയിൽ വിശുദ്ധ ഖുർആൻ പരാമർശിക്കുന്നുണ്ട്. അതിനാൽ ഇത്തരം വാദങ്ങളൊക്കെ നിരർഥകമാണ്.

**മൂന്ന്:** അവരുടെ രാജാധികാരം അവർ ഇസ്ലാമിലേക്ക് വരുന്നതിന് മുമ്പായിരുന്നു. അവർ അത് വരെ ചെയ്ത പാപങ്ങളിലൊക്കെ പശ്ചാത്താപവതിയായിക്കൊണ്ട് ഇസ്ലാമിലേക്ക് വരികയും സുലൈമാൻ നബി ﷺ ൽ വിശ്വസിച്ച് അല്ലാഹുവിന് കീഴ്പ്പെട്ട്

ജീവിക്കുകയും ചെയ്തു. ബൽഖീസ് പറഞ്ഞതായി അല്ലാഹു ﷻ പറയുന്നു:

قَالَتْ رَبِّ إِنِّي ظَلَمْتُ نَفْسِي وَأَسْلَمْتُ مَعَ سُلَيْمَٰنَ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٤٤﴾

“അവൾ പറഞ്ഞു: രക്ഷിതാവെ, ഞാൻ എന്നോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. (എന്നാൽ) ഞാനിതാ സുലൈമാനോടൊപ്പം ലോകങ്ങളുടെ നാഥനായ അല്ലാഹുവിനെ കീഴ്പ്പെട്ടിരിക്കുന്നു” - നംല്: 44.

**നാല്:** സൂര്യാരധനയിൽ സൗഖ്യം കണ്ടിരുന്ന ഈ രാജ്ഞി ഇസ്‌ലാമിന്റെ വിശ്വാസധാരയിലേക്കു വന്നശേഷം അവർ പിന്നെ ഭരണാധികാരത്തിലേക്കു വന്നിരുന്നില്ല. അവരുടെ രാജ്യമാവട്ടെ സുലൈമാൻ നബി ﵇ ന്റെ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീരുകയാണുണ്ടായത്.

ബൽഖീസ് രാജ്ഞിയെയാണ്, സ്ത്രീ അധികാരത്തിൽ വരാമെന്നതിന് പഴയകാലചരിത്രം ചികയുന്നവർ പൊക്കിക്കൊണ്ടുവരാറ്. പിൽക്കാല ചരിത്രത്തിൽ നിന്നാവട്ടെ ബ്രിട്ടണിലെ എലിസബത്ത് രാജ്ഞിയെയും ഇന്ത്യയിൽ ഇന്ദിരാഗാന്ധിയെയും ഉയർത്തിക്കാട്ടുന്നു. ഷരീഅത്തിന്റെ വിധിയന്വേഷിക്കുന്നവർ വിശുദ്ധ ഖുർആനിലേക്കും തിരുസുന്നത്തിലേക്കുമല്ലേ മടങ്ങേണ്ടത്! അവിശ്വാസികളുടെ ഭരണത്തിൽ നിന്നാണ് ചിലർ മാതൃക കണ്ടെത്തുന്നത് എന്നത് അത്ഭുതകരം തന്നെ! ഇവർ രണ്ടുപേരും അത്തരത്തിൽ ഉദാഹരിക്കപ്പെട്ടേക്കാവുന്ന ഒരുകാലമാണിത്. സ്ത്രീ നേതൃത്വ ഭരണകൂടങ്ങളൊക്കെ ജനകീയ ഭരണത്തിന്റെ പ്രതിനിധികളാണെന്നു കൂടി നാം ഓർക്കേണ്ടതല്ലേ. ഒട്ടനവധി പുരുഷാംഗങ്ങളുടെ ബലത്തിലാണ് ആ നേതൃത്വങ്ങളൊക്കെ നിലനിന്നു പോരുന്നത്. എന്ന് വെച്ച് ഇത്തരം ഒരു സംവിധാനം ഉണ്ടാക്കിയാൽ സ്ത്രീക്ക് നേതൃത്വത്തിൽ വരാം എന്നും അർഥമാക്കിക്കൂടാ. എന്നല്ല; സ്ത്രീ നേതൃത്വത്തിനു ശേഷം തകർച്ച വന്ന പല രാജ്യങ്ങളും പൂർവ്വസ്ഥിതി പ്രാപിക്കാൻ കാലങ്ങളെടുത്തു എന്നതും നാം കണ്ടിട്ടുണ്ട്. ഏതായാലും ഖുർആനും സുന്നത്തും കൈവിട്ട് ഇത്തരം അനിസ്‌ലാമിക സംവിധാനങ്ങളിൽ മാതൃകയും ഉദാഹരണവും കണ്ടെത്തുന്നവർ അത വസാനിപ്പിക്കണമെന്നാണ് ഇസ്‌ലാമിക ബോധമുള്ളവർ ശുപാർശ ചെയ്യുക. കരുത്തരും സമർഥരുമായ സ്ത്രീരത്നങ്ങൾ സമൂഹത്തിൽ

പലകാലങ്ങളിലായി ഉണ്ടാവാറുണ്ട്. അവയൊന്നും അവഗണി ക്കാൻ പറ്റാത്തതാണ്. തങ്ങളുടെ അഭിപ്രായങ്ങൾ കൊണ്ടും ദീർഘ വീക്ഷണങ്ങൾ കൊണ്ടും പുരുഷന്മാരുടെ ചിന്തകൾക്ക് ശക്തി പകർന്ന ഭാര്യമാരുമുണ്ടായിട്ടുണ്ട്. സ്ത്രീകളുടെ മഹത്വത്തെ വാഴ്ത്തിയും സ്ഥാനത്തെ ഉയർത്തിയും ജനത്തെ ബോധവൽക്ക രിച്ച ഒരു മതം ഇസ്‌ലാമല്ലാതെ ഇല്ല. എന്നാൽ ഇസ്‌ലാം അരുതെന്നു പറഞ്ഞ ചില കാര്യങ്ങളിൽ അല്ലാഹുവിന്റെ യുക്തി എന്തായി രിക്കാം എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അജ്ഞാതം തന്നെ യായിരിക്കും. സ്ത്രീകളെ അധികാരമേൽപ്പിക്കുന്നതുമായി ബന്ധ പ്പെട്ട ഹദീഥ് തന്നെ നോക്കുക.

لن يُفلحَ قومٌ تحكمهم امرأةٌ

ഒരു സ്ത്രീയാൽ ഭരിക്കപ്പെടുന്ന ജനത വിജയിക്കുകയില്ല തന്നെ എന്നല്ലല്ലോ ഹദീഥിൽ വന്നത്. പകരം...

لن يُفلحَ قومٌ ولَّوا أمرَهم امرأةً

...എന്നാണല്ലോ. തങ്ങളുടെ കാര്യം ഒരു സ്ത്രീയെ ഏൽപ്പിച്ച ഒരു ജനത വിജയിക്കുകയില്ല തന്നെ എന്ന്. നേതൃത്വത്തിലേക്ക് ഒരു സ്ത്രീയെ പൊക്കിക്കൊണ്ടുവരുന്ന ഒരു ജനതയോടാണ് ഈ ഹദീഥ് താക്കീത് ചെയ്യുന്നത്. അല്ലാതെ നേതൃത്വത്തിൽ വന്ന സ്ത്രീയെയല്ല. അങ്ങിനെ ഒരു സ്ത്രീയെ ഒരു ജനതയും കൊണ്ടുവരരുത് എന്ന്. അതാണാ ഹദീഥിന്റെ സന്ദേശവും.

## വനിതയുടെ ചക്രവാളം: ഒരെത്തിനോട്ടം

ഈ ഗ്രന്ഥത്തിന്റെ അധ്യായങ്ങൾ ഇതോടുകൂടി അവസാനിക്കുകയാണ്. ഗഹനമാർന്ന ഒട്ടനവധി വിഷയങ്ങളിലൂടെ നാം കടന്നുപോയി. സ്ത്രീകളെ ആദരിക്കാനും അവർക്ക് അല്ലാഹു നൽകിയ ഔന്നത്യത്തെ ഉയർത്തിക്കാട്ടാനും നാം ശ്രമിച്ചു. അതോടൊപ്പം അവരെ ഏൽപിക്കപ്പെട്ടിട്ടില്ലാത്ത കാര്യങ്ങളെന്തൊക്കെയുണ്ടോ അതിൽ നിന്നൊക്കെ മാറിനിൽക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും നാം മനസ്സിലാക്കി.

സ്ത്രീയുടെ മഹിത ചക്രവാളത്തിലേക്ക് ഭാവനാസഞ്ചാരം നടത്തിയ ഒരാളുടെ കാഴ്ചകളിൽ ചിലതാണ് സ്വതന്ത്രമായി ഇവിടെ ഭാഷാന്തരം ചെയ്യുന്നത്. ഈ ലേഖകന്റെ വായനക്കിടയിൽ കണ്ണിൽ പെടുകയും കൗതുകപ്പെടുകയും ചെയ്ത ഒരു ഭാഗം എന്ന നിലക്ക് വായനക്കാർക്കും ഇതിൽ ചില ആസ്വാദ്യതകളും പാഠങ്ങളുമുണ്ടാവാം.

അല്ലാഹുവിന്റെ ദൂതർ ﷺ പറഞ്ഞു: "ഇഹലോകം ആസ്വാദ്യവിഭവമാണ്. അതിലെ ഏറ്റവും നല്ല വിഭവം പരിശുദ്ധയായ സ്ത്രീയാകുന്നു." അതിന്റെ ചക്രവാളങ്ങൾക്ക് അതിരുകളില്ല. ഒരാൾക്കും അതിന്റെ ദൈർഘ്യം ഉൾക്കൊള്ളാനുമാവില്ല. ആ ചക്രവാളത്തിലേക്കാണ് കവി സഞ്ചരിക്കുന്നത്:

അതിന്റെ പ്രകൃതം ആകർഷണീയമാണ്

ആർദ്രതയുടെ കുന്നുകൾ

സ്നേഹത്തിന്റെ നദികളും.

കരുണയാണ് വിത്തുകൾ

ആ കാലാവസ്ഥ താപമാണ്

അതിന്റെ ആകാശം നിർമ്മലമാണ്

അനുകമ്പയുടെ സമൃദ്ധമായ മഴ
സമർപ്പണത്തിന്റെയും
നിദാന്ത ഔദാര്യത്തിന്റെയും
ഒരിക്കലും വരളാത്ത ഹരിത-
തട്ടം വിരിപ്പാക്കിയതാണാ പ്രതലം
അവളുടെ കണ്ണുകളാണ് അവിടെ
ജലസേചനം ചെയ്യുന്നത്.
അവളുടെ മനസ്സിന്റെ സമൃദ്ധിയാണ്
അതിന്റെ പരിരക്ഷണം.
നിശ്ശബ്ദതയുടെ തെന്നൽ
നോട്ടങ്ങൾ കൊണ്ടുള്ള ചോദ്യശരങ്ങൾ
കണ്ണീർകണങ്ങളാക്കുന്ന വേദനകൾ
കാലത്തിന്റെ കടുപ്പമോ വ്യഥകളുടെ ഒഴുക്കോ
ചക്രവാളത്തിന് അതിരുകളിടുന്നില്ല
ഇനിയൊരാൾ ആക്രമിച്ചു അതിന്റെ
മടക്കുകൾ ചുരുട്ടിയാൽ അവിടെ
കടുപ്പമാർന്ന സുഗന്ധത്തിന്റെ നനവുകളാൽ
ഒരതിജയിക്കലുണ്ടാവും
വിശാലമായ ചക്രവാളം!
വിദൂരമാണാ ധ്രുവങ്ങൾ
അതിരുകളില്ലാത്ത,
അധികാരങ്ങളില്ലാത്ത ഔദാര്യം!
അവിടെ പ്രതിബന്ധങ്ങളുടെ ഇരുളും കാർമേഘങ്ങളും
ഒതുക്കപ്പെടുന്നു
അതിൽ ശക്തമായ സഹനം

ആവരണമിടുന്നു.

ചക്രവാളം! അത് സമർപ്പിക്കുന്നു;

സ്വാധീനിക്കപ്പെടുന്നു

എല്ലാ തലങ്ങളിലേക്കും അത്

സ്നേഹ സൗഗന്ധികം വിതറുന്നു

അതിമാർദ്ദവം! അതീവ സുതാര്യം!

സുഗമം സലോലം, സ്നേഹോഷ്മളം!

യാഥാർഥ്യത്തിന്റെ ദർപ്പണം

അതിന്റെ അടയാളങ്ങളാകെ

അവിടെ ചുറ്റിക്കിടക്കുന്നില്ല

ചക്രവാളതലം! ആത്മാർഥമായും

സത്യമായും അങ്ങോട്ടു പുറപ്പെട്ട

സഞ്ചാരിയെവിടെ?

അവരവിടെ അനീതിയോടെ

വധം വിധിച്ചുപോയിട്ടുണ്ട്

അവിടെ, ആഴമേറിയ സ്നേഹത്തിന്റെ

മാർദ്ദവ മർദ്ദം അതിനെ മാറ്റിയിട്ടുണ്ട്

മനുഷ്യത്വവും ആശയും കൊണ്ട്

എല്ലാ കിരാതങ്ങളെതും മാറ്റിയെടുത്തു

കരിച്ചു കളഞ്ഞിട്ടുണ്ട്....

സ്ത്രീയെന്ന ചക്രവാളത്തിലേക്ക് സഞ്ചരിച്ച ഒരു യാത്രക്കാരന്റെ ഭാവന അങ്ങിനെ പരന്നു പടർന്നു പോവുന്നു. ആ ചക്രവാളത്തെ അതിന്റെ എല്ലാ ഭംഗിയിലും ഘനത്തിലും കരുത്തിലും നമുക്ക് വിട്ടേക്കാം. അവയെ പറിച്ചെടുത്ത് പരുപരുത്ത ജീവിതയാഥാർഥ്യത്തിന്റെ പോരാട്ട ഭൂമികയിലേക്കു നട്ട് ആ താരള്യം ചീത്തയാക്കാതിരിക്കാൻ നമുക്ക് ശ്രമിക്കാം. റസൂൽ ﷺ ആദരിച്ചു പറഞ്ഞ

ആ പളുങ്കുപാത്രത്തെ - സ്ഫടികക്കുപ്പിയെ - ഉടഞ്ഞുപോവാതെ നോക്കാം. സുന്ദരമായ ശബ്ദത്തിന്റെ ഉടമയായ ഒരു സ്വഹാബിയോട് റസൂൽ ﷺ പറഞ്ഞു: "അൻജഷാ, അൽപം സാവകാശം കൊള്ളുക! സ്ഫടിക പാത്രങ്ങളെ ഉടച്ചുകളയരുത്." തരളിത ഹൃദയരായ സ്ത്രീകളുടെ മനസ്സിളകിപ്പോയേക്കുമെന്ന് സാരം. ശബ്ദത്തിന്റെ മാധുര്യം കൊണ്ടായാലും വാക്കുകളുടെ പരുപരുത്ത പ്രയോഗം കൊണ്ടായാലും അവ കേടുവരുത്തരുത്. അവ മിനുക്കിക്കൊണ്ടിരിക്കുമ്പോൾ മാത്രമെ അതിന്ന് തിളക്കം കൂടൂ. സ്ഫടികം പോലെ ഉള്ളുപോലും വേഗം പുറത്തുകാണിക്കാൻ വെമ്പുന്ന ഹൃദയത്തിന്റെ ഉടമകളാണ് അവരധികവും. അവരുടെ കാര്യത്തിലാണ് അല്ലാഹു പുരുഷന്മാരെ ഉപദേശിച്ചത്. അവരോട് നന്നായി പെരുമാറണമെന്ന്. അത്തരം ഒരു ശൈലിയിൽ പുരുഷന്മാർക്ക് വേണ്ടി അല്ലാഹു സ്ത്രീകളെ ഉപദേശിച്ചിട്ടില്ലാ എന്നത് നമ്മെ കൗതുകപ്പെടുത്തിയേക്കും. റസൂൽ ﷺ പറഞ്ഞു:

إنَّ اللهَ يُوصيكُم بالنساء خيراَ ، إنَّ اللهَ يُوصيكُم بالنساء خيراَ ، فإنهنَّ أمهاتُكم و بناتُكم
و خالاتُكمَ ، إنَّ الرجلَ من أهلِ الكتابِ يَتزوجِ المرأةَ وما تُعلَّقُ يداها الخيطَ ، فما
يرغبُ واحدٌ منهما عن صاحبِه - حتى يموتا هَرمًا
(الألباني - السلسلة الصحيحة -2871)

"നിശ്ചയം, സ്ത്രീകളുടെ കാര്യത്തിൽ നന്മ ചെയ്യണമെന്ന് അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു. നിശ്ചയം സ്ത്രീകളുടെ കാര്യത്തിൽ നന്മ ചെയ്യണമെന്ന് അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു. എന്തെന്നാൽ അവർ നിങ്ങളുടെ മാതാക്കളാണ്, നിങ്ങളുടെ പുത്രിമാരാണ്, മാതൃസഹോദരിമാരാണ്. അഹ്‌ലുകിതാബിൽ പെട്ട (ജൂത-ക്രിസ്തീയ സമുദായത്തിൽപ്പെട്ട) ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുന്നു. അയാൾ അവളുടെ കൈകളെ നൂലുകൊണ്ട് ബന്ധിക്കുന്നില്ല. (അവളെ പ്രയാസപ്പെടുത്തുന്നില്ല) അവരിലൊരാൾ (ദമ്പതികളിലൊരാൾ) വാർദ്ധക്യപരാധീനതയിൽ മറ്റൊരാളെ വിട്ടുമരിച്ചു പോവാൻ പോലും ആശിക്കുന്നില്ല." (ത്വബ്റാനി - 2871)

അവർ അവരുടെ (അഹ്‌ലു കിതാബിലെ) സ്ത്രീകളോട് അത്രയും ഇഷ്ടത്തിലും കരുണയിലുമാണ് പെരുമാറുന്നതെങ്കിൽ ലോകത്ത് ജീവജാലങ്ങളോടൊന്നടങ്കം കാരുണ്യം പഠിപ്പിച്ച ഈ മതം പിൻപറ്റിയവർ അതിൽ നിന്നൊഴിഞ്ഞു നിൽക്കുന്നതെങ്ങിനെ!

റസൂൽ ﷺ ഇങ്ങിനെ ഉപദേശിക്കുന്നു.

استوصُوا بالنِّساءِ خيراً فإنَّ المرأةَ خُلِقَتْ من ضِلَعٍ وإنَّ أعْوجَ شيءٍ في الضِّلَعِ أعْلَاهُ فإنْ ذهبْتَ تُقِيمُهُ كسرْتَهُ وإنْ تركتَهُ لمْ يزلْ أعوجَ فاسْتوصُوا بالنِّساءِ خيراً

(الألباني - صحيح الجامع – 960)

“സ്ത്രീകളോട് ഏറ്റവും നന്നായി പെരുമാറണമെന്ന് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. എന്തെന്നാൽ, വാരിയെല്ലുകൊണ്ടാണ് - അതിലെ ഏറ്റവും മീതെയുള്ള വാരിയെല്ലുകൊണ്ടാണ് - സ്ത്രീയെ സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ, നിവർത്താൻ പോയാൽ അത് പൊട്ടിപ്പോവുകയായിരിക്കും ഫലം. അതിനെ അപ്രകാരം തന്നെ വിടുകയാണെങ്കിലോ അത് വളഞ്ഞു തന്നെയിരിക്കും. അതിനാൽ സ്ത്രീകളോട് ഏറ്റവും നന്നായി പെരുമാറണമെന്ന് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു.” (ബുഖാരി, മുസ്ലിം)

അതൊരു മാർദ്ദവ സ്പർശമാണ്. കഠിനതരമായ അവസ്ഥകൾ അവരുടെ പ്രകൃതിക്ക് അനുഗുണമാവില്ല. വളർന്നു വരുന്ന ഓരോ തലമുറയുടെയും പ്രഥമ സാംസ്ക്കാരിക കേന്ദ്രമെന്ന നിലക്ക് അവ രവിടെ സജീവമാവട്ടെ. അതിനു വേണ്ട സൗകര്യങ്ങൾ പുരുഷന്മാർ ചെയ്തു കൊടുക്കുകയാണ് വേണ്ടത്. തിരഞ്ഞെടുപ്പും പൊതുപ്ര വർത്തനവും, ജാഥകളും, മുദ്രാവാക്യങ്ങളും പോരാട്ടങ്ങളുമൊക്കെ അവരെ ഏൽപ്പിച്ച് ആ പ്രകൃതത്തെ പരിക്കേൽപ്പിക്കാതിരിക്കുക. പുരുഷനിൽ നിക്ഷിപ്തമായ ആ ഇസ്ലാമിക ലോകക്രമത്തിന്റെ താളവും ഒഴുക്കും അഭംഗുരം തുടരുന്നതിൽ കൃത്രിമ പരിഹാരങ്ങൾക്ക് ഇടം നൽകാതിരിക്കാൻ നമുക്കും ശ്രമിക്കാം. അല്ലാഹു ﷻ അനുഗ്രഹിക്കട്ടെ.

وَءَاخِرُ دَعْوَانَآ أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ